ഡോ. എസ്. സുലജ

# അൻപതാം പിറന്നാളിലെ കേരള ജനത

**കേരളത്തിന്റെ വയോഘടനയിൽ ഉണ്ടായ മാറ്റം നാടിന്റെ സാമ്പത്തിക പുരോഗതിയിലേക്കുള്ള വാതായനങ്ങളാണെന്ന് ചൂണ്ടിക്കാട്ടുന്നു ലേഖിക.**

ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് പല പ്രത്യേകതകളുള്ള ഒരു സംസ്ഥാനമാണ് നമ്മുടെ കൊച്ചു കേരളം. ഏറ്റവും കുറഞ്ഞ ജനസംഖ്യാ വർദ്ധന നിരക്ക്, താഴ്ന്ന നിലയിൽ തുടരുന്ന ജനന മരണ നിരക്കുകൾ, കുറഞ്ഞുവരുന്ന ശൈശവ മരണനിരക്കുകൾ, ഓരോ കുടുംബത്തിലും ശരാശരി രണ്ടിൽ താഴെ കുട്ടികൾ മുതലായവ അവയിൽ ചിലതുമാത്രം. സ്ത്രീപുരുഷാനുപാതത്തിൽ സ്ത്രീകൾക്കു മുൻതൂക്കം നിലനില്ക്കുന്ന ഏക സംസ്ഥാനം കേരളമാണ്. കുറഞ്ഞ ജനസംഖ്യാവർദ്ധന നിരക്കിലും വയോജനങ്ങളുടെ അനുപാതത്തിലും മുൻപന്തിയിൽ കേരളം തന്നെ.

ജനസംഖ്യാപരമായി വിശകലനം ചെയ്താൽ ഈ അൻപതു വർഷത്തെ നേട്ടങ്ങൾ രണ്ടു ഘട്ടങ്ങളിലായിട്ടാണ് കാണുന്നത്. 1971 വരെ ഇന്ത്യയിലുള്ളതിനെക്കാൾ ഉയർന്ന ജനസംഖ്യാ വർദ്ധന നിരക്കാണ് കേരളത്തിൽ നിലനിന്നിരുന്നത്. അടുത്ത 10 വർഷത്തിനുള്ളിൽ സ്വാഗതാർഹമായ കുറവ് കാട്ടിത്തുടങ്ങി. പിന്നീടിതുവരെ ഉയർന്ന നിരക്കിലേയ്ക്ക് തിരിച്ചുപോകേണ്ടി വന്നിട്ടില്ലെന്നു മാത്രമല്ല, അവ നിർണായകമായ രീതിയിൽ കുറഞ്ഞ് 2001-ൽ വാർഷിക വർദ്ധനവ് ഒരു ശതമാനത്തിൽ താഴെയെത്തിയിരിക്കുന്നു. പോപ്പുലേഷൻ ഫൗണ്ടേഷൻ ഓഫ് ഇന്ത്യയുടെ കണക്കുകൂട്ടലിൽ 2001 - ൽ 3.18 കോടിയായിരുന്ന കേരളജനത 2006-ൽ 0.23 കോടി വർദ്ധിച്ച് 3.41 കോടിയായിത്തീരുമത്രെ. എന്നാൽ കേരളപ്പിറവിയ്ക്കുശേഷം വിസ്തീർണത്തിൽ യാതൊരു മാറ്റവും വന്നിട്ടില്ലാത്തതിനാൽ ജനസാന്ദ്രത വളരെക്കൂടുതലാണ്. 1961-ൽ ഒരു ചതുരശ്ര കിലോമീറ്ററിൽ 435 ജനതയെന്ന ജനസാന്ദ്രത ഇന്ന് ഏതാണ്ട് ഇരട്ടിയോടടുത്ത് 819 ആയി നില്ക്കുന്നു.



ഇതര സംസ്ഥാനങ്ങളെയപേക്ഷിച്ച് കേരളത്തിൽ സ്ത്രീപുരുഷാനുപാതത്തിൽ സ്ത്രീകളാണ് കൂടുതൽ. 1961-ൽ ഓരോ 1000 പുരുഷന്മാർക്ക് 1022 സ്ത്രീകൾ എന്നത് ഇന്ന് 1058 ആയി നില്ക്കുന്നു. ഇതിനു പല ആക്ഷേപങ്ങൾ ഉണ്ടെങ്കിലും ഒരുകാര്യം വ്യക്തമാണ്. ഇന്നത്തെ കേരള സംസ്ഥാനത്തിലുൾപ്പെട്ട പ്രദേശങ്ങളിലെ സ്ത്രീപുരുഷാനുപാതം 1901 മുതൽ സ്ത്രീകൾക്ക് അനുകൂലമായ രീതിയിലാണ് കണ്ടുവരുന്നത്.

പൊതുവായി പറഞ്ഞാൽ ഈ അൻപതു വർഷത്തെ നേട്ടങ്ങളെ കേരളത്തിന്റെ വയോഘടനയിലെ വ്യതിയാനങ്ങളുടെ അനന്തരഫലമാണെന്നു പറയാം. ഈ ഘടനാവ്യതിയാനം സാമ്പത്തിക പുരോഗതിയ്ക്കും പൊതുവായ പദ്ധതി രൂപീകരണത്തിനും മാതൃകയാകുന്നു.

കുറഞ്ഞു വരുന്ന ജനന മരണ നിരക്കുകൾ അടുത്ത കാലത്തായി കേരള ജനസംഖ്യയിലെ കുട്ടികളുടെ അനുപാതം കുറയ്ക്കുകയും വയസ്സായവരുടെ അനുപാതം കൂട്ടുകയും ചെയ്യുന്നു. മുൻപ് നിലനിന്നിരുന്ന ഉയർന്ന ജനനനിരക്കുകൾ ജോലിചെയ്യാൻ പ്രാപ്തരായവരുടെ തോത് ജനസംഖ്യയിൽ വർദ്ധിപ്പിക്കുന്നു. ജനസംഖ്യാപരമായ ഈ നേട്ടത്തെ സാമ്പത്തിക പുരോഗതിക്കുള്ള 'അവസരങ്ങളുടെ വാതായനങ്ങൾ' എന്നു വിശേഷിപ്പിക്കുന്നു. എന്നാൽ ഈ പ്രതിഭാസം അധികനാൾ തുടരാൻ സാധ്യതയില്ല. ആയതിനാൽ ഈ അവസരങ്ങളെ വളരെ പ്രാധാന്യമുള്ളതായിക്കണ്ട് തൊഴിലധിഷ്ഠിത മേഖലകളിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച് പരമാവധി വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

കുട്ടികളുടെ എണ്ണം കുറയുന്നതോടെ സർക്കാരിന്റെ വിദ്യാഭ്യാസ ആരോഗ്യമേഖലകളിലെ ചെലവുകൾ കുറയ്ക്കുവാനും ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഉതകുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനു പുറമെ വയോജന വിദ്യാഭ്യാസത്തിലും വൻവിജ

യമാണ് കേരളത്തിന്റെ മുതൽക്കൂട്ട്.

ആരോഗ്യപരമായ കാര്യങ്ങളിൽ മുന്നേറ്റമുണ്ടായിട്ടുണ്ടെങ്കിലും ഭൂമുഖത്തു നിന്നു തുടച്ചുമാറ്റപ്പെട്ട പല സാംക്രമിക രോഗങ്ങൾക്കു പുറമെ പുതിയ തരം പല പകർച്ചവ്യാധികളും അടുത്തകാലത്തായി പ്രത്യക്ഷപ്പെടുന്നത് കേരളത്തിന്റെ പൊതുജനാരോഗ്യപരിപാടികൾക്ക് ഒരപശ്രുതിയായി മാറുന്നു. ജനസാന്ദ്രതയും ആസൂത്രിതമല്ലാത്ത നഗരവത്കരണവും ജനങ്ങളുടെ മാറിവരുന്ന ജീവിതചര്യയും ഇതിനോടനുബന്ധിച്ചുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും ഇതിനു വഴിവയ്ക്കുന്നു.

കഴിഞ്ഞ അൻപതു വർഷത്തെ കേരളത്തിലെ ജനങ്ങളുടെ വയോഘടന പരിശോധിച്ചാൽ താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാകും. 15 വയസ്സിനു താഴെയുള്ള കുട്ടികളുടെ ശതമാനം 43-ൽ നിന്ന് 26 ശതമാനം ആയി കുറഞ്ഞപ്പോൾ വൃദ്ധരുടേത് ആറിൽ നിന്ന് 11 ആയും 15 മുതൽ 60 വയസ്സുവരെയുള്ളത് 51-ൽ നിന്ന് 63 ആയി വർദ്ധിക്കുകയും ചെയ്തു. ഇതിൽ സ്ഥായിയായ വ്യത്യാസങ്ങൾ 1971 നു ശേഷമാണ് കണ്ടുതുടങ്ങിയിട്ടുള്ളത്. ജനന നിരക്ക് 31.1(1971)ൽ നിന്ന് 17.2(2001) ആയി കുറഞ്ഞപ്പോൾ ശരാശരി കുഞ്ഞുങ്ങളുടെ എണ്ണം 5-ൽ നിന്ന് രണ്ടിൽ താഴെയായിത്തീർന്നു. കുടുംബാസൂത്രണ കുടുംബക്ഷേമ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിലുള്ള നേട്ടവും അവ പ്രാബല്യത്തിലെത്തിക്കുന്നതിലുള്ള പൊതുജനങ്ങളുടെ അവബോധവും ഇതിനൊരു മാർഗദർശിയായെന്നു പറയാം. ഇതിനു വഴിതെളിച്ചത് കേരളത്തിലെ വിദ്യാഭ്യാസ പുരോഗതികളാണ്, പ്രത്യേകിച്ചും സ്ത്രീ വിദ്യാഭ്യാസം.

കുട്ടികളുടെ ആശ്രയത്വ നിരക്ക് 83 ശതമാനത്തിൽ നിന്ന് 36 ആയി കുറഞ്ഞപ്പോൾ വയോജനങ്ങളുടെ ആശ്രയത്വം 11-ൽ നിന്ന് 16 ശതമാനമായി വർദ്ധിച്ചു. 1961-ൽ 15 വയസ്സിനു താഴെയുള്ള 100 പേർക്ക് ആനുപാതികമായി 60 വയസ്സിനു മേലുള്ളവർ 14 ആയിരുന്നത് ഇന്ന് 40 ആയി ഉയർന്നിരിക്കുന്നു. ഇതേ കാലയളവിൽ ഓരോ 100 വയോജനങ്ങളെ തുണയ്ക്കാൻ തൊഴിൽ ചെയ്യാൻ പ്രാപ്തരായവരുടെ എണ്ണം 1033-ൽ നിന്ന് 605 ആയി കുറഞ്ഞു.

ഈ നേട്ടങ്ങളുടെ നടുവിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ കേരളത്തിന് ഒരു തീരാശാപമായിരിക്കുന്നു. അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മയാണ് രൂക്ഷം. ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം വളരെ വലുതാണ്. അതിവൈഭവമുള്ള പല ഉദ്യോഗാർത്ഥികളും അന്യസംസ്ഥാനങ്ങളിലേയ്ക്കോ അന്യദേശങ്ങളിലേയ്ക്കോ തൊഴിൽ തേടി കുടിയേറുന്നു. ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടി വൻതുക ചെലവാക്കുന്ന സർക്കാരിന് ദൂരവ്യാപകമായ പ്രയോജനം പോലും ഇതിൽനിന്നും ലഭിക്കുന്നില്ല. അഭ്യസ്തവിദ്യരെ പ്രയോജനപ്പെടുത്തുന്ന വിധത്തിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.



കേരളത്തിലെ ജോലി ചെയ്യാൻ പ്രാപ്തിയുള്ള 50 ശതമാനം പുരുഷന്മാർ മാത്രമേ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളു. കേരളത്തിന്റെ ആവിർഭാവകാലത്ത് ഇത് ഏതാണ്ട് 47 ശതമാനമായിരുന്നു. അതായത് 50 വർഷം കൊണ്ട് തൊഴിലാളികളുടെ എണ്ണത്തിൽ വെറും മൂന്ന് ശതമാനം വർധനവു മാത്രം. എന്നാൽ ഈ കാലയളവിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഏതാണ്ട് 20 ശതമാനത്തിൽ നിന്ന് 15 ശതമാനമായി കുറയുകയാണുണ്ടായത്. ഇതിനു പുറമെ, അസംഘടിത മേഖലകളിലെ തൊഴിൽ സുരക്ഷിതത്വത്തിന്റെ അപര്യാപ്തത കേരളത്തിലെ തൊഴിൽ മേഖലയെ തളർത്തുന്നു. ആഗോളവത്കരണത്തിന്റെ സമ്മർദം കേരളത്തിലും സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

**കഴിഞ്ഞ അൻപതു വർഷത്തെ കേരളത്തിലെ ജനങ്ങളുടെ വയോഘടന പരിശോധിച്ചാൽ താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാകും. 15 വയസ്സിനു താഴെയുള്ള കുട്ടികളുടെ ശതമാനം 43-ൽ നിന്ന് 26 ശതമാനം ആയി കുറഞ്ഞപ്പോൾ വൃദ്ധരുടേത് ആറിൽ നിന്ന് 11 ആയും 15 മുതൽ 60 വയസ്സുവരെയുള്ളത് 51-ൽ നിന്ന് 63 ആയി വർദ്ധിക്കുകയും ചെയ്തു.**

വർദ്ധിച്ചുവരുന്ന സാമൂഹിക സുരക്ഷാ പദ്ധതികൾ സർക്കാരിന് ധനപരമായ കോട്ടങ്ങൾ ഉണ്ടാക്കുന്നു. വൃദ്ധജനങ്ങളുടെ ബാഹുല്യവും അണുകുടുംബങ്ങളുടെ ആവിർഭാവവും വയോജനങ്ങൾക്കുള്ള സാമ്പത്തികവും സാമൂഹികവുമായ സുരക്ഷാപദ്ധതികൾക്കു പുറമെ അധിവാസകേന്ദ്രങ്ങളുടെ നിർമാണവും ഭാരിച്ച ധനബാധ്യത സർക്കാരിനു വരുത്തിവയ്ക്കുന്നു. കേരളത്തിലെ ജനങ്ങളുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ ആയുർദൈർഘ്യം വളരെക്കൂടുതലാണ്. ആയതിനാൽ വൈധവ്യം അനുഭവിക്കുന്ന സ്ത്രീകളുടെ എണ്ണവും വർദ്ധിച്ചുവരുകയാണ്. സമൂഹത്തിൽ ഇവർ നേരിടുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ ഏറെയാണ്.

ചുരുക്കത്തിൽ, വയോജനങ്ങളുടെ അനുപാതം വർഷംതോറും വർദ്ധിച്ചുവരുകയും കുറഞ്ഞുകൊണ്ടേയിരിക്കുന്ന ജനന നിരക്ക് അടുത്ത 20-25 വർഷത്തിനുള്ളിൽ തൊഴിൽ ചെയ്യാൻ പ്രാപ്തരായവർ ആനുപാതികമായി കുറയുകയും ചെയ്യുന്നത് കേരളത്തിന് എല്ലാ രീതിയിലും വെല്ലുവിളിയായിത്തീരും.

ആയതിനാൽ, ഈ സാഹചര്യത്തിൽ, കേരളത്തിന് ഇന്നത്തെ വയോഘടനയുടെ സാമ്പത്തികവും സാമൂഹികവുമായി ഉണ്ടായേക്കാവുന്ന ഭാവി പ്രത്യാഘാതങ്ങളെ മുൻനിർത്തി ദീർഘവീക്ഷിത വികസന പ്രക്രിയകൾക്ക് രൂപംനല്കി പ്രാബല്യത്തിൽ വരുത്തുകയെന്നത് അത്യന്താപേക്ഷിതമാണ്.

ഡോ. ടി. എൻ. സീമ

# സ്ത്രീയും കേരളസമൂഹവും

കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക സാംസ്കാരിക പ്രക്രിയയുമായി ബന്ധപ്പെടുത്തി സ്ത്രീയുടെ സ്ഥാനം രേഖപ്പെടുത്തൽ ചരിത്രരചന തന്നെയാണ്; ഒരുപക്ഷെ, വ്യവസ്ഥാപിത ചരിത്രത്തിലെ പടയോട്ടങ്ങളുടെയും ഉടമ്പടികളുടെയും കുടിപ്പകകളുടെയും വർണനകളുടെ ഘോഷയാത്രയിൽ പുറമ്പോക്കിലേക്ക് തഴയപ്പെട്ട അദൃശ്യസാന്നിധ്യങ്ങളുടെ ചരിത്രം.

### കേരള നവോത്ഥാനവും സ്ത്രീകളും

പെൺവഴിയുള്ള കുടുംബഘടനയും അയവുള്ള വിവാഹരീതിയും (സംബന്ധം) കൊളോണിയൽ ധാർമിക മൂല്യങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. പത്തൊമ്പതാം നൂറ്റാണ്ടിൽ തിരുവിതാംകൂറിൽ എല്ലാ മതസമുദായങ്ങളിലും കൂടി 56 ശതമാനത്തിലധികവും മലബാറിൽ ഇതിലേറെ പേരും മരുമക്കത്തായികളായിരുന്നു.

മരുമക്കത്തായത്തിൽ നിന്ന് മക്കത്തായത്തിലേക്കുള്ള മാറ്റം സ്വാഭാവികമായും സ്വത്തിനും തറവാടിനും മേൽ സ്ത്രീകൾക്കുണ്ടായിരുന്ന അവകാശങ്ങളും സുരക്ഷിതത്വവും പൂർണമായും ഇല്ലാതാക്കി.

ജാതിമേധാവിത്വത്തിനെതിരെ പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും ഉയർന്ന പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളുമാണ് കേരളത്തിലെ നവോത്ഥാന പ്രക്രിയയുടെ കാതൽ. സ്ത്രീ കേന്ദ്രീകൃതങ്ങളായ അനാചാരങ്ങളും ജാതി അടയാളങ്ങളും ചൂഷണരീതികളും ഈ പ്രക്ഷോഭങ്ങളുടെ മുഖ്യ ചർച്ചാവിഷയമായി. മേൽമുണ്ട് വഴക്ക്, ശീലവഴക്ക്, മുലമാറാപ്പ് വഴക്ക് എന്നൊക്കെയുള്ള പേരുകളിൽ അറിയപ്പെടുന്ന ചാന്നാർ ലഹള (1829-1859) തെക്കൻ തിരുവിതാംകൂറിൽ ചാന്നാന്മാർക്കിടയിൽ മിഷണറിമാരുടെ സഹായത്തോടെ നടന്നതാണ്. മതം മാറിയ ചാന്നാർ സ്ത്രീകൾ സവർണ സ്ത്രീകളെപ്പോലെ മേൽമുണ്ടു ധരിച്ചപ്പോൾ സവർണരും തിരുവിതാംകൂർ ഭരണകൂടവും അതിനെ അടിച്ചമർത്താൻ ശ്രമിച്ചു. എന്നാൽ നിരന്തരമായ ചെറുത്തുനിൽപ്പിലൂടെ മാറുമറയ്ക്കാനുള്ള അവകാശം നേടിയെടുക്കാൻ ആ പ്രക്ഷോഭത്തിനു കഴിഞ്ഞു.

അയ്യങ്കാളിയുടെ നേതൃത്വത്തിൽ സാധുജന പരിപാലനസംഘം പുലയർക്കിടയിൽ നടത്തിയ കല്ലയും മാലയും ബഹിഷ്കരണസമരം പുലയസ്ത്രീകൾ പിന്തുടർന്നു വന്ന, വിലകുറഞ്ഞ മുത്തുമാലകൾകൊണ്ട് മാറുമറയ്ക്കുന്ന പ്രാകൃതരീതി ഉപേക്ഷിച്ച് വസ്ത്രം ഉപയോഗിച്ച് മാറുമറയ്ക്കാനുള്ള അവകാശത്തിനായിട്ടാണ്. 1912-ൽ ഈ ബഹിഷ്കരണവും യാഥാർഥ്യമായി.

അവർണ-സവർണ ജാതികളിൽ പ്രചാരത്തിലുണ്ടായിരുന്ന തെരണ്ടു കല്യാണം, കെട്ടു കല്യാണം തുടങ്ങിയ അനാചാരങ്ങൾക്കെതിരെ രൂക്ഷമായി പ്രതികരിച്ചു ശ്രീനാരായണഗുരു.



ഇംഗ്ലീഷ് വിദ്യാഭ്യാസം, ജനാധിപത്യ ആശയങ്ങൾ തുടങ്ങിയവ നായർ സമുദായത്തിനുള്ളിൽ വരുത്തിയ പരിവർത്തനങ്ങൾ നായർ സമുദായത്തിലെ സ്ത്രീകളെയും സ്വാധീനിച്ചു. മരുമക്കത്തായം, ബ്രാഹ്മണസംബന്ധം, കെട്ടു കല്യാണം, തിരണ്ടു കുളി തുടങ്ങിയ സമ്പ്രദായങ്ങൾക്കെതിരെയും ജാതിവ്യവസ്ഥയുടെ ഉച്ചനീചത്വങ്ങൾക്കെതിരെയും ശബ്ദമുയർത്തിയ ചട്ടമ്പിസ്വാമി ഈ പരിവർത്തനത്തിന് ശക്തമായ ധാർമിക പിന്തുണ നൽകി.

നമ്പൂതിരി സമുദായത്തിലെ സ്ത്രീകളനുഭവിച്ചിരുന്ന അടിച്ചമർത്തലുകളും പീഡനങ്ങളും വിമർശനങ്ങൾക്ക് വിധേയമാകുന്നതും ഈ കാലയളവിലാണ്. പുരുഷാധിപത്യത്തിന്റെ പരിണതഫലങ്ങളായ നിരവധി ദുരാചാരങ്ങൾ- സംബന്ധം, സാപത്ന്യം, കനിഷ്ഠ വിവാഹം, ഘോഷാ സമ്പ്രദായം അഥവാ മറക്കുട സമ്പ്രദായം, സഞ്ചാരനിഷേധം, വിദ്യാഭ്യാസനിഷേധം, വിധവാവിവാഹ നിഷേധം തുടങ്ങിയവ- സ്വാതന്ത്ര്യവും സമത്വവും സംബന്ധിച്ചുണ്ടായ പുതിയ ധാരണകളുടെ അടിസ്ഥാനത്തിൽ ചോദ്യം ചെയ്യപ്പെട്ടു. വി.ടി. ഭട്ടതിരിപ്പാട്, എം.ആർ.ബി, എം.പി. ഭട്ടതിരിപ്പാട്, പ്രേംജി, ഇ.എം.എസ് തുടങ്ങിയവരുടെ പ്രായോഗികവും സൈദ്ധാന്തികവുമായ പ്രവർത്തനങ്ങൾ നമ്പൂതിരി സമുദായത്തിനുള്ളിൽ നടന്ന നവോത്ഥാന പ്രക്രിയയുടെ ഊർജമായിരുന്നു. യോഗക്ഷേമസഭയുടെ നാടകാവതരണങ്ങൾ നമ്പൂതിരി സ്ത്രീകളുടെ ദയനീയാവസ്ഥയുടെ പ്രതിഫലനങ്ങളായി മാറി. 1948-ൽ തൃശൂരിലെ അന്തർജന സമാജം എഴുതി അവതരിപ്പിച്ച 'തൊഴിൽകേന്ദ്രത്തിലേക്ക്' എന്ന നാടകം ശ്രദ്ധേയമായിരുന്നു. ശക്തമായ തൂലികയേന്തിയ ലളിതാംബിക അന്തർജനം, നമ്പൂതിരി സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് സാമൂഹികപരിഷ്കരണത്തിനിറങ്ങിയ ആര്യാപള്ളം, പാർവതിനെന്മേനിമംഗലം, പ്രിയദത്ത, ഉമാദേവി അന്തർജനം, ദേവകിവാര്യർ, ദേവകി നരിക്കാട്ടിരി തുടങ്ങിയ നിരവധി നേതാക്കൾ തുടക്കത്തിൽ നമ്പൂതിരി സ്ത്രീകളുടെ സ്വാതന്ത്ര്യത്തിനും പിന്നീട് സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെ വിശാലമായ വനിതാ വിമോചനത്തിനും നേതൃത്വം കൊടുത്തവരാണ്.

ദേശീയ സ്വാതന്ത്ര്യസമരവും നിരവധി സ്ത്രീകളെ ആകർഷിച്ചു. അക്കാമ്മചെറിയാൻ, അമ്മുസ്വാമി നാഥൻ, എ.വി. കുട്ടിമാളു അമ്മ, സി. കുഞ്ഞുക്കാവു അമ്മ, ആനിമസ്ക്രീൻ, ഗ്രേസി ആറോൺ, ഇ. അമ്മുക്കുട്ടിയമ്മ, മാർഗരറ്റ് പാവമണി, എം. കാർത്ത്യായനിയമ്മ തുടങ്ങിയ നേതാക്ക

| പെൺകുട്ടികളുടെ പങ്കാളിത്തം | |
|---|---|
| വിഭാഗം | പെൺകുട്ടികളുടെ ശതമാനം |
| എൽ.പി സ്കൂൾ | 49.08 |
| യു.പി സ്കൂൾ | 48.17 |
| ഹൈസ്കൂൾ | 50.21 |
| ഹയർ സെക്കന്ററി | 57.78 |
| വി.എച്ച്.എസ്.എസ് | 52.63 |
| ബി.എ | 66.97 |
| ബി.എസ്.സി | 72.26 |
| ബി.കോം | 53.16 |
| എം.എ | 72.20 |
| എം.എസ്.സി | 78.86 |
| എം.കോം | 57.46 |

അവലംബം: *ഇക്കണോമിക് റിവ്യു* 2000 സംസ്ഥാന ആസൂത്രണ ബോർഡ്

ളിൽ മിക്കവരും സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തതിന്റെ ഭാഗമായി മർദനവും ജയിൽ ശിക്ഷയുമൊക്കെ നേരിട്ടവരാണ്. അമ്മുസ്വാമിനാഥന്റെ മകളായ ക്യാപ്റ്റൻ ലക്ഷ്മി എന്നറിയപ്പെടുന്ന ലക്ഷ്മി സൈഗാൾ സുഭാഷ് ചന്ദ്രബോസിന്റെ ഐ.എൻ.എയിൽ അംഗമായി ധീരമായി പോരാടുകയും പിന്നീട് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായി മാറുകയും ചെയ്തു.

ഇതോടൊപ്പം കാണേണ്ട ചില സംഘടിത മുന്നേറ്റങ്ങൾ തൊഴിലെടുക്കുന്ന സ്ത്രീകൾക്കിടയിൽ 1930-50 കാലയളവിൽ കേരളത്തിലുണ്ടായി. ആലപ്പുഴയിലെ കയർപിരി രംഗത്ത് സ്ത്രീകളുടെ നേതൃത്വത്തിൽ നടന്ന സമരം കയർത്തൊഴിലാളി പ്രസ്ഥാനത്തെത്തന്നെ ആവേശം കൊള്ളിച്ചത് ആ സമരത്തിന് നേതൃത്വം കൊടുത്ത കെ. ദേവയാനി ഓർമിക്കുന്നുണ്ട്. (കേരളത്തിലെ സ്ത്രീകൾ-സെമിനാർ-1995). കാർഷിക മേഖലയിലെ അടിമപ്പണിക്കും കൂലി വിവേചനത്തിനുമെതിരെ മലബാറിൽ കർഷക പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്ന കർഷകസമരങ്ങളിൽ, ചീമേനിയിൽ നടന്ന തോലു വിറകുസമരം, കണംകൈ ഗ്രാമത്തിൽ നടന്ന പുല്ലുപറിക്കൽ സമരം തുടങ്ങിയവയ്ക്ക് നേതൃത്വം കൊടുത്തത് സ്ത്രീകൾ തന്നെയായിരുന്നു. പി. യശോദ, പി.സി. കാർത്ത്യായനികുട്ടിയമ്മ, ചെട്ടിച്ചിപാറു, മാറാത്തി പാർവതി, എടാട്ടം വീട്ടിൽ മാധവി, എം.വി ചെറിയ, പി. ചെറിയ, ചെമ്പരത്തി, ചേലോറമാത എന്നിങ്ങനെ പേരുള്ളവരും പേരു രേഖപ്പെടുത്താത്തവരുമായ നിരവധി വനിതാ നേതാക്കളുടെ ത്യാഗസമ്പന്നമായ ജീവിതവും പ്രവർത്തനങ്ങളും കേരളത്തിലെ കർഷക-തൊഴിലാളി മുന്നേറ്റങ്ങൾക്ക് കരുത്തു നൽകിയിട്ടുണ്ട്.

## സ്ത്രീ കേരളപ്പിറവിക്കു ശേഷം

കേരള സമൂഹചരിത്രത്തിൽ നിർണായകമായ സംസ്ഥാനരൂപീകരണവും 1957-ലെ പൊതുതെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന കമ്യൂണിസ്റ്റു മന്ത്രിസഭയും കേരള സ്ത്രീയുടെ ചരിത്രത്തിലും പുതിയൊരു ഘട്ടം കുറിച്ചു.

1957,1967, 1987,1996 കാലയളവുകളിൽ സംസ്ഥാന സർക്കാരുകൾ നടപ്പാക്കിയ ഭൂപരിഷ്കരണം, സാക്ഷരത, അധികാര വികേന്ദ്രീകരണം എന്നിവ സമൂഹത്തിൽ നിലനിന്നിരുന്ന അധികാരബന്ധങ്ങളെയും പദവി ബന്ധങ്ങളെയുംപോലും സ്വാധീനിക്കുന്ന പ്രക്രിയകളായി മാറി. ഈ പ്രക്രിയകളുടെ ഗുണഫലത്തിന്റെ പങ്ക് കേരളത്തിലെ സ്ത്രീകൾക്കും സ്വാഭാവികമായും ലഭിച്ചിട്ടുണ്ട്.

എന്നാൽ കേരള വികസന മാതൃകയെന്ന സങ്കൽപത്തെതന്നെ ചോദ്യം ചെയ്യുന്ന, വർധിച്ചുവരുന്ന തൊഴിലില്ലായ്മാനിരക്ക്, ഉത്പാദനമേഖലകളുടെ തകർച്ച, ഇനിയും പരിഹരിക്കപ്പെടാത്ത ദാരിദ്ര്യത്തിന്റെ തുരുത്തുകൾ (മത്സ്യമേഖല, ആദിവാസിമേഖല), വർധിക്കുന്ന രോഗാതുരത, സ്ത്രീകൾ നേരിടുന്ന നാനാവിധ വിവേചനങ്ങളും അതിക്രമങ്ങളും തുടങ്ങി നിരവധി പ്രഹേളികകൾക്ക് ഉത്തരം കണ്ടെത്താതെ സമകാലീന കേരള സമൂഹത്തെക്കുറിച്ച് ചിന്തിക്കുകവയ്യ.

## വിദ്യാഭ്യാസം

പ്രശസ്ത സാമ്പത്തിക വിദഗ്ധരായ അമർത്യാ സെന്നും ഴാങ് ദ്രേസും ചേർന്ന് എഡിറ്റു ചെയ്ത 'ഇന്ത്യൻ വികസനം' (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000) എന്ന ഗ്രന്ഥത്തിൽ കേരളത്തിന്റെ വികസന നേട്ടങ്ങൾ ചർച്ച ചെയ്യുമ്പോൾ വി.കെ. രാമചന്ദ്രൻ ഇങ്ങനെ ചൂണ്ടിക്കാട്ടുന്നു; "കേരളത്തിന്റെ ആരോഗ്യ- ജനസംഖ്യാപരിവർത്തനവുമായി ബന്ധപ്പെട്ട നേട്ടങ്ങൾ സാധ്യമാക്കിയത് സാക്ഷരതയാണ്, പ്രത്യേകിച്ച്, സ്ത്രീ സാക്ഷരത". 1901-ൽ 19.15 ശതമാനം പുരുഷന്മാരും 3.15 ശതമാനം സ്ത്രീകളുമായിരുന്നു സാക്ഷരർ. 2001-ലാകട്ടെ പുരുഷ സാക്ഷരത 94 ശതമാനവും സ്ത്രീ സാക്ഷരത 87.86 ശതമാനവുമാണ്. കേരളപ്പിറവിക്കു ശേഷമാണ് കേരളത്തിലെ പ്രായപൂർത്തിയായ ഭൂരിപക്ഷം സ്ത്രീകളും എഴുത്തും വായനയും പഠിച്ചു തുടങ്ങിയതെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.





ക്യാപ്റ്റൻ ലക്ഷ്മി

എന്നാൽ സ്ത്രീ സാക്ഷരത കുറഞ്ഞിരിക്കുന്ന പട്ടികജാതി-പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളികൾ, ദരിദ്ര കർഷകത്തൊഴിലാളികൾ എന്നീ വിഭാഗങ്ങളിലും ശുഭസൂചകങ്ങളായ മാറ്റം കാണുന്നുണ്ടെന്നതും ശ്രദ്ധേയമാണ്.

കേരളത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിൽ സ്കൂൾതലം മുതൽ ഉന്നത വിദ്യാഭ്യാസം വരെ ഉയർന്ന സ്ത്രീ പങ്കാളിത്തമാണ് ഇന്നുള്ളത്.

സ്ത്രീപങ്കാളിത്തം ഉന്നതവിദ്യാഭ്യാസ രംഗത്ത് വളരെ ഉയർന്ന നിലയിലാണെന്ന് കാണാം. എന്നാൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗത്തും പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തും കാണുന്ന കുറഞ്ഞ സ്ത്രീ പങ്കാളിത്തം സ്ത്രീവിദ്യാഭ്യാസം സംബന്ധിച്ച് പരമ്പരാഗത ധാരണകൾ ഇന്നും നിലനിൽക്കുന്നതായി സൂചന നൽകുന്നുണ്ട്.

സ്ത്രീകൾക്ക് ചെയ്യാനാകുന്ന തൊഴിലുകളെ കുറിച്ചുള്ള പരമ്പരാഗത ധാരണകളാണ് പലപ്പോഴും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽനിന്ന് പെൺകുട്ടികളെ അകറ്റുന്നത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വർക്കിടയിലെ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക്, പുരുഷമേധാവിത്വധാരണകൾ ഊട്ടിയുറപ്പിക്കുന്ന വിദ്യാഭ്യാസ ഉള്ള

ടക്കം (പാഠ്യപദ്ധതിപരിഷ്കരണം ഒരു പരിധി വരെ ഈ പോരായ്മ തിരുത്താൻ ശ്രമിക്കുന്നുണ്ട്) ലിംഗസമത്വത്തെക്കുറിച്ച് ആരോഗ്യകരമായ ധാരണകൾ നൽകാൻ പര്യാപ്തമല്ലാത്ത വിദ്യാലയ അന്തരീക്ഷം, പെൺകുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങളുടെ അഭാവം, അടിസ്ഥാന സൗകര്യങ്ങളില്ലാത്തത് തുടങ്ങി നിരവധി പ്രശ്നങ്ങൾ വിദ്യാഭ്യാസരംഗത്ത് സ്ത്രീ കൾ നേരിടുന്നുണ്ട്.



## ആരോഗ്യം

ജനസംഖ്യയിലെ ഉയർന്ന സ്ത്രീ പുരുഷാനുപാതം, ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണ നിരക്ക്, കുറഞ്ഞ ജനനനിരക്ക് ഇങ്ങനെ നിരവധി ആരോഗ്യ നേട്ടങ്ങൾ കേരളത്തിലെ സ്ത്രീകൾക്ക് അവകാശപ്പെടാനുണ്ട്. സ്ത്രീ പുരുഷാനുപാതം പരിശോധിച്ചാൽ കേരള രൂപീകരണത്തിനുശേഷമുള്ള എല്ലാ സെൻസസ്സുകളിലും സ്ത്രീകളുടെ എണ്ണം ആയിരത്തിലധികമായിരുന്നു. 2001-ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ സ്ത്രീപുരുഷാനുപാതം 1058 ആണ്.

ശിശുമരണ നിരക്കിലാകട്ടെ 1000 കുഞ്ഞുങ്ങൾക്ക് 13 എന്ന താഴ്ന്ന നിരക്കാണ് കേരളത്തിലുള്ളത്. ഇന്ത്യയിലിത് 1000ന് 76 ആണ്. ജനനനിരക്ക് പരിശോധിച്ചാൽ അമ്പതു വർഷത്തിനു മുമ്പ് ഒരു കുടുംബത്തിൽ ശരാശരി 6 കുട്ടികൾ എന്നതായിരുന്നെങ്കിൽ ഇന്നത് 2-ൽ താഴെയായിരിക്കുന്നു. ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ കേരളത്തിലെ പുരുഷന്മാരെക്കാൾ 3 വർഷം കൂടുതലാണ് കേരളത്തിലെ സ്ത്രീകളുടെ ആയുർദൈർഘ്യം (74 വയസ്). അഖിലേന്ത്യാ ശരാശരി 59 വയസ്സാണ്. കേരളത്തിലെ പ്രസവങ്ങളിൽ 98 ശതമാനവും ആശുപത്രികളിലാണ് നടക്കുന്നത് എന്നത് പ്രസവവുമായി ബന്ധപ്പെട്ട മാതൃമരണനിരക്ക് കുറയ്ക്കുന്നതിൽ നിർണായക പങ്കുവഹിക്കുന്നു.

എന്നാൽ ഇതിന്റെ മറുവശമാണ് കേരളത്തിൽ പൊതുവെയും സ്ത്രീകൾക്കിടയിൽ വിശേഷിച്ചും വർധിക്കുന്ന രോഗാതുരത. മത്സ്യത്തൊഴിലാളികൾ, പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർ എന്നിവർക്കിടയിൽ ആരോഗ്യ പ്രശ്നങ്ങൾ രൂക്ഷമാണ്. ദാരിദ്ര്യം, വർധിച്ചുവരുന്ന ചികിത്സച്ചെലവ്, ആരോഗ്യ സംരക്ഷണത്തിലുള്ള അവഗണന തുടങ്ങി നിരവധി പ്രശ്നങ്ങൾ ഇന്ന് കേരളത്തിലെ ഭൂരിപക്ഷം സ്ത്രീകളുടെയും ആരോഗ്യനിലവാരത്തിന് ഭീഷണിയുയർത്തുന്നുണ്ട്. തൊഴിലിടങ്ങൾ, മാർക്കറ്റ് തുടങ്ങിയ പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ത്രീ കൾക്ക് ആവശ്യമായ മൂത്രപ്പുരകളോ, ശാരീരിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് (പീലിങ്ങ് ഷെഡ്ഡുകൾ, കശുവണ്ടി വ്യവസായം, കയർ തുടങ്ങിയവ) ആരോഗ്യ സംരക്ഷണത്തിനുള്ള എന്തെങ്കിലും പരിരക്ഷയോ ഉറപ്പാക്കാൻ ഇനിയും കഴിഞ്ഞിട്ടുണ്ടോ എന്ന പരിശോധന പ്രാദേശിക തലം മുതൽ ഉണ്ടാകണം. ഈ ഭൗതിക സാഹചര്യങ്ങളുടെ അഭാവം സൃഷ്ടിക്കുന്ന ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങൾ ഗുരുതരമാണ്. ദാരിദ്ര്യത്തിന്റെ രൂക്ഷത അറിയിക്കുന്ന മറ്റൊരു പ്രതിഭാസമാണ് വർധിച്ചുവരുന്ന, സ്ത്രീ നേതൃത്വത്തിലുള്ള കുടുംബങ്ങളുടെ എണ്ണം. കേരളത്തിലടക്കം മൂന്നിലൊന്നോളം കുടുംബങ്ങൾ സ്ത്രീയുടെ മാത്രം വരുമാനത്തിലാണ് കഴിയുന്നതെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. സ്ത്രീകളുടെ ആരോഗ്യത്തെ ബാധിക്കുന്ന ഒരു പ്രധാന പ്രശ്നം സ്ത്രീകൾ നേരിടേണ്ടി വരുന്ന നാനാവിധ അതിക്രമങ്ങളാണ്. കുടുംബത്തിനകത്ത് നടക്കുന്ന ശരീരികവും മാനസികവുമായ അതിക്രമങ്ങൾ, ബലാത്സംഗം, മാനഭംഗശ്രമം, ലൈംഗികമായി ശല്യം ചെയ്യൽ, തട്ടിക്കൊണ്ടുപോകൽ, പെൺവാണിഭം, മാധ്യമങ്ങളിലും മറ്റും സ്ത്രീകളെ അവഹേളനപരമായി ചിത്രീകരിക്കുന്നത് എന്നിങ്ങനെ ആധുനിക സമൂഹമെന്നവകാശപ്പെടുന്ന ഒരു സമൂഹത്തിന് ഒരിക്കലും അംഗീകരിക്കാനാവാത്തവിധം സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർധിക്കുകയാണ്. വീട്ടിനുള്ളിൽ നടക്കുന്ന ക്രൂരതകളുടെ കാര്യത്തിൽ ഇന്ത്യയിൽ നാലാം സ്ഥാനം കേരളത്തിനാണെന്നത് ഒട്ടും അഭിമാനകരമല്ല.

**പെൺകുട്ടികളുടെ പങ്കാളിത്തം സാങ്കേതികവിദ്യാഭ്യാസ മേഖലയിൽ**

| വിഭാഗം | പെൺകുട്ടികളുടെ ശതമാനം |
|---|---|
| ടെക്നിക്കൽ ഹൈസ്കൂൾ | 7.06 |
| പോളിടെക്നിക് | 39.19 |
| ഐ.ടി.ഐ | 9.89 |
| ഐ.ടി.സി | 5.59 |
| എം.ബി.ബി.എസ് | 37.39 |
| ബി.ഇ/ബി.ടെക് | 23.8 |

അവലംബം: *ഇക്കണോമിക് റിവ്യു 2000 സംസ്ഥാന ആസൂത്രണ ബോർഡ്*

അതിക്രമങ്ങൾക്കെതിരെ നിരവധി സംവിധാനങ്ങളും നിയമങ്ങളുമൊക്കെയുണ്ടെങ്കിലും അവ പൂർണമായും ഫലപ്രദമല്ല. പഞ്ചായത്ത്/നഗരസഭാതലത്തിൽ ജാഗ്രതാ സമിതികളുടെ പ്രവർത്തനം ഫലപ്രദമാക്കിയും സ്ത്രീപക്ഷത്തോടെ പ്രശ്നങ്ങളെ സമീപിക്കാൻ പോലീസ് സേനയെ പ്രാപ്തമാക്കിയും നിയമപരിരക്ഷ സംബന്ധിച്ച അവബോധം ജനങ്ങളിൽ വളർത്തിയുമൊക്കെ നാം നേരിടേണ്ട ഗുരുതരമായ പ്രശ്നം തന്നെയാണിത്. പ്രാദേശികതലത്തിലുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾ തിരിച്ചറിയാനും പ്രതികരിക്കാനും പ്രതിരോധിക്കാനും വനിതാ അയൽക്കൂട്ടങ്ങളെ കൂടുതൽ സജ്ജമാക്കേണ്ടതുണ്ട്.

ഇതോടൊപ്പം പരിഗണിക്കേണ്ടതാണ് ദാരിദ്ര്യവത്കരണത്തിന്റെ ഫലമായി തകരുന്ന ജീവിത ഗുണനിലവാരം. ഇത് സ്ത്രീകളുടെ ഭക്ഷണം, ചികിത്സ, മാനസിക ആരോഗ്യം എന്നിവയെ പ്രതികൂലമായി നേരിട്ടുതന്നെ ബാധിക്കുന്നുണ്ട്.

## തൊഴിൽ

കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കഴിഞ്ഞ അമ്പതുവർഷത്തിനിടയിൽ കുത്തനെ കുറഞ്ഞുകൊണ്ടിരിക്കുന്നതായി വിവിധ സെൻസസുകൾ സൂചിപ്പിക്കുന്നു. 1961-ൽ 19.7 ശതമാനമായിരുന്ന സ്ത്രീ തൊഴിൽ പങ്കാളിത്തം 1981-ൽ 16.1 ശതമാനമായും 1991-ൽ 15.85 ശതമാനമായും 2001-ൽ 15 ശതമാനമായും ഇടിഞ്ഞു. തൊഴിലില്ലായ്മയ്ക്കൊപ്പം, പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച, കൃഷിയിലെ മുരടിപ്പ്, പല പരമ്പരാഗത മേഖലകളിലും വന്ന യന്ത്രവത്കരണം തുടങ്ങി നിരവധി കാരണങ്ങൾ വിദഗ്ധർ ചൂണ്ടിക്കാട്ടുന്നുണ്ട്. (സ്ത്രീപദവി പഠനം, സംസ്ഥാന ആസൂത്രണ ബോർഡ് 2000).

തൊഴിലെടുക്കുന്ന സ്ത്രീകളിൽ നല്ല പങ്കും വരുമാനം കുറഞ്ഞ അസംഘടിത മേഖലകളിലാണ്. തുല്യജോലിക്ക് തുല്യവേതനമെന്ന തൊഴിൽ നിയമം അസംഘടിത മേഖലയിൽ വ്യാപകമായി ലംഘിക്കപ്പെടുന്നതായിട്ടാണ് കാണുന്നത്. ഉന്നത വിദ്യാഭ്യാസം നേടിയ പതിനായിരക്കണക്കിന് സ്ത്രീകൾ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിൽ ലഭി

ക്കാത്തതിനാൽ ഏറ്റവും തുച്ഛമായ വരുമാനവും തൊഴിൽ ചൂഷണവും ഉള്ള ചെറുകിട-വൻകിട സ്വകാര്യ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നുണ്ട്.

സേവനമേഖലയിൽ സംഘടിതവും അസംഘടിതവുമായ തൊഴിലുകളിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളും നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. വൃത്തിയുള്ള ടോയ്‌ലറ്റ്, വിശ്രമമുറി, ക്രഷെ, യൂണിഫോറം ഉപയോഗിക്കുന്നവർക്ക് അത് മാറ്റാനുള്ള സൗകര്യം, നൈറ്റ് ഷിഫ്റ്റ് ചെയ്യുന്നവർക്ക് യാത്രാസൗകര്യം, സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരമുള്ള പരാതി പരിഹാര കമ്മിറ്റി (തൊഴിലിടങ്ങളിലെ ലൈംഗിക പീഡനവുമായി ബന്ധപ്പെട്ട്) എന്നിങ്ങനെ പരിഹരിക്കപ്പെടേണ്ടതായ നിരവധി ആവശ്യങ്ങൾ ഉണ്ട്.

സ്വയം തൊഴിൽ സംരംഭങ്ങളിലേർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ പ്രശ്നവും അടിയന്തര ശ്രദ്ധ ആവശ്യപ്പെടുന്ന ഒന്നായി മാറിയിട്ടുണ്ട്. ആവശ്യമായ തൊഴിൽ പരിശീലനത്തിന്റെയും അസംസ്കൃത വസ്തുക്കളുടെയും മറ്റും അഭാവവും പ്രാദേശിക കമ്പോളത്തിനപ്പുറത്തേക്ക് മെച്ചപ്പെട്ട ഒരു മാർക്കറ്റിങ് സംവിധാനത്തിന്റെ അപര്യാപ്തതയും ഈ സംരംഭങ്ങൾക്ക് തിരിച്ചടിയാവുകയാണ്.

## പൊതുരംഗം

വിദ്യാസമ്പന്നയെങ്കിലും കേരളത്തിലെ സ്ത്രീ പൊതുരംഗത്ത്, വിശേഷിച്ച് നേതൃരംഗത്ത് പൊതുവെ അദൃശ്യയാണ്. പൊതുരംഗത്തെ സ്ത്രീയുടെ അദൃശ്യതയുടെ പ്രധാനകാരണംകുടുംബത്തിനകത്തെ ഉത്തരവാദിത്തങ്ങൾ സ്ത്രീ യുടെ ധർമമായി കാണുകയും പൊതു രംഗം (തൊഴിലായാലും മറ്റ് പ്രവർത്തനങ്ങളായാലും) സ്ത്രീയുടെ സ്വാഭാവിക പ്രവർത്തന പരിസരമല്ല എന്ന് ധരിക്കുകയും ചെയ്യുന്ന മൂല്യബോധമാണ്. ഒട്ടേറെ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും ഇന്നും കേരളത്തിലെ കുടുംബഘടന ജനാധിപത്യപരമല്ല. പുരുഷ കേന്ദ്രീകൃതമായ അധികാരഘടനയും സ്ത്രീ കേന്ദ്രീകൃതമായ ധർമ സങ്കൽപങ്ങളും ചേർന്ന ഘടനയാണ് കേരളത്തിലെ ഭൂരിപക്ഷം കുടുംബങ്ങളിലും ഇന്നുമുള്ളത്. വീടിനകത്തും പുറത്തും ഇന്നും നിലനിൽക്കുന്ന അസമമായ സ്ത്രീ പുരുഷ പദവിയാണ് (പുരുഷനെ അപേക്ഷിച്ച് സ്ത്രീയുടെ താഴ്ന്നപദവി) പൊതുരംഗത്ത് സ്ത്രീയെ അദൃശ്യയാക്കുന്ന പ്രധാന ഘടകം.



1995 മുതൽ പഞ്ചായത്തീരാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കു നടന്ന തെരഞ്ഞെടുപ്പുകളിലൂടെ ആയിരക്കണക്കിന് സ്ത്രീകൾ പ്രാദേശിക ഭരണ രംഗത്തെത്തിയിട്ടുണ്ട്. വനിതാ സംവരണ സീറ്റുകളിൽ നിന്നല്ലാതെ തന്നെ തെരഞ്ഞെടുക്കപ്പെടുന്ന സ്ത്രീകളുടെ എണ്ണം കഴിഞ്ഞ മൂന്നു തെരഞ്ഞെടുപ്പുകളിൽ (1995, 2000, 2005) ക്രമമായി വർധിച്ചുവരുന്ന പ്രതീക്ഷ നൽകുന്ന ചിത്രമാണ് കാണുന്നത്.

എന്നാൽ 1957 മുതൽ സംസ്ഥാന അസംബ്ലിയിലേക്കു നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ ഒന്നിൽപ്പോലും 10 ശതമാനത്തിലധികം സ്ത്രീകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല. 1962-ൽ 127 എം.എൽ.എ മാരിൽ 7 പേരായിരുന്നു സ്ത്രീകളെങ്കിൽ 2006-ൽ 141 എം.എൽ.എ മാരിൽ സ്ത്രീകളുടെ എണ്ണം 7 തന്നെയാണ്. 1977-ലാകട്ടെ ഒരു വനിതാ എം.എൽ.എ മാത്രമാണ് കേരള നിയമസഭയിലുണ്ടായിരുന്നത്. ഇത് രാഷ്ട്രീയപ്പാർട്ടികളും ബഹുജന പ്രസ്ഥാനങ്ങളും വളരെ ഗൗരവത്തോടെ പരിശോധിക്കേണ്ട ഒന്നാണ്.

സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും സാംസ്കാരിക സംഘടനകളുടെയും നേതൃത്വത്തിലും സർക്കാരിന്റെ തന്നെ വിവിധ കോർപ്പറേഷനുകളുടെയും ബോർഡുകളുടെയും തലപ്പത്തും വിരലിലെണ്ണാവുന്ന സ്ത്രീകൾ മാത്രമേയുള്ളൂ. പ്രബുദ്ധതയും പുരോഗമനവും അവകാശപ്പെടുമ്പോൾത്തന്നെ സ്ത്രീ പ്രശ്നത്തിൽ പാരമ്പര്യ വാദത്തെ മുറുകെപ്പിടിക്കുന്നത് കേരള സമൂഹത്തിന്റെ സവിശേഷതയായി കാണാനാകും. വർധിക്കുന്ന ഉപഭോഗ സംസ്കാരവും കേരള സമൂഹത്തിന്റെ അഭിരുചികളെത്തന്നെ നിയന്ത്രിക്കാൻ ശക്തമായ കമ്പോള താത്പര്യങ്ങളും സ്ത്രീക്ക് നൽകുന്ന പ്രതിബിംബമാകട്ടെ തീർത്തും പിന്തിരിപ്പനും! കേരള സമൂഹത്തിൽ ഇന്ന് സ്വീകാര്യത കിട്ടുന്ന മതമൗലികവാദവും സങ്കുചിതമായ സമുദായ താൽപര്യങ്ങളും സ്വതന്ത്രവ്യക്തിയെന്ന നിലയിലേക്കുള്ള സ്ത്രീയുടെ വളർച്ചയ്ക്ക് തടസങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ചുരുക്കത്തിൽ, കേരളത്തിന്റെ ചരിത്രവും വർത്തമാനവും നൽകുന്ന സ്ത്രീ ചിത്രം നിരാശയുടേതല്ല. കഴിഞ്ഞ എട്ടുപത്തു നൂറ്റാണ്ടുകൾക്കിടയിൽ കേരളത്തിലെ സ്ത്രീ പദവിയിൽ നാടകീയമായ മാറ്റങ്ങൾ വന്നുകഴിഞ്ഞിരിക്കുന്നു. സ്ത്രീ കേന്ദ്രീകൃതമായ നിരവധി അനാചാരങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു. എന്നാൽ നവോത്ഥാന കാലത്തുയർന്ന സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ മുന്നോട്ടുവച്ച ബൂർഷ്വാ പരിഷ്കരണ അജണ്ടകൾക്കപ്പുറത്ത് സ്ത്രീ സമത്വം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലേക്ക് കേരള സമൂഹം ഇനിയും കടന്നു ചെന്നിട്ടില്ല. കേരളത്തിലെ സ്ത്രീയുടെ മെച്ചപ്പെട്ട അവസ്ഥയെക്കുറിച്ച് അഭിമാനിക്കുമ്പോൾത്തന്നെ പല കാരണങ്ങളാലും അസമമായിക്കൊണ്ടിരിക്കുന്ന സ്ത്രീപുരുഷ പദവി ബന്ധത്തെക്കുറിച്ച് നാം ആശങ്കപ്പെടേണ്ടതുമുണ്ടെന്നാണ് വർത്തമാനകാലം നമ്മോടു പറയുന്നത്.



# കേരള മുഖ്യമന്ത്രിമാർ

1. **ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്** (1957 ഏപ്രിൽ 5-1959 ജൂലൈ 31)
2. **പട്ടം എ. താണുപിള്ള** (1960 ഫെബ്രുവരി 22-1962 സെപ്തംബർ 26)
3. **ആർ. ശങ്കർ** (1962 സെപ്തംബർ 26 -1964 സെപ്തംബർ 10)
4. **ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്** (1967 മാർച്ച് 6-1969 നവംബർ 1)
5. **സി. അച്യുതമേനോൻ** (1969 നവംബർ 1-1970 ഓഗസ്റ്റ് 1)
6. **സി. അച്യുതമേനോൻ** (1970 ഒക്ടോബർ 4-1977 മാർച്ച് 25)
7. **കെ. കരുണാകരൻ** (1977 മാർച്ച് 25-1977 ഏപ്രിൽ 25)
8. **എ.കെ. ആന്റണി** (1977 ഏപ്രിൽ 27-1978 ഒക്ടോബർ 27)
9. **പി.കെ. വാസുദേവൻ നായർ** (1978 ഒക്ടോബർ 29-1979 ഒക്ടോബർ 7)
10. **സി.എച്ച്. മുഹമ്മദ് കോയ** (1979 ഒക്ടോബർ 12 - 1979 ഡിസംബർ 1)
11. **ഇ.കെ. നായനാർ** (1980 ജനുവരി 25 -1981 ഒക്ടോബർ 20)
12. **കെ. കരുണാകരൻ** (1981 ഡിസംബർ 28 - 1982 മാർച്ച് 17)
13. **കെ. കരുണാകരൻ** (1982 മെയ് 24 - 1987 മാർച്ച് 25)
14. **ഇ.കെ. നായനാർ** (1987 മാർച്ച് 26 - 1991 ജൂൺ 17)
15. **കെ. കരുണാകരൻ** (1991 ജൂൺ 24 - 1995 മാർച്ച് 16)
16. **എ.കെ. ആന്റണി** (1995 മാർച്ച് 22- 1996 മെയ് 9)
17. **ഇ.കെ. നായനാർ** (1996 മെയ് 20 - 2001 മെയ് 13)
18. **എ.കെ. ആന്റണി** (2001 മെയ് 17 - 2004 ഓഗസ്റ്റ് 29)
19. **ഉമ്മൻചാണ്ടി** (2004 ഓഗസ്റ്റ് 31 - 2006 മെയ് 12)
20. **വി.എസ്. അച്യുതാനന്ദൻ** (2006 മെയ് 18 - തുടരുന്നു)



ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്


പട്ടം എ. താണുപിള്ള


കെ. കരുണാകരൻ


എ.കെ. ആന്റണി


ഇ.കെ. നായനാർ


ഉമ്മൻചാണ്ടി

# കേരളപ്പിറവി സുവർണജൂബിലി ആഘോഷ സമിതികളും പരിപാടികളും

കേരളപ്പിറവിയുടെ അമ്പതാം വാർഷികം നവംബർ ഒന്നുമുതൽ 30 വരെ വലിയ സാമ്പത്തികബാധ്യത വരാത്തവിധം ആർഭാടങ്ങൾ ഒഴിവാക്കി ആഘോഷിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ഇതോടനുബന്ധിച്ച് സംസ്ഥാനം-ജില്ല-പഞ്ചായത്ത്-പ്രദേശിക തലങ്ങളിൽ വിപുലമായ പരിപാടികൾ സംഘടിപ്പിക്കും. സ്കൂൾ, കോളേജ്, വായനശാല, കലാസമിതി, തൊഴിൽസ്ഥാപനം, അയൽക്കൂട്ടം, സന്നദ്ധസംഘടന, റസിഡന്റ്സ് അസോസിയേഷൻ, പൊതുസ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഗൗരവമായ ചർച്ചകൾക്കും വികസനപരിപാടികൾക്കും സാംസ്കാരിക ഇടപെടലുകൾക്കും തുടക്കം കുറിക്കും.

ആഘോഷപ്രവർത്തനങ്ങളെ സംസ്ഥാനതല സമിതിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും ഏകോപിപ്പിക്കും. ഓരോ ജില്ലാതല സമിതിയുടെയും ചെയർമാൻ ഓരോ മന്ത്രി ആയിരിക്കും.

ജില്ലാതലത്തിൽ പരിപാടികളുടെ ഏകോപനം ജില്ലാതല സമിതിയും കോർപ്പറേഷൻ-മുനിസിപ്പൽ-പഞ്ചായത്ത്-വാർഡ് തലങ്ങളിൽ സംഘാടനം അതത് സമിതികളും നിർവഹിക്കും.

കേരളപ്പിറവിദിനത്തിൽ തിരുവനന്തപുരത്ത് പ്രത്യേകവിളംബര റാലിയും കോർപ്പറേഷൻ-മുനിസിപ്പൽ-പഞ്ചായത്ത് എന്നിവ കേന്ദ്രീകരിച്ച് 50-ാം വാർഷിക വിളംബര റാലികളും നടത്തും. തുടർന്നുള്ള ദിവസങ്ങളിൽ പഞ്ചായത്ത്-വാർഡ് തലത്തിൽ പരിപാടികൾ ഉണ്ടായിരിക്കും. നവംബർ രണ്ട്, അഞ്ച്, എട്ട്, ഒൻപത്, പതിനൊന്ന്, പത്തൊൻപത് തീയതികളിൽ ശില്പശാല, മൂന്നിന് കവിയരങ്ങ്, നാലിന് കഥയരങ്ങ്, ആറിന് നാടൻകലാമേള, ഏഴിന് നാടകമേള, 10ന് കുട്ടികളുടെ കലാമേള, 12ന് ചലച്ചിത്രമേള, 13ന് സാംസ്കാരികസംഗമം, 14ന് കലാസംഗമം, 15ന് സ്പോർട്സ്, 16ന് ഗെയിംസ്, 17ന് വനിതാസംഗമം, 18ന് മധുരം മലയാളം സംഗീതോത്സവം എന്നിവയാണ് പരിപാടികൾ.

സുവർണ ജൂബിലിയോടനുബന്ധിച്ച് ഓരോ തദ്ദേശ സ്വയംഭരണ പരിധിയ്ക്കകത്തും റോഡ്, കെട്ടിടം, സാംസ്കാരിക കേന്ദ്രം, സമിതികൾ തീരുമാനിക്കുന്ന മറ്റു പ്രവൃത്തികൾ എന്നിവയിലേതെങ്കിലും ഉൾപ്പെടുത്തി വാർഷിക സ്മാരകങ്ങൾ നിർമിക്കും. സ്മാരകപ്രഖ്യാപനം നവംബർ 30 നോ അതിന് മുമ്പോ നടത്തുകയും വേണം. സ്കൂൾ, കോളേജ് തലങ്ങളിൽ 50-ാം വാർഷിക വൃക്ഷത്തൈ നടീൽ നടത്തേണ്ടതാണ്. ജില്ലാ തലത്തിൽ ഉചിതമായ സ്മാരകത്തെപ്പറ്റി ആലോചിച്ചു തീരുമാനിക്കും.

# കേരള ഗവർണർമാർ

1. **ഡോ. ബി. രാമകൃഷ്ണറാവു** (1956 നവംബർ 22-1960 ജൂലൈ 1)
2. **വി.വി. ഗിരി** (1960 ജൂലൈ 1 -1965 ഏപ്രിൽ 2)
3. **അജിത്പ്രസാദ് ജെയിൻ** (1965 ഏപ്രിൽ 2 -1966 ഫെബ്രുവരി 6)
4. **ഭഗവാൻ സഹായ്** (1966 ഫെബ്രുവരി 6-1967 മെയ് 15)
5. **വി. വിശ്വനാഥൻ** (1967 മെയ് 15-1973 ഏപ്രിൽ 1)
6. **എൻ.എൻ. വാഞ്ചു** (1973 ഏപ്രിൽ 1 -1977 ഒക്ടോബർ 10)
7. **ജ്യോതി വെങ്കിടചെല്ലം** (1977 ഒക്ടോബർ 14-1982 ഒക്ടോബർ 27)
8. **പി. രാമചന്ദ്രൻ** (1982 ഒക്ടോബർ 27-1988 ഫെബ്രുവരി 23)
9. **രാം ദുലാരി സിൻഹ** (1988 ഫെബ്രുവരി 23-1990 ഫെബ്രുവരി 12)
10. **സ്വരൂപ് സിംഗ്** (1990 ഫെബ്രുവരി 12 - 1990 ഡിസംബർ 20)
11. **ബി. രാച്ചയ്യ** (1990 ഡിസംബർ 20 -1995 നവംബർ 9)
12. **പി. ശിവശങ്കർ** (1995 നവംബർ 12 - 1996 മെയ് 1)
13. **ഖുർഷിദ് ആലം ഖാൻ** (1996 മെയ് 5 - 1997 ജനുവരി 25)
14. **സുഖ്ദേവ് സിംഗ് കാങ്** (1997 ജനുവരി 25 - 2002 ഏപ്രിൽ 18)
15. **സിക്കന്ദർ ഭക്ത്** (2002 ഏപ്രിൽ 18 - 2004 ഫെബ്രുവരി 23)
16. **ടി.എൻ. ചതുർവേദി** (2004 ഫെബ്രുവരി 24- 2004 ജൂൺ 23)
17. **ആർ.എൽ. ഭാട്യ** (2004 ജൂൺ 23 - തുടരുന്നു)


ആർ. ശങ്കർ


സി. അച്യുതമേനോൻ


പി.കെ. വാസുദേവൻ നായർ


സി.എച്ച്. മുഹമ്മദ് കോയ


വി.എസ്. അച്യുതാനന്ദൻ

# കേരള സ്പീക്കർമാർ

1. **ആർ. ശങ്കരനാരായണൻ തമ്പി** (1957 ഏപ്രിൽ 27-1959 ജൂലായ് 31)
2. **കെ.എം. സീതി സാഹിബ്** (1960 മാർച്ച് 12 -1961 ഏപ്രിൽ 17)
3. **സി.എച്ച്. മുഹമ്മദ് കോയ** (1961 ജൂൺ 9 -1961 നവംബർ 10)
4. **അലക്സാണ്ടർ പറമ്പിത്തറ** (1961 ഡിസംബർ 13-1964 സെപ്തംബർ 10)
5. **ഡി. ദാമോദരൻ പോറ്റി** (1967 മാർച്ച് 15 -1970 ഒക്ടോബർ 21)
6. **കെ. മൊയ്തീൻകുട്ടി ഹാജി** (1970 ഒക്ടോബർ 22 -1975 മെയ് 8)
7. **ടി.എസ്. ജോൺ** (1976 ഫെബ്രുവരി 17-1977 മാർച്ച് 25)
8. **ചാക്കീരി അഹമ്മദ്കുട്ടി** (1977 മാർച്ച് 28-1980 ഫെബ്രുവരി 14)
9. **എ.പി. കുര്യൻ** (1980 ഫെബ്രുവരി 15-1982 ഫെബ്രുവരി 1)
10. **എ.സി. ജോസ്** (1982 ഫെബ്രുവരി 3 - 1982 ജൂൺ 23)
11. **വക്കം ബി. പുരുഷോത്തമൻ** (1982 ജൂൺ 24 -1984 ഡിസംബർ 28)
12. **വി.എം. സുധീരൻ** (1985 മാർച്ച് 8 - 1987 മാർച്ച് 27)
13. **വർക്കല രാധാകൃഷ്ണൻ** (1987 മാർച്ച് 30 - 1991 ജൂൺ 28)
14. **പി.പി. തങ്കച്ചൻ** (1991 ജൂലൈ 1 - 1995 മെയ് 3)
15. **തേറമ്പിൽ രാമകൃഷ്ണൻ** (1995 ജൂൺ 27 - 1996 മെയ് 28)
16. **എം. വിജയകുമാർ** (1996 മെയ് 30- 2001 ജൂൺ 4)
17. **വക്കം ബി. പുരുഷോത്തമൻ** (2001 ജൂൺ 6 - 2004 സെപ്തംബർ 4)
18. **തേറമ്പിൽ രാമകൃഷ്ണൻ** (2004 സെപ്തംബർ 16 - 2006 മെയ് 24)
19. **കെ. രാധാകൃഷ്ണൻ** (2006 മെയ് 25 - തുടരുന്നു)

## ലിസി ജേക്കബ് ചീഫ് സെക്രട്ടറി



സംസ്ഥാനത്തിന്റെ പുതിയ ചീഫ് സെക്രട്ടറിയായി ലിസി ജേക്കബ് ചുമതലയേറ്റു. 1971 ഐ.എ.എസ്സുകാരിയാണ്. ആഭ്യന്തര വിജിലൻസ് വകുപ്പിൽ അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്നു. കേരളത്തിൽ ചീഫ് സെക്രട്ടറിയാവുന്ന രണ്ടാമത്തെ വനിതയാണ്.

## കെ.ജെ. മാത്യു ആഭ്യന്തര സെക്രട്ടറി



ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി കെ.ജെ. മാത്യുവിനെ നിയമിച്ചു. ജലവിഭവ പ്രിൻസിപ്പൽ സെക്രട്ടറി ആയിരിക്കെയാണ് പുതിയ നിയമനം. 1975 ബാച്ച് ഐ.എ.എസ്സുകാരനാണ്.

# ചരിത്രപഥം


കേരളത്തിന്റെ ചരിത്രഗത
ഏതാനും മുഹൂർത്തങ്ങളു




കേരള രൂപവത്കരണച്ചടങ്ങിൽ ആക്ടിങ് ഗവർണർ
പി.എസ്. റാവു സല്യൂട്ട് സ്വീകരിക്കുന്നു - 1956 നവംബർ 1



ഇ.എം.എ



സമ്പൂർണ സാക്ഷരതാപരിപാടിയിൽ പഠിതാക്കൾ - 1991



ഇ.എം.എസ്. ഗ്രാമസഭയിൽ (തിരുവനന്തപുരം ജില്ലയിലെ
ഗ്രാമപഞ്ചായത്ത്) -1996 ഒക്ടോബർ 2




ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഉദ്ഘാടനം തിരുവനന്തപുര
മുഖ്യമന്ത്രി ഇ.കെ. നായനാർ നിർവഹിക്കുന്നു -1996 സെപ്റ്റ

ിയെ നിർണയിച്ച
ം സംഭവങ്ങളും



സ്. മന്ത്രിസഭ -1957



ആർ. ശങ്കർ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നു- 1962 സെപ്റ്റംബർ 26



നന്ദിയോട്



ത്ത് അന്നത്തെ
റ്റംബർ 17



നിയമസഭാമന്ദിരം അന്നത്തെ പ്രസിഡന്റ് കെ.ആർ. നാരായണൻ ഉദ്ഘാടനം ചെയ്യുന്നു- 1998 മെയ് 22

ജോജി കൂട്ടുമ്മേൽ



# മലയാളത്തിന്റെ മണ്ണും മാനവും

**കൈയേറ്റത്തിന്റെയും വിവേചന രഹിതമായ പ്രകൃതി വിഭവ വിനിയോഗത്തിന്റെയും കഥയാണ് കേരളത്തിന്റെ 50 ആണ്ടുകളുടെ പാരിസ്ഥിതിക ചരിത്രം.**

അമ്പത് വർഷങ്ങൾ കൊണ്ട് കേരളം നടന്ന് തീർത്ത ദൂരം വളരെ വലുതാണ്. നേട്ടങ്ങളുടെ പട്ടിക വളരെ നീണ്ടതാണ്. ചില കോട്ടങ്ങളും തിരിച്ചടികളുമുണ്ട്. തിരിച്ചടികളിൽ മുഖ്യം ഒരു പക്ഷേ പരിസ്ഥിതിയുടേതായിരിക്കും. വിവിധ കാലയളവുകളിൽ ആഗോള തലത്തിൽ അനുഭവപ്പെട്ട പാരിസ്ഥിതിക വെല്ലുവിളികൾ അതത് സമയത്ത് തന്നെ കേരളത്തിലും അനുഭവപ്പെട്ടിരുന്നു. 1956-ൽ കേരള സംസ്ഥാനം രൂപവത്കരിക്കപ്പെടുമ്പോൾ ഇന്നത്തേത് പോലെ ശക്തമായ ഒരു പാരിസ്ഥിതികാവബോധം ഉണ്ടായിരുന്നില്ല. 1972-ലെ സ്റ്റോക്ക്ഹോം സമ്മേളനം ആഗോളതലത്തിലുയർത്തിയ പാരിസ്ഥിതിക വിദ്യാഭ്യാസത്തിന്റെ അനുരണനങ്ങളാണ് പരിസ്ഥിതി ഗൗരവമായ ശ്രദ്ധയർഹിക്കുന്ന ഒരു മേഖലയാണെന്ന തിരിച്ചറിവ് കേരളത്തിലും വരുത്തിയത്. അതുകൊണ്ട് തന്നെ സംസ്ഥാന പ്പിറവിക്ക് ശേഷം ആദ്യത്തെ ഒന്നര ദശാബ്ദക്കാലത്തെ പ്രവർത്തനങ്ങൾ പാരിസ്ഥികാടിത്തറമേൽ നിന്നുകൊണ്ടുള്ള നേട്ടകോട്ടവിചാരങ്ങൾക്ക് വിധേയമാക്കിയിരുന്നില്ല.

എന്നിരുന്നാലും ചില പരിസ്ഥിതി പ്രശ്നങ്ങൾ ഉയർന്ന് വരാതിരുന്നില്ല. 1970-ൽ തന്നെ വനനശീകരണം ഒരു പാരിസ്ഥിതിക പ്രശ്നമായി ഉയർന്ന് വന്നിരുന്നു. 1980-കളിലും 90-കളിലും ജലവിഭവങ്ങളും ജലലഭ്യതയും ആയി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് മുഖ്യമായും ഉയർന്ന് വന്നത്. തൊണ്ണൂറുകളുടെ അവസാനമായപ്പോഴേക്കും അശാസ്ത്രീയവും സുസ്ഥിരമല്ലാത്തതുമായ വികസനനയങ്ങൾ വരുത്തിവയ്ക്കുന്ന പ്രശനങ്ങളിലേക്കും നമ്മുടെ ശ്രദ്ധ തിരിഞ്ഞു. മണൽ ഖനനം, ഭൂഗർഭ ജലചൂഷണം, വായു മലിനീകരണം, അശാസ്ത്രീയ ഭൂവിനിയോഗം, കാലാവസ്ഥാമാറ്റം, മരുഭൂവത്കരണം തുടങ്ങി ലോകതലത്തിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങളെല്ലാം തന്നെ ഇന്ന് കേരളത്തിലനുഭവപ്പെടുന്നുണ്ട്.

പല തലങ്ങളിലാണ് ഈ പ്രശ്നങ്ങളെ നാം വിലയിരുത്തേണ്ടത്. ഒന്നാമതായി കണക്കിലെടുക്കേണ്ടത് കേരളത്തിന്റെ പാരിസ്ഥിതിക ഘടനതന്നെയാണ്. കേരളത്തിന്റെ പാരിസ്ഥിതിക സ്വഭാവവിശേഷങ്ങൾ എന്തൊക്കെയാണ്?

കുത്തനെ ചരിഞ്ഞ് കിടക്കുന്ന ഉഷ്ണമേഖലാ പ്രദേശം, കുറഞ്ഞ കാലഘട്ടത്തിൽ ലഭിക്കുന്ന ശക്തമായ മഴ, ഉയർന്ന ജനസാന്ദ്രത, കാർഷികവൃത്തിയിൽ ഊന്നിയുള്ള ഉപജീവനമാർഗം.

കഴിഞ്ഞ അരനൂറ്റാണ്ട് കാലത്തെ പ്രവർത്തനങ്ങൾ മേൽപ്പറഞ്ഞവയിൽ എന്തെല്ലാം ആഘാതങ്ങൾ വരുത്തിയെന്നാണ് മുഖ്യമായും പരിശോധിക്കേണ്ടത്.

മൂന്ന് തരം പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടും.-

രാഷ്ട്രീയ/നയപര തീരുമാനങ്ങൾ, കൈയേറ്റങ്ങൾ, വികസന സംസ്കാരം.



നമുക്ക് ഒന്നാമതായി വികസന മേഖല തന്നെയെടുക്കാം. 1950-കളിൽ സംസ്ഥാനത്തെ ആകെ ഭൂവിസ്തൃതിയുടെ **40%** വനമായിരുന്നു. ഇന്നത് **10%** ന് മുകളിൽ മാത്രമാണ്. ഒരു പക്ഷേ വനം വകുപ്പിന്റെ കൈവശം ഇതിലുമേറെ ഭൂമിയുണ്ടെന്ന് വാദിച്ചേക്കാം. കേരളത്തിലാകെ **9400-** ച.കി.മീ. വനമുണ്ടെന്നാണ് കണക്ക്. പക്ഷേ അവയെല്ലാം സ്വാഭാവിക വനത്തിന്റെ ധർമം നിർവഹിക്കുന്നില്ലെന്നതാണ് വാസ്തവം. വനം രണ്ട് രീതിയിൽ അപചയത്തിന് വിധേയമായിട്ടുണ്ട്. ഒന്നാമത്തേത് രാഷ്ട്രീയവും നയപരവുമായ തീരുമാനങ്ങളുടെ ഭാഗം തന്നെ. തോട്ടവ്യവസായത്തിന്



കാട്, വയൽ, തണ്ണീർത്തടം എന്നൊക്കെയുള്ള വിഭജനങ്ങൾപോലും പാരിസ്ഥിതികമായി അസംബന്ധമാണ്. വിശേഷിച്ചും ജലത്തിന്റെ പശ്ചാത്തലത്തിൽ. നീരൊഴുക്കിന്റെ കാര്യത്തിൽ കാട് മുതൽ കടൽ വരെയുള്ള ഭൂവിഭാഗം ഒരൊറ്റ ഘടകം തന്നെയാണ്.



വിട്ടുകൊടുത്തതാണ് ഇത്തരത്തിലുള്ള ഒന്നാമത്തെ തീരുമാനം. ഇത് സ്വാതന്ത്ര്യലബ്ധിക്ക് മുമ്പുതന്നെ ആരംഭിച്ചിരുന്നു. 1810 ച.കി.മീ. കാടാണ് ഇത്തരത്തിൽ തോട്ടമായി നിലനിൽക്കുന്നത്. ഇത് നിലവിലുള്ള ആകെ വനഭൂമിയുടെ 19.26% വരും. അണക്കെട്ടുകൾ, ജലസേചന പദ്ധതികൾ, ശബരിമല വികസനം എന്നിവയ്ക്കായി വിട്ടുകൊടുത്തവ വേറെയുമുണ്ട്. കൈയേറ്റങ്ങൾ നടക്കുകയും അവയെ നയപരമായി സാധൂകരിക്കുകയും ചെയ്തു എന്നതാണ് മറ്റൊരു വൈരുദ്ധ്യം. 1977 വരെ 7000 ഹെക്ടർ വനഭൂമി കൈയേറ്റത്തിന് വിധേയമായതായി സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ ബോധിപ്പിക്കുകയുണ്ടായി. 1977 വരെയുള്ള എല്ലാ കൈയേറ്റങ്ങളെയും സാധൂകരിക്കാൻ നയപരമായ തീരുമാനവും ഉണ്ടായി. 1977 ജനുവരി 1 എന്ന തീയതിക്ക് പാരിസ്ഥിതികമായി യാതൊരു പ്രാധാന്യവുമില്ല. ഈ തീയതി വരെയുള്ള എല്ലാ കൈയേറ്റങ്ങളും ന്യായീകരിക്കപ്പെടുന്നതിന് പാരിസ്ഥിതികമായി ന്യായീകരണമൊന്നുമില്ല. ഇവയോടൊപ്പം അപചയം സംഭവിച്ച കാടിന്റെ അളവുകൂടി കുറച്ചാൽ കിട്ടുന്നതാണ് യഥാർത്ഥ വനഭൂമി.

വളരെ കൃത്യമായ ദിശയിലുള്ള രാഷ്ട്രീയ തീരുമാനങ്ങളിൽ തുടങ്ങിയെങ്കിലും പ്രായോഗിക അനുഭവങ്ങളിൽ ഏറ്റവും തിരിച്ചടി നേരിട്ട ഒന്നാണ് നെൽപ്പാടങ്ങൾ. സംസ്ഥാന പിറവിയുടെ തുടക്കത്തിൽ തന്നെ കാർഷിക മേഖലയിൽ മുന്നോട്ടുള്ള ദിശ തീരുമാനിക്കപ്പെട്ടിരുന്നു. 1957 ലെ കർഷക ഭൂബന്ധ നിയമം മൂലം കാർഷിക മേഖലയിലെ ഉത്പാദന ബന്ധങ്ങളെ അഴിച്ചുപണിതുകൊണ്ടാണ് നാം അതിന് തുടക്കമിട്ടത്. തുടർന്നുവന്ന കാർഷിക പരിഷ്കാരം ഭൂവുടമ-കർഷക ബന്ധത്തിൽ വമ്പിച്ച മാറ്റം വരുത്തി. ജന്മിത്വ-ഭൂ പ്രഭുത്വത്തെ ഇല്ലായ്മ ചെയ്തുകൊണ്ട് നമ്മുടെ കാർഷിക മേഖല മുന്നോട്ട് കുതിക്കേണ്ടതായിരുന്നു. ആനുകാലിക രാഷ്ട്രീയ തീരുമാനങ്ങൾ അങ്ങനെ ഒരു സൂചനയാണ് നൽകിയത്. എന്നിട്ടും അറുപതുകൾ മുതൽ തന്നെ നെൽപ്പാടങ്ങൾ നികത്തപ്പെടാൻ തുടങ്ങി എന്നത് വല്ലാത്തൊരു വൈരുദ്ധ്യമാണ്. 1975 മുതൽ ഈ പ്രവണത ശക്തമായി അനുഭവപ്പെടാൻ തുടങ്ങി. കഴിഞ്ഞ 50 വർഷങ്ങൾക്കുള്ളിൽ നെൽവയലുകളുടെ 45% നികത്തപ്പെട്ടു. 1975-76-ൽ 8.85 ലക്ഷം ഹെക്ടറിൽ ഉണ്ടായിരുന്ന നെൽക്കൃഷി 2003-2004 ൽ 2.87 ലക്ഷം ഹെക്ടറിലേയ്ക്ക് ചുരുങ്ങി. ഉത്പാദനമാകട്ടെ 13.65 ലക്ഷം ടണ്ണിൽ നിന്ന് 5.70 ലക്ഷമായി ചുരുങ്ങി. ഇത് ഇന്നത്തെ നമ്മുടെ ആവശ്യത്തിന്റെ പത്തിൽ ഒന്ന് മാത്രമാണ്. രാഷ്ട്രീയ തീരുമാനങ്ങൾ ശരിയായ ദിശയിലേയ്ക്കായിരുന്നിട്ടുപോലും ഈ ദുരവസ്ഥ എങ്ങനെ ഉണ്ടായി എന്ന് പരിശോധിക്കണം. അമിതലാഭത്തിനുവേണ്ടിയുള്ള അശാസ്ത്രീയ ഭൂപരിവർത്തനം ഒരുവശത്ത് നടന്നു. ഇതൊരുതരം കൈയേറ്റം തന്നെയാണ്. മറുവശത്ത് പശ്ചാത്തല മേഖലയുടെ വികസനത്തിന് കൂടുതൽ ഭൂമി മാറ്റി വയ്ക്കപ്പെട്ടു.

കാർഷിക മേഖലയിൽ നടന്ന റോഡ്, കെട്ടിട നിർമാണങ്ങളിൽ പലതും നെൽവയലുകളെ അവ എങ്ങനെ ബാധിക്കുമെന്ന പരിശോധന കൂടാതെയാണ് നടപ്പാക്കിയത്. വനത്തിലും വയലിലും വന്ന ഈ മാറ്റം ജലമേഖലയെ ബാധിച്ചു. ഒരർത്ഥത്തിൽ കാട്, വയൽ, തണ്ണീർത്തടം എന്നൊക്കെയുള്ള വിഭജനങ്ങൾപോലും പാരിസ്ഥിതികമായി അസംബന്ധമാണ്, വിശേഷിച്ചും ജലത്തിന്റെ പശ്ചാത്തലത്തിൽ. നീരൊഴുക്കിന്റെ കാര്യത്തിൽ കാട് മുതൽ കടൽ വരെയുള്ള ഭൂവിഭാഗം ഒരൊറ്റ ഘടകം തന്നെയാണ്. ഏതുമേഖലയിൽ വരുന്ന മാറ്റവും മഴ മുതൽ ഭൂഗർഭജലശേഖരണം വരെയുള്ള ജലസമ്പത്തിനെ ബാധിക്കും. അങ്ങനെ ബാധിച്ചുകഴിഞ്ഞു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഉദാഹരണമായി കേരളത്തിലെ മഴലഭ്യതയുടെ കണക്കുകൾ എടുക്കുക. വർഷത്തിൽ ശരാശരി 300 സെന്റീമീറ്റർ മഴ ലഭിക്കുന്നുണ്ട് എന്നാണല്ലോ മഴയെക്കുറിച്ചുള്ള നമ്മുടെ അന്ധവിശ്വാസം. 1990 മുതൽ 2004 വരെയുള്ള 15 വർഷങ്ങളിൽ 1994, 1997, 2004 എന്നീ മൂന്നുവർഷങ്ങളിൽ മാത്രമാണ് 300 സെ.മീറ്ററിൽ കൂടുതൽ മഴ ലഭിച്ചത്. ബാക്കി എല്ലാ വർഷങ്ങളിലും ഇത് ആറ് ശതമാനം മുതൽ 39 ശതമാനം വരെ കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ലഭിക്കുന്ന മഴയുടെ അളവ് മാത്രമല്ല, അത് ഭൂഗർഭത്തിൽ ശേഖരിക്കപ്പെടുന്നതിന്റെ അളവും കുറഞ്ഞു. ഇതിന് വനനശീകരണവും വയൽ നശീകരണവും തണ്ണീർത്തട നശീകരണവും കാരണമായിട്ടുണ്ട്. തണ്ണീർത്തടങ്ങളും അവയുടെ തീരത്തെ കണ്ടൽക്കാടുകളും വ്യാപകമായി നശിപ്പിക്കപ്പെട്ടിട്ടുണ്ട്. കേരളപിറവിക്കാലത്ത് പടിഞ്ഞാറൻ തീരമേഖലയിലുണ്ടായിരുന്ന 7000 ഹെക്ടർ കണ്ടൽക്കാടിന്റെ 10 ശതമാനം പോലും ഇപ്പോൾ അവശേഷിക്കുന്നില്ല എന്നു പറഞ്ഞാൽ അതൊരതിശയോക്തിയല്ല.

വനത്തിന്റെയും വയലിന്റെയും കാര്യം പറഞ്ഞതുപോലെ തന്നെ തണ്ണീർത്തടത്തിന്റെ നാശത്തിനും വ്യത്യസ്ത കാരണങ്ങൾ ഉണ്ട്. കായൽ നികത്തി നഗരങ്ങളും കൃഷിയിടങ്ങളും ടൂറിസ്റ്റ് റിസോർട്ടുകളും നിർമിക്കാമെന്ന വികസന സങ്കല്പം തന്നെയാണ് ഇതിൽ മുഖ്യം. ഇവയുടെ എല്ലാം മറവിലുള്ള കൈയേറ്റമാണ് രണ്ടാമത്തേത്. ഒരു കാലത്ത് ഓരോ പറമ്പിലും ഒന്നോ അതിലധികമോ കുളങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് കുളങ്ങളുടെ എണ്ണത്തിലും വ്യാപ്തിയിലും സാരമായ കുറവ് വന്നു. ഈ അപകടങ്ങളെല്ലാം അപകടങ്ങളാണെന്ന തിരിച്ചറിവ് നമുക്കുണ്ട്. എന്നാൽ ഇപ്പോഴും അപകടം തിരിച്ചറിയാതെ, ഇതാണ് പുരോഗതി എന്ന തെറ്റായ ധാരണയിൽ പ്രകൃതി വിഭവങ്ങൾ നശിപ്പി

ക്കുന്ന ചില മേഖലകളെങ്കിലുമുണ്ട്. അതിലൊന്ന് പാർപ്പിട മേഖലയാണ്. ഒരു കണക്ക് നോക്കൂ: 1961 ൽ കേരളത്തിലെ 74 ശതമാനം വീടുകളും ഓലയും പുല്ലും മറ്റും മേഞ്ഞവയായിരുന്നു. ഈ വീടുകളെ നാം കുടിൽ എന്നാണ് വ്യവഹരിക്കുന്നത്. കുടിലുകളിൽ നിന്ന് കോൺക്രീറ്റ് വീടുകളിലേയ്ക്കുള്ള മാറ്റം ജീവിതഗുണസൂചികയിലെ ഉയർച്ചയായാണ് നാം ഗണിക്കാറുള്ളത്. ഏറ്റവും ഒടുവിലെ കണക്ക് പ്രകാരം കേരളത്തിലെ 43.3 ശതമാനം വീടുകളും കോൺക്രീറ്റ് നിർമിതിയാണ്. 47.3 ശതമാനം ഓടു മേഞ്ഞവയുമാണ്. ഓലയോ പുല്ലോ മേഞ്ഞവീടുകൾ 9.4 ശതമാനം മാത്രമായി കുറഞ്ഞിരിക്കുന്നു. കോൺക്രീറ്റുവീടുകളുടെ ശതമാനം 1961 ലെ 0.1 ശതമാനത്തിൽ നിന്നാണ് 2005ലെ 43 ശതമാനമായി ഉയർന്നത്. ഈ ഉയർച്ച പാർപ്പിട മേഖലയിലെ വലിയ വികസനമായി കണക്കാക്കപ്പെടുന്നു. പക്ഷെ, ഈ ഉയർച്ച കേരളത്തിലെ പുഴകളുടെ മരണത്തിന് വഴി തെളിച്ച മണൽഖനനത്തിനു കാരണമായി. കളിമൺ ഖനനത്തിന്റെ കാരണവും ഇതു തന്നെ. ഇതേറ്റവും ഗുരുതരമായി ബാധിച്ചത് നമ്മുടെ കുടിവെള്ള ലഭ്യതയെയാണ് എന്ന കാര്യത്തിൽ ഇപ്പോഴും തർക്കമില്ല. നമ്മുടെ പരിസ്ഥിതിക്ക് യോജ്യമായ ഒരു പാർപ്പിടസംസ്കാരം രൂപപ്പെട്ടിട്ടില്ല എന്നതാണ് പ്രധാന വസ്തുത. 2001 ലെ ഒരു പഠന റിപ്പോർട്ട് പ്രകാരം കേരളത്തിലെ നദികളിൽ നിന്നുള്ള പ്രതിവർഷ മണൽ ശേഖരണം സുസ്ഥിര ലഭ്യതയുടെ 100 മടങ്ങിൽ കൂടുതൽ വരെയായിട്ടുണ്ട്. ചാലക്കുടി പുഴയിൽ 7810 ഘനമീറ്ററാണ് ലഭ്യത, പ്രതിവർഷ ശേഖരണം 1,50,000 ഘന മീറ്ററാണ്. മറ്റു ചില ഉദാഹരണങ്ങൾ നോക്കുക: പെരിയാർ-50,708 ഘനമീറ്റർ ലഭ്യത, 31,10,000 ഘനമീറ്റർ ശേഖരിക്കുന്നു. മൂവാറ്റുപുഴയാറിൽ നിന്ന് 41,827 ഘനമീറ്റർ ലഭ്യതയുള്ളപ്പോൾ 3,30,000 ഘനമീറ്റർ ശേഖരിക്കുന്നു. മണിമലയാറ്റിൽ നിന്ന് 4200 ഘന മീറ്റർ ലഭിക്കുമ്പോൾ 4,76,000 ഘനമീറ്ററാണ് ശേഖരിക്കുന്നത്. ഇത് നമ്മുടെ ജല ലഭ്യതയെ ഗുരുതരമായി ബാധിച്ചു. 2004 ൽ പോലും കേരളത്തിലെ 51.5 ശതമാനം ജനങ്ങൾക്കുമാത്രമേ സ്വന്തമായി കിണർ ഉള്ളൂ, 32.8 ശതമാനം പേർക്കും പൈപ്പ് വെള്ളത്തെ ആശ്രയിക്കേണ്ടിവരുന്നു. 16.3 ശതമാനം പേർ സുരക്ഷിതമല്ലാത്ത ജലസ്രോതസ്സുകളെയാണ് ആശ്രയിക്കുന്നത്. ഈ സ്ഥിതി വിശേഷത്തിന് കാരണമായത് വനം, വയൽ, കായൽ, മറ്റു ജലസ്രോതസ്സുകൾ എന്നിവയോട് നാം സ്വീകരിച്ച അവഗണനാപരമോ ചിലപ്പോഴൊക്കെ ആക്രമണപരമോ ആയ സമീപനം തന്നെയാണ്. 2010 ൽ നമുക്കാവശ്യമായി വരുന്ന കുടിവെള്ളം 6675 ദശലക്ഷം ആണെന്ന് കണക്കാക്കപ്പെടുന്നു. വൈദ്യുതി ഉത്പാദനത്തിന് ഇപ്പോൾത്തന്നെ 16,000 ദശലക്ഷം വെള്ളം വേണം. നമ്മുടെ പുഴകളിലേയ്ക്ക് ഓരുവെള്ളം കയറാതിരിക്കണമെങ്കിൽ എത്രയോ ദശലക്ഷം ഘന മീറ്റർ വെള്ളം വേണം. പെരിയാറ്റിൽ മാത്രം ഇത് 7200 ദശലക്ഷം ഘനമീറ്ററാണ്. നമ്മുടെ ജല ആവശ്യങ്ങളെ മുഴുവൻ പരിഗണിക്കുമ്പോൾ ഇപ്പോഴത്തെ പോക്ക് എത്ര ഭീകരമാണെന്ന് വ്യക്തമാകും.

പാർപ്പിട മേഖല പോലെ തന്നെ അപകടം തിരിച്ചറിഞ്ഞിട്ടില്ലാത്ത ഒന്നാണ് വാഹനങ്ങളുടെ പെരുപ്പം. കേരളത്തിലെ നിരത്തുകളിൽ 1975 ൽ 1,20,000 വാഹനങ്ങൾ ഉണ്ടായിരുന്നെങ്കിൽ 2004 ൽ അത് 19 മടങ്ങ് വർദ്ധിച്ച് 23,15,000 ആയി ഉയർന്നിരിക്കുന്നു ഇതിൽ പകുതിയിലധികവും ഇരുചക്ര വാഹനങ്ങളാണ്. കാർഷികാവശ്യങ്ങൾക്കുള്ള ട്രാക്ടറുകളും ടില്ലറുകളുമാണ് ഏറ്റവും കുറവ്. ഇതുകൊണ്ടുള്ള അപകടം എന്താണ്? ഉയർന്ന ഇന്ധന ഉപയോഗവും കാർബൺ വിസർജനവും അന്തരീക്ഷ താപനിലയെ ഉയർത്തുമെന്നത് സുവിദിതമാണ്. 2002-2003 ൽ നമ്മുടെ പെട്രോളിയം ഉപയോഗം തൊട്ടുമുൻവർഷത്തെ അപേക്ഷിച്ച് 10 ശതമാനം വർദ്ധിച്ചു അടുത്ത വർഷം വർദ്ധനവ് 5 ശതമാനം ആയിരുന്നു. തിരുവനന്തപുരത്ത് കഴിഞ്ഞ 43 വർഷങ്ങളിൽ ഉയർന്ന താപനില 0.8 ഡിഗ്രി സെൽഷ്യസും കുറഞ്ഞ താപനില 0.2 ഡിഗ്രി സെൽഷ്യസും വർദ്ധിച്ചതായാണ് കാണിക്കുന്നത്. ഇന്നത്തെ നിലയിൽ പോയാൽ ഇനിയൊരമ്പതുവർഷം കൂടി കഴിയുമ്പോൾ അത് 1.5 ഡിഗ്രി സെൽഷ്യസ് കണ്ട് വർദ്ധിക്കുമെന്നാണ് മുന്നറിയിപ്പ്. തീർച്ചയായും ഇത് അപകടകരം തന്നെയാണ്. എല്ലാവർക്കും ഓരോ വാഹനമെന്നതല്ല,

എല്ലാവർക്കും സുഗമമായി യാത്ര ചെയ്യാൻ കഴിയുന്ന ശക്തമായ പൊതുഗതാഗതസംവിധാനമാണ് പരിസ്ഥിതിക്ക് അനുയോജ്യം എന്നുമാത്രം പറയട്ടെ.

ഉയർന്ന ജനസംഖ്യയും അവർ നഗരങ്ങളിലേയ്ക്ക് തള്ളിക്കയറുമ്പോൾ ഉണ്ടാകുന്ന നഗരവത്കരണത്തിന്റെ നിരക്കു വർദ്ധനവും സൃഷ്ടിക്കുന്ന അപകടങ്ങൾ വേറെയുമുണ്ട്. കേരളത്തിന്റെ വിവിധ നഗരങ്ങളിൽ അന്തരീക്ഷവായുവിൽ കാണപ്പെടുന്ന സൾഫർ ഡൈ ഓക്സൈഡ്, നൈട്രജൻ ഓക്സൈഡ്, കാർബൺ മോണോക്സൈഡ്, പൊടിപടലങ്ങൾ എന്നിവയുടെ അളവ് ഉയർന്ന നിരക്കിലാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ഖരമാലിന്യഉത്പാദനത്തിന്റെയും അതുവഴിയുള്ള പരിസ്ഥിതി മലിനീകരണത്തിന്റെയും അളവും ഗ്രാമ-നഗര വ്യത്യാസമില്ലാതെ ഉയർന്നുകൊണ്ടിരിക്കുന്നു. ഇവയെല്ലാം ചേർന്ന് ഉയർത്തിയ പ്രശ്നങ്ങൾ അക്കമിട്ട് പറഞ്ഞാൽ കുടിവെള്ള ക്ഷാമം, കാർഷികത്തകർച്ച, ആരോഗ്യപ്രശ്നങ്ങൾ, സാമ്പത്തികത്തകർച്ച എന്നിവയാണ്.

കാര്യങ്ങൾ ഇങ്ങനെയെല്ലാമായിരിക്കെ, പുതിയ ആഗോളവത്കരണ സാമ്പത്തിക സാഹചര്യങ്ങൾ കൂടുതൽ കുഴപ്പത്തിലേയ്ക്ക് നയിക്കുമോ എന്നാണ് പരിസ്ഥിതി പ്രവർത്തകരുടെ ഉത്കണ്ഠ. ആഗോളവത്ക്കരണം മുന്നോട്ടുവയ്ക്കുന്ന പുതിയ വികസന മേഖലകളായ ഐടിയും ടൂറിസവും വൻതോതിൽ ഭൂമി ആവശ്യപ്പെടുന്നവയാണ്. വാഹനപ്പെരുപ്പത്തിനും കോൺക്രീറ്റ് നിർമിതികളുടെ ബാഹുല്യത്തിനും കാരണമാകുന്ന ഉപഭോഗസംസ്കാരത്തെയും ഈ സാഹചര്യം പ്രോത്സാഹിപ്പിക്കുന്നു. ഉപജീവനത്തിനായി പ്രകൃതിയെ ആശ്രയിക്കുന്ന പാരിസ്ഥിതിക ജനവിഭാഗങ്ങൾ പാർശ്വവത്കരിക്കപ്പെടുകയോ വലിയ ദുരന്തത്തിലേയ്ക്ക് വലിച്ചെറിയപ്പെടുകയോ ചെയ്യുന്നു. പാരിസ്ഥിതികത്തകർച്ച മാത്രമല്ല ജീവിതപ്രശ്നം കൂടിയാണ് എന്നാണിതിന്റെ അർത്ഥം. പിച്ചിചീന്തപ്പെട്ട മണ്ണും മാനവുമാണ് കേരളത്തിന്റേത്. അത് വീണ്ടെടുക്കാനുള്ള പ്രവർത്തനങ്ങളാണ് ഈ സുവർണ്ണ ജൂബിലിക്കാലത്ത് നാം ചെയ്യേണ്ടത്.

**2004-ൽ പോലും കേരളത്തിലെ 51.5 ശതമാനം ജനങ്ങൾക്കുമാത്രമേ സ്വന്തമായി കിണർ ഉള്ളൂ, 32.8 ശതമാനം പേർക്കും പൈപ്പ് വെള്ളത്തെ ആശ്രയിക്കേണ്ടിവരുന്നു.**



എം. വി. തോമസ്



സംസ്ഥാന രൂപവത്കരണത്തോടെ കേരളത്തിലെ ഭരണകാര്യങ്ങളിൽ മലയാളത്തിന് ഉണ്ടായിരുന്ന സ്ഥാനം പോലും നഷ്ടമാവുകയും ഇംഗ്ലീഷിന്റെ പ്രാധാന്യം അടിയ്ക്കടി വർദ്ധിക്കുകയുമാണുണ്ടായത്. സ്വാതന്ത്ര്യലബ്ധിക്ക് തൊട്ടുമുമ്പുവരെ കേരളം എന്ന് വ്യവഹരിക്കപ്പെടുന്ന ഭൂപ്രദേശത്ത് ഔദ്യോഗികവും അനൗദ്യോഗികവുമായ കാര്യങ്ങൾക്ക് അധികമായും ഉപയോഗിച്ചിരുന്നത് ഇവിടത്തെ മാതൃഭാഷയായ മലയാളമായിരുന്നു.

# കേരളപ്പിറവിയും ഭരണഭാഷയും

അമ്പതുവർഷം മുമ്പ് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിച്ചതിന്റെ മുഖ്യലക്ഷ്യം ഓരോ സംസ്ഥാനത്തും അവിടത്തെ പ്രാദേശികഭാഷ ഭരണകാര്യങ്ങൾക്ക് ഉപയോഗിക്കുക എന്നതായിരുന്നു. ഒരു ജനാധിപത്യ ഭരണത്തിൽ ജനങ്ങൾക്ക് മനസ്സിലാവുന്ന ഭാഷയിൽത്തന്നെ ഭരണകാര്യങ്ങൾ നടത്തേണ്ടത് സർക്കാരിന്റെ ചുമതലയാണ്. ഇതിലേക്ക് ജനങ്ങൾക്ക് അവകാശപ്പെടാവുന്നതുമാണെന്ന് സംസ്ഥാന പുനഃസംഘടനാ റിപ്പോർട്ട് (ഖണ്ഡിക 142) അസന്ദിഗ്ധമായി പ്രസ്താവിച്ചിട്ടുണ്ട്. ഭരണഭാഷയെപ്പററി പ്രസ്തുത റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നു: "ഒരു സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ ഉദ്ദേശം 70 ശതമാനമോ അതിൽക്കൂടുതലോ ആണ് ഒരു ഭാഷാഗ്രൂപ്പിനുള്ളതെങ്കിൽ ആ സംസ്ഥാനത്തെ ഒരു ഏകഭാഷാ സംസ്ഥാനമായിത്തന്നെ പരിഗണിക്കണമെന്ന് ഞങ്ങൾ അഭിപ്രായപ്പെടുന്നു. ജനസംഖ്യയുടെ 30 ശതമാനത്തോളമുള്ള ഗണ്യമായ ഒരു ന്യൂനപക്ഷമുണ്ടെങ്കിൽ ഭരണകാര്യങ്ങൾക്ക് ആ സംസ്ഥാനത്തെ ഒരു ദ്വിഭാഷാ സംസ്ഥാനമായി അംഗീകരിക്കേണ്ടതാണ്. (ഖണ്ഡിക 783) എല്ലാ ഗവൺമെന്റ് ജീവനക്കാരും സംസ്ഥാനത്തെ ഔദ്യോഗിക ഭാഷയിലോ ഭാഷകളിലോ പരിജ്ഞാനമുള്ളവരായിരിക്കണമെന്നാണ് കമ്മീഷന്റെ സുചിന്തിതമായ അഭിപ്രായം.

ഇതനുസരിച്ച് കേരള സംസ്ഥാനം രൂപവത്കൃതമായ 1956 ൽ ത്തന്നെ ഇവിടത്തെ ഏകഭരണ ഭാഷ മലയാളമാവേണ്ടതായിരുന്നു. എന്നാൽ സംഭവിച്ചത് നേരേ വിപരീതമായിട്ടാണ്.

സംസ്ഥാന രൂപവത്കരണത്തോടെ കേരളത്തിലെ ഭരണകാര്യങ്ങളിൽ മലയാളത്തിന് ഉണ്ടായിരുന്ന സ്ഥാനം പോലും നഷ്ടമാവുകയും ഇംഗ്ലീഷിന്റെ പ്രാധാന്യം അടിയ്ക്കടി വർദ്ധിക്കുകയുമാണുണ്ടായത്. സ്വാതന്ത്ര്യലബ്ധിക്ക് തൊട്ടുമുമ്പുവരെ കേരളം എന്ന് വ്യവഹരിക്കപ്പെടുന്ന ഭൂപ്രദേശത്ത് ഔദ്യോഗികവും അനൗദ്യോഗികവുമായ കാര്യങ്ങൾക്ക് അധികമായും ഉപയോഗിച്ചിരുന്നത് ഇവിടത്തെ മാതൃഭാഷയായ മലയാളമായിരുന്നു. കേരളത്തിന്റെ ഭാഗമായിരുന്ന തിരുവിതാംകൂറിലും കൊച്ചിയിലും ബ്രിട്ടീഷ് മേൽക്കോയ്മ ഉണ്ടായിരുന്നുവെങ്കിലും പ്രജാവത്സലരും ഭാഷാസ്നേഹികളുമായ മഹാരാജാക്കന്മാർ ഭരണകാര്യങ്ങൾക്ക് മലയാളമാണ് പരമാവധി ഉപയോഗിച്ചിരുന്നത്. സായിപ്പന്മാരായ ദിവാൻമാർ പോലും മലയാളത്തിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. സ്വാതന്ത്ര്യലബ്ധി വരെ ഇംഗ്ലീഷുകാരായ ജഡ്ജിമാർ കേസ്സുകൾ കേട്ടിരുന്നപ്പോഴും തിരുവിതാംകൂർ ഹൈക്കോടതിയിലെ മിക്ക വിധികളും മലയാളത്തിൽ ലഭ്യമായിരുന്നു. കീഴ്കോടതികളിൽ വിധിയെഴുത്തുൾപ്പെടെ എല്ലാ നടപടികൾക്കും മലയാളമാണ് ഉപയോഗിച്ചിരുന്നത്. സാമൂതിരിയുടെ ഭരണത്തിലിരുന്നതും വൈകി മാത്രം ബ്രിട്ടീഷ് ഭരണത്തിലായതുമായ മലബാറിലും മലയാളത്തിന് ഗണ്യമായ സ്ഥാനമുണ്ടായിരുന്നു.

കേരള സംസ്ഥാനം രൂപവത്കരിക്കപ്പെട്ട അവസരത്തിൽ ഇവിടെ പ്രസിഡന്റ് ഭരണമാണ് നിലവിലിരുന്നത്. ജനകീയ ഭരണകൂടം നിലവിലില്ലാതിരുന്ന ഈ അന്തരാളഘട്ടത്തിലാണ് ഇവിടെ അടിമുടി ആംഗലവത്കരണം നടന്നത്. ഗവർണറും ഉപദേഷ്ടാവും അന്യ സംസ്ഥാനക്കാർ; മദ്രാസ് പ്രവിശ്യയിൽ നിന്ന് കേരള സർവീസിലേക്ക് വന്നവരും ഭരണകാര്യങ്ങൾക്ക് ഇംഗ്ലീഷ് മാത്രം ഉപയോഗിച്ച് പരിചയമുള്ളവരുമായ ഉയർന്ന ഉദ്യോഗസ്ഥന്മാർ; ഇവരെല്ലാം കൂടി ഹ്രസ്വകാലംകൊണ്ട് കേരളത്തിലെ ഭരണഭാഷ പൂർണമായും ഇംഗ്ലീഷാക്കി മാററിയെടുത്തു. മലയാളത്തിലെ ഉദ്യോഗപ്പേരുകൾ പോലും ഇംഗ്ലീഷിലായി. 'പേഷ്കാർ' പോയി 'കളക്ടർ' വന്നു. 'അധികാരി'യും 'പ്രവർത്തിയാരും' 'മാസപ്പടി'യുമൊക്കെ അപ്രത്യക്ഷരായി. എല്ലായിടത്തും 'ആഫീസർമാർ' രംഗപ്രവേശനം ചെയ്തു. നിയമവും നിയമ നിർമാണവും



ഉത്തരവുകളും കോടതി നടപടികളും എഴുത്തുകുത്തുകളുമെല്ലാം ഇംഗ്ലീഷിലായി.

1957 ഏപ്രിൽ അഞ്ചിന് ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ അധികാരമേറ്റ ആദ്യത്തെ ജനകീയ സർക്കാർ എത്രയും വേഗം എല്ലാതലങ്ങളിലും മലയാളം ഔദ്യോഗികഭാഷയാക്കുന്നതിനു വേണ്ടി ശുപാർശകൾ സമർപ്പിക്കുവാൻ കോമാട്ടിൽ അച്യുതമേനോന്റെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപവത്കരിച്ചു. 1958 ആഗസ്ററ് മാസത്തിൽ സമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു. "ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണം ഏതു വിഷയം അധികരിച്ചുള്ളതായാലും ജനങ്ങളുടെ ഭാഷയിൽത്തന്നെ വേണമെന്നുള്ളത് നിർവിവാദമായ സംഗതിയാണ്." തദ്ദേശ സ്വയം ഭരണവകുപ്പ്, റവന്യു വകുപ്പ്, ആയുർവേദ വകുപ്പ്, തൊഴിൽ വകുപ്പ് തുടങ്ങി 17 വകുപ്പുകളിൽ ഭരണ സംബന്ധമായ എല്ലാ എഴുത്തുകുത്തുകളും ഉടനെ തന്നെ മലയാളത്തിലാക്കണമെന്ന് കമ്മിററി നിർദേശിച്ചു. രാജ്യത്തെ ജനങ്ങളുമായി ദൈനംദിന സമ്പർക്കമുള്ള വകുപ്പുകളെന്ന നിലയിലാണ് ഇവയെ തിരഞ്ഞെടുത്തത്. പൊതുമരാമത്ത്, ആരോഗ്യം, വിദ്യുച്ഛക്തി തുടങ്ങിയ സാങ്കേതിക സ്വഭാവമുള്ള വകുപ്പുകൾക്ക് പ്രമാണരേഖകളുടെ വിവർത്തനത്തിനുവേണ്ടി ഒരു വർഷത്തെ സാവകാശം കൊടുക്കാവുന്നതാണെന്ന് കമ്മിററി ശുപാർശ ചെയ്തു. എന്നാൽ രാഷ്ട്രീയമായ അസ്ഥിരതകൾ മൂലം ഈ ശുപാർശകൾ നടപ്പാക്കാൻ സർക്കാരിനു കഴിഞ്ഞില്ല. കഴിഞ്ഞ നാലഞ്ചു പതിററാണ്ടുകൾക്കിടയ്ക്ക് കണക്കററ ഉത്തരവുകളും ശുപാർശകളുമൊക്കെ കാലാകാലങ്ങളിൽ ഉണ്ടായിട്ടും കേരളത്തിലെ ഭരണഭാഷ ഇന്നും പൂർണമായി മലയാളമായിട്ടില്ല. എന്നു മാത്രമല്ല, ആ ലക്ഷ്യത്തിന്റെ ഏഴയലത്തുപോലുമെത്താൻ നമുക്ക് കഴിഞ്ഞിട്ടുമില്ല. ആർക്കെങ്കിലും താത്പര്യമുണ്ടെങ്കിൽ മലയാളത്തിൽ കുറിപ്പുകളോ ഉത്തരവുകളോ എഴുതാം എന്നതുമാത്രമാണ് ഇതഃപര്യന്തമുണ്ടായിട്ടുള്ള ശ്രദ്ധേയമായ മാററം.

സംസ്ഥാനത്തെ മൂന്നോ നാലോ വകുപ്പുകളൊഴികെ മററെല്ലാ വകുപ്പുകളിലും മേലറ്റം മുതൽ കീഴറ്റം വരെ മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്ന് അനുശാസിക്കുന്ന ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ട്. പക്ഷെ ഇതിൽ ഒരൊററ വകുപ്പിൽ പോലും ഈ അനുശാസനം പൂർണമായും നടപ്പാക്കിയിട്ടില്ല എന്നതാണ് വസ്തുത. ഇക്കൂട്ടത്തിൽ ചില വകുപ്പുകൾ ഇങ്ങനെ ഒരുത്തരവുള്ളതായി ഭാവിക്കുകപോലും ചെയ്യുന്നില്ല. സെക്രട്ടേറിയററിലെ ധനകാര്യം, പൊതുഭരണം, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം തുടങ്ങിയ വകുപ്പുകൾ സർക്കാർ വകുപ്പുകൾക്ക് പൊതുവെ ബാധകമായ ഉത്തരവുകൾ ധാരാളമായി ഇംഗ്ലീഷിൽ ഇറക്കിക്കൊണ്ടിരിക്കുന്നു. കോർപ്പറേഷനുകൾ, ബോർഡുകൾ, സർവകലാശാലകൾ തുടങ്ങിയ സ്വയംഭരണസ്ഥാപനങ്ങൾ ഇപ്പോഴും ഭരണഭാഷാമാധ്യമമായി സാമാന്യേന ഇംഗ്ലീഷ് ഭാഷ തന്നെയാണ് ഉപയോഗിക്കുന്നത്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ 'എക്കണോമിക്റിവ്യൂ' ഉൾപ്പെടെ എല്ലാ ഔദ്യോഗിക രേഖകളും റിപ്പോർട്ടുകളും ഇപ്പോഴും ആംഗലഭാഷയിൽത്തന്നെയാണ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. കീഴ്ക്കോടതികളിൽ മലയാളം നടപ്പാക്കിക്കൊണ്ട് 1978 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും കാര്യങ്ങൾ ഇംഗ്ലീഷിൽ തുടരുകയാണ്. പബ്ളിക് സർവീസ് കമ്മീഷൻ ഇന്നും മലയാളത്തിന് അർഹമായ അംഗീകാരം നൽകാൻ തയ്യാറായിട്ടില്ല. ഡിപ്പാർട്ടുമെന്റൽ പരീക്ഷകളിൽ ഉദ്യോഗസ്ഥരുടെ മലയാളഭാഷാ പരിജ്ഞാനം പരിശോധിക്കപ്പെടുന്നില്ല. ഉദ്യോഗസ്ഥ പരിശീലനത്തിൽ ഭരണ ഭാഷാമാററത്തിന് സ്ഥാനം നല്കാൻ അധികൃതർ വിമുഖത കാണിക്കുകയാണ്. ഇപ്പോൾ ഐ. എം. ജി മുഖേന നല്കുന്ന പരിശീലനം താഴേക്കിടയിലുള്ള ഉദ്യോഗസ്ഥർക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അതുമായി സഹകരിക്കാത്ത ചില വകുപ്പുകളും നമുക്കുണ്ട്. വിദ്യാഭ്യാസ രംഗത്ത് ഇംഗ്ലീഷ് മീഡിയം അടിച്ചുകേറുമ്പോൾ മലയാളം ഭരണ ഭാഷയാക്കണമെന്ന് പറയുന്നത് പോലും അപഹാസ്യമായിത്തീർന്നിരിക്കുന്നു. മാതൃഭാഷ അറിഞ്ഞുകൂടാത്ത ഒരു പുതിയ തലമുറ ഇവിടെ വളർന്നു വരികയാണ്. ഭരണഭാഷ മലയാളമാക്കണമെന്ന് ആവശ്യപ്പെടുന്ന സന്നദ്ധ സംഘടനകളോ സർവീസ് സംഘടനകളോ ഇന്നോളം ശക്തമായി രംഗത്തുവന്നിട്ടില്ല. ഈ സ്ഥിതിവിശേഷത്തിന്റെ അടിസ്ഥാന കാരണം പരമ്പരാഗതമായിത്തന്നെ മലയാളിക്ക് മാതൃഭാഷയോടുള്ള പുച്ഛവും മതിയായ നിയമവ്യവസ്ഥകളുടെ അഭാവവുമാണ്. മലയാളത്തെ മാറ്റിനിർത്തിക്കൊണ്ട് ഇംഗ്ലീഷിൽ പ്രാഗത്ഭ്യം നേടാമെന്ന വ്യാമോഹം കേരളപ്പിറവിക്കു ശേഷം സംസ്ഥാനത്ത് വ്യാപകമായെങ്കിലും അതുവഴി ആംഗലഭാഷാപരിജ്ഞാനത്തിൽ കാര്യമായ എന്തെങ്കിലും നേട്ടമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. വളർന്നു വരുന്ന തലമുറയിൽ

**കഴിഞ്ഞ നാലഞ്ചു പതിററാണ്ടുകൾക്കിടയ്ക്ക് കണക്കററ ഉത്തരവുകളും ശുപാർശകളുമൊക്കെ കാലാകാലങ്ങളിൽ ഉണ്ടായിട്ടും കേരളത്തിലെ ഭരണഭാഷ ഇന്നും പൂർണമായി മലയാളമായിട്ടില്ല. എന്നു മാത്രമല്ല, ആ ലക്ഷ്യത്തിന്റെ ഏഴയലത്തുപോലുമെത്താൻ നമുക്ക് കഴിഞ്ഞിട്ടുമില്ല.**



സെക്രട്ടേറിയേറ്റിന്റെ പഴയകാല ദൃശ്യം

**വളർന്നു വരുന്ന തലമുറയിൽ നല്ലൊരുഭാഗത്തിന് മലയാളത്തിലോ ഇംഗ്ലീഷിലോ പിടിപാടില്ലാത്ത ഒരവസ്ഥയാണ് ഇപ്പോഴുള്ളത്.**

നല്ലൊരുഭാഗത്തിന് മലയാളത്തിലോ ഇംഗ്ലീഷിലോ പിടിപാടില്ലാത്ത ഒരവസ്ഥയാണ് ഇപ്പോഴുള്ളത്.

ഈ സാഹചര്യത്തിൽ ഭരണഭാഷാ സംബന്ധമായി കേരളപ്പിറവിയുടെ സുവർണജൂബിലിയോടനുബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ കേരളസർക്കാർ അടിയന്തരമായി ചെയ്യുന്നത് അഭിലഷണീയമായിരിക്കും.

- ദേശീയ ഭാഷയായ ഹിന്ദിക്കും അന്താരാഷ്ട്ര ഭാഷയായ ഇംഗ്ലീഷിനും തമിഴ്, കന്നഡ എന്നീ ന്യൂനപക്ഷഭാഷകൾക്കും അർഹമായ സ്ഥാനം നൽകിക്കൊണ്ടും കേരളത്തിന്റെ ഏക ഭരണഭാഷയായി മലയാളത്തെ നിർണയിച്ചുകൊണ്ടും നിയമനിർമാണം നടത്തുക.
- കീഴ്ക്കോടതികളിൽ വിധിയെഴുത്തുൾപ്പെടെ എല്ലാകാര്യങ്ങൾക്കും മലയാളം സ്വീകരിക്കുക.
- സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ വകുപ്പുകളിലെയും സ്വയം ഭരണ സ്ഥാപനങ്ങളിലെയും മുഴുവൻ ജീവനക്കാർക്കും മലയാളഭാഷാ പരിജ്ഞാനം ഉറപ്പാക്കുക.
- ഐ. എ. എസുകാരുൾപ്പടെ എല്ലാ സർക്കാർ ജീവനക്കാർക്കും മലയാളം ഭരണഭാഷയായി ഉപയോഗിക്കുന്നതിൽ ഫലപ്രദമായ പരിശീലനം നല്കുകയും ഡിപ്പാർട്ട്മെന്റ് ടെസ്ററുകൾ മുഖേന അവരുടെ മലയാള ഭാഷാപരിജ്ഞാനം പരിശോധിക്കുകയും ചെയ്യുക.
- കേരള സർക്കാരിന്റെ ഭരണ ഭാഷാനയം സുവ്യക്തമായി തീരുമാനിക്കുന്നതിനും അത് കാര്യക്ഷമമായി നടപ്പക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി ശുപാർശ ചെയ്യുന്നതിനും വേണ്ടി ഒരു കമ്മീഷനെ എത്രയും വേഗം നിയമിക്കുക.
- മലയാളം ഭരണഭാഷയായി ഉപയോഗിക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതിനും വീഴ്ച വരുത്തുന്നവരുടെ മേൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും അധികാരമുള്ള സംവിധാനം രൂപീകരിക്കുക.
- കേരളീയർക്ക് മാതൃഭാഷയോട് വികാരനിർഭരമായ സ്നേഹവായ്പ് ഉണ്ടാക്കുന്നതിനായി ബോധവത്കരണ നടപടികൾ സ്വീകരിക്കുക. ഇക്കാര്യത്തിൽ സന്നദ്ധ സംഘടനകൾ, സർവീസ് സംഘടനകൾ, സാംസ്കാരിക സ്ഥാപനങ്ങൾ മുതലായവയുടെ സഹകരണവും പിന്തുണയും ഉറപ്പാക്കുക.
- ഏത് പാഠ്യപദ്ധതി അനുസരിച്ചായാലും കേരളത്തിലെ മുഴുവൻ വിദ്യാർഥികളും എസ്. എസ്. എൽ. സി വരെ നിർബന്ധമായും മലയാളം പഠിക്കണമെന്ന് വ്യവസ്ഥ ചെയ്യുക.
- കേരള സർവീസ് ചട്ടങ്ങൾ (കെ.എസ്.ആർ), കേരള വിദ്യാഭ്യാസചട്ടങ്ങൾ (കെ.ഇ.ആർ) തുടങ്ങി നിലവിലുള്ള പ്രധാന നിയമങ്ങളും ചട്ടങ്ങളും കോഡുകളും ഒരു വർഷത്തിനകം മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുക. വിവർത്തന ജോലി വിദഗ്ധരായ വിവർത്തകരെ ഏല്പിക്കുന്നതിന് അതതു വകുപ്പുകളെ ചുമതലപ്പെടുത്തുക.
- പ്രത്യേക കാരണങ്ങളാൽ ഇംഗ്ലീഷിൽ തയ്യാറാക്കേണ്ടി വരുന്ന രേഖകൾ, ഉത്തരവുകൾ, റിപ്പോർട്ടുകൾ മുതലായവയുടെ മലയാള വിവർത്തനം തത്സമയം തന്നെ തയ്യാറാക്കുന്നതിന് വ്യവസ്ഥ ചെയ്യുക.

ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനഃസംഘടിപ്പിച്ചതിന്റെ അടിസ്ഥാന ലക്ഷ്യം കൈവരിക്കുന്നതിൽ അക്ഷന്തവ്യമായ കാലവിളംബമാണ് നമുക്കുണ്ടായത്. ആ വീഴ്ച പരിഹരിക്കുന്നതിന് മേൽ നിർദേശിച്ച നടപടികൾ സ്വീകരിക്കുന്നതിന് നാമിനി ഒട്ടും വൈകിക്കൂടാ.


ഡി. ദയാനന്ദൻ


# മലയാള ലിപികളും അളവുതൂക്കങ്ങളും

ഭാഷാഭേദവും അക്കഭേദവും മാത്രമല്ല
അളവുഭേദവും ഉണ്ടായിരുന്ന നാടാണ് നമ്മുടെ മലയാളക്കര.

കൊല്ലവർഷാരംഭത്തോടു കൂടി മലയാളം തമിഴിൽ നിന്ന് വേർപിരിയുന്നതിനുള്ള പ്രവണതകൾ തുടങ്ങിയെങ്കിലും ക്രമാനുഗതമായ വളർച്ചയിലൂടെയാണ് അത് ഇന്നത്തെ നിലയിലായത്. മലയാളഭാഷയെ തമിഴിന്റെ രക്ഷാകർത്തൃത്വത്തിൽ നിന്ന് മോചിപ്പിച്ച് സംസ്കൃതമെന്ന ഭർത്താവിന്റെ കൈകളിൽ ഏല്പിച്ചുകൊടുത്തത് ഭാഷാ പിതാവായ എഴുത്തച്ഛനാണ്. ആ ബന്ധത്തിൽ പിറന്ന കുഞ്ഞാണ് നമ്മുടെ മാതൃഭാഷയായ മലയാളം.

പ്രാചീനകേരളത്തിലെ അളവുകളും തൂക്കങ്ങളും ചുരുക്കെഴുത്തുകളും




മലയാള ഭാഷയുടെ ഉത്ഭവകാലത്ത് പദ്യശാഖയിലെ പാട്ട് മാത്രമേ സാഹിത്യമായി ഉണ്ടായിരുന്നുള്ളു. പാട്ട് എഴുതിയിരുന്നത് വട്ടെഴുത്ത് ലിപിയിലാണ്. പാട്ട് 'ദ്രമിഡ സംഘാതാക്ഷര നിബദ്ധ'മായതുകൊണ്ട് അതെഴുതുന്നതിന് ദ്രാവിഡത്തിലെ അക്ഷരങ്ങൾ മാത്രമുള്ള വട്ടെഴുത്ത് അഥവാ വെട്ടെഴുത്ത് മാത്രം മതിയായിരുന്നു. പിൽക്കാലത്ത് ഭാഷയും സംസ്കൃതവും ഇടകലർത്തി മണിപ്രവാളം ഉണ്ടായപ്പോൾ അതെഴുതുന്നതിന് വട്ടെഴുത്തിലെ അക്ഷരങ്ങൾ പോരാതെയായി. ആ കുറവ് പരിഹരിക്കുന്നതിന് രൂപപ്പെടുത്തിയ ലിപിയാണ് ഗ്രന്ഥാക്ഷരം. വട്ടെഴുത്തുതന്നെ അല്പം ഭേദത്തോടെ കോലുകൊണ്ടെഴുതിയപ്പോൾ കോലെഴുത്തായി.

കേരളത്തിന്റെ തെക്കൻ ഭാഗങ്ങളിൽ മലയാണ്മ എന്നൊരു ലിപി ഭേദവും ഉണ്ടായിരുന്നു. അതിന്റെ ശരിയായ പേരുതന്നെ തെക്കൻ മലയാണ്മ എന്നാണ്.

മേൽപ്പറഞ്ഞ ലിപികൾക്ക് പിൽക്കാലത്തുണ്ടായ പല വിധമായ പരിണാമങ്ങളിലൂടെയാണ് നാം ഇന്ന് ഉപയോഗിക്കുന്ന മലയാള ലിപി ഉരുത്തിരിഞ്ഞു വന്നത്. എങ്കിലും, അവയുടെയെല്ലാം ആദിരൂപം ബ്രാഹ്മിലിപിയാണ്.

മലയാള ലിപികൾ പോലെ തന്നെ മലയാള അക്കങ്ങളും ബ്രാഹ്മിയിൽ നിന്ന് രൂപംകൊണ്ടതാണെന്നാണ് പണ്ഡിതമതം. വട്ടെഴുത്തും കോലെഴുത്തും മറ്റ് പ്രാചീന ലിപികളുമെല്ലാം അപ്രത്യക്ഷമായിട്ട് നൂറ്റാണ്ടുകൾ കഴിഞ്ഞു. മലയാള അക്കങ്ങളും വിസ്മൃതിയിൽ ആണ്ടുപോയിരിക്കുന്നു. അതിനാൽ ആ ലിപികളും അക്കങ്ങളും പുതിയ തലമുറയ്ക്ക് മനസ്സിലാക്കുന്നതിന് ഇതോടൊപ്പമുള്ള ചാർട്ടുകൾ ഉപകരിക്കും.

ഭാഷയിൽ പ്രാദേശിക ഭേദങ്ങൾ ഉണ്ടാകാറുള്ളതുപോലെ മലയാള അക്കങ്ങൾക്കും പ്രാദേശികഭേദമുണ്ടായിരുന്നുവെന്ന കാര്യം നാം ശ്രദ്ധയോടെ മനസ്സിലാക്കേണ്ടതുണ്ട്. ഒരു വ്യക്തിയ്ക്ക് ഭാഷാഭേദ


# ചില വിശദീകരണങ്ങൾ

| | | |
|---|---|---|
| അരയ്ക്കാണി | - | $1/160$ |
| കീഴ് അരയ്ക്കാണി | - | അരയ്ക്കാണിയുടെ $1/320$ |
| അരയ്ക്കാൽ | - | $1/8$ |
| കാണി | - | $1/80$ |
| അരമ | - | $1/40$ |
| ഒരുമ | - | $1/20$ |
| ഇരുമ | - | $1/10$ |
| മൂസുമ | - | $3/20$ |
| കീഴ്മുന്തിരി | - | മുന്തിരിയുടെ പകുതി (മുന്തിരി $1/320$) |
| ചക്രം | - | പതിനാറു കാശ് |
| നാഴി | - | ധാന്യങ്ങളും മറ്റും അളക്കാൻ ഉപയോഗിച്ചിരുന്ന യൂണിറ്റ് |
| നാലു നാഴി | - | ഒരു ഇടങ്ങഴി |
| പത്ത് ഇടങ്ങഴി | - | ഒരു പറ |
| ഉരി | - | $1/2$ നാഴി |
| ഉഴക്ക് | - | $1/4$ നാഴി |
| ആഴക്ക് | - | $1/8$ നാഴി |
| ചകട | - | ആഴക്കിന്റെ പകുതി |
| മൂഴക്ക് | - | $3/4$ നാഴി |

| | | |
|---|---|---|
| കുറുണി | - | പത്ത് നാഴി |
| പതക്ക് | - | ഇരുപതു നാഴി |
| കലം | - | 150 നാഴി |
| മരയ്ക്കാൽ | - | 10 നാഴി |
| കോട്ട | - | 210 നാഴി |
| തുടം | - | $1/4$ നാഴി (ദ്രാവകങ്ങളുടെ അളവ്) |
| മഞ്ചാടി | - | $1/20$ കഴഞ്ച് |
| കഴഞ്ച് | - | 12 പണമിട കൂടിയ തൂക്കം. ചില സ്ഥലങ്ങളിൽ ഇത് 10 പണമിടയാണ് |
| പണമിട | - | പണത്തൂക്കം; ഒരു വെള്ളിച്ചക്രത്തിന്റെ ഇട |
| പലം | - | 21 കഴഞ്ച് |
| റാത്തൽ | - | 6 $1/4$ പലം |
| തുലാം | - | 100 പലം |
| ഒരു പലം | - | 4 കർഷം |
| 1 കർഷം | - | 16 മാസം (മാഷം) |
| 1 മാസം (മാഷം) | - | $10^1/_2$ കുന്നി |
| 1 കുന്നി | - | 2 യവം |
| ലക്കം | - | അക്കം |
| ചതുരം | - | 100 ഘനയടി |

## മലയാള അക്കങ്ങൾ

(പരിണാമത്തിന്റെ വഴികൾ)



ങ്ങൾ മനസ്സിലാക്കാൻ അധികം ബുദ്ധിമുട്ടേണ്ടിവരാറില്ല. എന്നാൽ അക്കങ്ങളുടെ കാര്യം അങ്ങനെയല്ല. ശ്രദ്ധയോടെ കൈകാര്യം ചെയ്തില്ലെങ്കിൽ അബദ്ധത്തിൽ ചെന്നുചാടും. വളരെ അപൂർവമായി മാത്രം ഉപയോഗിച്ചിരുന്ന അക്കഭേദങ്ങളും പാത്രങ്ങളിലും മറ്റ് ഉപകരണങ്ങളിലും മാത്രം കൊത്തിവന്നിരുന്ന അക്കങ്ങളുമുണ്ട്.

മലയാളത്തിന് പ്രത്യേക അക്കങ്ങൾ ഉള്ളതുപോലെതന്നെ മലയാളക്കരയിൽ മാത്രമായി ഉപയോഗിച്ചിരുന്ന അളവ്-തൂക്കങ്ങളും ഉണ്ടായിരുന്നു. അളവുകൾക്കും തൂക്കങ്ങൾക്കും സാർവത്രികമായി മെട്രിക് സമ്പ്രദായം നിലവിൽ വന്നതോടെ പ്രാചീന കേരളത്തിൽ നിലവിലിരുന്ന പല അളവ്-തൂക്കങ്ങളും കേട്ടുകേൾവി മാത്രമായി. അവയിൽ ചിലത് പുതിയ തലമുറയിൽപ്പെട്ട ആളുകൾ കേട്ടിട്ടുപോലുമുണ്ടാവില്ല. ധാന്യങ്ങളും ദ്രാവകങ്ങളും മറ്റും അളക്കുന്നതിന് അടുത്ത കാലം വരെ പ്രത്യേക അളവുകൾ ഉണ്ടായിരുന്നത് മുതിർന്ന തലമുറയിൽപ്പെട്ട ആളുകൾക്ക് അറിവുള്ള കാര്യമാണ്. എന്നാൽ, ആ അളവുകളല്ല പ്രാചീന-മധ്യകാല കേരളത്തിൽ ഉണ്ടായിരുന്നത്. ധാന്യങ്ങളും മറ്റും അളക്കുന്നതിന് മധ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്ന അളവുകളാണ് കുറുണി, പതക്ക്, നാഴി മുതലായവ. അതുപോലെ ഭാരം അളക്കുന്നതിന് ഗ്രാമിന്റെ സ്ഥാനത്ത് ഉണ്ടായിരുന്നത് തുലാം, മാസം (മാഷം), പലം, റാത്തൽ മുതലായ അളവുകളാണ്. കൂടാതെ ചില പ്രത്യേക പദങ്ങൾക്ക് ചുരുക്കെഴുത്തുകളും ഉണ്ടായിരുന്നു. ഇക്കാര്യങ്ങൾ കാണിക്കുന്ന ചാർട്ടുകളും ഇന്ന് പ്രചാരത്തിൽ ഇല്ലാത്ത പ്രയോഗങ്ങളുടെ വിശദീകരണവും മുകളിൽ ചേർത്തിട്ടുണ്ട്.

ആർ. വേണുഗോപാൽ

# കാക്ക കണക്ക് കുറിച്ച കഥ



**കായലിനും പാടത്തിനുമിടയിൽ ദുർബലമായ നൂൽപ്പാലം പോലുള്ള ചിറയിൽ കുടികെട്ടിപ്പാർത്ത കാലം പൊയ്പ്പോയി. ഇത് കുട്ടനാടിന്റെ പുതിയ മുഖം.**

*ചേന്നപ്പറയൻ ഒരു രാത്രിയും ഒരു പകലുമായി വെള്ളത്തിൽത്തന്നെ നിൽക്കുന്നു. അവന് വള്ളമില്ല. അവന്റെ തമ്പുരാൻ മൂന്നായി, പ്രാണനും കൊണ്ട് കരപറ്റിയിട്ട്. ആദ്യം പുരയ്ക്കകത്തേക്ക് വെള്ളം എത്തി നോക്കിത്തുടങ്ങിയപ്പോഴേ മടലും കമ്പും കൊണ്ട് തട്ടും പരണും കെട്ടിയിരുന്നു. വെള്ളം പെട്ടെന്നിറങ്ങുമെന്നു കരുതി രണ്ടു ദിവസം അതിൽ കുത്തിയിരുന്നു കഴിച്ചുകൂട്ടി. കൂടാതെ നാലഞ്ചു വാഴക്കുലയും തുറുവും കിടക്കുന്നു. അവിടെ നിന്ന് പോയാൽ അവയെല്ലാം ആണുങ്ങൾ കൊണ്ടുപോകയും ചെയ്യും.*

*-'വെള്ളപ്പൊക്കത്തിൽ', തകഴി*

പ്രകാശനും ഉണ്ണിക്കൃഷ്ണനും ഒരേ ക്ലാസിലാണ് പഠിച്ചത്. അവർ സ്കൂളിൽ പോയതും തിരിച്ചുവന്നതും ഒരുമിച്ച്. ഒരു ബഞ്ചിൽ അടുത്തടുത്താണിരുന്നത്. ഉണ്ണിക്കൃഷ്ണന് നല്ല ഉടുപ്പുകളും നിക്കറുകളും ഉണ്ടായിരുന്നു. പ്രകാശന് ആകെ ഒരു ജോടി ഉടുപ്പു മാത്രമേ ഉണ്ടായിരുന്നുള്ളൂ.

തകഴി കേളമംഗലത്തെ പ്രതാപികളായ കനകമംഗലം തറവാട്ടിലെ കൊച്ചുമകനാണ് ഉണ്ണിക്കൃഷ്ണൻ. പ്രകാശൻ ഒരുദിവസം കൂട്ടുകാരനോടൊത്ത് കനകമംഗലത്തെ പടിപ്പുര കടന്ന് മുറ്റത്തേയ്ക്ക് കയറി. വെറുതെ ഒരു ആഗ്രഹംകൊണ്ട്.

പെട്ടെന്ന്, 'ഹോയ്... ഹോയ്...' എന്ന് അലറി വിളിച്ച്, ഊന്നുവടി വീശി ആട്ടിയോടിച്ചുകൊണ്ട് ഒരു വൃദ്ധൻ പ്രകാശന്റെ നേരെ മുടന്തിയടുത്തു. അത് കാരണവരായിരുന്നു. പ്രകാശൻ പേടിച്ചു തിരിഞ്ഞോടി. മുറ്റത്ത് കറ്റ മെതിച്ചുകൊണ്ടിരുന്ന പെണ്ണുങ്ങൾ പ്രകാശന്റെ ഓട്ടം കണ്ട് കളിയാക്കി ചിരിച്ചു.

'അശുദ്ധാക്കി, അശ്രീകരം!' കാരണവർ പുലമ്പുന്നത് ഓട്ടത്തിനിടയിൽ പ്രകാശൻ കേട്ടു.

അപ്പോഴും ചെറുമപ്പെണ്ണുങ്ങൾ അടക്കം പറഞ്ഞ് കുണുങ്ങിച്ചിരിച്ചുകൊണ്ടേയിരുന്നു.

*** *** ***

രണ്ടു നൂറ്റാണ്ടു മുമ്പത്തെ കേരളത്തെപ്പറ്റി ഫ്രാൻസിസ് ബുക്കാനനോ മറ്റേതെങ്കിലും സഞ്ചാരിയോ രേഖപ്പെടുത്തിയത് എടുത്തെഴുതിയതല്ല മുകളിലെ വിവരണം. വെറും 35 വർഷം മുൻപ്, 1970-ൽ തകഴിയിലെ കേളമംഗലം ഗ്രാമത്തിൽ സംഭവിച്ചതാണ്. അതായത്, ഐക്യകേരളത്തിന് 14 വയസ്സ് തികഞ്ഞശേഷം!

അയിത്തവും ജന്മിത്തവും നിയമം കൊണ്ട് നിരോധിച്ചശേഷവും ജാതി കേരളത്തിൽ നിന്ന് പടിയിറങ്ങാൻ കൂട്ടാക്കാത്ത ബാധയായി തുടർന്നു. അത്ര ശക്തമായിരുന്നു ജാതിപ്പിശാചിന്റെ

പല്ലും നഖവും.

തകഴിക്ഷേത്രത്തിലെ പ്രാചീന ഉത്സവമായിരുന്നു 'പടേനി'. ഉത്സവത്തിൽ പങ്കെടുക്കാൻ താണ ജാതിക്കാർക്കും അവസരം നല്കിപ്പോന്നു. ചോവൻ, ശീതങ്കൻ, കാക്കാൻ, പറയൻ, പരദേശി എന്നിങ്ങനെ ഓരോ ദിവസവും ഓരോ കൂട്ടരുടെ പുറപ്പാടും ഉണ്ടായിരുന്നു. അത്താഴശീവേലി കഴിഞ്ഞ് തപ്പുകൊട്ടി താവതി തുള്ളലുമുണ്ട്. സാഹിത്യരചനയിൽ തന്റേതായ രീതിയും ശൈലിയും ഉണ്ടായത് പടയണിയുടെ സ്വാധീനം കൊണ്ടാണെന്ന് തകഴി ശിവശങ്കരപ്പിള്ള എഴുതിയിട്ടുണ്ട് (*എന്റെ ബാല്യകാലം*). അതിനും എത്രയോ കാലം മുമ്പ് പടയണിയുടെ ഹാസ്യവും പരിഹാസവും സാമൂഹിക വിമർശനവുമൊക്കെ കളിത്തട്ടിലേക്ക് പുനരാവിഷ്കരിച്ച മഹാകവിയാണ് കുഞ്ചൻ നമ്പ്യാർ. പടയണിയിലെ പറയനും ശീതങ്കനും (പുലയൻ) അതേ പേരിലാണ് നമ്പ്യാർ തുള്ളൽവേദിയിലേക്ക് എടുത്തത്. തകഴി തെക്കേമഠം വീട്ടിൽ ഏറെക്കാലം താമസിച്ച നമ്പ്യാരുടെ ആവിഷ്കാരവൈഭവം മുഴുവൻ വെളിപ്പെട്ടത് തകഴി ക്ഷേത്രത്തിലെ കളിത്തട്ടുകളിലാണ്. വാസ്തവത്തിൽ നമ്പ്യാർ ഒരേയൊരു തവണയേ അമ്പലപ്പുഴ ക്ഷേത്രത്തിൽ തുള്ളൽ അവതരിപ്പിച്ചിട്ടുള്ളൂ. തകഴി ക്ഷേത്രത്തിൽ നമ്പ്യാർ തുള്ളൽ അവതരിപ്പിച്ച കളിത്തട്ടുകളിൽ ഒരെണ്ണം പത്തുപതിനഞ്ച് വർഷം മുമ്പ് പൊളിഞ്ഞു വീണു. മറ്റൊരെണ്ണം വീഴാറായ നിലയിൽ ഇന്നും കാണാം.



ഭൂമിയുടെ അവകാശികൾ: പെണ്ണമ്മ കുടികിടപ്പവകാശം കിട്ടിയ മണ്ണിൽ

നമ്പ്യാർ തുള്ളൽക്കഥകൾ കെട്ടഴിച്ചുവിട്ട തകഴി ദേവസ്ഥാനത്ത് നിന്ന് ആറാട്ടുചിറ വരെയുള്ള ദേവപാതയിലൂടെ നടക്കാൻ അയിത്തക്കാർക്ക് അവകാശം ഇല്ലായിരുന്നു. ചിറയിലെ മടവിൽ തമ്പുരാക്കന്മാരുടെ ഒരു കളരി ഉണ്ട്. ചിറവഴി ഏതെങ്കിലും അയിത്തക്കാരൻ നടന്നാൽ തമ്പുരാൻമാർ "ഹോയ്..." എന്ന് വിളിച്ചലറും. അപ്പോൾ തന്നെ തോട്ടിൽചാടി രക്ഷപ്പെട്ടു കൊള്ളണം. അല്ലെങ്കിൽ പൊതിരെ തല്ലു കിട്ടും.

ചില ചെറുപ്പക്കാർ ഈ അനീതിയെ വെല്ലാൻ തീരുമാനിച്ചു. കണിച്ചേരിൽ കേശവൻ, വാഴപ്പറമ്പിൽ ശങ്കു, വള്ളോൻ തുടങ്ങിയവർ. എന്തുവന്നാലും ശരി, ചിറയിലൂടെ നടന്ന് ആറാട്ടുകടവ് വഴി അമ്പലത്തിൽ പോകും എന്ന് അവർ നിശ്ചയിച്ചുറച്ചു. തലേക്കെട്ടും കെട്ടി നെഞ്ചും വിരിച്ച് ഉച്ചത്തിൽ വർത്തമാനം പറഞ്ഞ് അവർ ചിറയിലൂടെ അങ്ങനെ നടന്നുവന്നു. കലാപകാരികളെപ്പോലെ ഓരോ ചുവടും ചരിത്രത്തിലേക്ക് അടിവച്ച് എന്ന മട്ടിലായിരുന്നു അവരുടെ നടപ്പ്.

പതിവുപോലെ കളരിയുടെ കൺവെട്ടത്തെത്തിയപ്പോൾത്തന്നെ ബ്രാഹ്മണർ "ഹോയ്... ഹോയ്..." വിളിച്ചു. വിളി കേട്ടതും തലേക്കെട്ടഴിച്ചു മൂവരും തോട്ടിൽച്ചാടി. പിന്നെ ഏഴു കിലോമീറ്റർ താഴേക്കു നീന്തി പുറക്കാട്ടാണ് കരകേറിയത്. അത്രയ്ക്ക് പേടിച്ചുപോയി.



ജന്മിത്തം അവസാനിച്ചു: തകഴി പഞ്ചായത്ത് അംഗം പ്രകാശൻ

ഇത് കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകളിൽ വിവരിച്ചിട്ടുള്ള സംഭവമല്ല; വെറും 45 വർഷം മുമ്പ്, ഐക്യ കേരളം രൂപപ്പെട്ടു കഴിഞ്ഞ്, ജന്മിത്തം അവസാനിപ്പിച്ചു കഴിഞ്ഞ്, ഉണ്ടായ സംഭവമാണ്! അലസിപ്പോയ ഒരു കലാപത്തിന്റെ കഥ കൂടിയാണിത്. വെറുമൊരു 'ഹോയ്...' വിളിയിൽ ഒരു ജനതയെ ഭയപ്പാടിൽ തളച്ചിട്ടതിന്റെ കഥ.

1957-ലെ ഭൂപരിഷ്കരണ നിയമവും 60-ലെ കാർഷികബന്ധനിയമവും നടപ്പാക്കുന്നതു വരെ മനുഷ്യനെന്ന് തിരിച്ചറിയാനോ അവകാശങ്ങളെപ്പെറ്റി ചിന്തിക്കാനോ പോലും ഭയന്ന ബഹുഭൂരിപക്ഷം ജനങ്ങളുടെ കഥയാണിത്. ഇതിൽ ശങ്കു പ്രകാശന്റെ അമ്മയുടെ പേരപ്പനാണ്. പ്രകാശൻ ഇന്ന് തകഴി പഞ്ചായത്ത് 12-ാം വാർഡ് പ്രതിനിധിയാണ്.

തകഴി, കുന്നുമ്മ, കരുമാടി, കേളമംഗലം പ്രദേശങ്ങളിലെ വസ്തുവകകൾ മുഴുവനും മങ്കൊമ്പ്സ്വാമി, തകഴി ദേവസ്വം, ഹരിപ്പാട് ദേവസ്വം, പുലിമുഖത്ത് പൂപ്പർ സായ്‌വ് എന്നിവരുടെ വക ആയിരുന്നു. ഒട്ടാകെ 63 പാടശേഖരങ്ങൾ. ഭൂപരിഷ്കരണ നിയമം വന്നതോടെ, പാട്ടത്തിനെടുത്ത് കൃഷി ചെയ്തവരുടെ കൈയിലായി ഈ പാടശേഖരങ്ങൾ. നന്നാട്ടുമാലിയിൽ, കമ്പലോടി, കൊറ്റേലി, കൊച്ചിയറ, കുട്ടിയേച്ചൽ എന്നീ കുടുംബക്കാർക്ക് ഓരോ പാടശേഖരം വീതം കിട്ടി. അതുകഴിഞ്ഞ് ഭൂപരിധി നിശ്ചയിച്ചപ്പോൾ കർഷകത്തൊഴിലാളികൾക്ക് കുടികിടപ്പവകാശവും കിട്ടി. തകഴി പഞ്ചായത്തിൽ ഇന്നുള്ള അയ്യായിരത്തിൽ, പകുതിയിലധികം കുടുംബങ്ങൾക്കും ഇങ്ങനെ കുടികിടപ്പവകാശം കിട്ടിയതാണ്.

അപ്പോൾ, ഭൂപരിഷ്കരണ നിയമം നടപ്പാക്കിയില്ലായിരുന്നെങ്കിലോ?

എങ്കിൽ...

ദിക്കറിയാതെ പരന്നുകിടക്കുന്ന കായൽഭൂമിയുടെയും കരഭൂമിയുടെയും ഉടമാവകാശികൾ ഇന്നും ജന്മികൾ ആയേനെ.

വരമ്പത്തു കെട്ടിയ കുടിൽ ജന്മി പറയുമ്പോൾ പൊളിക്കണം; ജന്മി ചൂണ്ടിക്കാട്ടുന്ന വരമ്പത്ത് വേറെ കെട്ടണം.

'തമ്പുരാനേ' എന്ന് കുനിഞ്ഞു വിളിച്ചില്ലെങ്കിൽ മുതുകത്ത് ചൂരൽപ്പാട് വീഴുമായിരുന്നു.

കണ്ടത്തിൽ ഉറക്കെ ഞാറ്റുപാട്ട് പാടണം. പാടിയില്ലെങ്കിൽ അടി, അല്ലെങ്കിൽ കൂലിയില്ല. അതുമല്ലെങ്കിൽ, പിന്നീട് പണിക്ക് ഇറക്കില്ല.

പണിക്കിറങ്ങാൻ കുറച്ചെങ്ങാനും വൈകി നേരം പുലർന്നുപോയാൽ അന്ന് കൂലിയില്ല.

പാടത്ത് രാവിലെ കുനിഞ്ഞാൽ വൈകിട്ട് തിരിച്ചുകയറുംവരെ നിവരാൻ അനുവദിക്കില്ല.

ഇന്നത്തെപ്പോലെ ആഴ്ചയിൽ ആറുദിവസം പണിയും ഞായർ അവധിയും എന്ന സമ്പ്രദായമില്ല. 365 ദിവസവും പണിതന്നെ. പകൽ മുഴുവൻ പണിയോടുപണി.

പത്തിലൊന്ന് നെല്ല് പതം കിട്ടുന്നതിൽ ഒരുവീതം കണിയാൻ നെല്ലും ഒരുവീതം പിടിനെല്ലും വേറെ എന്തെങ്കിലും ഉണ്ടെങ്കിൽ അതും കഴിഞ്ഞ് മിച്ചം കിട്ടുന്നതുമാത്രമാണ് കൂലി. ഫലം, നിത്യപ്പട്ടിണി.

10-12 വയസ്സു മുതൽ ആണും പെണ്ണും പാടത്തിറങ്ങണം. പള്ളിക്കൂടത്തിൽ പോകാൻ അനുവാദമില്ല.

ജാതി വിളിച്ച് പുലയാട്ടും! ചോദിക്കാനാരുമില്ല.

തല്ലുകൊണ്ട് പുളഞ്ഞ് എങ്ങാനും ഓടിപ്പോയാൽ പിന്നെ കെട്ടിയിട്ട് തല്ലും.

വെള്ള മുണ്ട് ഉടുക്കാൻ പാടില്ല. അഥവാ ഉടുത്താൽ ചെളിയോ കരിയോ പുരട്ടി വികൃതമാക്കിയിരിക്കണം.

ഒരു തലമുറ കൂടി മുമ്പുവരെ പെണ്ണുങ്ങൾ മാറുമറയ്ക്കാൻ പാടില്ലായിരുന്നു.

പെറ്റ പെണ്ണ് 28-ാം നാൾ പാടത്തിറങ്ങണം.

പതം അളക്കുമ്പോൾ അളവു ചൊല്ലുന്നത് പാടശേഖരം മുഴുക്കെ കേട്ടാലേ അടുത്ത വിളവ് നന്നാവൂ എന്നൊരു വിശ്വാസം ഉണ്ടായിരുന്നു. ഒന്നേ... രണ്ടേ...മൂന്നേ... എങ്ങാനും ഒച്ച താഴ്ന്നാൽ തല്ല്! പൊലി വാരുമ്പോൾ കാൽമുട്ട് വളഞ്ഞാൽ തല്ല്! കൂലി ചോദിച്ചാൽ തല്ല്. കൂലി കൂടുതൽ ചോദിച്ചാൽ വേലുക്കുട്ടനെ പാടത്തിട്ടു തല്ലിക്കൊന്നതുപോലുള്ള കടുത്ത അനുഭവം!

ചൂട്ടുവീശി പുലർച്ചെ പാടത്തേക്കു പോകുന്ന അടിയാന്മാർ രാത്രി ചൂട്ടുവീശിത്തന്നെയാകും കുടിയിൽ മടങ്ങിയെത്തുക. അതായത്, കാക്ക പറക്കും മുമ്പ് പണിക്കിറങ്ങണം. കാക്ക മറഞ്ഞാലേ കരകയറാവൂ.

ചിലപ്പോൾ നേരം പുലർന്നുപോകും. പിന്നെ ഭയന്ന് പാടത്തേക്ക് ഒരോട്ടമാണ്. കഴിക്കാൻ പഴങ്കഞ്ഞിയോ അവിലോ തലയിൽ വട്ടിപ്പുറത്ത് വച്ചായിരിക്കും ഓട്ടം. ഓട്ടത്തിനിടയിൽ പലപ്പോഴും അത് താഴെ വീണു പോകും. അങ്ങനെ വീണാൽപ്പിന്നെ അന്ന് ഭക്ഷണമില്ല. പട്ടിണിനിന്നു പണിയണം.

കുഞ്ചൻനമ്പ്യാർ രോഷം കൊണ്ടതുപോലുള്ള 'മാനുഷപ്രൗഢിമാൻമാരും' 'കശ്മലൻമാരും' വിളവെല്ലാം സമർത്ഥമായി മറിച്ചകാലം!

തകഴി കുന്നുമ്മയിൽ വടക്കേ പുത്തൻതറയിൽ പെണ്ണമ്മ(83)യ്ക്ക് ഇത്തരം എത്രയോ അനുഭവങ്ങൾ പറയാനുണ്ട്.

പെണ്ണമ്മയ്ക്കും കുടുംബത്തിനും രണ്ടുമൂന്ന് സ്ഥലത്ത് മാറി മാറി കുടികെട്ടി താമസിക്കേണ്ടി വന്നിട്ടുണ്ട്. ചിറയിലെ തെങ്ങിൽ നിന്ന് തേങ്ങാ പിരിച്ചെന്നോ വാഴക്കുല വെട്ടിയെന്നോ കാര്യസ്ഥന് തോന്നിയാൽ മതി, അടുത്ത നിമിഷം ചെറ്റ പൊളിച്ചു മാറ്റാൻ കല്പിക്കും. പിന്നെ വേറൊരു ദിക്കിൽ, വേറൊരു ചിറയിലായിരിക്കും ചെറ്റ കെട്ടേണ്ടി വരിക.

കേരളത്തെ കേരകേദാര ഭൂമിയായി ചിത്രീകരിച്ച വാൾട്ടർ ഹാമിൽട്ടൺ രണ്ട് നൂറ്റാണ്ട് മുമ്പ് ഇവിടെ 30 ലക്ഷം തെങ്ങുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. അങ്ങനെയുള്ള നാട്ടിലാണ് ഒരു തേങ്ങ പിരിച്ചതിന്റെ പേരിൽ ഒരു കുടുംബത്തെ കുടിയിറക്കിപ്പോന്നത്! (*ഡിസ്ക്രിപ്ഷൻ ഓഫ് ഹിന്ദുസ്ഥാൻ, പേജ് 275*)

ചിറ നന്നാക്കി, വാഴ നട്ട്, തെങ്ങ് പിടിപ്പിച്ചു കഴിയുമ്പോഴാകും അടുത്ത കുടിയിറക്ക്. അതിന് രണ്ടുണ്ട് കാര്യം. പുതിയ ചിറയിൽ താമസമാക്കുന്നതോടെ അതും നന്നാവും, അടിയാനെ കഷ്ടപ്പെടുത്തി പേടിപ്പിക്കുകയും ആവാം. പക്ഷേ ആ ഉദ്ദേശ്യം ജന്മി പുറത്ത് പറയില്ല, പകരം അടിയാൻ തേങ്ങ പിരിച്ചെന്ന കുറ്റം ചാർത്തിയാവും കുടി മാറ്റുക.

ഒടുവിൽ അടിയാൻമാർ മെല്ലെമെല്ലെ ചെറുത്തുനിൽക്കാൻ തുടങ്ങി. അപ്പോഴും പ്രതാപികളായ പുലിമുഖത്ത് ജന്മി പ്രബലനായിരുന്നു. നേതാക്കൾ പ്രസംഗിച്ചു: "പുലിമുഖത്തുകാർ പുലിയാണെങ്കിൽ ഞങ്ങൾ സിംഹമാണ്, സിംഹം".

അടിപിടി ഉണ്ടാവുമെന്ന് ഉറപ്പായിരുന്നു. അതിന് പുന്നപ്ര-വയലാർ ഭാഗത്തു നിന്ന് ചിലരെ സ്ഥലത്തുകൊണ്ടുവന്ന് താമസിപ്പിച്ചു. അതോടെ പുലിമുഖത്തുകാർ ഒതുങ്ങി. പെട്ടെന്ന്, പെണ്ണമ്മ സ്വയം തിരുത്തി: "ഒതുങ്ങിയതല്ല, ഒതുക്കി!"

കുടികിടപ്പവകാശം കിട്ടിയ ഭൂമിയിൽ വച്ച വീടിന്റെ സിമന്റ് പൂശാത്ത പിൻചുവരിൽ കൈ തടവിക്കൊണ്ട് പെണ്ണമ്മ പറഞ്ഞു: "ഒന്നുമില്ലെങ്കിലും ഇന്നിപ്പം ഞങ്ങടെ കുഞ്ഞുങ്ങക്ക് സ്വാതന്ത്ര്യത്തോടെ നടക്കാല്ലോ."

*** *** ***

"പണ്ടത്തെ ജീവിതം കഷ്ടപ്പാട് തന്നെ" എന്നേ ചമ്പക്കുളം അമിച്ചകരി കളത്തിൽ കാർത്ത്യായനി(79)ക്കും പറയാനുള്ളൂ.

എന്നാൽ പെണ്ണമ്മയെപ്പോലെ ജന്മിയിൽ നിന്ന് ദുരനുഭവമൊന്നുമില്ല. ജോലി ചെയ്യാമെങ്കിൽ ചെയ്യുക, കൂലി വാങ്ങുക, ജീവിക്കുക അത്രേയുള്ളൂ. ജന്മിക്ക് കാർത്ത്യായനിയുടെ ഭർത്താവ് വള്ളോനെ വലിയ കാര്യമായിരുന്നത്രെ. വള്ളോനും ഭാര്യയ്ക്കും തിരിച്ച് ജന്മിയോടും സ്നേഹമായിരുന്നു.

എന്നാൽ അവരുടെ ജീവിതം കാർത്ത്യായനി വിവരിച്ചത് ഇപ്രകാരമാണ്:

പുലർച്ചെ അഞ്ചുമണിക്ക് പാടത്തിറങ്ങും. തിരിച്ചുകയറാൻ അന്തി കറുക്കുന്നതാണ് കണക്ക്.

ഐനാഴി, അറുനാഴി നെല്ല് ഒരു ദിവസം കൂലി കിട്ടും. നെല്ലിടിച്ച് അവിൽ കഴിച്ചോണ്ടാണ് പാടത്ത് പോവുക. ഉച്ചയ്ക്ക് കയറ്റമില്ല, വിശ്രമവുമില്ല. വെള്ളം കുടിക്കാനും കയറ്റമില്ല. ആരെങ്കിലും കലത്തിൽ വെള്ളം കൊണ്ടുവന്നാൽ മാത്രം കുടിക്കും. അത്രേയുള്ളൂ.



കൂലി ചോദിച്ച ആരും പാടത്തുനിന്ന് ജീവനോടെ കരയ്ക്ക് കയറിയിട്ടില്ലാത്ത കാലം ഇപ്പോൾ പഴങ്കഥ- ചമ്പക്കുളം അമിച്ചകരി പാടശേഖരം.



ഒരു മാസത്തെ അധ്വാനം ഒരു ദിവസം കൊണ്ട് തീർക്കുന്ന പുതിയ കുട്ടനാട്- മെതിയന്ത്രം.



ഇന്നിപ്പം വേലയായി, കൂലിയായി, ആഹാരമായി. ഭൂപരിഷ്കരണ നിയമം ഇല്ലെങ്കിൽ ഇതൊന്നുമില്ല-അമിച്ചകരി കളത്തിൽ കാർത്തായയനി (79).

ഈ സമയം, 38 കാരനായ മകൻ ഹരിദാസ് ഇടയ്ക്കു കയറി പറഞ്ഞു, "നമ്മുടെ പ്രായത്തിൽപ്പോലും കൊയ്ത് കറ്റകെട്ടി തിരിഞ്ഞുപെറുക്കി കഴിഞ്ഞേ കരയ്ക്കു വിടൂ. എന്നിട്ടേ വെള്ളം കൂടിക്കൂ. പിന്നല്ലേ അമ്മയുടെകാലത്തെ കാര്യം!"

പണിക്കിടയിൽ കരയ്ക്കു കയറിയാൽ പണി നിർത്തിയതായി കണക്കാക്കും. പിന്നെ അയാളെ പാടത്തിറക്കില്ല. കൂലിയും കൊടുക്കില്ല. എന്നാൽ തല്ലുകയോ ഉപദ്രവിക്കുകയോ ചെയ്യില്ല.

പെട്ടെന്ന് കാർത്ത്യായനി ഓർമിച്ചു തിരുത്തി: "തല്ലീട്ടൊക്കെയുണ്ട്. വള്ളോനെ തല്ലീട്ടില്ലേ പാടത്തിട്ട്?" അവർ മകനോട് ചോദിച്ചു.

വള്ളോൻ ചക്രം ചവിട്ടിത്തേകി പാടത്തെ വെള്ളം വറ്റിച്ച് വിത്തിട്ടു. എന്നാൽ ജന്മി നോക്കിയപ്പോൾ വെള്ളം വറ്റിയിട്ടില്ല, വിത്ത് വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നു. അന്ന് വള്ളോന് തല്ല് കിട്ടി.

തല്ല് കൊണ്ടാലും പിന്നേം പണിയും. പണിതേ പറ്റൂ. തിരിച്ചു ചോദിക്കാൻ പറ്റില്ല. പിണങ്ങിപ്പോകാനും പറ്റില്ല.

അതൊക്കെ ഓർത്തപ്പോൾ കാർത്ത്യായനിയുടെ കണ്ണു നനഞ്ഞു.

"ഇന്ന് സ്വർഗം കിട്ടിയപോലാ... അന്നത്തെ കഷ്ടപ്പാടുകൾ ഓർക്കാൻ പോലും മേല. ഞങ്ങൾ അടിമകളാരുന്നു; അടിമകൾ".

തേങ്ങ പിരിച്ചാൽ അരകല്ലും ചട്ടീം കലോം പെറുക്കി ചീത്ത വിളിച്ച്, ഒടുവിൽ 'ഇനി ഇങ്ങനെ ചെയ്യരുതെ'ന്ന് പറഞ്ഞ് എല്ലാം തിരിച്ചു കൊടുക്കുന്ന ജന്മി; സൂക്കേടു വന്നാൽ സഹായിക്കുന്ന ജന്മി; കല്യാണത്തിനും മറ്റും 50 പറ നെല്ലും നാളികേരവും കാശും നൽകി സഹായിക്കുന്ന ജന്മി; വിഷു, ഓണം പോലുള്ള വിശേഷങ്ങളിൽ അഞ്ചു പറ നെല്ല് നൽകുന്ന ജന്മി; സ്നേഹമുള്ള ജന്മി.



വിതയും വിളവെടുപ്പും - കുട്ടനാട്

എന്നിട്ടും കാർത്ത്യായനി പറയുന്നു: "ജോലി എല്ലാം അടിമത്തത്തിൽ ആരുന്നു; ജീവിതവും."

അടിമകളുടെ കേരളം!

ഫ്രാൻസിസ് ബുക്കാനൻ മലബാറിലെ നാല് ജില്ലകളിലുണ്ടായിരുന്ന 1.2 ലക്ഷം പേരിൽ 16,000 പേർ അടിമകളായിരുന്നെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അത് 1800ലെ കാര്യം. ഇവിടെ പറഞ്ഞത് 35 വർഷം മുമ്പ് വരെ നിലനിന്ന വ്യവസ്ഥിതി!

*** *** ***

കഴിഞ്ഞ 50 വർഷത്തിനിടയിൽ കേരളത്തിലുണ്ടായ ഏറ്റവും പ്രധാനപ്പെട്ട ഭരണനടപടി ഏതാണെന്ന ചോദ്യത്തിന് കുട്ടനാട് പ്രദേശത്തെ പ്രായമായ ചിലരോട് 'ജനപഥ' ത്തിന് വേണ്ടി അഭിപ്രായം ആരായുകയായിരുന്നു. തർക്കമില്ലാതെ എല്ലാവരും സമ്മതിച്ചു, അത് 1957-ലെ ഭൂപരിഷ്കരണം ആണെന്ന്.

കാർത്ത്യായനി പറഞ്ഞു: "ഇന്നിപ്പം കൂലിയായി, വേലയായി, ആഹാരമായി. നിയമം ഇല്ലായിരുന്നെങ്കിൽ ഇതൊന്നും ഇല്ല. ഇന്നും കഷ്ടപ്പാടു തന്നെ ആയേനെ".

പെണ്ണമ്മ പറഞ്ഞു: "ഇന്നത്തെ കാലത്ത് സുഖമായ ജീവിതം. ഇന്ന് ആരെടാ എന്നു ചോദിച്ചാൽ എന്താടാ എന്ന് തിരിച്ചു ചോദിക്കാതെ ഞങ്ങടെ പെണ്ണുങ്ങൾ പോലും മാറില്ലല്ലോ".

പ്രകാശൻ പറഞ്ഞു: "അടിമകളെപ്പോലെ ജീവിച്ച കാലം! ഭൂമിയിന്മേൽ നിയമപരമായി അവകാശം കിട്ടിയ ശേഷമാണ് മഹാഭൂരിപക്ഷവും മനുഷ്യരായി ജീവിച്ചു തുടങ്ങിയത്".

അടിമ!

എന്നാൽ നമ്മുടെ ജന്മിമാർ ഒരിക്കലും അടിമ എന്ന് വിളിച്ചിട്ടില്ല. പകരം അടിയാൻ എന്ന് വിളിച്ചു.

അടിയാനും ഉടയോനും!

അടിയാന്റെ ഉടമയായിരുന്നു ജന്മി; അവകാശി.

ഉടയോന് അടിയാനെ എന്തും ചെയ്യാം- തല്ലാം, വെല്ലാം, കൊല്ലാം. ആരും ചോദിക്കില്ല. കേസില്ല; വക്കാണവുമില്ല. അടിയാന്റെ പൊലീസും പട്ടാളവും കോടതിയുമെല്ലാം ഉടയോൻ തന്നെ. ഒരു അടിയാന്റെയും പരാതി ഉടയോനെ മറികടന്ന് പൊലീസ് സ്റ്റേഷനിലോ കോടതിയിലോ എത്തുകയില്ല.

ജന്മി അടിയാനെ കോടതി കയറ്റിക്കത്തില്ല.

എന്നാൽ വെളിയിലുള്ള ആരെങ്കിലും തല്ലിയാൽ ജന്മി പകരം ചോദിക്കും. അടിയാന്റെ പേരിൽ കേസുണ്ടായാൽ പൊലീസ് പിടിക്കാതെ 'കാക്കും'.

എങ്കിലും അടിയാൻ വെറും അടിയാൻ തന്നെ.

പുരാതന ഈജിപ്തിലും ഗ്രീസിലും അടിമച്ചന്തകൾ ഉണ്ടായിരുന്നു. അടിമയെ അവർ ഉരുവിനെപോലെ വിലയ്ക്ക് കൊടുത്തു; വാങ്ങി. ഇവിടെ വിലകൊടുക്കലുമില്ല, കൊടുക്കൽവാങ്ങലുമില്ല.

അടിയാന്റെ മകൻ അടിയാൻ, മകൾ അടിയാത്തി, അവരുടെ മക്കൾ അടിയോർ. അടിയാർച്ചങ്ങല; അവസാനിക്കാത്ത ബന്ധനം.

ജന്മിക്കല്ലാതെ മറ്റാർക്കും അവരുടെമേൽ അവകാശമില്ല.

ഭൂപരിഷ്കരണനിയമം നടപ്പിലായതുവരെ ഇതായിരുന്നു സ്ഥിതി.

ഇന്ന് ജന്മി ഇല്ല, തമ്പുരാൻ ഇല്ല, തമ്പുരാട്ടി ഇല്ല. അടിയാനും ഉടയോനും ഇല്ല.

മുലക്കരവും ജന്മിക്കരവും ഇല്ല.

പെണ്ണമ്മ ചുമരിൽ ചാരി കൈ താടിയിലൂന്നി നില്ക്കുകയാണ്. വലിയ കഷ്ടപ്പാടൊക്കെ അവരുടെ ചെറുപ്പത്തിലേ കഴിഞ്ഞു. പഴയ തലമുറകൾ അനുഭവിച്ചതൊക്കെ ഓർത്താൽ പെണ്ണമ്മ അനുഭവിച്ചതു പോലും ഒന്നുമല്ല.

പെണ്ണമ്മയുടെ കണ്ണുകൾ പാടത്തും വരമ്പത്തും ചെറ്റയിലെ കുറ്റിരുട്ടത്തും പരതി നടക്കുകയാണ്. അവർ പറഞ്ഞു: "ഇങ്ങനെയൊക്കെയാണേലും തമ്പുരാക്കളോട് അടിയാർക്കും അടിയാരോട് തിരിച്ച് അവർക്കും സ്നേഹോണ്ടാര്ന്നു. ഇന്ന് ആർക്കും ആരെയും സ്നേഹോമില്ല, വിശ്വാസോമില്ല."

ഡോ. ഡി. ബഞ്ചമിൻ

# മലയാളസാഹിത്യം കേരളപ്പിറവിക്കു ശേഷം

കേരളപ്പിറവി 1956ലാണ് സംഭവിച്ചതെങ്കിലും അതിന് മുമ്പു തന്നെ മലബാർ മുതൽ തിരുവിതാംകൂർ വരെയും മലയാളസാഹിത്യത്തിന് ഒരേ മനസ്സും സ്വീകാര്യതയും ഉണ്ടായിക്കഴിഞ്ഞിരുന്നു എന്ന് ചൂണ്ടിക്കാട്ടുന്നു ലേഖകൻ.

മലയാളസാഹിത്യ ചരിത്രത്തിലെ നിർണായകമായ ഒരു വർഷമല്ല 1956. കേരളം ഒരു രാഷ്ട്രീയ യാഥാർത്ഥ്യമായിത്തീർന്നത് ആ വർഷമാണെങ്കിലും സാഹിതീയവും സാംസ്കാരികവുമായ പ്രവർത്തനങ്ങളിലൂടെ അഖണ്ഡ കേരളത്തിന്റെ അനുഭവം അതിനുമുൻപു തന്നെ നമ്മുടെ എഴുത്തുകാർ തിരിച്ചറിഞ്ഞുകഴിഞ്ഞിരുന്നു. ഏറെക്കാലം താലോലിച്ചുകൊണ്ടിരുന്ന ഒരു സത്യത്തിന്റെ സാക്ഷാത്കാരമെന്ന നിലയ്ക്ക് കേരളപ്പിറവി കവികളെയും എഴുത്തുകാരെയും ഉന്മേഷഭരിതരാക്കി എന്നുമാത്രം.

തുടർന്ന് 1960 കൾ വരെയെങ്കിലും മലയാളസാഹിത്യത്തെ നിയന്ത്രിച്ചത് നവോത്ഥാനമൂല്യങ്ങളും കാല്പനിക ഭാവുകത്വവുമായിരുന്നു. കവിത്രയത്തിന് തൊട്ടുപിന്നാലെ വന്ന കവികളും അവരുടെ പിന്തുടർച്ചക്കാരും കാല്പനിക കവിതാപാരമ്പര്യത്തെ നവീകരിക്കുകയും ഏറെ സമ്പന്നമാക്കുകയും ചെയ്തു. കാല്പനികതയെ യാഥാർത്ഥ്യബോധം കൊണ്ട് എല്ലുറപ്പുള്ളതാക്കാനും അതിരൂപപരമായ ശൈഥില്യത്തിൽനിന്ന് വിമുക്തമാക്കാനും ഈ കവികൾക്കു കഴിഞ്ഞു. വൈചിത്ര്യപൂർണമായ അനുഭവങ്ങളുടെ ലോകമാണ് അവർ കാഴ്ച വച്ചത്. യാതനകളും പങ്കപ്പാടുകളുമനുഭവിക്കുന്ന മനുഷ്യന്റെ സ്വപ്നങ്ങളും സ്വപ്നഭംഗങ്ങളും മലയാള കവിതയെ മണ്ണിനോട് ഏറെ അടുപ്പിച്ചു നിറുത്തിയപ്പോൾ കാലത്തെയും മരണത്തെയും അതിഭൗതിക കാമനകളെയും കുറിച്ചുള്ള വൈകാരികവും ധൈഷണികവുമായ അനുഭവങ്ങൾ കവിതയ്ക്ക് ദാർശനികമായ ആയാമങ്ങൾ നല്കുകയും ചെയ്തു. ചങ്ങമ്പുഴയെ പിന്തുടർന്നു കാവ്യരംഗത്തെത്തിയ യുവകവികൾക്ക് അനുകരണത്തിന്റെ ഛായകൾ മായ്ച്ചുകളയാനും മൗലികതയുടെ സാധ്യതകൾ തെളിച്ചെടുക്കാനും കഴിഞ്ഞു. പൊതുവെ കവിതയിൽ കാല്പനികതയുടെ അന്തരീക്ഷം നിറഞ്ഞുനിന്നപ്പോഴും സമകാല യാഥാർത്ഥ്യങ്ങളിൽ നിന്നും അതകന്നുപോവുകയോ അയഥാർത്ഥമായ സ്വപ്നലോകത്ത് അത് അഭയം കണ്ടെത്തുകയോ ചെയ്തില്ല. ഒന്നാമത്തെ ജ്ഞാനപീഠപുരസ്കാരം നേടിയെടുക്കുന്നതിലൂടെ മലയാള കവിത ദേശീയമായ ശ്രദ്ധപിടിച്ചുപറ്റുകയും ചെയ്തു. മൂല്യങ്ങളുടെ ആദർശവത്കരണത്തിലൂന്നിയ കവികൾ ജീവിതത്തിന്റെ അഭികാമ്യതയും സാമൂഹികമായ സമത്വത്തിന്റെ അനിവാര്യതയും വെളിപ്പെടുത്തുന്നതിൽ ബദ്ധശ്രദ്ധരായി. മനുഷ്യന്റെ സാമൂഹികമായ മുന്നേറ്റത്തിലവന് അഭിമുഖീകരിക്കേണ്ടിവരുന്ന പ്രതിസന്ധികളെ പ്രസാദാത്മകമായ കാഴ്ചപ്പാടോടെ നേരിടാനും പ്രത്യാശ നിലനിർത്താനും ഈ കവികൾ ആഹ്വാനം ചെയ്തു. ചെത്തിമിനുക്കി ഭദ്രരൂപമാക്കിയ ഭാവഗീതമായിരുന്നു ഈ കാലഘട്ടത്തിന്റെ കാവ്യരൂപം.


നവോത്ഥാനകഥാസാഹിത്യത്തിന്റെ സ്വാഭാവികമായ തുടർച്ചയായിരുന്നു അടുത്ത ഒരു ദശകക്കാലം നാം കണ്ടത്. നവോത്ഥാന നോവലിസ്റ്റുകളും കഥാകൃത്തുക്കളും അവരുടെ ഏറ്റവും മികച്ച രചനകളിൽ ചിലതെങ്കിലും സംഭാവന ചെയ്തത് ഇക്കാലത്താണ്. സാമൂഹികജീവിതത്തിന്റെ വിശദാംശങ്ങൾ സുവിശാലമായ മാനവീയ ബോധത്തോടെ നോക്കിക്കാണുന്ന നവോത്ഥാന പാരമ്പര്യം പങ്കിടുമ്പോഴും വ്യക്തിമനസ്സുകളിൽ കൂടുതൽ ശ്രദ്ധ അർപ്പിക്കാനും വൈയക്തികമായ ഇച്ഛാഭംഗങ്ങളും ഗൃഹാതുരത്വവും സ്വപ്നങ്ങളുമാവിഷ്കരിക്കാനും അവർക്കു തൊട്ടുപിന്നാലെ വന്ന എഴുത്തുകാർ ശ്രമിച്ചു. നമ്മുടെ രണ്ടു നോവലിസ്റ്റുകൾ ജ്ഞാനപീഠപുരസ്കാരം നേടുന്നതും ഈ കാലഘട്ടത്തിൽത്തന്നെ. അനുഭവവൈചിത്ര്യവും ശില്പപരമായ വൈവിധ്യവും ഈ കാലഘട്ടത്തിലെ ചെറുകഥകളുടെ പ്രത്യേകതയായിരുന്നു. ചെറുകഥ വൈയക്തികാനുഭവങ്ങളുടെ സൂക്ഷ്മമായ ആവിഷ്കാരമാകുന്നതിലൂടെ ഭാവഗീതത്തോടടുക്കുന്നതും നാം കണ്ടു. മനുഷ്യന്റെ സാമൂഹികബന്ധങ്ങളിലും സാമൂഹികമായ സ്വപ്നങ്ങളിലും നിന്നകന്ന് മനുഷ്യമനസ്സിന്റെ നിഗൂഢതകളിലേയ്ക്കിറങ്ങിച്ചെല്ലാൻ തുടങ്ങുന്നതും ഈ കാലഘട്ടത്തിൽത്തന്നെ. സ്ത്രീമനസിന്റെ കാണാപ്പുറങ്ങൾ കുറച്ചൊക്കെ അനാവരണം ചെയ്യപ്പെട്ടു. ചെറുകഥ ഒറ്റപ്പെട്ട വ്യക്തിത്വങ്ങളുടെ ഏകാന്തസ്വരമാവുകയും ചെയ്തു.

> നവോത്ഥാനകഥാസാഹിത്യത്തിന്റെ സ്വാഭാവികമായ തുടർച്ചയായിരുന്നു അടുത്ത ഒരു ദശകക്കാലം നാം കണ്ടത്. നവോത്ഥാന നോവലിസ്റ്റുകളും കഥാകൃത്തുക്കളും അവരുടെ ഏറ്റവും മികച്ച രചനകളിൽ ചിലതെങ്കിലും സംഭാവന ചെയ്തത് ഇക്കാലത്താണ്.

മലയാളനാടകത്തിൽ പുതിയൊരധ്യായം എഴുതിച്ചേർക്കപ്പെടുകയായിരുന്നു. അയഞ്ഞ ഘടനയുള്ള പ്രഹസനങ്ങൾ പിന്തള്ളപ്പെടുകയും ഇബ്സന്റെ നാടകങ്ങളിൽ നിന്ന് പ്രേരണയുൾക്കൊണ്ട് സുഘടിത നാടകങ്ങൾ രചിക്കാനുള്ള ശ്രമമാരംഭിക്കുകയും ചെയ്തു. സാമൂഹികപ്രശ്നങ്ങൾ പ്രമേയമാക്കുന്നതിലൂടെ നാടകം പ്രമേയപരമായ ഗൗരവം നേടി. പാശ്ചാത്യമായ അബ്സേർഡ് നാടകത്തിന്റെയും ഇതിഹാസനാടകത്തിന്റെയും സ്വാധീനം ക്രൈം നാടകം പോലുള്ള ഒറ്റപ്പെട്ട രചനകളിൽ പ്രത്യക്ഷപ്പെട്ടു. മലയാളത്തിന്റെ പ്രൊഫഷണൽ നാടകവേദി ശക്തിപ്പെട്ടു. നാടകത്തിന് ധാരാളം അരങ്ങുകൾ ലഭിച്ചു. പ്രൊഫഷണൽ നാടകവേദിയിൽപ്പോലും

## ജ്ഞാനപീഠം ലഭിച്ച മലയാളികൾ


ജി. ശങ്കരക്കുറുപ്പ് - 1965ൽ


എസ്.കെ. പൊറ്റെക്കാട്ട് - 1980ൽ


തകഴി ശിവശങ്കരപ്പിള്ള- 1984ൽ


എം.ടി. വാസുദേവൻ നായർ - 1995ൽ

പ്രമേയപരവും അവതരണപരവുമായ പരീക്ഷണങ്ങൾ നടന്നു. നാടകം സാമൂഹിക ജീവിതത്തിന്റെ അപ്രധാനമല്ലാത്ത ഒരു ഭാഗമായി മാറി.

മലയാളവിമർശനം ഊർജസ്വലമായതും ഈ കാലഘട്ടത്തിൽത്തന്നെ. പദവാക്യഛന്ദോലങ്കാരങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ ബദ്ധമായിരുന്ന നിരൂപണം അതിൽനിന്നു വിടുതൽ നേടുകയും നിയോക്ലാസിക് കാവ്യാഭിരുചിയ്ക്കെതിരെ കലാപം കൂട്ടുകയും ചെയ്തു. സാഹിത്യത്തിലെ രൂപഭാവ സമന്വയത്തെക്കുറിച്ചും ലക്ഷ്യത്തെക്കുറിച്ചും സജീവമായ ചർച്ചകൾ നടന്നു. ജീവിതമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ സാഹിത്യത്തെ വിലയിരുത്താനും മനുഷ്യപുരോഗതിയിൽ സാഹിത്യത്തിനുള്ള പങ്ക് നിർണയിക്കാനുമുള്ള ഗൗരവപൂർണമായ ശ്രമങ്ങൾ നടന്നു. സാഹിത്യത്തെ സംബന്ധിച്ച അടിസ്ഥാനപരമായ ചോദ്യങ്ങൾ ഉന്നയിക്കുന്നതിനൊപ്പം കവിത്രയമുൾപ്പെടെയുള്ള കവികളുടെ സംഭാവനകൾ വിലയിരുത്താനുള്ള ശ്രമങ്ങളും നടന്നു. നോവലും ചെറുകഥയും വിമർശനത്തിന് വിഷയമായെങ്കിലും ഈ കാലഘട്ടത്തിലെ സാഹിത്യവിമർശനം പൊതുവെ കവിതാകേന്ദ്രീകൃതമായിരുന്നു എന്നതാണ് സത്യം. പ്രയുക്തനിരൂപണത്തെ മുഖ്യമായും നയിച്ചത് നവോത്ഥാന ആദർശങ്ങളായിരുന്നു. അരിസ്റ്റോട്ടിൽ തൊട്ട് ജോർജ് ലൂക്കാച്ച് വരെയുള്ള വൈദേശിക ചിന്തകരുടെ ആശയപരമായ പ്രഭാവം ഈ വിമർശനങ്ങളിൽ കാണുകയും ചെയ്യാം.

1907-ൽ വീണപൂവിന്റെ പ്രസിദ്ധീകരണത്തിൽ തുടങ്ങിയ കാല്പനിക വസന്തം അനേക ദശകങ്ങൾ നീണ്ടുനിന്നു. അതു സൃഷ്ടിച്ച മടുപ്പും സമകാല പാശ്ചാത്യ സാഹിത്യവുമായുള്ള ഗാഢപരിചയവുമാണ് പുതിയൊരു ഭാവുകത്വത്തിന്റെ സൃഷ്ടിക്ക് പ്രേരണ നല്കിയത്. നാസ്തികമായ അസ്തിത്വവാദ ദർശനവും നീത്ഷെയെപ്പോലുള്ളവരുടെ അസാമാന്യമായ വെളിപാടുകളും ഈ പരിവർത്തനത്തെ ത്വരിപ്പിച്ച പ്രധാനശക്തികളാണ്.

മലയാള കവിതയ്ക്ക് പുതിയ ഭാവവും രൂപവും നല്കാനാണ് നവീന കവികൾ ശ്രമിച്ചത്. കവിതയിൽനിന്ന് കാല്പനികതയുടെ ഭാവഛായ പരമാവധി ചോർത്തിക്കളഞ്ഞു. ഒരേ കവിതയിൽത്തന്നെ വിരുദ്ധഭാവങ്ങളും ആശയങ്ങളും നിബന്ധിച്ച് അന്തർഭാവപരമായ സങ്കീർണത സൃഷ്ടിച്ചു. ശിഥില ബിംബങ്ങളും മൈത്തിക സൂചനകളും കൊണ്ട് സൃഷ്ടിച്ചെടുത്ത കാവ്യഘടന പലപ്പോഴും ഭാവപരമായ അനുസ്യൂതിയ്ക്ക് വിഘ്നം സൃഷ്ടിച്ചു. ഞെട്ടലോ ജുഗുപ്സയോ ഉളവാക്കുമാറ് കവിതയെ സർ റിയലിസ്റ്റ് ബിംബങ്ങൾകൊണ്ട് വന്യമാക്കി. ജീവിതമല്ല അനിവാര്യമായ മരണമായിരുന്നു അവരുടെ പ്രധാന പ്രമേയം. സ്ഥാപിതമായ മൂല്യങ്ങളെ അവർ തിരസ്കരിക്കുകയോ അവഗണിക്കുകയോ ചെയ്തു. വൃത്തത്തിന്റെ സുനിയത താളം അവർ അംഗീകരിച്ചില്ല. കാവ്യഭാഷയെക്കുറിച്ചുള്ള വരേണ്യ സങ്കല്പം തകർത്തെറിയാനും അവർ തയ്യാറായി. കവിത പരാവർത്തനക്ഷമമല്ലാതായി. പക്ഷേ നവീന കവിത പെട്ടെന്നാണ് മാർക്സിയൻ പ്രേരണയ്ക്കു വിധേയമായത്. വാസ്തവത്തിൽ അസ്തിത്വവാദത്തിന്റെ ഊഷരതയിൽ നിന്ന് മാർക്സിയൻ മാനവ വാദത്തിലേയ്ക്കുള്ള ഈ മാറ്റം വിശദമായ പഠനമർഹിക്കുന്നു.

മലയാള നോവലിന്റെയും ചെറുകഥയുടെയും മേഖലയിൽ പുതുമ സൃഷ്ടിച്ചത് ഒരേ എഴുത്തുകാരായിരുന്നു. മരണത്തെക്കുറിച്ചുള്ള അവബോധവും സ്വത്വാന്വേഷണവും അസ്തിത്വവ്യഥയും സ്ഥാപിതമായ മൂല്യങ്ങളുടെയും സാമൂഹിക സ്ഥാപനങ്ങളുടെയും നിസ്സംഗമായ നിഷേധവുമൊക്കെ ഈ രചനകളുടെ പൊതു സ്വഭാവങ്ങളാണ്. ലൈംഗികതയെ വാഴ്ത്തുകയും സ്ത്രീയെ വില കുറഞ്ഞ ഉപഭോഗവസ്തുവായി നിന്ദിക്കുകയും ചെയ്തു ഈ എഴുത്തുകാർ എന്ന് പിൽക്കാല വിമർശകർ തിരിച്ചറിഞ്ഞിട്ടുണ്ട്. സംഭവപ്രധാനമായ കഥാഘടന അവർ മിക്കവാറുമൊഴിവാക്കി. ആശയങ്ങളോ കഥാപാത്രമോ ആഖ്യാനത്തെ നിർണയിക്കുന്ന അവസ്ഥ സംജാതമായി. ചെറുകഥകൾ പലപ്പോഴും അസ്തിത്വദർശനനിഷ്ഠമായ ആശയങ്ങളുടെ ദുർഗ്രഹമായ ഇക്വേഷനുകളായി മാറി. നവീന സാഹിത്യമഭിമാനിച്ചത് അതിന്റെ ദാർശനികതയുടെയും ബുദ്ധിജീവികൾക്കുമാത്രം സുഗ്രഹമായ രൂപരചനാ വൈശിഷ്ട്യത്തിന്റെയും പേരിലാണ്.

നാടകരംഗത്ത് വമ്പിച്ച ചലനങ്ങളുണ്ടായെന്നു പറഞ്ഞുകൂടാ. ഫോക് പാരമ്പര്യത്തിന്റെ കരുത്തുൾക്കൊണ്ട് തനതു നാടകവേദി ശക്തമായി. അബ്സേർഡ് നാടകസങ്കേതത്തിന്റെയും എപ്പിക് ഡ്രാമയുടെയും തികച്ചും കേരളീയമായ നാടോടിക്കലകളുടെയും ഘടകങ്ങൾ സമന്വയിച്ച് ചില പരീക്ഷണങ്ങൾ നടന്നു. പ്രൊഫഷണൽ നാടകവേദിയിൽ പൊതുവെ പ്രകടമായത് ഒരുതരം മാന്ദ്യമായിരുന്നു.

നവീന സാഹിത്യത്തെ മനസ്സിലാക്കാനും വിലയിരുത്താനും നവോത്ഥാന ആശയങ്ങൾക്കോ സാഹിത്യദർശനങ്ങൾക്കോ കഴിയില്ലെന്ന ധാരണയാണ് വിമർശനത്തിൽ പുതിയ വഴികൾ തേടാനുള്ള പ്രേരണ നല്കിയത്. നവീന സാഹിത്യത്തിലെ മൂല്യനിഷേധങ്ങളെയും ദാർശനിക വ്യഥകളെയും സാധൂകരിക്കുകയോ ആദർശവത്കരിക്കുകയോ ചെയ്യുക എന്നതാണ് ഈ വിമർശനം അടിസ്ഥാനപരമായി ചെയ്തത്. നവീന സാഹിത്യത്തിന്റെ ദുർഗ്രഹമായ രചനാശില്പങ്ങളെ വ്യാഖ്യാനിക്കാനും വിശദീകരിക്കാനും അവർ തയ്യാറായി. വിമർശനം ഒരേസമയം ദർശനപരവും ആത്മനിഷ്ഠവുമാകുന്നു എന്നതാണ് ഇവിടെ ശ്രദ്ധിക്കപ്പെടേണ്ടത്. നവീന സാഹിത്യത്തിലെന്നപോലെ വിമർശനത്തിലും നിയോമാർക്സിയൻ ആശയങ്ങളുടെ പ്രഭാവവും പ്രകടമാണ്.

1980കളോടെ മലയാളത്തിൽ നവീനതയുടെ പ്രസക്തി നഷ്ടമായി എന്ന് അതിന്റെ ആരാധകർ തന്നെ സമ്മതിക്കുന്നു. സാഹിത്യത്തിന്റെ എല്ലാ മേഖലകളിലും പുതി

## സംസ്ഥാനസർക്കാരിന്റെ എഴുത്തച്ഛൻ പുരസ്കാരം നേടിയവർ

1993 – ശൂരനാട് കുഞ്ഞൻപിള്ള
1994 – തകഴി ശിവശങ്കരപ്പിള്ള
1995 – ബാലാമണിയമ്മ
1996 – ഡോ. കെ.എം. ജോർജ്
1997 – പൊൻകുന്നം വർക്കി
1998 – എം.പി. അപ്പൻ
1999 – കെ.പി. നാരായണപ്പിഷാരടി
2000 – പാലാ നാരായണൻ നായർ
2001 – ഒ.വി. വിജയൻ
2002 – മാധവിക്കുട്ടി (കമല സുരയ്യ)
2003 – ടി. പത്മനാഭൻ
2004 – സുകുമാർ അഴീക്കോട്
2005 – എസ്. ഗുപ്തൻ നായർ
2006 – കോവിലൻ



കോവിലൻ


യൊരു ഭാവുകത്വം തെളിഞ്ഞുവരുന്നതായി കരുതുന്ന വിമർശകരുണ്ട്. ഈ ഭാവുകത്വം ഉത്തരാധുനികതയുടേതാണെന്നും വാദിക്കപ്പെടുന്നു.

പിൽക്കാല മുതലാളിത്തത്തിന്റെ പരമമായ വികാസം സൃഷ്ടിച്ച ഒരു സാംസ്കാരിക കാലാവസ്ഥയാണ് ഉത്തരാധുനികത. സൈബർ സംസ്കാരവും ബൃഹദാഖ്യാനങ്ങൾക്കു സംഭവിച്ച അപചയവും ഈ സവിശേഷ സാംസ്കാരികാവസ്ഥയുടെ സംജനനത്തിനു കാരണമായി. ഇന്ത്യയിലോ കേരളത്തിലോ അത്തരമൊരു 'മില്യൂ' ഉണ്ടോ എന്ന ചോദ്യം ചർച്ച ചെയ്യപ്പെടേണ്ടതാണ്. ആഗോളവത്കരണത്തിന്റെയും ഇലക്ട്രോണിക് മാധ്യമങ്ങളുടെയും ബഹുജനമാധ്യമങ്ങളുടെയും സ്വാധീനം ഇവിടെയും ഉത്തരാധുനികതയുടെ അന്തരീക്ഷം ഒരളവോളം സൃഷ്ടിച്ചിരിക്കുന്നു എന്നേ പറയാനാവൂ.

പുതിയ എഴുത്തുകാർ നവീന സാഹിത്യത്തിന്റെ പാരമ്പര്യത്തെ തിരസ്കരിക്കുന്നു. നവീനർ ഊറ്റം കൊണ്ടിരുന്ന ദർശന വ്യവസംഹിതയോ അഭിജാത ആസ്വാദകർക്കു മാത്രം മനസ്സിലാകുന്ന രചനാ സങ്കീർണതകളോ അവരംഗീകരിക്കുന്നില്ല. ജീവിതത്തിനു നേരേ അരാഷ്ട്രീയവും ഒരുതരം നിർലേപവുമായ സമീപനമാണവർ സ്വീകരിക്കുന്നത്. കാഴ്ച്ചപ്പാടിലും രചനയിലും ബഹുസ്വരത നിലനിർത്തുന്നു. കവിത ഘടനാപരമായി ലളിതവും അന്തർ ഭാവപരമായി ലഘുവുമായിരിക്കുന്നു. ആഗോളവത്കരണത്തോടും പുതിയ മാധ്യമ സംസ്കാരത്തോടും ഒക്കെ പ്രതികരിക്കുമ്പോഴും അത് ഗഹനതകൾ ഒഴിവാക്കുന്നു. ബിംബകല്പനകളെയല്ല, ഉക്തി വൈചിത്ര്യങ്ങളെയാണ് അവർ ആവിഷ്കാരത്തിന് ഏറെ ആശ്രയിക്കുന്നത്.

ദേശത്തെ എഴുതലാണ് പുതിയ നോവൽ. സവിശേഷതകളുള്ള ഒരു പ്രദേശത്തിന്റെ ചരിത്രത്തെ, പാർശ്വവത്കൃതരായവരുടെ ജീവിതത്തെ മുൻനിർത്തി 'സാഹിത്യ'വത്കരിക്കുകയാണ് അവർ ചെയ്യുന്നത്. നായകസ്ഥാനത്തോടടുക്കുന്ന കഥാപാത്രങ്ങളോ ഹൃദയോന്മാഥിയായ നാടകീയ മുഹൂർത്തങ്ങളോ അവയിൽ കണ്ടെന്നുവരില്ല. ആന്റിനോവലും മെറ്റാഫിക്ഷനുമെല്ലാം പരീക്ഷിക്കപ്പെടുന്നുമുണ്ട്.

ബൃഹദാഖ്യാനങ്ങളെ നിരസിക്കുന്ന പുതിയ എഴുത്തുകാർ കവിതയിലും കഥയിലും നോവലിലും ഫെമിനിസത്തിനും ദളിത് അവബോധത്തിനും ഏറെ പ്രാധാന്യം കല്പിക്കുന്നു. സ്ത്രീജീവിതത്തെ അനുഭവിക്കുന്നതിന്റെ വ്യത്യസ്തതകളിലൂന്നുന്ന പെണ്ണെഴുത്തുകാർ ജീവിത്തിന്റെ സമസ്തമേഖലകളിലെയും പുരുഷാധിപത്യത്തെ തുറന്നുകാട്ടാനും ചോദ്യം ചെയ്യാനും തയ്യാറാകുന്നു. സ്വന്തം സ്വത്വത്തിനു നിദാനം ശരീരമാണെന്ന് അറിയുന്ന അവർ ശരീരം കൊണ്ടുള്ള എഴുത്തിന്



വൈക്കം മുഹമ്മദ് ബഷീർ

അനുയോജ്യമായ ഒരു സ്ത്രീഭാഷ സൃഷ്ടിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ദാമ്പത്യം, കുടുംബം എന്നീ സ്ഥാപനങ്ങളുടെ സാധുത്വത്തെ അവർ ചോദ്യം ചെയ്യുന്നു. കവിതയിലും നോവലിലും ഈ പ്രവണത പ്രബലമായിട്ടുണ്ട്.

ദളിത് ജീവിതത്തെ ഒട്ട് അകന്നുനിന്നു കാണുന്ന ചില രചനകൾ നവോത്ഥാന കാലത്തുതന്നെ മലയാളത്തിനു ലഭിച്ചിട്ടുണ്ട്. പക്ഷേ ഇന്ന് കുറച്ചുകൂടി സംഘടിതമായി വ്യക്തമായ ഒരു ദർശനത്തിന്റെ പിൻബലത്തോടെ ദളിതനുഭവങ്ങളാവിഷ്കരിക്കാനുള്ള യത്നമാണ് പ്രകടമാകുന്നത്. ദളിതനുഭവത്തിന്റെ വ്യത്യസ്തത, അതിന്റെ ദൈന്യം, അടിച്ചമർത്തൽ സൃഷ്ടിക്കുന്ന വീർപ്പുമുട്ടൽ, ഇഴുകിപ്പിടിക്കുന്ന അധമത്വബോധം, മാനഭംഗത്തിന്റെ വിഹ്വലതകൾ, അശാമ്യമായ പക, പരാശ്രയം കൂടാതെ മുന്നേറാനുള്ള അന്തർദാഹം ഇതെല്ലാം ചേർന്ന സങ്കീർണമായ ഒരന്തർഭാവമാണ് ഈ രചനകളെ വ്യതിരിക്തമാക്കുന്നത്. ആത്മാനുഭവത്തിന്റെ തീക്ഷ്ണത ഈ രചനകളെ അനുഗ്രഹിച്ചിട്ടുമുണ്ട്.

സമകാല വിമർശനം ഏറെ സങ്കീർണമാണ്. അത് അധികം വ്യാപരിക്കുന്നത് സൈദ്ധാന്തിക തലത്തിലാണ്. ഉത്തരാധുനിക വിമർശന പദ്ധതികളായ അപനിർമാണവും സംസ്കാരപഠനവുമാണ് ഏറെ പരീക്ഷിക്കപ്പെടുന്നത്. സാഹിത്യവിമർശനം ഭാഷാനിഷ്ഠവും പാഠനിഷ്ഠവുമാകുന്നു. ഒരു കൃതിയുടെ തന്നെ അർത്ഥപരമായ ബഹുസ്വരതയുടെ വിശദീകരണം, സാഹിത്യത്തെ ഫെമിനിസ്റ്റ് രീതിയിലും ദളിത് അവബോധപരമായും സമീപിക്കാനുള്ള ശ്രമങ്ങൾ, ഇതൊക്കെ അതിൽ കാണാം. ഭാരതീയ വിമർശപദ്ധതികൾ നോവൽ പോലുള്ള സാഹിത്യരൂപങ്ങളിൽ പ്രയോഗിച്ചു നോക്കാനുള്ള ഗൗരവപൂർണമായ ശ്രമങ്ങളുമുണ്ട്. സാഹിത്യം പഠനീയമായ ഒരു ജ്ഞാനവിഷയമായി തിരിച്ചറിയപ്പെടുകയും അതിന്റെ കലാത്മകതയും ആസ്വാദ്യതയും അവഗണിക്കപ്പെടുകയും ചെയ്യുന്നു എന്ന സത്യം സൂചിപ്പിക്കാതെ വയ്യ.

സാഹിത്യചരിത്രത്തെ സംബന്ധിച്ചിടത്തോളം അൻപതു വർഷങ്ങൾ ഒരു നീണ്ട കാലയളവല്ല. പക്ഷേ മലയാളത്തിന്റെ കാര്യത്തിൽ കഴിഞ്ഞ അൻപതു വർഷങ്ങൾ അത്യന്തം ഫലദായകമായിരുന്നു. മലയാള കവിതയും നോവലും ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടു. വളരെ വ്യക്തമായ രണ്ടു ഭാവുകത്വപരിണാമങ്ങൾക്ക് സാക്ഷ്യം വഹിച്ചു. സാഹിത്യം വളരുന്നു എന്നതിനർത്ഥം അതിനന്തർഭാവപരമായും ശില്പപരമായും മാറ്റം വരുന്നു എന്നതാണ്. ഈ മാറ്റങ്ങളിലൂടെയുള്ള ചലനാത്മകത മലയാള സാഹിത്യത്തിന്റെ ഊർജസ്വലതയെയാണ് സാക്ഷ്യപ്പെടുത്തുന്നത്.

വി.കെ. ജോസഫ്



നീലക്കുയിലിൽ മിസ് കുമാരിയും സത്യനും

# മലയാള മനസ്സിന്റെ കണ്ണാടി

കേരള സംസ്ഥാനം 1956-ൽ രൂപം കൊണ്ടപ്പോൾ ഒൻപത് മലയാള ചലച്ചിത്രങ്ങൾ പിറന്നു കഴിഞ്ഞിരുന്നു. 1899-ലാണ് ലൂമിയർ ചിത്രങ്ങളെ അനുകരിച്ചുള്ള ചില ലഘുചിത്രങ്ങളുടെ നിർമിതിയിലൂടെ ഇന്ത്യയുടെ ചലച്ചിത്ര ചരിത്രം ആരംഭിക്കുന്നത്. 1919-ൽ തമിഴിൽ നടരാജ മുതലിയാർ 'കീചകവധം' എന്നൊരു കഥാചിത്രം നിർമിച്ചു. വീണ്ടും ഒരു ദശകം കൂടെ കഴിഞ്ഞാണ് ആദ്യമലയാള സിനിമ പിറക്കുന്നത് - 1928-ൽ ജെ.സി ദാനിയൽ നിർമിച്ച 'വിഗതകുമാരൻ'. അങ്ങനെ മലയാളത്തിലെ ആദ്യത്തെ നിർമാതാവും ആദ്യത്തെ തിരക്കഥാകൃത്തും ആദ്യത്തെ അഭിനേതാവും ആദ്യത്തെ സംവിധായകനും ആയി ദാനിയേൽ ചരിത്രത്തിൽ സ്ഥാനം പിടിച്ചു. 1928-ൽ ഈ നിശ്ശബ്ദ ചിത്രം പുറത്തിറങ്ങുമ്പോൾ ലോകസിനിമ നിശ്ശബ്ദ ക്ലാസിക്കുകളുടെ വാചാലമായ ചലച്ചിത്രസ്വഭാവം കൊണ്ട് ചലച്ചിത്രത്തിന്റെ ഭാഷയും വ്യാകരണവും സൗന്ദര്യശാസ്ത്രനിയമങ്ങളും വികസിപ്പിച്ചു കഴിഞ്ഞിരുന്നു. 1931 ആയതോടെ ഇന്ത്യൻ സിനിമയും സംസാരിച്ചുതുടങ്ങി. അക്കൊല്ലമാണ് മലയാളത്തിൽ ഒരു നിശ്ശബ്ദ ചിത്രം കൂടെ പിറന്നത്. നാഗർകോവിൽകാരനായ സുന്ദർരാജ് സി.വി. രാമൻപിള്ളയുടെ പ്രസിദ്ധ ചരിത്രനോവലിനെ അവലംബിച്ച് നിർമിച്ച 'മാർത്താണ്ഡവർമ'യാണ് ഈ ചിത്രം.

ഹിന്ദിയിലും തമിഴിലും 1931-ൽ തന്നെ സിനിമകൾ സംസാരിച്ചു തുടങ്ങിയെങ്കിലും, 1938-ൽ നിർമിക്കപ്പെട്ട 'ബാലനി'ലൂടെയാണ് മലയാള സിനിമ ശബ്ദിച്ചു തുടങ്ങിയത്. സേലത്തെ മോഡേൺ തിയേറ്റേഴ്സ് ഉടമയായ ടി.ആർ. സുന്ദരമായിരുന്നു നിർമാതാവ്. നൊട്ടാണിയായിരുന്നു സംവിധായകൻ. 1940-ൽ 'ജ്ഞാനാംബിക'യും അടുത്ത കൊല്ലം 'പ്രഹ്ലാദനും' നിർമിക്കപ്പെട്ടു. പിന്നീട് നീണ്ട ആറുവർഷക്കാലം മലയാള സിനിമയ്ക്ക് വന്ധ്യതയുടെ കാലമായിരുന്നു. അഞ്ചാമത്തെ ചിത്രമായ പ്രഹ്ലാദനാണ് മലയാളത്തിലെ ആദ്യ പുരാണ ചിത്രം. വീണ്ടും പതിനഞ്ചോളം വർഷങ്ങൾക്ക് ശേഷമാണ് ഒരു പുരാണകഥ സിനിമയാകുന്നത്.

1951-ൽ പുറത്തുവന്ന 'ജീവിതനൗക' എല്ലാ ബോക്സോഫീസ് റിക്കാർഡുകളും തകർത്തെറിഞ്ഞു. ഏറ്റവും കൂടുതൽ ദിവസം പ്രദർശിപ്പിച്ച മലയാളചലച്ചിത്രം എന്ന 'ജീവിതനൗക'യുടെ റിക്കാർഡ് നാലു ദശകങ്ങൾക്കുശേഷം മാത്രമാണ് തകർക്കപ്പെട്ടത്. തിരുവനന്തപുരം നഗരത്തിൽ മാത്രം 284 ദിവസം 'ജീവിതനൗക' പ്രദർശിപ്പിച്ചു.



കറുത്തമ്മയും പഴനിയും - രാമുകാര്യാട്ടിന്റെ ചെമ്മീനിൽ നിന്ന്

### സാഹിത്യവുമായുള്ള ബന്ധം

ടി.കെ. പരീക്കുട്ടിയുടെ ഉമസ്ഥതയിലുള്ള 'ചന്ദ്രതാര പ്രൊഡക്ഷൻസ്' 1954-ൽ നിർമിച്ച 'നീലക്കുയിൽ' അന്നോളമുള്ള മലയാളസിനിമയിൽ നിന്നും വ്യത്യസ്തമായ ഒന്നായിരുന്നു. ഉറൂബിന്റെ കഥ അടിസ്ഥാനമാക്കി പി. ഭാസ്കരനാണ് ചിത്രത്തിന്റെ സംവിധാനം നിർവഹിച്ചത്. പിൽക്കാല സിനിമാ ചരിത്രത്തിൽ ശക്തരായിത്തീർന്ന രാമു കാര്യാട്ട്, പി. ഭാസ്കരൻ, വിൻസെന്റ്, സത്യൻ തുടങ്ങിയവരെ ഈ സിനിമയാണ് കൈപിടിച്ചാനയിച്ചത്. നീലക്കുയിൽ രൂപപരമായി, ലോകസിനിമയിലെ മാറ്റങ്ങൾ

അറിഞ്ഞ ഒന്നല്ലെങ്കിലും, അന്നുവരെയുള്ള ചിത്രങ്ങളുടെ കൃത്രിമാന്തരീക്ഷത്തിന്റെ പിടിയിൽ നിന്ന് വിടുതൽ നേടിക്കൊണ്ട്, കേരളീയാന്തരീക്ഷത്തിലേക്കും സ്വാഭാവിക കഥാസന്ദർഭങ്ങളിലേക്കും സിനിമയെ നയിക്കുന്ന ഒന്നായി മാറി. മലയാളത്തിന് ആദ്യത്തെ അവാർഡ് വാങ്ങിത്തന്നതും ഈ സിനിമ തന്നെ.

കേരളപ്പിറവിയുടെ ഘട്ടത്തിൽ 1955-ലും 1956-ലുമായി പുറത്തിറങ്ങിയ 'ന്യൂസ്പേപ്പർ ബോയി'യും 'രാരിച്ചൻ എന്ന പൗരനു'മാണ് ചലച്ചിത്രത്തിന്റെ സ്വന്തമായ ശൈലിയുടെ അന്വേഷണത്തിന് തുടക്കമിട്ടത്. അവയുടെ പ്രമേയവും സാമൂഹ്യപ്രാധാന്യമുള്ളതായിരുന്നു. നേരത്തെ സൂചിപ്പിച്ച അക്കാലത്തെ കേരളീയ സമൂഹത്തിന്റെ രാഷ്ട്രീയ-സാംസ്കാരിക പരിതസ്ഥിതി സിനിമകളുടെ പ്രമേയങ്ങളെ ആഴത്തിൽ സ്വാധീനിക്കുകയുണ്ടായി. 'വിശപ്പിന്റെ വിളി' 'രണ്ടിടങ്ങഴി', 'മുടിയനായ പുത്രൻ' തുടങ്ങിയവയൊക്കെ അക്കൂട്ടത്തിൽ മുമ്പിൽ നിൽക്കുന്നവയാണ്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വ്യാപകവും ശക്തവുമായ സാന്നിധ്യവും സ്വാധീനവും ജനാഭിമുഖ്യമുള്ളതും ഇടതുപക്ഷസ്വഭാവമുള്ളതുമായ പ്രമേയങ്ങൾ സ്വീകരിക്കാൻ ചലച്ചിത്രകാരന്മാരെ പ്രേരിപ്പിച്ചു. ഈ ചിത്രങ്ങളിൽ 'ന്യൂസ്പേപ്പർ ബോയ്' ഒഴികെ മറ്റൊന്നിനും സിനിമയുടെ രൂപമുണ്ടായിരുന്നില്ല. 'ന്യൂസ്പേപ്പർ ബോയ്' മാത്രമാണ് കാലത്തെ അതിജീവിച്ച് ഇന്നും ചലച്ചിത്ര പ്രേക്ഷകർക്ക് താത്പര്യമുണർത്തുന്ന സിനിമ. ഈ സിനിമ എഴുപതുകളിലെ നവീന സിനിമയെ ഗർഭത്തിൽ വഹിച്ചിരുന്നു. സംവിധായകൻ രാമദാസിന് കൂടുതൽ സൗകര്യങ്ങളും ലോകസിനിമയെക്കുറിച്ചുള്ള പരിജ്ഞാനവും വേണ്ടത്രയുണ്ടായിരുന്നെങ്കിൽ ഇന്ത്യൻ സിനിമയ്ക്ക് എക്കാലവും ഉയർത്തിപ്പിടിക്കാവുന്ന ഒന്നായി 'ന്യൂസ്പേപ്പർ ബോയി' മാറുമായിരുന്നു.

അറുപതുകളിലെ മലയാളസിനിമ പ്രശസ്തരായ സാഹിത്യകാരന്മാരും അവരുടെ കൃതികളുമായുള്ള ബാന്ധവത്തിലൂടെയാണ് വളർന്നതെന്ന് കാണാൻ കഴിയും. മലയാളികളുടെ മനസിൽ സ്ഥാനം പിടിച്ചു കഴിഞ്ഞ കൃതികളുടെ പ്രശസ്തിയും ജനപ്രീതിയും ഉപയോഗപ്പെടുത്തുക എന്ന വിപണനസൂത്രവും ഈ സാഹിത്യബന്ധങ്ങൾക്ക് ഒരു കാരണമാകാം. ഒരു കഥ പറയൽ മാത്രമാണ് സിനിമ എന്നധാരണ വളരെ ശക്തമായി നിലനിന്നിരുന്നുതാനും. സേതുമാധവന്റെ 'ഓടയിൽ നിന്ന്', വിൻസെന്റിന്റെ 'ഭാർഗവീനിലയം', രാമുകാര്യാട്ടിന്റെ 'ചെമ്മീൻ', പി. ഭാസ്കരന്റെ 'ഇരുട്ടിന്റെ ആത്മാവ്' തുടങ്ങിയ ചിത്രങ്ങൾ അറുപതുകളിലെ സാഹിത്യവാഴ്ചയുടെ ഉപോത്പന്നങ്ങളായും ഉദാഹരണങ്ങളായും കണക്കാക്കാം. ഈ സാഹിത്യസിനിമാബന്ധത്തിലൂടെ സിനിമയെ ഉൾക്കൊള്ളാനും അറിയാനും കഴിഞ്ഞത് എം.ടി. വാസുദേവൻ നായർക്കാണ്. എം.ടിയുടെ തിരക്കഥകളാണ് സിനിമയോട് അടുത്തുനിന്നത്. അതുകൊണ്ട് തന്നെ മറ്റുപലരും രംഗത്ത് അപ്രസക്തരായപ്പോൾ എം.ടിക്ക് 'നിർമാല്യം' എടുക്കാൻ കഴിഞ്ഞു.

അറുപതുകളുടെ ബാക്കിപത്രങ്ങളിലൊന്ന് ബഷീറിന്റെ ശക്തമായ തിരക്കഥകൊണ്ടും വിൻസെന്റിന്റെ ക്യാമറകൊണ്ടും ശ്രദ്ധേയമായ 'ഭാർഗവീനിലയ'മാണ്. സിനിമയുടെ ഭാഷ അന്വേഷിച്ചു തുടങ്ങിയ ചില ക്യാമറാമാൻമാരും ആ കാലഘട്ടത്തിന്റെ സംഭാവനയാണ്. യു. രാജഗോപാൽ (ചെമ്മീൻ), ഇ. എൻ. ബാലകൃഷ്ണൻ (ഇരുട്ടിന്റെ ആത്മാവ്), വിൻസെന്റ് (ഭാർഗവീനിലയം, നീലക്കുയിൽ) എന്നിവരാണവർ. ക്യാമറ ചലിപ്പിക്കാനുള്ളതു കൂടിയാണെന്ന് പലരും മറന്ന കാലത്ത് ക്യാമറ ഉപയോഗിച്ച രീതിയാണ് അവരെ വ്യത്യസ്തരാക്കുന്നത്. നടീനടന്മാർ മാത്രം ക്യാമറയ്ക്കു മുമ്പിൽ വിഷമിച്ചുനിൽക്കുകയും നീങ്ങുകയും ചെയ്ത ദുരവസ്ഥയിൽ ക്യാമറയുടെ ചെറിയ ചലനങ്ങൾ പോലും വലിയ കാൽവയ്പുകളായി കാണേണ്ടതുണ്ട്. അറുപതുകൾ മലയാളസിനിമയ്ക്ക് നൽകിയ മറ്റൊന്ന് സത്യൻ, പി. ജെ. ആന്റണി, ഷീല, ശാരദ, കവിയൂർ പൊന്നമ്മ തുടങ്ങിയ നടീനടന്മാരുടെ സാന്നിധ്യമാണ്.


അമ്മയറിയാൻ

അറുപതുകളുടെ അവസാനത്തിലും സാഹിത്യബന്ധം നമ്മുടെ സിനിമ നിലനിർത്തി. കുടുംബ സാമൂഹ്യപ്രശ്നങ്ങളിലൂന്നിയ ചില സിനിമകളും അക്കാലം നൽകിയിട്ടുണ്ട്. 'യക്ഷി', 'പണി തീരാത്ത വീട്', 'അടിമകൾ', 'കടൽപ്പാലം', 'അരനാഴികനേരം', 'ഓളവും തീരവും', 'കുട്ട്യേടത്തി', 'പ്രിയ', 'തുലാഭാരം', 'അസുരവിത്ത്', 'മൂലധനം', 'നഗരമേ നന്ദി', 'ഒരു പെണ്ണിന്റെ കഥ' എന്നിവയൊക്കെ അക്കൂട്ടത്തിൽപ്പെടുത്താം. അറുപതുകളിലെ സംവിധായകരിൽ ചലച്ചിത്രത്തിന്റെ ദൃശ്യഭാഷ കുറെയെങ്കിലും അറിയുന്നവർ രാമുകാര്യാട്ടും വിൻസെന്റും സേതുമാധവനുമായിരുന്നു. അതിൽ രാമുകാര്യാട്ട് തികച്ചും വ്യത്യസ്തമായ പ്രമേയങ്ങളുടെ തിരഞ്ഞെടുക്കലിൽ, ധീരമായ നിലപാടുകളാണ് സ്വീകരിച്ചത്.

എഴുപതുകളുടെ തുടക്കത്തിൽ മലയാളസിനിമയുടെ ചരിത്രത്തിലാദ്യമായി ചലച്ചിത്രഭാഷ ഉൾക്കൊള്ളാൻ തീവ്രമായി ശ്രമിച്ച ഒരു രചനയുണ്ടായി. പി.എൻ. മേനോന്റെ 'ഓളവും തീരവും'. നമ്മുടെ കലാസിനിമയുടെയും നവീനസിനിമയുടെയുമൊക്കെ സജീവതയാരംഭിക്കുന്നത് 'ഓളവും തീരവും' സൃഷ്ടിച്ച പുതിയ ഭാവുകത്വത്തിന്റെ തണലിൽനിന്നു കൂടെയാണെന്ന് നാം ഇനിയും അംഗീകരിച്ചിട്ടില്ല. നവീന സിനിമയിലേക്കുള്ള ഒരു പാലമായിരുന്നു ആ സിനിമ. അപ്പോഴേക്കും മലയാളസിനിമയിൽ സാധാരണ ജനങ്ങൾ കഥാപാത്രങ്ങളായിത്തുടങ്ങിയിരുന്നു. പ്രഭുകുടുംബങ്ങളിൽ നിന്നും സിനിമ ഭൂമിയിലിറങ്ങി നടന്നുതുടങ്ങിയിരുന്നു.

**എൺപതുകളിലെ സിനിമ പല വഴികളിലാണ് നിലയുറപ്പിച്ചത്. അതിഭാവുകത്വവും നാടകീയ സന്ദർഭങ്ങളും സെന്റിമെന്റലിസവും കൂട്ടിക്കുഴച്ച, കുടുംബചിത്രങ്ങളെന്ന ലേബലൊട്ടിക്കപ്പെട്ട സിനിമകളാണൊരു വിഭാഗം.**

സത്യജിത്റായിയുടെയും ഋത്വിക്ക്ഘട്ടക്കിന്റെയും മൃണാൾസെന്നിന്റെയും മറ്റും ശ്രമങ്ങളിൽ നിന്നാണ് ഇന്ത്യൻ സിനിമയിലെ നവോത്ഥാനത്തിന്റെ നാന്ദി. എഴുപതുകളുടെ തുടക്കത്തിലെ മറ്റു ഭാഷാചിത്രങ്ങളിൽ സംഭവിച്ച പ്രമേയപരവും രൂപപരവുമായ പൊളിച്ചെഴുത്തുകൾക്ക് ഈ ബംഗാളി ചലച്ചിത്ര ത്രയത്തോടു തന്നെ കടപ്പെട്ടിരിക്കുന്നു. 'സ്വയംവര'ത്തിന്റെ



സ്വയംവരം

**ജനപ്രിയ സിനിമയുടെ അമരക്കാരായിത്തീർന്ന പുതിയ ചെറുപ്പക്കാർ മാധ്യമത്തിന്റെ സാധ്യതകളും സാങ്കേതിക വളർച്ചയും വിദഗ്ധമായി ഉപയോഗിക്കാൻ കഴിയുന്നവരാണെന്നുള്ളതും ഒരു സത്യമാണ്. പ്രിയദർശൻ, സിബിമലയിൽ, സത്യൻ അന്തിക്കാട് തുടങ്ങിയവർ അക്കൂട്ടത്തിൽ ശ്രദ്ധേയരാണ്.**

നിർമാണത്തോടെ അടൂർഗോപാലകൃഷ്ണൻ 'ഓളവും തീരവും' സംവിധാനം ചെയ്ത പി.എൻ. മേനോന്റെ പാതയിലൂടെ ബഹുദൂരം മുമ്പോട്ടുപോവുകയും മലയാള ചലച്ചിത്രത്തിന് സമഗ്രമായ ഒരു ഭാഷ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിവയ്ക്കുകയും ചെയ്തു. ഫിലിം സൊസൈറ്റി പ്രസ്ഥാനവും മാധ്യമങ്ങളും പ്രേക്ഷകരും എല്ലാം ചേർന്ന് നവീന സിനിമയ്ക്ക് പാത ഒരുക്കുകയായിരുന്നു. 1972-ൽ 'സ്വയംവരം' 1973-ൽ 'നിർമാല്യം' 1974-ൽ 'ഉത്തരായനം' 'അതിഥി' 1975-ൽ 'കബനീനദി ചുവന്നപ്പോൾ' എന്നിവ പുറത്തുവന്നു. അടൂരും എം.ടിയും അരവിന്ദനും കെ.പി. കുമാരനും കെ.ജി. ജോർജും പി.എ. ബക്കറും മലയാളസിനിമയിൽ ഒരു വസന്തത്തിന്റെ ഇടിമുഴക്കം സൃഷ്ടിക്കുകയായിരുന്നു. മലയാളസിനിമ ദേശീയപുരസ്കാരങ്ങൾ നേടിക്കൊണ്ട് ശ്രദ്ധേയമായി. 'അതിഥി' എന്ന സിനിമ യഥാതഥവിരുദ്ധ ചലച്ചിത്രപ്രസ്ഥാനത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ട്രീറ്റ്മെന്റിന്റെ സ്വഭാവംകൊണ്ടും പ്രമേയ വ്യത്യസ്തതകൊണ്ടും വേറിട്ടുനിൽക്കുന്ന 'അതിഥി'ക്ക് നൽകേണ്ട ചരിത്രപരമായ പ്രതിഷ്ഠാപനം (Placement) ഇനിയും നൽകിയിട്ടില്ലെന്നുള്ളത് ഖേദകരമാണ്.

നവസിനിമ അല്ലെങ്കിൽ ആർട്ട് സിനിമ എന്ന് മുദ്രകുത്തപ്പെട്ട സിനിമ അതിന്റേതായ പ്രത്യേക ഫോർമുലകളിൽ കുരുങ്ങിപ്പോവുകയായിരുന്നു. മന്ദതാളവും വിരസമായ ഷോട്ടുകളുടെ ഗിമ്മിക്കുകളും ദുർഗ്രഹതയുംകൊണ്ട് ചലച്ചിത്രത്തിന്റെ സ്വച്ഛന്ദത നിയന്ത്രിക്കപ്പെടുകയായിരുന്നു. ഈ ഇരുണ്ട ദശാസന്ധികളിലും മലയാളസിനിമയെ ലോകസിനിമയോടടുപ്പിക്കുന്ന ചില സിനിമകൾ നമുക്ക് കിട്ടി. അടൂർ ഗോപാലകൃഷ്ണന്റെ 'എലിപ്പത്തായം', കെ.പി. കുമാരന്റെ 'അതിഥി', അരവിന്ദന്റെ 'തമ്പ്', 'വാസ്തുഹാര', ജോൺ എബ്രഹാമിന്റെ 'അഗ്രഹാരത്തിൽ കഴുതൈ', 'അമ്മ അറിയാൻ', കെ.ആർ. മോഹനന്റെ 'പുരുഷാർഥം', രവീന്ദ്രന്റെ 'ഒരേ തൂവൽ പക്ഷികൾ', ടി.വി. ചന്ദ്രന്റെ 'ആലീസിന്റെ അന്വേഷണം' തുടങ്ങിയ ചിത്രങ്ങളിലൂടെ നാം ലോകസിനിമയുടെ വർത്തമാനത്തിൽത്തന്നെ കാലൂന്നി.

മറ്റു ഭാഷാസിനിമകളിൽ നിന്ന് വ്യത്യസ്തമായി മലയാളസിനിമയിൽ രാഷ്ട്രീയ പ്രശ്നങ്ങൾ കൂടുതലായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. 'അനുഭവങ്ങൾ പാളിച്ചകൾ', 'മൂലധനം' തുടങ്ങിയവ അറുപതുകളിൽ പുറത്തുവന്ന രാഷ്ട്രീയ സ്വഭാവമുള്ള ചിത്രങ്ങളായിരുന്നു. അവയൊക്കെ ജനപ്രിയ ഫോർമുലകളിൽ കുടുങ്ങിയതുകൊണ്ടും രാഷ്ട്രീയവീക്ഷണം പാളിപ്പോയതുകൊണ്ടും ഒരിടത്തുമെത്താതെ ഒടുങ്ങുകയാണുണ്ടായത്. രാഷ്ട്രീയ സമരങ്ങളെയും വിപ്ലവശ്രമങ്ങളെയും കമ്പോള ചരക്കാക്കാമെന്ന് തെളിയിച്ച ഒരു ചിത്രവും അക്കൂട്ടത്തിലുണ്ടായിട്ടുണ്ട് - കുഞ്ചാക്കോയുടെ 'പുന്നപ്ര-വയലാർ'. യഥാർഥ രാഷ്ട്രീയ സിനിമ തുടങ്ങുന്നത് 'കബനീനദി ചുവന്നപ്പോൾ' എന്ന ബക്കർ ചിത്രത്തിൽ നിന്നാണ്. ബക്കറിന്റെ തന്നെ 'സംഘഗാന'വും ലെനിൻ രാജേന്ദ്രന്റെ 'മീനമാസത്തിലെ സൂര്യനും' ആ വഴിക്കുള്ള ശ്രമങ്ങൾ തന്നെയായിരുന്നു. രാഷ്ട്രീയ മാനങ്ങളുള്ള 'ഒരേ തൂവൽ പക്ഷികൾ' മലയാളത്തിലെ എട്ടോ പത്തോ നല്ല സിനിമകളിൽ പെടുത്താവുന്ന ഒന്നാണ്. ജോൺ എബ്രഹാമിന്റെ 'അമ്മ അറിയാൻ' യഥാർഥ രാഷ്ട്രീയ പ്രയോഗം നിർവഹിക്കുന്ന ഒരു ആക്ടിവിസ്റ്റ് സിനിമയാണ്. മാത്രമല്ല മലയാളത്തിലെ നൂതനമായൊരു സിനിമാശാഖയായി അത് മാറിയേനെ. നിർമാണ വിതരണ രീതികളിൽ തികച്ചും വിപ്ലവകരവും ജനാധിപത്യപരവുമായ പ്രയോഗരീതികൾ ആണ് ജോണും ഒഡേസാ പ്രവർത്തകരും അവലംബിച്ചത്.

പദ്മരാജൻ, തന്റെ സാഹിത്യപാരമ്പര്യത്തിൽ നിന്ന് ചലച്ചിത്രകാരനായി തീർന്നപ്പോൾ മലയാള സിനിമയിൽ വ്യത്യസ്തമായൊരു രീതിയുണ്ടാവുകയായിരുന്നു. വളരെ വ്യത്യസ്തമായ പ്രമേയങ്ങൾ സ്വീകരിച്ചുകൊണ്ട് പദ്മരാജൻ ഏറെ പോപ്പുലറാവുകയും ചെയ്തു. 'ഒരിടത്തൊരു ഫയൽവാൻ', 'പെരുവഴിയമ്പലം', 'കള്ളൻ പവിത്രൻ' എന്നീ പദ്മരാജൻ ചിത്രങ്ങൾ നല്ല സിനിമയുടെ വഴിയിൽ നിൽക്കുന്നവയാണ്.

കെ.ജി. ജോർജിന്റെ സിനിമയുടെ രാഷ്ട്രീയ സ്വഭാവം വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയിട്ടുണ്ട്. മൂന്നു വർഗങ്ങളുടെ പ്രതിനിധികളായ മൂന്നു സ്ത്രീ കഥാപാത്രങ്ങളിലൂടെ വർഗ വൈരുധ്യങ്ങളുടെയും സ്ത്രീ സഹനങ്ങളുടെയും കഥ പറയുന്ന 'ആദാമിന്റെ വാരിയെല്ലും' പുത്തൻ വരേണ്യവർഗത്തിന്റെ ഉദയവും അവരുടെ സാമ്പത്തിക രാഷ്ട്രീയ ബന്ധങ്ങളും അതിന്റെ ഉത്പന്നങ്ങളായ മൂല്യത്തകർച്ചയും ക്രൂരതകളും കേരളത്തിന്റെ പശ്ചാത്തലത്തിൽ ചർച്ച ചെയ്യാൻ ശ്രമിച്ച 'ഇരകളും'രാഷ്ട്രീയ സിനിമകളായിത്തന്നെ പരിഗണിക്കേണ്ടിയിരിക്കുന്നു. ഈ ചിത്രങ്ങൾ വേണ്ടത്ര ചർച്ച ചെയ്യപ്പെടാതെപോയി എന്നത് നമ്മുടെ ചലച്ചിത്ര ബൗദ്ധികരംഗങ്ങളിലെ ഷണ്ഡത്വത്തെ കുറിക്കുന്നു.

മതത്തിന്റെ ആത്മീയ രാഷ്ട്രീയത്തിനും ദൈവത്തിനും സ്വന്തം അനുഭവങ്ങൾക്കുമിടയിൽ പിടയുന്ന മനുഷ്യരെപ്പറ്റി സംസാരിക്കുന്ന പവിത്രന്റെ 'ഉപ്പ്' മൗലികാർഥത്തിൽ രാഷ്ട്രീയ സ്വഭാവം പുലർത്തുന്നു.

'കബനീനദി ചുവന്നപ്പോൾ' എന്ന സിനിമ രാഷ്ട്രീയ സ്വഭാവം കൊണ്ടും ശൈലിയുടെ ലാളിത്യം കൊണ്ടും ബക്കറിനെ ശ്രദ്ധേയനാക്കി. 'മണിമുഴക്കം', 'സംഘഗാനം', 'ചുവന്ന വിത്തുകൾ', 'ചാപ്പ' തുടങ്ങിയ പിൽക്കാല ബക്കർ സിനിമകളും പ്രമേയപരമായി രാഷ്ട്രീയ സ്വഭാവമുള്ളതു തന്നെ.

പുരുഷാധിപത്യ സമൂഹത്തിന്റെ മൂല്യങ്ങളെ സ്ത്രീപക്ഷത്തു നിന്നുകൊണ്ട് വിചാരണ ചെയ്യുന്ന രണ്ടു സിനിമകളെക്കുറിച്ച് പരാമർശിക്കേണ്ടതുണ്ട്. കെ.പി. കുമാരന്റെ 'രുഗ്മിണി'യും ടി.വി. ചന്ദ്രന്റെ 'ആലീസിന്റെ അന്വേഷണ'വും. മാധവിക്കുട്ടിയുടെ പ്രശസ്ത കഥ 'രുഗ്മിണിയ്ക്കൊരു പാവക്കുട്ടി' സിനിമയാക്കുമ്പോൾ കെ.പി. കുമാരൻ സ്വീകരിച്ച ശൈലി ജനപ്രിയ ചലച്ചിത്രകാരന്മാർക്കൊരു പാഠമാകേണ്ടതാണ്. ലൈംഗികത വിറ്റ് കാശാക്കുന്ന ഇക്കാലത്ത്, ബാലികാ വ്യഭിചാരത്തിന്റെ ദുരന്ത പരിസരങ്ങളെക്കുറിച്ചുള്ള 'രുഗ്മിണി'യിൽ ലൈംഗിക പരാമർശങ്ങളുടെയോ ദൃശ്യങ്ങളുടെയോ ഇക്കിളികളുടെയോ എല്ലാ സാധ്യതകളുടെയും വാതിലുകളടച്ചുകൊണ്ടാണ് കെ.പി. കുമാരൻ നമ്മുടെ തന്നെ ആസുരതകൾക്കെതിരെ ഒരു കുന്തമുന ആഞ്ഞെറിയുന്നത്.

'ആലീസിന്റെ അന്വേഷണ'ത്തിലൂടെ ടി.വി. ചന്ദ്രൻ കുടുംബത്തിന്റെ ബാഹ്യസമൃദ്ധിയുടെയും സന്തുഷ്ടിയുടെയും വ്യാജമുഖമാണ് തേടുന്നത്. ജീവിതത്തിലുടനീളം വഞ്ചിക്കപ്പെടുന്ന സ്ത്രീ - ഭാര്യ, അമ്മ - തിരിച്ചറിവിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പുറംലോകത്തേക്ക് കടന്ന് സ്വത്വം തേടുന്ന കഥ പറയുന്ന ഈ ചിത്രം മലയാളത്തിലെ ശക്തമായ സ്ത്രീപക്ഷ രചനയാണ്.

നവീന സിനിമ മുന്നോട്ടുവച്ച ചലച്ചിത്ര വ്യാകരണവും ഭാഷയും ഭരതൻ ജനപ്രിയ ഫോർമുലകൾക്കിടയിൽ പലപ്പോഴും ഉപയോഗിക്കുന്നതു കാണാം. 'പ്രയാണം', 'ഓർമയ്ക്കായി', 'തകര', 'മർമരം' എന്നിവ ഭരതന്റെ മേൽപ്പറഞ്ഞ മുദ്രകൾ പതിഞ്ഞ ഭേദപ്പെട്ട സിനിമകളാണ്.



ബാലൻ

> ജനപ്രിയ സിനിമയുടെ അമരക്കാരായിത്തീർന്ന പുതിയ ചെറുപ്പക്കാർ മാധ്യമത്തിന്റെ സാധ്യതകളും സാങ്കേതികവളർച്ചയും വിദഗ്ധമായി ഉപയോഗിക്കാൻ കഴിയുന്നവരാണെന്നുള്ളതും ഒരു സത്യമാണ്. പ്രിയദർശൻ, സിബിമലയിൽ, സത്യൻ അന്തിക്കാട് തുടങ്ങിയവർ അക്കൂട്ടത്തിൽ ശ്രദ്ധേയരാണ്.



ചിത്രം- സൂസന്ന

എഴുപതുകളോടെ സിനിമയിലുണ്ടായ ചേരിതിരിവ് നേരത്തെ സൂചിപ്പിച്ചുവല്ലോ. സിനിമയെ ഉത്കൃഷ്ട കലാരചനകളാക്കി മാറ്റാനുള്ള തീവ്രശ്രമം നടത്തുന്നവരും സിനിമയെ വിപണനോത്പന്നമായി കാണുന്നവരും എന്ന വർഗീകരണം ചലച്ചിത്രാന്തരീക്ഷത്തിലും പ്രേക്ഷകരിലും വളർന്നുവന്നു. ജനപ്രിയ സിനിമക്കാർ കച്ചവടസാധ്യതയുള്ള എല്ലാ ഘടകങ്ങളെയും വിദഗ്ധമായി ചൂഷണം ചെയ്തുകൊണ്ട് സിനിമയെ ഒരു വമ്പൻ വിനോദ വ്യവസായമാക്കി മാറ്റി.

## എൺപതുകളിലെ സിനിമ

എഴുപതുകളുടെ അവസാനത്തോടെ മലയാളസിനിമ കറുപ്പിലും വെളുപ്പിലും നിന്ന് വർണപ്പൊലിമയിലേക്കുള്ള യാത്ര പൂർത്തിയാക്കി. ഒപ്പം സാങ്കേതിക വളർച്ചയുടെ ഒട്ടേറെ നന്മകളും സ്വന്തമാക്കി. എൺപതുകളിൽ മലയാളത്തിലെ ജനപ്രിയ സിനിമയിൽ വ്യക്തമായ ചേരിതിരിവുകളും പരീക്ഷണങ്ങളും സാഹസികശ്രമങ്ങളും ഉണ്ടായി. കുഞ്ചാക്കോയുടെ മരണശേഷം 'ഉദയാ'ബാനർ നിർജീവമായെങ്കിലും അദ്ദേഹത്തിന്റെ സഹോദരനായ അപ്പച്ചൻ ആ പാരമ്പര്യത്തിന്റെ അവകാശിയായി രംഗത്തുവന്ന കുഞ്ചാക്കോയ്ക്ക് മറ്റ് ജനപ്രിയ സിനിമാക്കാർക്കുമില്ലാത്ത പരീക്ഷണോത്സുകതയും സാഹസികതയും പ്രകടിപ്പിക്കുകയുണ്ടായി. മലയാളത്തിലെ ആദ്യത്തെ 70 എം എം ചിത്രം (പടയോട്ടം - 1982) ആദ്യത്തെ സിനിമാസ്കോപ്പ് ചിത്രം (തച്ചോളി അമ്പു) ഇന്ത്യയിലെതന്നെ ആദ്യത്തെ 3 D ചിത്രം (മൈഡിയർ കുട്ടിച്ചാത്തൻ) എന്നിവയെല്ലാം നവോദയയുടെ സംഭാവനകളാണ്. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് നിർമിക്കപ്പെട്ട ഏറ്റവും നല്ല ചിത്രങ്ങളിലൊന്നായി 'മൈഡിയർ കുട്ടിച്ചാത്തൻ' മാറി.

എൺപതുകളിലെ സിനിമ പല വഴികളിലാണ് നിലയുറപ്പിച്ചത്. അതിഭാവുകത്വവും നാടകീയ സന്ദർഭങ്ങളും

സെന്റിമെന്റലിസവും കൂട്ടിക്കുഴച്ച, കുടുംബചിത്രങ്ങളെന്ന ലേബലൊട്ടിക്കപ്പെട്ട സിനിമകളാണൊരു വിഭാഗം. താരബാഹുല്യവും പരസ്യബലവും ഈ ചിത്രങ്ങൾക്ക് കൂട്ടുമുണ്ട്. അടിപിടി, കാബറെ, ബലാൽസംഗം, ലൈംഗികാഭാസ രംഗങ്ങൾ എന്നിങ്ങനെ എല്ലാ മസാലകളും കലർത്തിയ ചിത്രങ്ങളാണ് അടുത്ത വിഭാഗം. ഹാസ്യരസ പ്രധാനമായ സിനിമയുടെ വ്യത്യസ്തമായ ഒരു വരവായിരുന്നു മൂന്നാമത്തേത്. ബാലചന്ദ്രമേനോനാണ് തന്റേതായ ശൈലിയിൽ ഇതിന് തുടക്കമിട്ടത്. പിന്നീട് സത്യൻ അന്തിക്കാടും ശ്രീനിവാസനും പ്രിയദർശനുമൊക്കെ രംഗത്തെത്തി. സത്യൻ അന്തിക്കാടും ശ്രീനിവാസനും ഈ രംഗത്തുള്ള മറ്റാരെക്കാളും കൂടുതൽ ജനപ്രിയ സിനിമയുടെ മാമൂൽ ഘടനയിലും പ്രമേയ സ്വീകരണത്തിലും സ്ഫോടനാത്മകമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് മലയാളസിനിമയിൽ തരംഗങ്ങൾ സൃഷ്ടിച്ചു. മോഹൻലാലിനെപ്പോലുള്ള നായകനടന്മാർപോലും ഹാസ്യത്തിന്റെ സാധ്യതകളുള്ള വേഷങ്ങൾ ചെയ്തപ്പോൾ നായകന്റെ കണിശമാതൃകകൾക്ക് മാറ്റം വന്നു. സമൂഹത്തിന്റെ അനീതികളും വർഗസംഘർഷങ്ങളും സൃഷ്ടിക്കുന്ന ക്ഷോഭാകുലമായ പരിതസ്ഥിതികളെ ലളിതവത്കരിക്കപ്പെട്ട ഫലിതബിന്ദുക്കളായി മാറ്റുന്ന സിനിമകൾ പ്രളയജലംപോലെ പെരുകി. തൊഴിലില്ലായ്മ, ദാരിദ്ര്യം, കടക്കെണി, വിലക്കയറ്റം, രാഷ്ട്രീയത്തിലെ അധാർമികത, ഇവ തൊട്ട് ജീവിതത്തിലെ കൊച്ചുകൊച്ചു സംഭവങ്ങൾ വരെ കൈകാര്യം ചെയ്തുകൊണ്ട് ഒറ്റനോട്ടത്തിൽ, സാമൂഹ്യ പ്രസക്തിയുള്ള സിനിമകളാണെന്ന് തോന്നുന്ന വിധത്തിലാണ് ഈ ചിത്രങ്ങൾ മനുഷ്യരിലേക്കെത്തുന്നത്. 'റാംജിറാവു സ്പീക്കിങ്ങ്', 'തലയണമന്ത്രം', 'കിലുക്കം', 'ഇൻ ഹരിഹർ നഗർ', 'മിമിക്സ് പരേഡ്' എന്നിങ്ങനെ ഏറ്റവും കൂടുതൽ പ്രദർശന വിജയം നേടിയ ചിത്രങ്ങളുടെ സമൂഹമന:ശാസ്ത്രത്തെക്കുറിച്ച് പഠനങ്ങൾ ഉണ്ടാവേണ്ടതാണ്.



അടൂർ ഗോപാലകൃഷ്ണൻ

## തൊണ്ണൂറുകളുടെ അവസ്ഥ

ഇന്ത്യൻ സമൂഹത്തിന് രാഷ്ട്രീയവും സാമ്പത്തികവുമായ നിരവധി മാറ്റങ്ങൾ അനുഭവിക്കേണ്ടി വന്ന ആസുരമായ കാലമാണ് തൊണ്ണൂറുകൾ. നമ്മുടെ സിനിമയിലും ഈ പ്രതിലോമ മാറ്റങ്ങളുടെ ശബ്ദങ്ങളും ചിഹ്നങ്ങളും വേഗതയും പ്രതിഫലിച്ചിട്ടുണ്ട്. ഒരു സമൂഹമെന്ന നിലയിൽ പൊതുവായി സ്വീകരിക്കപ്പെട്ടിട്ടുള്ള മൂല്യങ്ങൾ പരിഹസിക്കപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്യുന്ന കാലമാണിത്. ഫ്യൂഡൽ പുനരുത്ഥാന ശ്രമങ്ങളും ഇരുണ്ട മതാത്മകതയും ആധുനിക കമ്പോള സൂത്രങ്ങളും മുദ്രാവാക്യങ്ങളും മാന്യത നേടുന്ന വർത്തമാനത്തിനൊപ്പം നമ്മുടെ സിനിമകളും ഇതിനൊക്കെ ശക്തി പകരുന്ന രീതിയിൽ തിമിർത്താടുകയാണ്. അങ്ങനെ ഹിംസയും വർഗീയതയും കമ്പോളത്തിന്റെ ലാഭാധിഷ്ഠിത വ്യാമോഹങ്ങളും മാന്യമായിത്തീരുന്നതിൽ സിനിമകളും പങ്ക് വഹിക്കുന്നുണ്ട്. ആധുനിക കേരളം ജീവിതത്തിൽ നിന്ന് എന്നോ കുടിയൊഴിപ്പിച്ചുവിട്ട ഫ്യൂഡൽ പാരമ്പര്യങ്ങളെയും വരേണ്യ ബ്രാഹ്മണ്യത്തെയും വർത്തമാനത്തിന്റെ പ്രതിസന്ധികളുടെ പരിഹാരമാർഗങ്ങളായി കൊട്ടിയെഴുന്നള്ളിക്കുന്ന നിരവധി സിനിമകൾ തൊണ്ണൂറുകളിലുണ്ടായിട്ടുണ്ട്. ജനപ്രിയ ഫോർമുലകളിൽ പൊതിഞ്ഞ്, കേരളത്തനിമയുടെ പൊയ്ക്കാലുകളിൽ വരുന്ന അയുക്തികവും അയഥാർഥവുമായ ഇത്തരം സിനിമകളുടെ പ്രമേയപരിസരം എന്നോ അസ്തമിച്ച 'സുവർണ കാലമഹിമ'യിൽ നിന്നാണ് രൂപം കൊള്ളുന്നത്. നാലുകെട്ടുകളുടെയും നമ്പൂതിരി മനകളുടെയും ക്ഷേത്രപരിസരങ്ങളുടെയും ആവർത്തിച്ചുള്ള ഉപയോഗം കൂടുതൽ സിനിമകളെ ഷൊർണൂർ, ചെറുത്തുരുത്തി തുടങ്ങിയ സ്ഥലങ്ങളിലും ഭാരതപ്പുഴയുടെ തീരങ്ങളിലും എത്തിച്ചുകൊണ്ടിരിക്കുകയാണ്. വള്ളുവനാടൻ ഭാഷയുടെ കൃത്രിമമായ ഉപയോഗവും ഭാരതപ്പുഴയുടെയും മകളുടെയും ക്ഷേത്രങ്ങളുടെയും പരിസരങ്ങളിലെ ചിത്രീകരണവും സിനിമകൾക്ക് കേരളീയത നൽകുന്നു എന്ന പൈങ്കിളിവാദവും പ്രചാരണവും കേരളീയഭാവുകത്വത്തെ വഞ്ചിക്കുകയാണ് ചെയ്യുന്നത്.

എങ്കിലും ജനപ്രിയ സിനിമയുടെ അമരക്കാരായിത്തീർന്ന പുതിയ ചെറുപ്പക്കാർ മാധ്യമത്തിന്റെ സാധ്യതകളും സാങ്കേതിക വളർച്ചയും വിദഗ്ധമായി ഉപയോഗിക്കാൻ കഴിയുന്നവരാണെന്നുള്ളതും ഒരു സത്യമാണ്. പ്രിയദർശൻ, സിബിമലയിൽ, സത്യൻ അന്തിക്കാട് തുടങ്ങിയവർ അക്കൂട്ടത്തിൽ ശ്രദ്ധേയരാണ്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിന്റെയും മനുഷ്യരുടെയും അഭിരുചികളുടെ പുനർനിർണയത്തിലൂടെ ജനപ്രിയ സിനിമക്കാർ, അല്ലെങ്കിൽ മുഖ്യധാരാ സിനിമക്കാർ, ആധുനികമായ എല്ലാ സങ്കേതങ്ങളും ഉപയോഗിച്ചുകൊണ്ട് ചടുലമായ രീതിയിൽ ആളുകളെ കീഴടക്കുമ്പോൾ സമാന്തര സിനിമയും ഫിലിം സൊസൈറ്റി പ്രസ്ഥാനവും വളർത്തിക്കൊണ്ടുവന്ന നവീന ചലച്ചിത്ര ഭാവുകത്വവും ഒരു തിരിച്ചടി നേരിടുകയാണ്. തൊണ്ണൂറുകളിലെ നവീന സിനിമയെക്കുറിച്ച് പറയുമ്പോൾ മേൽപ്പറഞ്ഞ പ്രതികൂലാവസ്ഥകളോർമിക്കേണ്ടതുണ്ട്. ഈ പിന്നോട്ടടിയുടെ കാലത്തും പുതിയ ചില നീക്കങ്ങളും അതിന്റെ ഫലങ്ങളും ഉണ്ടായിട്ടുണ്ട്. അരവിന്ദൻ, അടൂർ ഗോപാലകൃഷ്ണൻ, ഷാജി എൻ. കരുൺ, ടി.വി. ചന്ദ്രൻ, ലെനിൻ രാജേന്ദ്രൻ, കെ.ആർ. മോഹനൻ, പി.ടി. കുഞ്ഞുമുഹമ്മദ്, എം.പി. സുകുമാരൻ നായർ എന്നിവരുടെ ചലച്ചിത്രങ്ങൾ പ്രതീക്ഷയും ഉണർവും നൽകിയിട്ടുണ്ട്. അരവിന്ദനാണ് 'വാസ്തുഹാര'യിലൂടെ തൊണ്ണൂറുകളുടെ തുടക്കത്തിൽത്തന്നെ ഇതിന് നാന്ദി കുറിച്ചത്. അരവിന്ദന്റെ ചലച്ചിത്രരീതികളുടെ ഘടനാപരവും പ്രമേയപരവുമായ മാറ്റവും വളർച്ചയും സൂചിപ്പിച്ച സിനിമയായിരുന്നു 'വാസ്തുഹാര'.



അരവിന്ദൻ



ജോൺ എബ്രഹാം

മറ്റു ഭാഷാചിത്രങ്ങളുടെ അവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാളസിനിമയിൽ, കമ്പോള താത്പര്യങ്ങളുടെ എതിർദിശയിലുള്ള ചില കമ്പനികളെങ്കിലും ഇടയ്ക്കുണ്ടാവുന്നുണ്ടെന്നുള്ളത് ആശ്വാസകരമാണ്. തൊണ്ണൂറുകളിൽ നമുക്ക് ലഭിച്ച വാസ്തുഹാര (അരവിന്ദൻ), വിധേയൻ, കഥാപുരുഷൻ (അടൂർ ഗോപാലകൃഷ്ണൻ), സ്വം (ഷാജി എൻ. കരുൺ), പൊന്തൻമാട, ഓർമകളുണ്ടായിരിക്കണം (ടി.വി. ചന്ദ്രൻ), സ്വരൂപം (കെ.ആർ. മോഹനൻ), മഗ്‌രിബ് (പി.ടി. കുഞ്ഞുമുഹമ്മദ്), ദൈവത്തിന്റെ വികൃതികൾ (ലെനിൻ രാജേന്ദ്രൻ), കഴകം (എം.പി. സുകുമാരൻ നായർ) തുടങ്ങിയ ചിത്രങ്ങൾ അതിനുള്ള സാക്ഷ്യങ്ങളാണ്.

# കേരളം

## പ്രബലമായ പ്രവണതകൾ

## സ്വാധീനം ചെലുത്തിയ ഭരണ നടപടികൾ

**1956ന് ശേഷം കേരളത്തെ സാമ്പത്തികമായും സാമൂഹികമായും സാംസ്കാരികമായും ഏറെ സ്വാധീനിച്ച നിരവധി പ്രവണതകളും ഭരണനടപടികളുമുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലതിനെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്.**

### ഭൂപരിഷ്കരണം

സ്വാതന്ത്ര്യാനന്തര കേരളത്തെ സാമ്പത്തികവും സാമൂഹികവുമായി സ്വാധീനിച്ച ഏറ്റവും പ്രധാന ഘടകം ഭൂപരിഷ്കരണമാണെന്ന് പൊതുവേ അംഗീകരിക്കപ്പെടുന്നുണ്ട്. സമീപകാലത്തു നടത്തിയ ചില പഠനങ്ങൾ പ്രകാരം സംസ്ഥാനത്ത് 90-95% പേർക്കും സ്വന്തമായി വീടുണ്ട്. ഇതിനാവശ്യമായ സ്വന്തം ഭൂമി ഇവർക്കു ലഭ്യമായത് മുഖ്യമായും ഭൂപരിഷ്കരണം വഴിയാണ്. 1957 ലെ ഒന്നാം ഇ. എം. എസ്. മന്ത്രിസഭ മുതലുള്ള വിവിധ ഇടതുപക്ഷ സർക്കാരുകൾ നടത്തിയ പ്രവർത്തനങ്ങൾ ഈ പ്രക്രിയയെ വിജയിപ്പിക്കാൻ ഏറെ സഹായിച്ചു. 1957 ലെ കേരള ഒഴിപ്പിക്കൽ നടപടി നിർത്തിവയ്ക്കൽ നിയമം, 1964 ലെ കേരള ഭൂപരിഷ്കരണ നിയമം, 1970-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം, 1972 ലെ കേരള ഭൂപരിഷ്കരണ നിയമം എന്നിവയാണ് ഇവയ്ക്കാധാരമായ പ്രധാന നിയമങ്ങൾ. ഇവയുടെ നടപ്പിലാക്കലിലൂടെ കൃഷിഭൂമിയിലും കുടികിടപ്പ് ഭൂമിയിലും കർഷകർക്ക് അവകാശം കിട്ടി. കുടിയായ്മ പരിഷ്കരണങ്ങൾ, ഭൂപരിധി നിർണയിക്കൽ, മിച്ചഭൂമി വിതരണം ചെയ്യൽ എന്നിവ ഇതിന്റെ അടിസ്ഥാനത്തിൽ നടന്ന പ്രക്രിയകളാണ്. ഭൂപരിഷ്കരണ നിയമമനുസരിച്ച് ശരാശരി ഒരു കുടുംബത്തിന് 20 ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കാനവകാശമില്ല. എന്നാൽ നാണ്യവിളത്തോട്ടങ്ങൾ, സ്വകാര്യവനങ്ങൾ, പൊതു വിദ്യാഭ്യാസ സ്ഥാപനഭൂമി, മതസ്ഥാപന ഭൂമി എന്നിവയ്ക്ക് ഇതു ബാധകമായിട്ടില്ല. സാമൂഹിക മാറ്റത്തിനു വലിയ തോതിൽ കളമൊരുക്കിയപ്പോഴും ഭൂപരിഷ്കരണത്തെ തുടർന്ന് ഉണ്ടാകേണ്ടിയിരുന്ന കാർഷികമേഖലയിലെ ഉത്പാദന വർദ്ധന എന്നത് ഇനിയും സംഭവിച്ചിട്ടില്ല എന്ന് സാമൂഹിക ശാസ്ത്രജ്ഞർ വിലയിരുത്തുന്നു.



സ്വാതന്ത്ര്യാനന്തര കേരളത്തെ സാമ്പത്തികവും സാമൂഹികവുമായി സ്വാധീനിച്ച ഏറ്റവും പ്രധാന ഘടകം ഭൂപരിഷ്കരണമാണെന്ന് പൊതുവേ അംഗീകരിക്കപ്പെടുന്നുണ്ട്.

### ക്ഷേമ പദ്ധതികൾ

ഇന്ത്യയിൽ ഏററവും കൂടുതൽ ക്ഷേമപദ്ധതികളുള്ള സംസ്ഥാനം കേരളമാണ്. സ്വാതന്ത്ര്യാനന്തര കേരളത്തിന്റെ സാമൂഹിക നിർമിതിയിൽ ഏററവുമധികം സ്വാധീനം ചെലുത്തിയ മറെറാരു ഘടകമാണ് ഇവിടുത്തെ ക്ഷേമ പദ്ധതികൾ. തൊഴിൽവകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ കീഴിലുള്ള 23 ക്ഷേമബോർഡുകൾ വഴി നടപ്പിലാക്കുന്ന 28 ക്ഷേമപദ്ധതികളും ക്ഷേമപെൻഷനുകളും സംസ്ഥാനത്ത് നിലവിലുണ്ട്. 2005 ലെ കണക്കനുസരിച്ച് ഇവയിലെല്ലാം കൂടി 48 ലക്ഷത്തോളം തൊഴിലാളികൾ അംഗങ്ങളാണ്. അവരുടെ കുടുംബാംഗങ്ങളെ കൂടി കണക്കിലെടുത്താൽ ഏതാണ്ട് 1.8 കോടി ജനങ്ങൾ ക്ഷേമപദ്ധതികളുടെ കുടക്കീഴിൽ വരുന്നതായിക്കാണാം. അസൂയാവഹമായ നേട്ടമാണിത്. എന്നാൽ ഇവയിൽ പലതിൽ നിന്നുമുള്ള ആനുകൂല്യങ്ങൾ യഥാർത്ഥ സാമൂഹിക സുരക്ഷയ്ക്ക് പര്യാപ്തമല്ലെന്ന് വിമർശനം നിലനിൽക്കുന്നു.

ക്ഷേമപെൻഷനുകളുടെ കാര്യത്തിലും നാം മാതൃകയാണ്. കർഷകത്തൊഴിലാളി പെൻഷൻ ഉൾപ്പെടെ നാൽപ്പതിലേറെ ക്ഷേമ പെൻഷനുകൾ കേരളത്തിലുള്ളതിൽ 20 എണ്ണം സംസ്ഥാന സർക്കാർ നേരിട്ട് ചെലവ് വഹിക്കുന്നവയാണ്.

### സമ്പൂർണ സാക്ഷരത

1991 ഏപ്രിൽ 18 ന് കോഴിക്കോട് തിങ്ങിനിറഞ്ഞ ജനസഹസ്രത്തെ സാക്ഷിനിർത്തി നവസാക്ഷരരായ ചേലാക്കാടൻ ആയിഷുമ്മ കേരളം സമ്പൂർണ സാക്ഷരത നേടിയെന്ന് പ്രഖ്യാപിച്ചപ്പോൾ ഇന്ത്യയിലെ ആദ്യ സമ്പൂർണ സാക്ഷര സംസ്ഥാനമെന്ന ബഹുമതിക്ക് കേരളം അർഹമാവുകയായിരുന്നു. അതുവരെ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് നിസ്തുല സംഭാവനകൾ നൽകിയ പി. എൻ. പണിക്കരെ പോലെയുള്ളവരുടെ ശ്രമമായുള്ള ഒററപ്പെട്ട സംരംഭങ്ങളായിരുന്നു ഈ കാര്യത്തിൽ നടന്നതും. 1989 ൽ കോട്ടയം നഗരത്തിൽ നടന്ന സാക്ഷരതാ പരിപാടിയുടെയും 1989ൽ കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ നടന്ന എറണാകുളം ജില്ലാ സമ്പൂർണ സാക്ഷരതാ യജ്ഞത്തിന്റെയും വിജയത്തെ തുടർന്നാണ് സമ്പൂർണ സാക്ഷരതയ്ക്കുവേണ്ടിയുള്ള 'അക്ഷരകേരളം' പദ്ധതി ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള കേരള സർക്കാർ ആരംഭിച്ചത്. ജാതി-മത കക്ഷി രാഷ്ട്രീയ ഭേദം കൂടാതെ കേരള സമൂഹത്തിന്റെ ഒത്തൊരുമിച്ചുള്ള ശ്രമഫലമായി ഒരു വർഷംകൊണ്ട് ഏതാണ്ട് 25 ലക്ഷത്തിലേറെ പേരെ നവസാക്ഷരരാക്കി സമ്പൂർണ സാക്ഷരതാ പ്രസ്ഥാനം ഇന്ത്യയ്ക്കു മാതൃകയാവുകയായിരുന്നു. അതിനെത്തുടർന്നുള്ള തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ, തുല്യതാ പരീക്ഷകൾ തുടങ്ങിയവ ഇപ്പോഴും തുടരുന്നു. ഏതാണ്ട് നാലായിരത്തോളം തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ സംസ്ഥാനത്ത് ഇന്ന് നിലവിലുണ്ട്.

### വിദേശ കുടിയേറ്റം

അരനൂറ്റാണ്ടിലെ കേരളത്തിന്റെ സാമൂഹിക സാമ്പത്തികാവസ്ഥയെ പരിശോധി



**ഏറ്റവും പുതിയ കണക്കനുസരിച്ച് 13.6ലക്ഷം പേർ 2005-ൽ വിദേശത്തേക്ക് തൊഴിലെടുക്കുന്നുണ്ട്.**

ക്കുമ്പോൾ ഏറ്റവും ശക്തമായ സ്വാധീനം ചെലുത്തിയ ഒന്ന് വിദേശരാജ്യങ്ങളിലേക്കുള്ള കുടിയേറ്റമാണെന്ന് കാണാം. തൊഴിൽ തേടി ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും പോകുന്ന പ്രവണത പണ്ടുമുതലേ ആരംഭിച്ചിരുന്നു. ശ്രീലങ്ക, സിങ്കപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്കായിരുന്നു ആദ്യകാലത്ത് കൂടുതൽ യാത്രയെങ്കിൽ എഴുപതുകൾക്ക് ശേഷം പടിഞ്ഞാറൻ രാജ്യങ്ങൾ, അമേരിക്ക, ഗൾഫ്നാടുകൾ എന്നിവിടങ്ങളിലേക്കായി കുടിയേറ്റം. എഴുപതുകളുടെ തുടക്കത്തിൽ പെട്രോളിയം ഉത്പന്നങ്ങൾക്ക് വൻ വിലവർധനയുണ്ടായി. ഇതിന്റെ ഫലമായി എണ്ണ സമ്പന്ന ഗൾഫ് നാടുകൾക്ക് വൻ സാമ്പത്തിക വളർച്ചയുണ്ടായി. ഇതേ തുടർന്ന് തൊഴിലവസരങ്ങൾ വർധിച്ചു. ഈ അവസരത്തിലാണ് കേരളത്തിൽ തൊഴിലില്ലായ്മ രൂക്ഷമാകുന്നതും ഗൾഫ് രാജ്യങ്ങളിലേക്ക് കുടിയേറ്റം വർധിക്കുന്നതും. 1976-ലാണ് വൻ തോതിലുള്ള കുടിയേറ്റം ആരംഭിക്കുന്നത്. തുടർന്ന് 1983 വരെ കുടിയേറ്റം വളരെയധികം വർധിച്ചു. പിന്നീട് കുടിയേറ്റ നിരക്ക് കുറയുകയും 91ന് ശേഷം അത് വീണ്ടും വർധിക്കുകയും ചെയ്തു. കഴിഞ്ഞ ഒരു ദശകമായി കുടിയേറ്റക്കാരുടെ നാട്ടിലേക്കുള്ള മടങ്ങിവരവും വർധിച്ചിരിക്കുന്നു. ഗൾഫിലേക്കുള്ള കുടിയേറ്റ നിരക്ക് കുറയുകയും ചെയ്തു.

ഇന്ത്യയിൽ നിന്ന് ഗൾഫിലുള്ളവരിൽ ഏതാണ്ട് പകുതിയിലധികം മലയാളികളാണ്. എന്നാൽ ഐ.ടി. ഉൾപ്പെടെയുള്ള സാങ്കേതിക രംഗത്തെ വളർച്ചാഫലമായി പടിഞ്ഞാറൻ രാജ്യങ്ങളിലേക്കും അമേരിക്കയിലേക്കുമുള്ള വിദ്യാസമ്പന്നരുടെ കുടിയേറ്റ നിരക്ക് വർധിക്കുകയാണ്. 2004ലെ സി.ഡി.എസ് പഠനത്തിന്റെയും സംസ്ഥാന ആസൂത്രണ ബോർഡ് എക്കണോമിക് റിവ്യൂവിന്റെ ഏറ്റവും പുതിയ കണക്കനുസരിച്ച് 13.6ലക്ഷം പേർ 2005-ൽ കേരളത്തിൽ നിന്ന് വിദേശത്തേക്ക് തൊഴിൽ തേടിയെത്തി. 17.6ശതമാനം വീടുകളിൽ നിന്ന് ഒരാളെങ്കിലും വിദേശത്തേക്ക് തൊഴിൽ തേടി പോയിട്ടുണ്ട്. വിദേശ മലയാളികളിൽ 43.7ശതമാനം പേർ മുസ്ലിം വിഭാഗത്തിൽ ഉള്ളവരാണ്. 31.2ശതമാനം ഹിന്ദുക്കളും 25.1ശതമാനം കൃസ്ത്യാനികളും കുടിയേറ്റക്കാരിലുണ്ട്. ഇവർ പ്രതിവർഷം ശരാശരി 19,000 കോടി രൂപ കേരളത്തിലേക്കയ്ക്കുന്നുണ്ട് ഏറ്റവും കൂടുതൽ തുക തൃശൂർ ജില്ലയിലാണ്(3234 കോടി). മലപ്പുറം (2892) തിരുവനന്തപുരം (1927) ജില്ലകൾ തൊട്ടുപിന്നിലുണ്ട്. വിദേശ മലയാളികളുടെ വകയായി ഏകദേശം 60,000 കോടി രൂപ കേരളത്തിലെ ബാങ്കുകളിൽ നിക്ഷേപമായുണ്ടെന്ന് സി.ഡി.എസ് നടത്തിയ പഠനങ്ങൾ പറയുന്നു. ആഭ്യന്തര വരുമാനം കുറവായിട്ടും ഉയർന്ന ഉപഭോഗ നിലവാരം സൂക്ഷിക്കാനും സമ്പദ്വ്യവസ്ഥയെ താങ്ങിനിറുത്താനും ഉതകുന്ന ശക്തമായ സാന്നിധ്യമായി മാറുന്നു ഈ പുറം വരുമാനം. എന്നാൽ ഉപഭോഗപരതയുടെ മായക്കാഴ്ചകൾക്കപ്പുറം ഉത്പാദന മേഖലയുടെ വളർച്ചയ്ക്കായി ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ മലയാളി ശീലിക്കേണ്ടിയിരിക്കുന്നു.

## വികേന്ദ്രീകൃത വികസനം

കേരളത്തിന്റെ സാമ്പത്തിക മേഖലയെ ശക്തമായി സ്വാധീനിച്ച മറ്റൊരു പ്രക്രിയയാണ് അധികാര വികേന്ദ്രീകരണവും തുടർന്നുള്ള ജനകീയാസൂത്രണ പ്രസ്ഥാനവും. അധികാരം ജനങ്ങളിലെത്തുമ്പോഴേ ജനാധിപത്യം സാർത്ഥകമാകൂ എന്ന വീക്ഷണം ശക്തമായി പുലർത്തിയിരുന്ന ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള ആദ്യ മന്ത്രിസഭ തന്നെ ഇതിനുള്ള ശ്രമങ്ങൾ കേരളത്തിൽ തുടങ്ങിക്കഴിഞ്ഞിരുന്നു. 1957-ലെ ഇ.എം.എസിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഭരണപരിഷ്കാര കമ്മിറ്റി 1958-ൽ റിപ്പോർട്ട് സമർപ്പിച്ചു. പഞ്ചായത്തുകളെ പ്രാദേശിക സർക്കാരുകളായിക്കാണാനും റവന്യൂ അടക്കമുള്ള പല അധികാരങ്ങളും കൈമാറാനും ഈ കമ്മിറ്റി നിർദേശിച്ചു. ഇതേത്തുടർന്നാണ് 1958 ഡിസംബർ 9ന് കേരള പഞ്ചായത്തി രാജ് ബില്ലും 1959 ഏപ്രിൽ 16ന് കേരള ജില്ലാകൗൺസിൽ ബില്ലും നിയമസഭയിൽ അവതരിപ്പിച്ചത്. എന്നാൽ അതു പാസാക്കും മുൻപ് മന്ത്രിസഭ പിരിച്ചുവിടപ്പെട്ടു. തുടർന്ന് പട്ടം താണുപിള്ള മുഖ്യമന്ത്രി ആയിരിക്കവെ 1960-61 കളിലായി കേരള പഞ്ചായത്തിരാജ് ആക്റ്റ്, മുനിസിപ്പാലിറ്റി ആക്റ്റ്, മുനിസിപ്പൽ കോർപ്പറേഷൻ ആക്റ്റ് എന്നിവ പാസാക്കപ്പെട്ടു. 1964-ൽ ബൽവന്ത് റായ് മേത്ത കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് പഞ്ചായത്തിനും ജില്ലയ്ക്കും ഇടയ്ക്ക് ബ്ലോക്കിനെക്കൂടി ഉൾപ്പെടുത്തി പഞ്ചായത്ത് യൂണിയൻ കൗൺസിൽ ബിൽ, ജില്ലാ പരിഷദ് ബിൽ എന്നൊരു ബില്ല് ആർ.ശങ്കർ അവതരിപ്പിച്ചു. തുടർന്ന് 67-ൽ ഇ.എം.എസ്. മന്ത്രിസഭ വീണ്ടും കേരളപഞ്ചായത്തി രാജ് ബിൽ നിയമസഭയിൽ അവതരിപ്പിച്ചു. അതും പാസാകുന്നതിനു മുൻപ് മന്ത്രിസഭ പോയി. തുടർന്ന് 1979-ൽ പി.കെ. വാസുദേവൻനായർ മന്ത്രിസഭയുടെ കാലത്ത് ജില്ലാ ഭരണ ബിൽ ഭേദഗതികളോടെ പാസ്സാക്കി. 1987-ലെ ഇ.കെ. നായനാർ മന്ത്രിസഭയുടെ കാലത്ത് അധികാര വികേന്ദ്രീകരണ ശ്രമങ്ങൾ ശക്തി പ്രാപിച്ചു. 1991-ൽ തെരഞ്ഞെടുപ്പുകൾ നടത്തി ജില്ലാ കൗൺസിലുകൾ രൂപീകരിച്ചു. എങ്കിലും തുടർന്നുവന്ന സർക്കാർ 1991-ൽ അവ എല്ലാം പിരിച്ചുവിട്ടു.

1992-ൽ പാർലമെന്റ് പാസാക്കിയ 73, 74 ഭരണഘടനാ ഭേദഗതികളെത്തുടർന്ന് 1994-ൽ കേരളത്തിലും പഞ്ചായത്ത്, മുനിസിപ്പൽ നിയമങ്ങൾ ഭേദഗതി ചെയ്തു. തുടർന്ന് ത്രിതല പഞ്ചായത്തുകൾ യാഥാർത്ഥ്യമായി. തുടർന്ന് 1996-ൽ ഇ.കെ. നായനാർ സർക്കാർ ഇ.എം.എസ്സിന്റെ അദ്ധ്യക്ഷതയിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകി.

അധികാര വികേന്ദ്രീകരണ ചരിത്രത്തിൽ കേരളം ഇന്ത്യയ്ക്കു മാതൃകയായത് അതോടെയാണ്. പദ്ധതി വിഹിതത്തിന്റെ 35-40 ശതമാനം ത്രിതല പഞ്ചായത്തുകൾക്കു കൈമാറി പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും വ്യാപകമായ ജനകീയ മുൻകൈകൾ രൂപം കൊണ്ടു. ഓരോ വികസന മേഖലയ്ക്കും കർമസമിതികളും സാങ്കേതിക സമിതികളും പദ്ധതി നിർവഹണത്തിനുള്ള ഗുണഭോക്തൃ കമ്മിറ്റികളും ഇതിൽ ഉൾപ്പെടുന്നു.നിരവധി സാമൂഹിക ആസ്തികൾ അങ്ങനെ സൃഷ്ടിക്കപ്പെട്ടു. തുടർന്ന് ത്രിതല പഞ്ചായത്തുകൾക്ക് ഉദ്യോഗസ്ഥ സംവിധാനവും അധികാരങ്ങളും കൈമാറുന്ന പ്രക്രിയയും ശക്തമായി. ഇനിയും ഏറെ മുന്നേറാനുണ്ടെങ്കിലും ഇന്നിപ്പോൾ വികേന്ദ്രീകൃത വികസനം ഏറ്റവും ഫലപ്രദമായി നടക്കുന്നത് കേരളത്തിലാണ്.

## വാർത്താവിനിമയ വിപ്ലവം

കഴിഞ്ഞ ഒന്നരദശകങ്ങളിൽ കേരളത്തിലുണ്ടായ ഏറ്റവും പ്രധാനപ്പെട്ട പ്രവണതകളിൽ ഒന്ന് വാർത്താവിനിമയ-വിവരവിനിമയ സാങ്കേതികവിദ്യയുടെ വ്യാപനമാണ്. സമയവും ദൂരവും അലിഞ്ഞലിഞ്ഞ് ഇല്ലാതാവുന്ന അവസ്ഥ ലോകത്തിന്റെ സമകാല പ്രവണതയാണ്; എന്നാൽ ഭാരതത്തെ പൊതുവിൽ അപേക്ഷിച്ചു നോക്കുമ്പോൾ



**വി.എസ്. അച്യുതാനന്ദന്‍** *മുഖ്യമന്ത്രി*

**കേരളപ്പിറവി ദിനത്തില്‍ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്ന സുവര്‍ണജൂബിലി സമാപനച്ചടങ്ങുകള്‍ക്ക് ഡിസംബര്‍ 20ന് തിരശ്ശീല വീഴുമ്പോള്‍ മുഖ്യാതിഥിയായി എത്തുന്നത് രാഷ്ട്രപതിയാണ്. അതിനിടയിലുള്ള അമ്പതുദിവസം കേരളത്തില്‍ നടക്കാന്‍ പോകുന്നത് സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും ബൃഹത്തായ വികസന മുന്നേറ്റമായിരിക്കും. നമ്മുടെ ഗ്രാമങ്ങളിലും നഗരങ്ങളിലുമെല്ലാം പ്രതീക്ഷയുടെയും ഉത്സാഹത്തിന്റെയും കാലമാകും അത്.**

# ജയിക്കുമൈക്യകേരളം

**പദംപദം ഉറച്ചു നാം പാടിപ്പാടിപ്പോവുക**
**പാരിലൈക്യ കേരളത്തിന്‍ കാഹളം മുഴക്കുക**

വി. ഭാസ്കരന്റെ വരികള്‍ ഇന്നും മനസ്സില്‍ മുഴങ്ങുന്നുണ്ട്. മൂന്നായിക്കിടന്ന കേരളം – തിരുവിതാംകൂറും കൊച്ചിയും മലബാറും – യോജിച്ച് മലയാളികളുടെ മാതൃഭൂമി ഐക്യകേരളമായി രൂപപ്പെടുന്ന കാലത്ത് മനസ്സിനെ ത്രസിപ്പിച്ച മുദ്രാവാക്യമാണത്.

ഭാരതമെന്ന പേര്‍ കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്ക് ഞരമ്പുകളില്‍

മഹാകവി വള്ളത്തോളിന്റെ ദേശാഭിമാന പ്രചോദിതമായ വരികളും മനസ്സില്‍ മുഴങ്ങുന്നു.

1956 നവംബര്‍ ഒന്ന്. അന്ന് നമ്മെ സംബന്ധിച്ച് ഒരു സുദിനമായിരുന്നു. ഭാഷകളുടെ അടിസ്ഥാനത്തില്‍ സംസ്ഥാന പുനഃസംഘടന നടന്നതിന്റെ ഭാഗമായി കേരളപ്പിറവി. ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ ഭയഭക്തി ബഹുമാനങ്ങളോടെ വണങ്ങിക്കൊണ്ടാണ് തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാര്‍ ഭരണം നടത്തിയതെങ്കിലും പ്രത്യക്ഷത്തില്‍ രാജഭരണമായിരുന്നു ആ രണ്ട് ഖണ്ഡങ്ങളിലും. പാലക്കാട് മുതല്‍ ഇന്നത്തെ കാസര്‍ഗോഡ് ജില്ലയുടെ ഒരു ഭാഗം വരെ ഉള്‍ക്കൊള്ളുന്ന വിശാലമായ പ്രദേശത്ത് – വടക്കേ മലബാറും തെക്കേ മലബാറും ഉള്‍പ്പെടുന്ന പ്രദേശത്ത് – നേരിട്ട് ബ്രിട്ടീഷ് ഭരണം. ഇങ്ങനെ വ്യത്യസ്തമായ രാഷ്ട്രീയ സംവിധാനം നിലവിലുണ്ടായിരുന്ന പ്രദേശങ്ങളാണ് ഒന്നിച്ചുചേര്‍ന്നത്.

വ്യത്യസ്തങ്ങളായ ഭരണ സംവിധാനമാണ് 1956ന് മുമ്പ് നിലനിന്നിരുന്നതെങ്കിലും ജനമനസ്സ് അതിന് എത്രയോ മുമ്പ് തന്നെ ഒന്നാകാന്‍ തുടങ്ങിയിരുന്നു. മാതൃഭാഷയാണ് സാംസ്കാരിക ജീവിതത്തിന്റെ അടിസ്ഥാനം. നൂറ്റാണ്ടുകള്‍ക്കപ്പുറത്ത്, നമ്മുടെ ഭാഷയില്‍ സാഹിത്യം രൂപപ്പെട്ടതു മുതല്‍ തിരുവിതാംകൂര്‍ – മലബാര്‍ വ്യത്യാസമില്ലാതെ അവ പാരായണം ചെയ്യപ്പെട്ടു. തുഞ്ചനും കുഞ്ചനും ചെറുശ്ശേരിയും ഉണ്ണായിവാരിയരുമെല്ലാം അവരുടെ മഹത്തായ കാവ്യങ്ങളിലൂടെ മലയാളികളെ ദേശീയമായ ഒരു ചരടില്‍ കോര്‍ത്തിണക്കി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ഗദ്യസാഹിത്യം മലയാളത്തില്‍ പുഷ്ടിപ്പെട്ടുവരാന്‍ തുടങ്ങി. ചന്തുമേനോന്റെ ഇന്ദുലേഖയും സി.വി. രാമന്‍പിള്ളയുടെ മാര്‍ത്താണ്ഡവര്‍മയും അടക്കമുള്ള നോവലുകളും തിരുവനന്തപുരം മുതല്‍ കണ്ണൂര്‍ വരെയുള്ള പ്രദേശത്തെ വിജ്ഞന്മാര്‍ വായിച്ചാസ്വദിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ പിറവിയോടെ സാംസ്കാരികമായി മലയാളികളുടെ ഐക്യം കൂടുതല്‍ കൂടുതല്‍ ശക്തിയാര്‍ജിച്ചുവന്നു. കുമാരനാശാനും വള്ളത്തോളും ഉള്ളൂരും അടക്കമുള്ള മഹാകവികള്‍ തിരുവിതാംകൂര്‍ എന്നോ മലബാര്‍ എന്നോ വ്യത്യാസമില്ലാതെ മലയാളികളുടെയാകെ മഹാകവികളായി. ചെറുശ്ശേരിയുടെയും കുഞ്ചന്റെയും തുഞ്ചന്റെയും കാലത്തെന്നപോലെ സാഹിത്യത്തിലൂടെ ഒരു ഐക്യം രൂപപ്പെട്ടുവന്നു. തകഴിയും കേശവദേവും വൈക്കം മുഹമ്മദ് ബഷീറും എസ്.കെ. പൊറ്റെക്കാടുമടക്കമുള്ള മഹാന്മാര്‍ മലയാളികളെയാകെ യോജിപ്പിക്കുന്നതിനുള്ള അന്തരീക്ഷം സാഹിത്യത്തിലൂടെ ഒരുക്കി.

സാമൂഹ്യ-രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സജീവമായ പ്രവര്‍ത്തനം ഐക്യകേരള സൃഷ്ടിക്ക് ജനങ്ങളെ മുന്നോട്ടേക്ക് നയിച്ചു. ശ്രീനാരായണഗുരു ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യം തലശ്ശേരിയില്‍ ജഗന്നാഥക്ഷേത്രവും കണ്ണൂരില്‍ ശ്രീസുന്ദരേശ്വര ക്ഷേത്രവും സ്ഥാപിക്കുകയുണ്ടായല്ലോ. സാമൂഹികനവോത്ഥാന പ്രസ്ഥാനത്തിന്റെ കേരളവ്യാപകമായ പ്രവര്‍ത്തനത്തിന്റെ ഭാഗമായിരുന്നു അത്. 1903-ല്‍ മഹാകവി കുമാരനാശാന്‍ ജനറല്‍ സെക്രട്ടറിയായി രൂപംകൊണ്ട ശ്രീനാരായണ ധര്‍മപരിപാലനയോഗം തിരുവിതാംകൂറിലും കൊച്ചിയിലും മാത്രമല്ല മലബാറിലേക്കും പ്രവര്‍ത്തനം വ്യാപിപ്പിച്ചു.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തോടെയാണ് ഇവിടെ ദേശീയ പ്രസ്ഥാനത്തിന് ജീവന്‍വച്ചത്. ആ ഘട്ടത്തിലും തിരുവിതാംകൂറിലും മലബാറിലും കോണ്‍ഗ്രസ്സിന്റെ സംഘടനാ സംവിധാനം വ്യത്യസ്തമായിരുന്നു. തിരുവിതാംകൂറില്‍ സ്റ്റേറ്റ് കോണ്‍ഗ്രസും മലബാറില്‍ കെപിസിസിയും പ്രവര്‍ത്തിച്ചുപോന്നു. വൈകാതെ തന്നെ കോണ്‍ഗ്രസ് പ്രവര്‍ത്തനത്തിന് അഖിലകേരള അടിസ്ഥാനമുണ്ടായി.

തെക്കൻ പ്രദേശങ്ങളിലെ നേതാക്കളും പ്രവർത്തകരും വടക്കും വടക്കുള്ളവർ തെക്കും ഒക്കെ പ്രവർത്തനങ്ങളിൽ പങ്കാളികളായി. കോൺഗ്രസ്സിൽ ഇടതുപക്ഷധാര ഉദയം ചെയ്തതോടെ അഖിലകേരളാടിസ്ഥാനത്തിലുള്ള പ്രവർത്തനത്തിന് കൂടുതൽ ശ്രദ്ധ കൈവന്നു. തെക്ക് ഉത്തരവാദഭരണത്തിനായുള്ള പ്രക്ഷോഭവും കോഴിക്കോട്ട് നിയമലംഘന സമരവും നടന്നപ്പോൾ പ്രാദേശികമായ വ്യത്യാസം ഇല്ലാതാവാൻ തുടങ്ങി. അതിനു മുമ്പ് ക്ഷേത്രപ്രവേശന സത്യാഗ്രഹം വൈക്കത്തും ഗുരുവായൂരിലും കേന്ദ്രീകരിച്ച് നടന്നപ്പോഴും അഖിലകേരള അടിസ്ഥാനമുണ്ടായി.

കമ്മ്യൂണിസ്റ്റ് പാർട്ടി രൂപംകൊണ്ടതു മുതൽ ഐക്യകേരളത്തിനായി നിലകൊണ്ടു; പ്രവർത്തിച്ചു. സംസ്ഥാന രൂപീകരണത്തിന് വർഷങ്ങൾക്ക് മുമ്പ് തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഖിലകേരള സംസ്ഥാന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുകയും ചെയ്തു.

ഐക്യകേരളപ്പിറവിയെത്തുടർന്ന് നടന്ന ഒന്നാം കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയും പാർട്ടി പിന്തുണച്ച സ്വതന്ത്രരും ചേർന്ന് ഭൂരിപക്ഷം നേടി. ലോകത്ത് ആദ്യമായി തെരഞ്ഞെടുപ്പിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തിയ ഐതിഹാസിക സംഭവം! ആ വിജയത്തിൽ, ആ അധികാരലബ്ധിയിൽ വ്യക്തമായത് ഐക്യകേരളത്തിന്റെ മനസ്സാണ്.



ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായ ചില കാര്യങ്ങൾ കേരളത്തിലുണ്ട്. ഇപ്പോൾ പരസ്യവാചകമായിത്തീർന്നിട്ടുള്ള ¤ദൈവത്തിന്റെ സ്വന്തം നാട്¤ എന്ന വിശേഷണവും പ്രശംസയും അല്ല ഉദ്ദേശിക്കുന്നത്. ശ്രീനാരായണഗുരുവിന്റെയും അയ്യങ്കാളിയുടെയും ചട്ടമ്പിസ്വാമിയുടെയും എല്ലാം നേതൃത്വത്തിൽ ഉയർന്നുവന്ന സാമൂഹിക നവീകരണപ്രസ്ഥാനവും ജാതിക്കും വർഗീയതയ്ക്കും എതിരായ പോരാട്ടവും ക്ഷേത്രപ്രവേശന സത്യാഗ്രഹങ്ങളും ദേശീയ പ്രസ്ഥാനവും കമ്മ്യൂണിസ്റ്റ് പാർട്ടിയും സൃഷ്ടിച്ച മുന്നേറ്റങ്ങൾ. മുപ്പതുകളുടെ അവസാനത്തോടെ മറ്റ് ബഹുജന സംഘടനകളും അതിന്റെ തന്നെ ഭാഗമായോ അനുബന്ധമായോ രൂപപ്പെട്ട ഗ്രന്ഥശാലാപ്രസ്ഥാനവും ജീവൽ സാഹിത്യ-പുരോഗമന സാഹിത്യപ്രസ്ഥാനങ്ങളും. ദേശീയബോധവും മതനിരപേക്ഷതയും ഉയർത്തിപ്പിടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന മാധ്യമങ്ങളുടെ ഉദ്ഭവവും വളർച്ചയും. ലക്ഷക്കണക്കിന് മലയാളികളെ ആകർഷിക്കാൻ പര്യാപ്തമായിക്കഴിഞ്ഞ സാഹിത്യവും നാടകമടക്കമുള്ള കലകളും-ഇതിനെല്ലാം മകുടം ചാർത്തുമാറ് ജന്മിത്തത്തിനും നാടുവാഴിത്തത്തിനും സാമ്രാജ്യത്വത്തിനുമെതിരെ ഉയർന്നുവന്ന അത്യുജ്ജ്വലമായ കർഷക തൊഴിലാളി പോരാട്ടങ്ങൾ-ഇതെല്ലാം ചേർന്ന് സൃഷ്ടിച്ച ഒരു കേരളീയതയുണ്ട്; ഒരു മലയാള മനസ്സുണ്ട്. ലോകത്തെങ്ങുമുള്ള പുരോഗമനത്തെ ഉൾക്കൊള്ളാൻ കഴിയുന്ന, നിന്നിടത്ത് നില്ക്കുമ്പോൾത്തന്നെ ചക്രവാളങ്ങൾക്കപ്പുറത്തേയ്ക്ക് നോക്കാൻ കഴിയുന്ന സാർവദേശീയ വീക്ഷണമുള്ള മനസ്സ്. ആ മനസ്സിന്റെ, ആ നന്മയുടെ ഉച്ചൈസ്തരമായ പ്രഖ്യാപനമാണ് 1957-ൽ ഒന്നാം നിയമസഭാ തെരഞ്ഞെടുപ്പിൽ പ്രകടമായത്.

**രണ്ട്**

മഹത്തായ തുടക്കങ്ങളുടെ കാലമാണിത്. കേരളപ്പിറവിയുടെ അമ്പതാം വാർഷികം കേവലമായ ഒരാഘോഷമായല്ല സംഘടിപ്പിക്കുന്നത്. നമ്മുടെ നാടിന്റെ സമഗ്രമായ വികസനത്തിനുള്ള വിവിധങ്ങളായ പദ്ധതികൾക്ക് തുടക്കം കുറിക്കാനാണ് ഈ വേള ഉപയോഗിക്കുന്നത്. കേരളീയതയുടെ നന്മകളെ പ്രോത്സാഹിപ്പിക്കാനും ന്യൂനതകളെ പരിഹരിക്കാനുമുള്ള തുടക്കങ്ങൾ.

കേരളപ്പിറവി ദിനത്തിൽ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുന്ന പരിപാടികൾ ഡിസംബർ 20ന് സമാപിക്കുമ്പോൾ മുഖ്യാതിഥിയായി എത്തുന്നത് രാഷ്ട്രപതിയാണ്. അതിനിടയിലുള്ള അമ്പതുദിവസം കേരളത്തിൽ നടക്കാൻ പോകുന്നത് സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും ബൃഹത്തായ വികസന മുന്നേറ്റമായിരിക്കും. നമ്മുടെ ഗ്രാമങ്ങളിലും നഗരങ്ങളിലുമെല്ലാം പ്രതീക്ഷയുടെയും ഉത്സാഹത്തിന്റെയും കാലമാകും അത്.

സാർവത്രിക വിദ്യാഭ്യാസം, ഭൂപരിഷ്കരണം, മെച്ചപ്പെട്ട പൊതുജനാരോഗ്യം, ജാതിയും മതവും നിലനിൽക്കെത്തന്നെ അതിനതീതമായി വളർന്നുവന്ന വർഗബോധം, ചെയ്യുന്ന ജോലിക്ക് കൃത്യമായി കൂലി ചോദിച്ചുവാങ്ങാൻ പ്രാപ്തി കൈവരിച്ച തൊഴിലാളികൾ ഇതെല്ലാം ചേർന്നതാണ് ആധുനിക മലയാളി സ്വത്വം. സാമ്പത്തികമായ ഉച്ചനീചത്വം മറ്റു സംസ്ഥാനങ്ങളിലേതുപോലെ അത്രകണ്ട് കേരളത്തിലില്ല. ദാരിദ്ര്യമുണ്ടെങ്കിലും മറ്റു സംസ്ഥാനങ്ങളിലെ തോതനുസരിച്ച് ഇവിടെയില്ല. ഭവനരഹിതരുടെ തോതും മറ്റെല്ലാ സംസ്ഥാനങ്ങളെയും അപേക്ഷിച്ച് കുറവാണിവിടെ. ഇതെല്ലാം വെറുതെ സംഭവിച്ചതല്ല. ആകാശത്തുനിന്നും പൊട്ടിവീണ നേട്ടമല്ല. പുരോഗമനപരമായ രാഷ്ട്രീയപ്രബുദ്ധതയുടെയും നിരന്തര സമരങ്ങളുടെയും അതിന്റെ ഫലമായി നിലവിൽ വന്ന ഇടതുപക്ഷ ഗവൺമെന്റുകളുടെ നയപരിപാടികളുടെയും ഭാഗമായി ആർജിച്ചതാണ്. അതാണ് കേരള മോഡൽ, കേരളത്തിന്റെ വ്യത്യസ്തത.

ജീവിതനിലവാരത്തിൽ കേരളീയർ ഉയർന്നു നിൽക്കുന്നതും തൊഴിലില്ലായ്മയ്ക്ക് അല്പമെങ്കിലും ആശ്വാസം കിട്ടുന്നതും മറുനാടുകളിലെ, പ്രത്യേകിച്ച് ഗൾഫിലെ സാധ്യതകളുടെ ഫലമായാണ്. ഗൾഫിലും മറ്റ് വിദേശരാജ്യങ്ങളിലുമായി ലക്ഷക്കണക്കിന് മലയാളികൾ പ്രവൃത്തിയെടുക്കുന്നു. മൊത്തം ജനസംഖ്യയുടെ ഏഴോ എട്ടോ ശതമാനം പേർ മറുനാടന്മാരായി ജീവിക്കുന്നുണ്ടെന്നാണ് കണക്ക്. ചന്ദ്രനിൽ പോയാൽ അവിടെയും മലയാളികളെ കാണാം എന്നും പറയാറുണ്ട്. ജീവസന്ധാരണത്തിനുവേണ്ടി മലയാളി ലോകത്തിന്റെ ഏത് കോണിലും എത്തിപ്പെടുന്നു. അവിടെ കടുത്ത കഷ്ടപ്പാടുകൾ സഹിച്ച് പിടിച്ചു നിൽക്കുന്നു. എല്ലുമുറിയെ പണിയെടുത്ത് ജീവിക്കുന്നു. മൂന്നു നാലു പതിറ്റാണ്ടിനകം കേരളത്തിനുണ്ടായ സാമ്പത്തിക പുരോഗതിയുടെയും ജീവിത നിലവാരത്തിന്റെയും അടിസ്ഥാനം ഗൾഫിൽ പണിയെടുക്കുന്ന നമ്മുടെ സഹോദരങ്ങൾ അയയ്ക്കുന്ന പണമാണ്. ആയിരക്കണക്കിന് കോടി രൂപയാണ് അങ്ങനെ എത്തുന്നത്. അതോടൊപ്പം നമ്മുടെ പ്രധാനപ്പെട്ട

തൊഴിൽ മേഖലയും ഗൾഫാണ്.

എന്നാൽ ഗൾഫിൽ നിന്നും മറ്റു മറുനാടുകളിൽ നിന്നും എത്തുന്ന പണം സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനും ഉത്പാദന സംരംഭങ്ങൾക്കുമായി ശാസ്ത്രീയമായി ഉപയോഗപ്പെടുത്താൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. അടിസ്ഥാന സൗകര്യ വികസനം, വ്യവസായം എന്നീ മേഖലകളിലേക്ക് നമുക്ക് വൻ നിക്ഷേപം ആവശ്യമുണ്ട്. സർക്കാർ തന്നെ മുൻകൈയെടുത്ത് കമ്പനികൾ രൂപീകരിച്ച് നിക്ഷേപം ആകർഷിക്കുന്ന നെടുമ്പാശ്ശേരി മോഡൽ ഉൾപ്പെടെ മാതൃകയാക്കാവുന്നതാണ്. കേരളപ്പിറവിയുടെ അമ്പതാം വാർഷികം ആഘോഷിക്കുന്ന വേളയിൽ പ്രധാനപ്പെട്ട ഒരു പരിഗണനാവിഷയം ഇതായിരിക്കും. അതോടൊപ്പം മറുനാടൻ മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സമഗ്ര പദ്ധതികൾ നടപ്പാക്കുകയും ചെയ്യും.

വികസനരംഗത്ത് ശുഭാപ്തിവിശ്വാസത്തിന്റെ കാലമാണിത്. കേരളം പിറകിലായിപ്പോയെങ്കിൽ പ്രധാന കാരണം കേന്ദ്രസർക്കാരിന്റെ അവഗണനയായിരുന്നു. നാളിതുവരെ തുടർന്നുവന്ന അവഗണന അവസാനിപ്പിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദം ചെലുത്തി നിരവധി പദ്ധതികൾക്ക് കേന്ദ്രത്തിന്റെ സമ്മതം നേടിയെടുക്കാൻ കഴിഞ്ഞ അഞ്ചുമാസം കൊണ്ട് കഴിഞ്ഞു. കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തിൽ ഇങ്ങനെ കൃത്യമായി അവതരിപ്പിക്കാൻ മുമ്പ് കഴിഞ്ഞിരുന്നില്ല. 3412 കോടി രൂപയുടെ കാർഷിക പാക്കേജിന് ചോദിച്ചിട്ട് കിട്ടിയത് 765 കോടി രൂപയാണ്. എന്നാൽ അതുതന്നെ മുൻകാലത്തെ അപേക്ഷിച്ച് വലിയ നേട്ടമാണ്. ആലപ്പുഴ, ഇടുക്കി ജില്ലകൾക്ക് കേന്ദ്രം പ്രത്യേക പാക്കേജ് ഉറപ്പു നൽകുകയും ചെയ്തിരിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിന് നൂറുകോടി, കോഴിക്കോട് മെഡിക്കൽ കോളേജിന്റെ വികസനത്തിന് അമ്പതുകോടി എന്നിങ്ങനെ സഹായം കേന്ദ്രത്തിൽ നിന്ന് നേടിയെടുക്കാനായി.

വ്യാവസായികമായും സാമ്പത്തികമായും ഏറ്റവും പിന്നാക്കം നിൽക്കുന്ന ആലപ്പുഴയിൽ ഓട്ടോകാസ്റ്റുമായി ചേർന്നുകൊണ്ട് വാഗൺ നിർമാണശാല ആരംഭിക്കാൻ റെയിൽവേ സമ്മതിച്ചു. തിരുവനന്തപുരം റെയിൽവേ സ്റ്റേഷനെ ആധുനികവത്കരിക്കാനും രണ്ടു നില പ്ലാറ്റ്ഫോം പണിയാനും 150 കോടിയോളം രൂപയുടെ പദ്ധതി, വേളിസ്റ്റേഷന് നാല്പതുകോടിയോളം രൂപയുടെ പദ്ധതി, തിരുവനന്തപുരം വിമാനത്താവളത്തിന് പുതിയ ടെർമിനൽ, തിരുവനന്തപുരം വിമാനത്താവളത്തോടനുബന്ധിച്ച് എയർ ഇന്ത്യയുടെ ബോയിംഗ് 737 നന്നാക്കുന്ന ഇന്ത്യയിലെ ഏക കേന്ദ്രം എന്നിവ വരാൻ പോകുന്നു. കണ്ണൂരിൽ വിമാനത്താവളം സ്ഥാപിക്കാൻ അനുമതി നേടിയെടുക്കാൻ നിരന്തര പരിശ്രമം നടത്തിവരുന്നു. അനുകൂലമായ നടപടി ഈ സുവർണജൂബിലിക്കാലത്ത് തന്നെയുണ്ടാകും.

ജലഗതാഗതരംഗത്തും വമ്പിച്ച പുരോഗതിക്കാണ് തുടക്കമാവുന്നത്. നാഷണൽ



**വികസനരംഗത്ത് ശുഭാപ്തിവിശ്വാസത്തിന്റെ കാലമാണിത്. കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തി നിരവധി പദ്ധതികൾക്ക് കഴിഞ്ഞ അഞ്ചുമാസം കൊണ്ട് സമ്മതം നേടിയെടുത്തു.**

വാട്ടർവേയുടെ ഭാഗമായി കൊല്ലം-കോട്ടപ്പുറം പാത മാർച്ചിനകം പൂർത്തീകരിക്കാൻ ശ്രമിക്കുന്നു. പാറശ്ശാല മുതൽ കാസർകോടുവരെ ജലപാത വികസിപ്പിക്കാൻ നടപടികൾ ത്വരിതഗതിയിൽ നടക്കുന്നു.

ഐ.ടി.രംഗത്ത് അഞ്ചുവർഷം കൊണ്ട് രണ്ടുലക്ഷം തൊഴിലവസരമുണ്ടാക്കുമെന്നാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നയപ്രാഖ്യാപനത്തിൽ പറഞ്ഞിരുന്നത്. അതിന്റെ ഭാഗമായി കൊച്ചിയിൽ ഇൻഫോ പാർക്കും തിരുവനന്തപുരത്ത് ടെക്നോപാർക്കും വിപുലീകരണം നടത്തുന്നു. തിരുവനന്തപുരത്ത് ടെക്നോസിറ്റി സ്ഥാപിക്കാൻ 550 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നു. കൊച്ചിയിൽ സ്മാർട്ട്സിറ്റി സ്ഥാപിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. നെടുമ്പാശ്ശേരിയിൽ സിയാലിന്റെ വകയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാൻ ധാരണയായി. ജില്ലാകേന്ദ്രങ്ങളിൽ സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കേരളവികസനത്തിന് അത്യന്താപേക്ഷിതമായ വല്ലാർപാടം ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനൽ പദ്ധതിയുടെ തടസ്സങ്ങൾ ഒന്നൊന്നായി നീക്കിക്കൊണ്ടിരിക്കുന്നു. വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കാൻ കേന്ദ്രത്തിൽ സമ്മർദം തുടരുന്നു.

കൊച്ചിയിൽ മെട്രോ റെയിൽ പദ്ധതിയുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സബ്അർബൻ ട്രെയിൻ സർവീസ് ആരംഭിക്കാനുള്ള സാദ്ധ്യതാപഠനത്തിന് ദില്ലി മെട്രോ റെയിൽവേ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ തുറക്കാനും തുറക്കാൻ സാധിക്കാത്ത സ്ഥിതിയിലുള്ള വ്യവസായശാലകളിൽ മറ്റ് വ്യവസായം തുടങ്ങാനും നടപടി തുടങ്ങി. 39 ടൂറിസം പദ്ധതികൾക്ക് അനുമതി നൽകി. സംസ്ഥാനത്ത് സമ്പൂർണ പാർപ്പിട പദ്ധതി നടപ്പാക്കാൻ പോകുന്നു. സുനാമി ദുരിതാശ്വാസ പദ്ധതി പ്രകാരം തീരദേശ വികസനത്തിന് രണ്ടു വർഷത്തിനകം 1441 കോടി രൂപ ചെലവഴിക്കാൻ നടപടി തുടങ്ങി. പത്തുലക്ഷം കുടുംബങ്ങൾക്ക് ആശ്വാസമേകുന്ന ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി നിയമം പ്രാബല്യത്തിലാകാൻ പോകുന്നു. കാർഷിക കടാശ്വാസ കമ്മീഷൻ ഈ അമ്പതു ദിവസത്തിനകം തന്നെ നിയമമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് സാമൂഹികനീതിയും മെരിറ്റും ഉറപ്പാക്കുന്ന നിയമം വൈകാതെ പ്രാബല്യത്തിലാകുമെന്ന് കരുതാം. വയനാട്ടിലും പാലക്കാട്ടും നടപ്പാക്കിയതുപോലെ ദേശീയ തൊഴിലുറപ്പു പദ്ധതി മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കാം.

അങ്ങനെ എല്ലാംകൊണ്ടും ഇത് മഹത്തായ തുടക്കങ്ങളുടെ കാലമാണ്; പ്രതീക്ഷയുടെ കാലമാണ്. നിരാശരും മടിയന്മാരുമായ ഒരു ജനവിഭാഗമല്ല മലയാളികൾ. ലോകത്തിന്റെ ഏത് കോണിലുമെത്തി അദ്ധ്വാനം കൊണ്ട് മുന്നണിയിലെത്തുന്നവരാണ്; ബുദ്ധിവൈഭവം കൊണ്ടും ഭാവന കൊണ്ടും പേരെടുക്കുന്നവരാണ്. ഐക്യകേരളത്തിന്റെ സുവർണജൂബിലി ലോകത്തെങ്ങുമുള്ള മലയാളികളെ പുരോഗതിയിലേക്ക് പ്രചോദിപ്പിക്കുകയും കൂടുതൽ കർമോന്മുഖരാക്കുകയും ചെയ്യുമെന്നും ഉറപ്പാണ്. കേരളത്തിന്റെ, മലയാളികളുടെയാകെ മുന്നേറ്റത്തിന്റെ ഉത്സവമാകട്ടെ ഈ അമ്പതാം വാർഷികാചരണം.

**എം.എ ബേബി**
*വിദ്യാഭ്യാസ-സാംസ്കാരിക വകുപ്പുമന്ത്രി*



# കേരളീയ ജീവിതവും സംസ്കാരവും

**കേരളപ്പിറവിയുടെ അമ്പതാം വാർഷികത്തിന്റെ സമാപനത്തോടനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെ അമ്പത് ദിവസം നീണ്ടു നിൽക്കുന്ന വിവിധ പരിപാടികൾ നടക്കുകയാണ്. ഇത്തരുണത്തിൽ കേരളം പിന്നിട്ട വഴികൾ പരിശോധിക്കുകയാണ് സംഘാടകസമിതി ജനറൽ കൺവീനർ കൂടിയായ മന്ത്രി.**

മലയാള ഭാഷ സംസാരിക്കുന്ന ജനങ്ങൾ മൂന്ന് വ്യത്യസ്ത ഭരണഘടകങ്ങളായി നിലനിന്നിരുന്ന ഭൂതകാലത്തിൽ നിന്ന് ആധുനിക കേരളമെന്ന, ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായ സ്വത്വമായി രൂപപ്പെട്ടത് 1956 നവംബർ 1-ാം തീയതിയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അഖില കേരളാടിസ്ഥാനത്തിലുള്ള കമ്മിറ്റി രൂപീകരണം (1921), സമസ്ത കേരള സാഹിത്യ പരിഷത്തിന്റെ രൂപീകരണം (1927), ഇ.എം.എസ്സിന്റെ ഒന്നേകാൽ കോടി മലയാളികൾ (1946), കേരളം മലയാളികളുടെ മാതൃഭൂമി(1948) എന്നീ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം, കൊച്ചി മഹാരാജാവിന്റെ സാന്നിദ്ധ്യത്തിൽ 1947 ഏപ്രിലിൽ ചേർന്ന ഐക്യ കേരള സമ്മേളനം മുതലായ സാംസ്കാരികവും രാഷ്ട്രീയവുമായ നീക്കങ്ങൾ കേരളപ്പിറവിയുടെ ചരിത്ര പശ്ചാത്തലമാണ്. അതിന്റെ പ്രചോദനമായി സാമ്രാജ്യത്വവിരുദ്ധ ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭത്തിന്റെ ചൂടും വെളിച്ചവുമുണ്ടായിരുന്നു. ഇതിനെ തുടർന്ന് 1949 ജൂലൈ 11-ാം തീയതി തിരുവിതാംകൂർ- കൊച്ചി സംയോജനവും പിന്നീട് കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച സംസ്ഥാന പുന:സംഘടന കമ്മീഷന്റെ ശുപാർശ പ്രകാരം 1956 നവംബർ 1-ന് കേരള സംസ്ഥാന രൂപീകരണവും നടന്നു. ഇതിനു വേണ്ടി കേരളത്തിലും കൽക്കട്ട, മദിരാശി, ബോംബെ തുടങ്ങിയ സ്ഥലങ്ങളിലുമുള്ള മലയാളികൾ നടത്തിയ സമരങ്ങളും ഈ സമയത്ത് സ്മരിക്കേണ്ടതുണ്ട്. ആന്ധ്രയിൽ പോറ്റി ശ്രീരാമുലുവിന്റെ രക്തസാക്ഷിത്വമുൾപ്പടെ കേരളത്തിലും ഇതര ഇന്ത്യൻ പ്രവിശ്യകളിലും പടർന്നു പിടിച്ച പ്രസ്ഥാനങ്ങളും പോരാട്ടങ്ങളും ഇന്ത്യയൊട്ടാകെ ഭാഷാ സംസ്ഥാന രൂപീകരണത്തിന് സഹായകമായി.

സംസ്ഥാനം രൂപംകൊണ്ട് അമ്പത് വർഷം തികയുമ്പോൾ അന്നത്തെ കേരളത്തിൽ നിന്നും തികച്ചും വിഭിന്നമായ ഒരു ജീവിതപരിസരമാണ് ഇവിടെയുള്ളത്. നമ്മുടെ ഭാഷയും നമ്മുടെ ജീവിത രീതിയും ഭൗതിക ഉത്പാദന-വിതരണ ശൃംഖലകളും മാറ്റത്തിന് വിധേയമായിട്ടുണ്ട്. മൂന്ന് കോടി ഇരുപത് ലക്ഷത്തോളം ജനങ്ങൾ അധിവസിക്കുന്ന കേരളമിന്ന് ഒരുവശത്ത് ആധുനിക ഉത്പാദന ക്രമത്തിന്റെ അവികസിതാവസ്ഥയെന്ന പ്രശ്നം അഭിമുഖീകരിക്കുകയാണ്. മറുവശത്ത് ഏറ്റവും നവീനമായ ഉപഭോഗ വസ്തുക്കളുടെ കമ്പോളമായി നാം ചൂഷണം ചെയ്യപ്പെടുന്നു. വർത്തമാനകാല കേരളത്തിലേക്ക് നടന്നു വന്ന വഴികൾ പരിശോധിക്കുമ്പോൾ മാത്രമേ നമ്മുടെ നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും കാരണങ്ങളും പരിഹാരങ്ങളും വ്യക്തമാവുകയുള്ളൂ.




അമ്പത് വർഷം മുമ്പത്തെ കേരളത്തിൽ നിന്നും തികച്ചും വിഭിന്നമായ ഒരു ജീവിതപരിസരമാണ് ഇവിടെയുള്ളത്. നമ്മുടെ ഭാഷയും ജീവിതരീതിയും ഭൗതിക ഉത്പാദന-വിതരണ ശൃംഖലകളും മാറ്റത്തിന് വിധേയമായിട്ടുണ്ട്.





**വർത്തമാനകാലം ഏറെ ആശങ്കകളുണർത്തുന്നു. ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് സാമൂഹികനീതിയും വിദ്യാഭ്യാസ ഗുണമേന്മയും ഉറപ്പുവരുത്തുന്നതിന് കൈക്കൊണ്ട തീരുമാനങ്ങൾപോലും കോടതികളിൽ വെല്ലുവിളിക്കപ്പെടുന്നു.**



ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ വൈവിധ്യങ്ങളുള്ള ഒരു സംസ്ഥാനമാണ് കേരളം. നമ്മുടെ കല, സംസ്കാരം, സാഹിത്യം, സിനിമ, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, സാമൂഹിക സുരക്ഷ തുടങ്ങിയവ ലോകത്തു തന്നെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളതാണ്. നാം പുലർത്തിപ്പോരുന്ന മതനിരപേക്ഷ സംസ്കാരവും വളരെ പ്രത്യേകതകളുള്ളതാണ്. കേരളമോഡൽ എന്നറിയപ്പെടുന്ന ഈ വളർച്ച നമുക്കു കൈവരിക്കാൻ കഴിഞ്ഞതിന്റെ പിന്നിൽ കേരളത്തിന്റെ സവിശേഷമായ ചരിത്രഘടകങ്ങൾക്കും സമരചരിത്രങ്ങൾക്കും നവോത്ഥാന മുന്നേറ്റങ്ങൾക്കും വിവിധ സർക്കാരുകൾ കൈക്കൊണ്ട പുരോഗമന നിയമ നടപടികൾക്കും വലിയ പങ്കുണ്ട്.

പക്ഷേ വർത്തമാന കാലം ഏറെ ആശങ്കകളുണർത്തുന്നു. ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് സാമൂഹിക നീതിയും വിദ്യാഭ്യാസ ഗുണമേന്മയും ഉറപ്പുവരുത്തുന്നതിന് കൈക്കൊണ്ട തീരുമാനങ്ങൾപോലും കോടതികളിൽ വെല്ലുവിളിക്കപ്പെടുന്നു. മത-ജാതി-വിഭാഗീയ ചിന്തകൾ സമൂഹത്തിൽ ശക്തിപ്പെടുന്നു. സാഹിത്യം, കല എന്നിവ ആസ്വദിക്കുന്നതിലുള്ള നമ്മുടെ താത്പര്യം കുറഞ്ഞു വരുന്നു. ആരോഗ്യമേഖല തകരുന്നു. ഇവ ദരിദ്രർക്ക് അപ്രാപ്യമാകുന്നു. തൊഴിൽ സാധ്യത കുറയുന്നു. കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നു. വിനാശകരമായ സാമ്പത്തിക ആഗോളവത്കരണ നയങ്ങൾ ജീവിതത്തിന്റെ സർവമേഖലകളിലും തകർച്ചയും പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. സമൂഹത്തിൽ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വർദ്ധിച്ചു വരുന്നു. യാന്ത്രികത ഏറി വരുന്നു. ശാസ്ത്രം അതിവേഗം മുമ്പോട്ടു പായുമ്പോഴും അതിന്റെ ഗുണഭോക്താക്കളാകാൻ കഴിയാതെ ബഹുഭൂരിപക്ഷവും പുറന്തള്ളപ്പെടുന്നു.

ഈ സാഹചര്യത്തിൽ ഒരു പുതിയ കേരളസൃഷ്ടിക്കുതകുന്ന ശാസ്ത്രീയ കാഴ്ചപ്പാടിലേക്ക് നയിക്കുന്ന വിപുലമായ ചർച്ചകൾക്കും സംവാദങ്ങൾക്കും സഹായകമായ പരിപാടികളാണ് ഈ അമ്പതു ദിവസവും കേരളത്തിലെ ഗ്രാമഗ്രാമാന്തരങ്ങളിൽ അരങ്ങേറുക. പുതിയ വികസന പദ്ധതികൾക്കും നിർമാണ പ്രവർത്തനങ്ങൾക്കുമാണ് ഊന്നൽ. കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ-സാമ്പത്തിക-കലാ-സാംസ്കാരിക ചരിത്രം മനസ്സിലാക്കാനുതകുന്ന സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ കലാപരിപാടികൾ; ചലച്ചിത്ര പ്രദർശനം, ശാസ്ത്രമേള, വിവിധ വികസന പരിപാടികളുടെ തുടക്കം കുറിക്കൽ; വനവത്കരണം; നാടൻ മാന്തോപ്പ് വച്ചുപിടിപ്പിക്കൽ; ചരിത്ര മ്യൂസിയ സ്ഥാപനം തുടങ്ങി വൈവിദ്ധ്യമാർന്ന പരിപാടികൾ ഈ കാലയളവിൽ നടത്തും. കേരളത്തിൽ മാത്രമല്ല, മലയാളികളുള്ളിടത്തെല്ലാം വിവിധ ആഘോഷങ്ങൾ നടത്തുന്നതിന് ലക്ഷ്യമിടുന്നു. ചുരുക്കത്തിൽ ഓരോ മലയാളിക്കും ഓർത്തു വയ്ക്കാനുതകുന്ന ഒരവസരമായി കേരളപ്പിറവിയുടെ അമ്പതാം വാർഷികാചരണം മാറണം. ഒരു സമൂഹമെന്ന നിലയിൽ നമ്മുടെ മലയാളിത്തം കാത്തു സൂക്ഷിച്ച് ഭാവിയിലേക്ക് മുന്നേറാൻ ഈ ആഘോഷങ്ങൾ ഇടവരുത്തണം. ആത്മാഭിമാനത്തോടെ ജീവിക്കാനുള്ള മാന്യമായ സാഹചര്യം - പാർപ്പിടം, ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം തുടങ്ങി എല്ലാ അടിസ്ഥാന അവകാശങ്ങളും-എല്ലാവർക്കും ലഭിക്കുന്ന ഒരു അവസ്ഥ ഉണ്ടാകണം. ജാതിമത സ്പർദ്ധകളില്ലാത്ത ഒരു മതനിരപേക്ഷ കാഴ്ചപ്പാട് ഊട്ടിയുറപ്പിക്കാനും കലാസാംസ്കാരിക രംഗത്ത് ഒരു ജനകീയ അവബോധം സൃഷ്ടിക്കാനും കഴിയണം. ഞാൻ ഒരു മലയാളിയാണ്, ഭാരതീയനാണ് ഒപ്പം വിശ്വപൗരനുമാണ് എന്ന് അഭിമാനപൂർവം പറയാൻ കഴിയണം. ഒട്ടും ആഡംബരങ്ങളില്ലാത്ത അർത്ഥവത്തായ ഈ പരിപാടികൾ നമ്മുടെ സാമൂഹിക സാംസ്കാരിക മുന്നേറ്റത്തിൽ ഒരു പുതിയ നാഴികക്കല്ലാകുമെന്ന് പ്രത്യാശിക്കുന്നു.

# ഒരു പുതിയ കേരളത്തിനുവേണ്ടി

ഡോ. കെ.എൻ. പണിക്കർ



കേരളസംസ്ഥാന രൂപീകരണത്തെ ചരിത്രപ്രക്രിയയുടെ ഒരുഘട്ടം മാത്രമായി വേണം കാണാൻ. അമ്പത്താറിൽ കേരളം രൂപീകൃതമായെങ്കിലും അതൊരു അന്ത്യമല്ല. കേരളസൃഷ്ടി ഇന്നും നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്. കേരളം ഒരു ഭൂപ്രദേശവും ഭരണഘടകവും മാത്രമല്ലല്ലോ.

കേരളപ്പിറവിയുടെ അമ്പതാം വാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ സ്വാഭാവികമായും പലതരം അന്വേഷണങ്ങൾക്കും പ്രസക്തിയുണ്ട്. കേരളപ്പിറവി എന്ന പ്രയോഗത്തിൽനിന്നുതന്നെ തുടങ്ങാം. അമ്പതു കൊല്ലം മുമ്പാണ് കേരള സംസ്ഥാനം രൂപീകൃതമായതെങ്കിലും കേരളം എന്ന സങ്കൽപം അതിനേറെ മുമ്പുതന്നെ നിലവിൽ വന്നിരുന്നു, മലയാളിയുടെ മനസ്സിലും ഭാവനയിലും. ഇരുപതാം നൂറ്റാണ്ടിൽ അത് ഒരു രാഷ്ട്രീയ പരികൽപ്പനയായി പരിണമിക്കുകയും തത്ഫലമായി കേരള സംസ്ഥാനം നിലവിൽ വരുകയും ചെയ്തു. യാഥാർഥ്യം പക്ഷേ പരമ്പരാഗതമായ സങ്കൽപത്തിൽനിന്ന് വ്യത്യസ്തമായിരുന്നു. മലയാളിയുടെ മനസ്സിൽ കേരളം ഗോകർണം മുതൽ കന്യാകുമാരി വരെയായിരുന്നു. പക്ഷേ അമ്പത്താറിൽ രൂപീകൃതമായ കേരളത്തിൽ ഗോകർണവും കന്യാകുമാരിയുമുണ്ടായിരുന്നില്ല. എങ്കിലും കേരള സംസ്ഥാന രൂപീകരണത്തോടെ ഐക്യകേരള പ്രസ്ഥാനം വിജയിക്കുകയും മലയാളിയുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയും ചെയ്തു.

കേരളസംസ്ഥാനരൂപീകരണത്തെ ചരിത്രപ്രക്രിയയുടെ ഒരു ഘട്ടം മാത്രമായി വേണം കാണാൻ. അമ്പത്താറിൽ കേരളം രൂപീകൃതമായെങ്കിലും അതൊരു അന്ത്യമല്ല. കേരളസൃഷ്ടി ഇന്നും നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്. കേരളം ഒരു ഭൂപ്രദേശവും ഭരണഘടകവും മാത്രമല്ലല്ലോ. കേരളം എന്നതുകൊണ്ട് യഥാർഥത്തിൽ വിശേഷിപ്പിക്കുന്നത് മലയാളി ജനതയെയാണ്. വിവിധ ജാതി മതസ്ഥരും വിവിധ സംസ്കാരികധാരകളും ഉൾക്കൊള്ളുന്ന ജനത. വ്യത്യസ്ത സാംസ്കാരിക സാമുദായിക അവബോധമുള്ള ജനങ്ങൾ കേരളീയത എന്ന പൊതുബോധം പൂർണമായും സ്വാംശീകരിക്കുമ്പോൾ മാത്രമേ കേരള സൃഷ്ടി സമ്പൂർണമാകുകയുള്ളൂ. അത്തരം ഒരു ആദർശ ലക്ഷ്യത്തിലേക്കുള്ള പ്രയാണമാണ് കേരള സൃഷ്ടി എന്ന ചരിത്രപ്രക്രിയ. ആ ലക്ഷ്യം ഒരുപക്ഷേ മരീചിക മാത്രമായേക്കാം. എങ്കിലും ആ ചരിത്ര പ്രക്രിയയുടെ ഓരോ ഘട്ടവും പിന്നിട്ട പാതയിലേക്ക് തിരിഞ്ഞുനോക്കാനും ഭാവിയെ വിഭാവനം ചെയ്യാനുമുള്ള സന്ദർഭങ്ങളാണ്. കേരളപ്പിറവിയുടെ അമ്പതാം പിറന്നാളിന്റെ പ്രാധാന്യവും അതുതന്നെ.

കേരളം എന്ന ഭൂപ്രദേശം രൂപം കൊണ്ടതും കുന്നും കാടും ചതുപ്പുനിലവുമൊക്കെയടങ്ങിയ ഭൂമി മനുഷ്യൻ ആവാസയോഗ്യമാക്കി മാറ്റിയതും മാറിക്കൊണ്ടിരുന്ന ഉത്പാദന പ്രക്രിയകളുടെ ഫലമായി രൂപംകൊണ്ട സാമൂഹ്യവ്യവസ്ഥിതിയും അതിന്റെ ചുവടുപിടിച്ചുകൊണ്ടുണ്ടായ സമുദായ രൂപീകരണവും പല ഘട്ടങ്ങളിലായി ഉരുത്തിരിഞ്ഞു വന്ന സാമ്പത്തിക വ്യവസ്ഥയും വൈവിധ്യമാർന്ന സാംസ്കാരിക രൂപങ്ങളും കേരളത്തിന് തനതായ ഒരു വ്യക്തിത്വം പകർന്നു. സങ്കീർണമായ ഈ മേഖലകളിലേക്ക് അപൂർണമെങ്കിലും കാതലായ പല അന്വേഷണങ്ങളും നടന്നിട്ടുണ്ട്. കൂടുതൽ വിശദമായ അന്വേഷണങ്ങൾ ആവശ്യമാണ്. കേരളത്തിന്റെ സ്വത്വബോധത്തിലേക്കും വ്യക്തിത്വത്തിലേക്കും വെളിച്ചം വീശാൻ ഉതകുന്ന പഠനങ്ങൾക്ക് വലിയ സാധ്യതയുണ്ട്. ആ സാധ്യതകൾ സാക്ഷാത്കരിക്കുകയാണെങ്കിൽ കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക രാഷ്ട്രീയ യാഥാർഥ്യത്തെ തിരിച്ചറിയാൻ സഹായിക്കുന്ന വസ്തുതകൾ സമാഹരിക്കാനും അവയുടെ അടിസ്ഥാനത്തിൽ സാമാന്യവത്കരണങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞേക്കും. ഈ സാമാന്യവത്കരണങ്ങൾ ഉരുത്തിരിഞ്ഞു വരുന്ന സാമൂഹ്യ രാഷ്ട്രീയ പ്രവണതകളുടെ സ്വഭാവം തിരിച്ചറിയാൻ സഹായകമാകുകയും ചെയ്യും. അത്തരമൊരു ശ്രമം കേരളപ്പിറവിയുടെ ആഘോഷത്തിന്, ആഘോഷത്തിനുപരിയായി ഒരു സ്വഭാവം നൽകാൻ സഹായിക്കും. ഇന്നലെകളുടെ വിമർശനാത്മകമായ അവലോകനത്തിലൂടെ നാളെയുടെ സാധ്യതകളെ അടയാളപ്പെടുത്താനുള്ള ശ്രമം.

ഈ പിറന്നാൾ ആർഭാടമായി ആഘോഷിക്കാനാണ് സാധ്യത. ദോഷൈകദൃക്കുകൾ ധാരാളമുണ്ടാകാമെങ്കിലും അതിൽ വലിയ അപാകതയുണ്ടെന്ന് തോന്നുന്നില്ല. കാരണം ആഘോഷിക്കാൻ ധാരാളമുണ്ട്. അമ്പതു കൊല്ലങ്ങളിൽ പല നേട്ടങ്ങളുമുണ്ടായിട്ടുണ്ട്; നേട്ടങ്ങളെക്കാൾ കൂടുതൽ കോട്ടങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെങ്കിലും. അതുകൊണ്ട് ഈ അമ്പതു കൊല്ലങ്ങളിൽ കേരളയെ സമൂഹത്തിൽ ദൃശ്യമായ ദൗർബല്യങ്ങളെക്കുറിച്ചു കൂടുതൽ ബോധവാന്മാരാകേണ്ടതുണ്ട്. സ്വയം പ്രശംസയെക്കാൾ സ്വയം വിമർശനത്തിനാണ് കൂടുതൽ പ്രാധാന്യം കൽപ്പിക്കേണ്ടത്. എങ്കിലും കേരള സമൂഹത്തിലുണ്ടായ മൗലികമായ പരിവർത്തനങ്ങളുടെ പ്രാധാന്യം തിരിച്ചറിയേണ്ടതുണ്ട്. ഭൂപരിഷ്കരണങ്ങളിലൂടെ ജന്മിത്തത്തിന്റെ നടുവൊടിക്കാൻ കഴിഞ്ഞുവെന്നത് ചില്ലറ നേട്ടമൊന്നുമല്ല. കൃഷിഭൂമി കൃഷിക്കാരനു ലഭിച്ചു. പാട്ടക്കാരൻ ഇല്ലാതായി. കുടിയില്ലാത്തവന് കിടപ്പാടം ലഭിച്ചു. ഇന്ന് കേരളത്തിലെ 95 ശതമാനം പേർക്ക് സ്വന്തം വീടുണ്ടെന്ന് ശാസ്ത്രസാഹിത്യപരിഷത്ത് ഇയ്യിടെ നടത്തിയ പഠനം ചൂണ്ടിക്കാണിക്കുന്നു. ഇതു സാധ്യമാക്കിയതിൽ ഒരു പ്രധാനഘടകം ഭൂപരിഷ്കരണമാണ്. ഇവയെല്ലാം പ്രാധാന്യമുള്ളവയാണെങ്കിലും അവയിൽ മാത്രം അടങ്ങിനിൽക്കുന്നവയല്ല. ഭൂപരിഷ്കരണം ഒരു ചൂഷണവ്യവസ്ഥയെ അട്ടിമറിക്കുകയാണുണ്ടായത്. നൂറ്റാണ്ടുകളോളം പഴക്കമുള്ള സാമൂഹ്യബന്ധങ്ങളെയും അതിനോടനുബന്ധിച്ച സംസ്കാരത്തെയും പൊളിച്ചെഴുതി. വിപ്ലവാത്മകം എന്ന് വിശേഷിപ്പിക്കാവുന്ന ഒരു കാൽവെയ്പ്പായിരുന്നു അത്. കേരളത്തിലെ വർഗരൂപീകരണത്തിലും വർഗബന്ധങ്ങളിലും അതൊരു നിർണായക ശക്തിയായിരുന്നു. അതിന്റെ സാമൂഹ്യ രാഷ്ട്രീയ പ്രത്യാഘാതങ്ങളെന്താണെന്നത് ഇതുവരെയും അന്വേഷണ വിധേയമായിട്ടില്ല.



വി.ടി. ഭട്ടതിരിപ്പാട്

കേരളത്തിന്റെ നേട്ടങ്ങളുടെ പട്ടികയിൽ പ്രാധാന്യമർഹിക്കുന്ന മറ്റൊരു മേഖലയാണ് ആരോഗ്യം. ഈ മേഖലയിൽ ആർജിച്ച പുരോഗതിയുടെ ഒരു നിമിത്തമായി കുട്ടികളുടെ ചുരുങ്ങിയ മരണ നിരക്കിനെ പരിഗണിക്കാം. കേരളത്തിലെ മരണനിലവാരം വികസിത രാജ്യങ്ങളോട് കിടപിടിക്കുന്നതാണ്. ജീവിത ദൈർഘ്യത്തിന്റെ കാര്യത്തിലും കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു മുന്നിൽ തന്നെ. സാമൂഹ്യ മേഖലയിൽ കേരളം നേടിയ പുരോഗതിയുടെ മറ്റൊരു നിദാനമാണ് സാക്ഷരത. ഏകദേശം സമ്പൂർണ സാക്ഷരതയുള്ള ഏക സംസ്ഥാനം കേരളമാണ്. ഈ പട്ടിക ഇനിയും നീട്ടാവുന്നതാണെങ്കിലും മലയാളിക്ക് അഭിമാനിക്കാനും ആഘോഷിക്കാനും ഇവ തന്നെ പര്യാപ്തമാണ്. പക്ഷേ ഈ നേട്ടങ്ങളിൽ പലതും ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുകയാണ് എന്നതുകൊണ്ട് കേരളത്തിലെ സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ പ്രക്രിയയിൽ അന്തർലീനമായ ദൗർബല്യങ്ങളെയും വൈരുധ്യങ്ങളെയും തിരിച്ചറിയേണ്ടിയിരിക്കുന്നു. അതുകൊണ്ട് കഴിഞ്ഞ അമ്പതു കൊല്ലങ്ങളിൽ കേരള സമൂഹത്തിൽ പ്രകടമായ ചില പ്രവണതകളുടെ പോരിമയും പോരായ്മയും എന്താണെന്ന് അന്വേഷിക്കുന്നത് സംഗതമായിരിക്കുമെന്നു തോന്നുന്നു.




അയ്യങ്കാളി

## ജനാധിപത്യവത്കരണം


പതിനെട്ടാം നൂറ്റാണ്ടിൽ കേരളം മൂന്നു രാഷ്ട്രീയ വിഭാഗങ്ങളായി രൂപംകൊണ്ടത് കേരളത്തിന്റെ ഏകീകരണ പ്രക്രിയയുടെ ഒരു പ്രധാനപ്പെട്ട ഘടകമായി കണക്കാക്കാം. നാടുവാഴികളെ അടിച്ചമർത്തിക്കൊണ്ട് മാർത്താണ്ഡവർമ മഹാരാജാവ് തിരുവിതാംകൂറിലും ശക്തൻ തമ്പുരാൻ കൊച്ചിയിലും കേന്ദ്രീകൃതരാജ്യങ്ങൾ സ്ഥാപിച്ചു. മലബാർ പ്രദേശം ടിപ്പുസുൽത്താന്റെ പരാജയത്തോടെ ബ്രിട്ടീഷ് കൊളോണിയൽ വാഴ്ചയ്ക്കു കീഴിലുമായി. ഈ സ്വേഛാധിപത്യ- കൊളോണിയൽ ശക്തികളോടുള്ള ചെറുത്തു നിൽപ്പിലൂടെയാണ് കേരളത്തിലെ ജനാധിപത്യവത്കരണ പ്രക്രിയ ആരംഭിക്കുന്നത്. ഈ പ്രതിഭാസം സമൂഹത്തിൽ ശക്തിയാർജിച്ചത് ബഹുമുഖമായ ഇടപെടലുകളിലൂടെയാണ്. ഈ ഇടപെടലുകൾ നവോത്ഥാന പ്രസ്ഥാനത്തിന്റെയും സ്വാതന്ത്ര്യ സമരത്തിന്റെയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയുമൊക്കെ പ്രവർത്തനങ്ങളിൽ കണ്ണിചേർന്നു. ജാതിവ്യവസ്ഥയ്ക്കെതിരായ പ്രസ്ഥാനങ്ങളും കർഷക-തൊഴിലാളി സമരങ്ങളും പൊതുസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രതിരോധങ്ങളും ജനാധിപത്യ മുന്നേറ്റത്തിന്റെ വിവിധവശങ്ങളായിരുന്നു. നാരായണഗുരു സ്വാമികളും വി.ടി. ഭട്ടതിരിപ്പാടും ആഗമാനന്ദ സ്വാമികളും പണ്ഡിറ്റ് കറുപ്പനും മക്തിതങ്ങളും വക്കം മൗലവിയും കെ.പി. കേശവമേനോനും മുഹമ്മദ് അബ്ദുൾ റഹിമാനും

**ഭൂപരിഷ്കരണങ്ങളിലൂടെ ജന്മിത്തത്തിന്റെ നടുവൊടിക്കാൻ കഴിഞ്ഞുവെന്നത് ചില്ലറ നേട്ടമൊന്നുമല്ല. കൃഷിഭൂമി കൃഷിക്കാരനു ലഭിച്ചു. പാട്ടക്കാരൻ ഇല്ലാതായി. കുടിയില്ലാത്തവന് കിടപ്പാടം ലഭിച്ചു. ഇന്ന് കേരളത്തിലെ 95 ശതമാനം പേർക്കും സ്വന്തം വീടുണ്ട്.**

കഴിഞ്ഞ അമ്പതു കൊല്ലങ്ങളിൽ കേരള ചരിത്രത്തിന്റെ മുഖമുദ്രയായി വിശേഷിപ്പിക്കാവുന്നത് ഇടതുപക്ഷ വ്യവഹാര ത്തിന്റെ സ്വാധീനമാണ്. വളരെ സാവധാനത്തിൽ വളർന്നു വന്ന ഈ പ്രവണത സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിലൊക്കെ പ്രകടമായിരുന്നു.


ശ്രീ നാരായണഗുരു

അയ്യങ്കാളിയും സ്വദേശാഭിമാനി രാമകൃഷ്ണ പ്പിള്ളയും ജി.പി.പിള്ളയും സി. കേശവ നും പട്ടംതാണുപിള്ളയും ഇ.എം.എസ്സ്. നമ്പൂതിരിപ്പാടും പി. കൃഷ്ണപ്പിള്ളയും ഈ ആദ്യപഥികരുടെ പാതയിൽ തുടർന്ന മറ്റുപലരും ഈ പ്രക്രിയയെ മുന്നോട്ടുന യിച്ചു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഈ പ്രക്രിയയ്ക്ക് പല ദൗർബല്യങ്ങളും സംഭ വിച്ചു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാ ണ് ജനങ്ങൾക്ക് വിഹിതമായ സാമ്പത്തി കാധികാരം സിദ്ധിച്ചില്ല എന്നത്. ജനപ്ര തിനിധികളെ നിർണയിക്കാനുള്ള രാഷ്ട്രീ യാധികാരം ജനങ്ങളിൽ നിക്ഷിപ്തമായി രുന്നു എങ്കിലും സാമൂഹ്യാധികാരവും സാമ്പത്തിക അവകാശവും താഴെ തട്ടിലു ള്ളവരുടെ കൈകളിൽ എത്തിയില്ല. ഗുണ നിലവാരമുള്ള വിദ്യാഭ്യാസവും ഒരു ചെറിയ വിഭാഗത്തിനു മാത്രം ലഭ്യമായി. ഇടതുപക്ഷശക്തികൾക്ക് സ്വാധീനമുള്ള കേരളത്തിൽ ചെറുത്തുനിൽപ്പും സംഘർഷവും നടന്നു. മാത്രമല്ല, ഇടതു പക്ഷം അധികാരത്തിൽ വന്ന സന്ദർഭങ്ങ ളിലൊക്കെ ജനാധിപത്യവത്കരണത്തിന് ആക്കം ലഭിച്ചു. പക്ഷേ ഇടതുപക്ഷത്തിന് ഒരിക്കലും തുടർച്ചയായി ഭരിക്കുവാനുള്ള അവസരം ലഭിച്ചില്ല എന്നതുകൊണ്ട് ജനാ ധിപത്യവത്കരണ പ്രക്രിയയ്ക്ക് തിരിച്ചടി നേരിട്ടു. ജനകീയാസൂത്രണത്തിന് സംഭവി ച്ചത് നല്ലൊരു ഉദാഹരണമാണ്. അധികാരം ജനങ്ങളിലേക്ക് എന്ന ആശയത്തിന് പരി മിതമായ നിലയിലാണെങ്കിലും, പ്രായോ ഗിക രൂപം കൊടുക്കാനുള്ള ശ്രമമായിരുന്നു ജനകീയാസൂത്രണമെന്ന് നിസ്സന്ദേഹം പറ യാം. തദ്ഫലമായി മൗലികമായ സാമൂഹ്യ പരിവർത്തനത്തിന് വഴിതെളിക്കാനുള്ള സാധ്യതകൾ അതിൽ ഉള്ളടങ്ങിയിരുന്നു. സ്വാഭാവികമായും നിലവിലുള്ള സാമൂഹ്യാ ധികാരത്തെ ജനകീയാസൂത്രണത്തിന്റെ വിജയം പൂർണമായും അട്ടിമറിച്ചി ല്ലെങ്കിലും സാരമായി ബാധിക്കുമായിരുന്നു എന്നതിന് സംശയമില്ല. അതുകൊണ്ടു തന്നെ തുടർന്ന് അധികാരത്തിൽ വന്ന വലതുപക്ഷ ഭരണം ജനകീയാസൂത്ര ണത്തെ പുറംതള്ളി എന്നത് അത്ഭുത ത്തിന് ഇട നൽകുന്നില്ല. മാറിയ രാഷ്ട്രീയ സാഹചര്യത്തിൽ ഈ ജനാ ധിപത്യവത്കരണ പ്രക്രിയ തിരിച്ചുവ രുമെന്നാണ് പൊതു പ്രതീക്ഷ. അതി ലൂടെ കേരളത്തിന്റെ വികസന പരിപ്രേക്ഷ്യത്തിന് കൂടുതൽ ജനകീയ സ്വാഭാവവും സമഗ്രതയും ലഭിക്കു മെന്ന് കരുതാം. തദ്ഫലമായി ജന ങ്ങൾക്ക് രാഷ്ട്രസമ്പത്തിൽ അവകാ ശപ്പെട്ട പങ്ക് സിദ്ധിക്കുകയും ചെയ്തു. ജനാധിപത്യം യാഥാർഥ്യമാകുന്നത് അപ്പോൾ മാത്രമായിരിക്കും.


ചട്ടമ്പിസ്വാമികൾ

## മതേതരത്വം

കേരളത്തിലെ സാമൂഹ്യസാംസ്കാ രിക ജീവിതം സമ്പന്നമാണെങ്കിൽ അതിന് ഒരു പ്രധാന കാരണം വിവി ധമതാനുയായികളുടെ സാന്നിധ്യമാണ്. ക്രിസ്ത്യാനികളും മുസൽമാൻമാരും ജൂതന്മാരും ബൗദ്ധന്മാരും ജൈനന്മാരും ഹിന്ദുക്കളും ചരിത്രത്തിന്റെ വിവിധ ഘട്ട ങ്ങളിൽ കേരളസമൂഹത്തിന്റെ ഭാഗമായി. ശിഖന്മാർ മാത്രമെ ഇവിടെ ഇല്ലാത്തവരു ള്ളു. അവരെല്ലാവരും ഒരു സമൂഹത്തിന്റെ ഭാഗമായി സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ ജീവിതത്തിലിഴചേർന്നു കൊണ്ടുജീവിച്ചു. അവരുടെ കൂട്ടായ സംഭാ വനയാണ് കേരള സംസ്കാരവും കേരളീ യതയും. ഈ ചരിത്ര പൈതൃകത്തിന് കോട്ടം തട്ടാൻ തുടങ്ങിയത് കൊളോണിയൽ ഭരണകാലത്താണ്. ജാതിയിലും മത ത്തിലും അധിഷ്ഠിതമായ സാമൂഹ്യാവ ബോധം വേരൂന്നിയത് ആ കാലഘട്ടത്തി ലാണ്. പിന്നീടത് ജാതീയതയും വർഗീയ തയുമായി വളർന്നു. സാമുദായികമായ ഒരു ഉൾവലിയൽ ഇന്ന് കേരള സമൂഹത്തിൽ പ്രകടമാണ്. മതസൗഹാർദത്തിന് ഉലച്ചിൽ തട്ടുകയും ചെയ്തിരിക്കുന്നു. ഒരു മതേതര പൊതു ജീവിതത്തിനാവശ്യമായ സാമൂഹ്യ കാലാവസ്ഥ കേരളത്തിൽ അന്യമായിക്കൊ ണ്ടിരിക്കുകയാണ്. ഈ പ്രവണത ന്യൂന പക്ഷങ്ങൾക്കിടയിൽ ആശങ്കയുണ്ടാക്കു ന്നത് സ്വാഭാവികമാണ്. തത്ഫലമായി കേരള സമൂഹത്തിൽ നിരന്തരമായ ഒരു പിരിമുറുക്കം നിലനിൽക്കുന്നു. ഇത് ഭൂരി പക്ഷവർഗീയതയെ വളർത്താൻ സഹായ കമാകും.

## ഇടതുപക്ഷവ്യവഹാരത്തിന്റെ മേൽക്കൈ

കഴിഞ്ഞ അമ്പതു കൊല്ലങ്ങളിൽ കേരള ചരിത്രത്തിന്റെ മുഖമുദ്രയായി വിശേ ഷിപ്പിക്കാവുന്നത് ഇടതുപക്ഷ വ്യവഹാര ത്തിന്റെ സ്വാധീനമാണ്. വളരെ സാവധാ നത്തിൽ വളർന്നുവന്ന ഈ പ്രവണത സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗ ങ്ങളിലൊക്കെ പ്രകടമായിരുന്നു. ആദ്യത്തെ ഇടതുപക്ഷ ഭരണത്തെ അട്ടിമറിച്ച വിമോ ചനസമരത്തിന് ഈ പ്രവണതയെ തടുക്കാ നായില്ല. ഈ പ്രതിഭാസം ഇടതുപക്ഷ കക്ഷികളിലും പ്രസ്ഥാനങ്ങളിലും മാത്രം അടങ്ങിനിന്നില്ല. ഒരർഥത്തിൽ അത് സാമൂഹ്യ വ്യവഹാരത്തിന്റെ ഭാഗമായിരു ന്നു. സമൂഹത്തിന്റെ എല്ലാ തലങ്ങളെയും എല്ലാ രാഷ്ട്രീയാഭിപ്രായങ്ങളെയും അതു സ്വാധീനിച്ചു. പ്രതിലോമശക്തികൾ

**നവോത്ഥാന ആശയങ്ങളിൽ ചിലവയെങ്കിലും തിരിച്ചുപിടിക്കാൻ കഴിഞ്ഞെന്നുവരും. നവോത്ഥാന മൂല്യങ്ങളുടെ നഷ്ടം വരുത്തി വച്ച വിടവിലേക്ക് ജാതീയതയും മത മൗലികതയും വർഗീയതയും കടന്നുവരുന്നതിനെ പ്രതിരോധിക്കാൻ അത് ഉപയോഗപ്രദമാകുകയും ചെയ്യും.**


കെ.പി. കേശവമേനോൻ

പോലും ഇടതുപക്ഷ ഭാഷ ഉപയോഗിക്കാൻ നിർബന്ധിതരായി.

പക്ഷേ, ഇടതുപക്ഷ ആശയ മേൽക്കോയ്മ സാമൂഹ്യപരിവർത്തനത്തെയും സാമ്പത്തിക വികസനത്തെയും നിർണായകമായി സ്വാധീനിച്ചില്ല. കേരളത്തിന്റെ വികസനം മുതലാളിത്ത-പരിഷ്കരണ ചട്ടക്കൂടിൽ അടങ്ങിനിന്നു. അതിന് പലകാരണങ്ങളും കണ്ടേക്കാം. അഖിലേന്ത്യാതലത്തിൽ വളർന്നുവന്ന മുതലാളിത്ത വ്യവസ്ഥയുടെ ഭാഗമാണ് കേരളം എന്നതാണ് ഒരു പ്രധാനകാരണം. അതിന്റെ പരിമിതികളെ മറികടക്കാൻ ഇടയ്ക്കിടെ അവസരം ലഭിച്ച ഇടതുപക്ഷ ഭരണത്തിനുപോലും കഴിയുമായിരുന്നില്ല.

കഴിഞ്ഞ അമ്പതുകൊല്ലങ്ങളിൽ കേരളത്തിൽ വളർന്നുവന്ന മധ്യവർഗത്തിന്റെ സ്വാധീനം സാമൂഹ്യപരിവർത്തനത്തെ സാരമായി ബാധിച്ചതാണ് മറ്റൊരു ഘടകം. ഭരണകൂടത്തിന്റെ നയരൂപീകരണത്തെ നിർണായകമായി സ്വാധീനിക്കാൻ കഴിവുള്ള സാമൂഹ്യവിഭാഗമാണ് മധ്യവർഗം. പാശ്ചാത്യരാജ്യങ്ങൾ പിൻതുടർന്ന മുതലാളിത്ത പാതയുടെ ആരാധകന്മാരും പ്രചാരകന്മാരുമാണവർ.

മധ്യവർഗത്തിന്റെ സ്വാധീനം ഏറ്റവും പ്രകടമാകുന്നത് വിദ്യാഭ്യാസ മേഖലയിലാണ്. വിദ്യാഭ്യാസത്തിന്റെ ഘടനയും സ്വഭാവവും നിയന്ത്രിക്കുന്നത് മധ്യവർഗമാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുന്നതും അവർക്കുതന്നെ. അവർ അടക്കിഭരിക്കുന്ന ഈ മേഖലയിലേക്ക് താഴെതട്ടിലുള്ളവർക്ക് പ്രവേശനമില്ല. സ്വാശ്രയകോളേജുകളിലും മറ്റു സ്വകാര്യ സ്ഥാപനങ്ങളിലും തലവരികൊടുക്കാൻ ഇവർക്കേ കഴിയൂ. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിൽനിന്നു താഴെക്കിടയിലുള്ളവരെ ഒഴിവാക്കുന്നതുകൊണ്ട് വരേണ്യവർഗത്തിന്റെ കൈകളിൽ അധികാരം ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്. വിദ്യാഭ്യാസം സാമൂഹ്യപരിവർത്തനത്തിന്റെ ഉപാധിയാവുകയാണ് വേണ്ടത്. കേരളത്തിൽ അത് മധ്യവർഗത്തിന്റെ പൂർവസ്ഥിതി സംരക്ഷിക്കാനുള്ള ഉപകരണമായി വളർത്തിയെടുത്തിരിക്കുന്നു. അടുത്തിടെ സ്വാശ്രയ നിയമത്തെക്കുറിച്ചുണ്ടായ വിവാദം ഈ യാഥാർഥ്യമാണ് വിളിച്ചോതുന്നത്.

ആഗോളവത്കരണത്തെ സ്വാഗതം ചെയ്യുകയും മുന്നോട്ടു നയിക്കുകയും ചെയ്യുന്നതും മധ്യവർഗം തന്നെ. പക്ഷേ അത് അവർക്കുതന്നെ ഒരു വിനയായി കഴിഞ്ഞിരിക്കുന്നു. പാശ്ചാത്യ ആധുനികതയുടെ ഉപഭോഗസാധ്യതകൾ സ്വായത്തമാക്കാനുള്ള അമിതമായ ആവേശം അവരുടെ ജീവിതത്തിൽ പല വൈരുധ്യങ്ങൾക്കും വഴിവെച്ചിരിക്കുന്നു. ഈ വൈരുധ്യങ്ങളുടെ ഒരു പ്രത്യാഘാതം സാംസ്കാരിക പ്രതിസന്ധിയാണ്. ഈ പ്രതിസന്ധിക്ക് ഒരു പോംവഴിയായി അവർ അന്ധവിശ്വാസങ്ങളെയും യുക്തിഹീനമായ ആചാരങ്ങളെയും കൂട്ടുപിടിക്കുന്നു. ആൾദൈവങ്ങളുടെ സാന്ത്വനം തേടുന്നു. ജാതീയതയുടെയും മതാത്മകതയുടെയും സ്വാധീനം കേരളസമൂഹത്തെ സാംസ്കാരികമായ പിന്നാക്കാവസ്ഥയിലേക്ക് അനുദിനം ആഴ്ത്തികൊണ്ടിരിക്കുകയാണ്.


മുഹമ്മദ് അബ്ദുൾ റഹിമാൻ


പി. കൃഷ്ണപ്പിള്ള

നവോത്ഥാനത്തിന്റെ പ്രാധാന്യത്തെയും പ്രസക്തിയെയും കുറിച്ചുള്ള ചിന്ത ഉചിതമാകുന്നത് ഈ സന്ദർഭത്തിലാണ്. നവോത്ഥാനത്തിന്റെ മുഖമുദ്രകൾ യുക്തിയും മാനവികതയുമായിരുന്നു. സാമൂഹ്യാചാരങ്ങളെയും മതവിശ്വാസത്തെയും വിലയിരുത്തിയത് ഈ രണ്ടു അളവുകോൽ ഉപയോഗിച്ചായിരുന്നു. അവയ്ക്ക് നിരക്കാത്ത ആചാരാനുഷ്ഠാനങ്ങൾ തൂത്തെറിയപ്പെട്ടു. വിഗ്രഹാരാധനയും മത പുരോഹിതന്മാരുടെ അമിതമായ സ്വാധീനവും വിമർശനവിധേയമായി. നവോത്ഥാനത്തിന് പല പരിമിതികളും ദൗർബല്യങ്ങളുമുണ്ടായിരുന്നുവെങ്കിലും ആധുനികതയിലേക്കുള്ള ആദ്യകാൽവെപ്പായിരുന്നു അതെന്നതിന് തർക്കമുണ്ടാകാനിടയില്ല. പക്ഷേ നവോത്ഥാനത്തിന്റെ പൈതൃകം ഇന്ന് അന്യമായിക്കൊണ്ടിരിക്കുകയാണ്. പലരും പറയുന്നപോലെ ഒരു രണ്ടാം നവോത്ഥാനം സംഭവിച്ചേക്കുകയില്ല. ഇന്നു ചരിത്രസന്ദർഭം തികച്ചും വ്യത്യസ്തമാണ്. എങ്കിലും നവോത്ഥാന ആശയങ്ങളിൽ ചിലവയെങ്കിലും തിരിച്ചുപിടിക്കാൻ കഴിഞ്ഞെന്നുവരും. നവോത്ഥാന മൂല്യങ്ങളുടെ നഷ്ടം വരുത്തി വച്ച വിടവിലേക്ക് ജാതീയതയും മതമൗലികതയും വർഗീയതയും കടന്നുവരുന്നതിനെ പ്രതിരോധിക്കാൻ അത് ഉപയോഗപ്രദമാകുകയും ചെയ്യും.

ഒരു പുതിയ കേരള സമൂഹത്തിന്റെ സൃഷ്ടി സാധ്യമാകേണ്ട സന്ദർഭമാണിത്. സാമൂഹിക ജീവിതത്തിന്റെ എല്ലാ തുറകളെയും ആശ്ലേഷിക്കുന്ന മാറ്റങ്ങൾ ഉണ്ടായാൽ മാത്രമേ അത് സാധ്യമാകുകയുള്ളൂ. സാമ്പത്തിക പുരോഗതി, സാമൂഹ്യസൗഹാർദം, സാംസ്കാരിക പരിവർത്തനം എന്നിവയിൽ ക്രിയാത്മകമായ പുതിയ കാൽവെപ്പുകൾ മാത്രമേ അത്തരമൊരു മാറ്റത്തിനു വഴിതെളിയിക്കുകയുള്ളൂ. അങ്ങനെ ഒരു മാറ്റം പ്രാവർത്തികമാകണമെങ്കിൽ ജനങ്ങളെ സാംസ്കാരികമായും ധൈഷണികമായും സജ്ജമാക്കേണ്ടിയിരിക്കുന്നു; വ്യാപകമായ ജനസംവാദങ്ങളിലൂടെ.

# പൊതുവിദ്യാഭ്യാസം അരനൂറ്റാണ്ട് പിന്നിടുമ്പോൾ

നമ്മുടെ വിപുലമായ പൊതുവിദ്യാഭ്യാസമേഖല ഗുണമേന്മയുടെ പുതിയ ചക്രവാളങ്ങൾ കീഴടക്കേണ്ടതുണ്ട്.

അമ്പത് വർഷമെന്നത് ഒരു സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടുകൾ രൂപപ്പെടുത്താനും മുന്നോട്ടുള്ള ദിശയുടെ പൊതു അതിർ വരമ്പുകൾ കോറിയിടാനും മതിയായ സമയമാണ്. കേരളമെന്ന ഭാഷാ സംസ്ഥാനം അത് ഈ കാലഘട്ടത്തിനുള്ളിൽ വിദ്യാഭ്യാസ രംഗത്ത് രൂപപ്പെടുത്തിയോ എന്ന് വിമർശനാത്മകമായി വിലയിരുത്തേണ്ട സമയമാണിത്.

മുമ്പത്തെ കൊച്ചി സംസ്ഥാനത്തിൽ ഗവൺമെന്റ് ആധുനിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കാൻ തുടങ്ങിയത് 1818 ലായിരുന്നു. അന്നത്തെ രാജവിളംബര പ്രകാരം 33 ഭാഷാസ്കൂളുകൾ അവിടെ നിലവിൽ വരികയുണ്ടായി. മലബാർ പ്രദേശത്ത് 1834 ലെ ലോക്കൽ ബോർഡ് ആക്ട് ഒട്ടേറെ സ്കൂളുകൾ ആരംഭിക്കുന്നതിന് സഹായകമായി. മുൻ തിരുവിതാംകൂർ സംസ്ഥാനത്തിലാകട്ടെ റീജന്റ് റാണിയുടെ 1817 ലെ വിളംബരവും തുടർന്ന് ഗ്രാന്റ് ഇൻ എയ്ഡ് സമ്പ്രദായത്തിന്റെ ആരംഭവും സഹായിച്ചു.

ഇവയെല്ലാം രാജാക്കന്മാരുടെ വെറും ഉദാരമനസ്കതയായി മാത്രം ലളിതവത്കരിച്ചു കാണുന്നത് ശരിയല്ല. ഒട്ടേറെ സാമൂഹ്യപരിഷ്കർത്താക്കളുടെ സമ്മർദവും സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളും ഗവൺമെന്റിനെ ഇത്തരത്തിലൊരു തീരുമാനത്തിലെത്തിക്കാൻ നിർബന്ധിച്ചിട്ടുണ്ടെന്ന് ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

1961-ലെ സെൻസസ് പ്രകാരം കേരളത്തിലെ സാക്ഷരതാ നിരക്ക് 55.08% ആയിരുന്നു. 2001 ലെ സെൻസസ് പ്രകാരം ഇത് 90.92% ആയി ഉയർന്നിരിക്കുന്നു. ഇന്ന് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ സാക്ഷരതാ നിരക്ക് ഏററവും കൂടുതൽ നമ്മുടെ സംസ്ഥാനത്താണ്. ആരോഗ്യമുൾപ്പെടെ ജീവിത ഗുണനിലവാരത്തിന്റെ പല സൂചികകളിലും നാം വികസിത രാജ്യങ്ങളോടൊപ്പമാണ്. ഇത്തരമൊരു സാഹചര്യമൊരുക്കുന്നതിൽ കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗം അനല്പമായ പങ്ക് വഹിച്ചിട്ടുണ്ട്.



പൊതു വിദ്യാഭ്യാസത്തിന്റെ ഗുണപരത പൊതുവെ വിലയിരുത്തുന്നത് സ്കൂൾ ലഭ്യത, സ്കൂൾ പ്രവേശനം, കുട്ടികളുടെ കൊഴിഞ്ഞു പോക്കില്ലായ്മ, അത് പ്രവർത്തിക്കുന്ന പ്രദേശത്തെ മുഴുവൻ കുട്ടികളുടെയും സ്കൂൾ സാന്നിദ്ധ്യം, കുട്ടികളുടെ പഠന നേട്ടത്തിന്റെ ഗുണനിലവാരം എന്നിവ പരിശോധിച്ചാണ്.

പട്ടിക 1 പ്രകാരം കേരളത്തിലെ സ്കൂളുകളുടെ എണ്ണത്തിൽ നിരന്തരമായ വർധന ഉണ്ടാകുന്നുണ്ട് എന്നു കാണാം. മാത്രവുമല്ല 1984-85 ൽ പന്തീരായിരത്തിലെത്തിയ സ്കൂളുകളുടെ എണ്ണം 2002-03 ൽ മിക്കവാറും മാററമില്ലാതെ നിൽക്കുകയാണ്. കേരളത്തിൽ നടന്നുപോകാവുന്ന ദൂരത്തിലോ പൊതു ഗതാഗതസംവിധാനത്തിന്റെ സഹായത്തോടെ പത്തു- പതിനഞ്ച് മിനിറ്റുകൊണ്ട് എത്താവുന്ന ദൂരത്തിലോ ആണ് മിക്കവാറും എല്ലാ സ്കൂളുകളും. ഒരു ലക്ഷം ജനസംഖ്യയ്ക്ക് 21.86 എൽ.പി. സ്കൂളും, 9.62 യു.പി. സ്കൂളും, 8.35 ഹൈസ്കൂളും കേരളത്തിൽ ഇന്നു ലഭ്യമാണ്.

സ്കൂൾ പ്രായത്തിലെ മിക്കവാറും മുഴുവൻ കുട്ടികളും സ്കൂളിൽ എത്തുന്നുണ്ട്. കേരളത്തിലെ ജനസംഖ്യയുടെ ആറിലൊന്നും സ്കൂളിലാണ്. സ്കൂളുകളിലെ തൃപ്തികരമായ ഭൗതിക സാഹചര്യങ്ങളും വിദ്യാഭ്യാസം നേടിയ രക്ഷിതാക്കളുടെ താത്പര്യവും സ്കൂൾ പ്രദേശത്തിലുള്ള എല്ലാവരെയും ക്ളാസ്സുകളിൽ എത്തിക്കുന്നു. സ്കൂളിലെത്തുന്ന കുട്ടികളുടെ എണ്ണം 2004-05ൽ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 45.21 ലക്ഷവും അൺ എയ്ഡഡ് മേഖലയിൽ ഏകദേശം 3.2 ലക്ഷവും കേന്ദ്രീയ നവോദയാ വിദ്യാലയങ്ങൾ, സി.ബി.എസ്.ഇ. സ്കൂളുകൾ എന്നിവയിൽ ഏകദേശം 2.5 ലക്ഷവും അൺ എയ്ഡഡ് അൺറെക്കഗ്നൈസ്ഡ് മേഖലയിൽ ഉണ്ടെന്നു കരുതാവുന്ന ഏകദേശം 2.2 ലക്ഷവും പരിഗണിച്ചാൽ കേരളത്തിലെ സ്കൂളുകളിൽ 53.11 ലക്ഷം കുട്ടികൾ പഠിക്കുന്നുണ്ട് എന്നു കാണാം. ഈ എണ്ണവും പട്ടികജാതി വിഭാഗത്തിന്റെ എണ്ണവും കുറേ വർഷങ്ങളായി കാര്യമായി മാറുന്നില്ലെന്നത്. മിക്കവാറും എല്ലാവരും സ്കൂളിലെത്തി എന്നതിന്റെ തെളിവായി കണക്കാക്കാവുന്നതാണ്. ഇതേ പട്ടിക പ്രകാരം പട്ടിക വർഗത്തിലെ മുഴുവൻ കുട്ടികളും ഇപ്പോഴും സ്കൂളിൽ എത്തുന്നില്ലെന്നതും വ്യക്തമാണ്.

സ്കൂളിലെത്തുന്ന കുട്ടികളുടെ നിലനിൽപ് (retention) എത്രത്തോളമാണ്? ഒരു നിശ്ചിത ശതമാനം കുട്ടികളെ ഓരോ ക്ലാസിൽ നിന്നും പാസ്സാക്കണമെന്ന സർക്കാർ നിർദേശം നിലനിൽക്കുന്നുവെങ്കിലും, മിക്കവാറും കുട്ടികളും (70%) പത്താം ക്ലാസ്സ് വരെ കൊഴിഞ്ഞുപോകാതെ നിലനിൽക്കുന്നുണ്ട്. ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതു വളരെ മികച്ചതാണ്. കൊഴിഞ്ഞു പോക്ക് കുറയ്ക്കാൻ നമ്മുടെ സ്കൂളിലെ അധ്യാപകരിലെ സ്ത്രീ സാന്നിധ്യവും ഉച്ചഭക്ഷണ പരിപാടിയും വളരെയേറെ സഹായിക്കുന്നുണ്ട്. കേരളത്തിലെ സ്കൂളുകളിൽ ആകെയുള്ള 1.74 ലക്ഷം (2003-04) അധ്യാപകരിൽ 69% വും സ്ത്രീകളാണ്. ഉച്ചഭക്ഷണമാവട്ടെ ലക്ഷ്യമിടുന്ന കുട്ടികളിലെ ഭൂരിഭാഗത്തിനും കിട്ടുന്നുമുണ്ട്.

കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെങ്കിലും ഇവിടെയും പട്ടിക വർഗക്കാരിലെ കൊഴിഞ്ഞുപോക്ക് മററു വിഭാഗങ്ങളിലേതിനെക്കാൾ വളരെക്കൂടുതലാണെന്നത് ഉത്കണ്ഠാജനകമാണ്. ഇതെന്തുകൊണ്ടാണെന്ന അന്വേഷണവും പരിഹാര പരിപാടികളും അനിവാര്യമാണ്.

സ്കൂൾ പ്രവർത്തിക്കുന്ന പ്രദേശത്തെ കുട്ടികൾ മുഴുവൻ അവിടെ എത്തുന്നുണ്ടോ എന്നത് നിലവിലുള്ള പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മയുടെ സൂചകമായി കരുതാവുന്നതാണ്. ഇക്കാര്യത്തിൽ വിദ്യാഭ്യാസവകുപ്പിൽ യാതൊരു കണക്കുകളും ലഭ്യമല്ല. പൊതുവെ ഗ്രാമപ്രദേശങ്ങളിൽ അവിടത്തെ മുഴുവൻ കുട്ടികളും എത്തുന്നുണ്ട് എന്നു പറയാം. പട്ടണപ്രദേശങ്ങളിലാകട്ടെ നല്ല സ്കൂളിനെത്തേടിയോ അൺ എയ്ഡഡ് സ്കൂളിലേക്കോ കുട്ടികൾ പോകുന്നുണ്ട്. ഇത്തരം സ്കൂളുകളിൽ പൊതുവെ അധ്യാപക രക്ഷാകർതൃസമിതികളുടെ ഇടപെടൽ, സ്കൂൾ പ്രവർത്തനങ്ങളിലെ പങ്കാളിത്തം എന്നിവ പലപ്പോഴും വേണ്ടത്ര നിലവാരത്തിലുള്ളതല്ല. സ്കൂളുകളിലെ കുട്ടികളുടെ എണ്ണം അധ്യാപകരുടെ ജോലി സുരക്ഷിതത്വത്തെ ബാധിച്ചു തുടങ്ങിയതിനാൽ, പലേടത്തും സ്കൂൾ ബസ്സുകൾ വാങ്ങിയത് മേൽപ്പറഞ്ഞ പ്രശ്നം കൂടുതൽ രൂക്ഷതരമാക്കാൻ സഹായിക്കുന്നുണ്ട്. അയൽപക്ക സ്കൂൾ സമ്പ്രദായത്തെ തളർത്തുന്നതിന് സ്കൂൾ ബസ് സമ്പ്രദായം ഇടയാക്കുന്നു. കൂടാതെ സ്കൂൾ കുട്ടികൾക്ക് അനുവദിച്ചിരിക്കുന്ന യാത്രാ ഇളവുകൾ ഉപയോഗിച്ച് മുപ്പതും നാല്പതും കിലോമീററർ അകലെയുള്ള നല്ല സ്കൂളിലോ അൺ എയ്ഡഡ് സ്കൂളിലോ പോകുന്നത് പ്രോത്സാഹിപ്പിക്കാമോ എന്നത് സജീവമായി ചർച്ച ചെയ്യേണ്ടതുണ്ട്. അയൽപക്ക സ്കൂളിനെ തളർത്തുന്നതോടൊപ്പം യാത്രാ ക്ലേശങ്ങൾ വർധിപ്പിക്കാനും ഈ



നടപടികൾ ഇടയാക്കുന്നുണ്ട്.

കേരളത്തിലെ സ്കൂളുകളുടെ അക്കാദമിക് ഗുണനിലവാരം തൃപ്തികരമല്ല. പല പഠനങ്ങളും വിവിധ വിഷയങ്ങളിലെ കുട്ടികളുടെ ശേഷീ നിലവാരം മോശമാണെന്നാണ് തെളിയിക്കുന്നത്. പുതിയ പാഠ്യപദ്ധതി കേരളത്തിൽ നടപ്പാക്കിയത് ഈയൊരു കാര്യം കൂടി പരിഗണിച്ചായിരുന്നു. പക്ഷേ അതിന്റെ നടപ്പാക്കലിൽ നിരന്തരമായി ശ്രദ്ധ ആവശ്യമുള്ളതും അതുകൊണ്ടുതന്നെ തുടർച്ചയായ തിരുത്തലുകളും മാററങ്ങളും പഠനങ്ങളുടെ അടിസ്ഥാനത്തിൽ ചെയ്യേണ്ടിയുമിരുന്നിടത്ത്, വളരെ യാന്ത്രികമായ നടപ്പാക്കൽ രീതിയാണ് കഴിഞ്ഞ കുറച്ച് വർഷങ്ങളിൽ സ്വീകരിച്ചത്. അധ്യാപക പരിശീലനത്തിന്റെ ഗുണനിലവാരം തൃപ്തികരമല്ല. അധ്യാപകർക്കു കിട്ടുന്ന തൽസ്ഥല സഹായം (On site support) ഒട്ടും പ്രൊഫഷണലല്ല. പുതിയ പാഠ്യപദ്ധതിയുടെ ഉള്ളടക്കത്തിന്റെ ആത്മാവായ ക്ലാസ് മുറിയുടെ ജനാധിപത്യവത്കരണത്തിനനുസൃതമായി വിദ്യാഭ്യാസ മാനേജ്മെന്റ് സമ്പ്രദായത്തിന്റെ ജനാധിപത്യവത്കരണം നടന്നിട്ടില്ല. പരീക്ഷകളുടെ പ്രാധാന്യവും അതിന്റെ ഉത്കണ്ഠയും കുറയ്ക്കുന്ന രീതിയിൽ അതിനെ വേണ്ടത്ര മാററാനായിട്ടില്ല. സർവോപരി ദേശീയ വിദ്യാഭ്യാസ ചട്ടക്കൂട് (2005) നിഷ്കർഷിക്കുന്ന രീതിയിൽ കുട്ടികളുടെ പഠനഭാരം ശാസ്ത്രീയമായി ക്രമീകരിക്കാനോ വിമർശനാത്മകബോധന ശാസ്ത്രം ( Critical Pedagogy) ക്ലാസ് മുറിയിൽ എത്തിക്കാനോ സാധിച്ചിട്ടില്ല.

സ്കൂൾ ലഭ്യത, സ്കൂൾ പ്രവേശനം, കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കൽ എന്നീ കാര്യങ്ങളിൽ തൃപ്തികരമായ നേട്ടം കൈവരിച്ച സംസ്ഥാനം എന്ന നിലയിൽ കേരള സമൂഹം ഗുണനിലവാരത്തിലെ ചില രണ്ടാംതലമുറ പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാരശ്രമങ്ങൾ നടത്തുകയും ചെയ്യേണ്ടതുണ്ട്.

നമ്മുടെ സ്കൂൾ എന്താവണം എന്ന ആഗ്രഹത്തിൽ നിന്നു മാത്രമെ ഇവ എങ്ങനെ മാറണം എന്നു പറയാനാവൂ. കേരളത്തിലെ മുഴുവൻ കുട്ടികൾക്കും -2 മുതൽ +2 വരെ സൗജന്യവും സാർവത്രികവും നിർബന്ധി

**പട്ടിക 1**

**വിവിധ വർഷങ്ങളിൽ സ്കൂളുകളുടെ എണ്ണത്തിലെ വളർച്ച**

| വർഷം | എൽ.പി | യു.പി | ഹൈസ്കൂൾ | ആകെ |
|---|---|---|---|---|
| 1956-57 | 6699 | 1589 | 762 | 9050 |
| 1960-61 | 6706 | 1932 | 895 | 9533 |
| 1970-71 | 6886 | 2544 | 1384 | 10814 |
| 1980-81 | 6861 | 2753 | 1976 | 11590 |
| 1990-91 | 6767 | 2915 | 2452 | 12134 |
| 2000-01 | 6758 | 2957 | 2615 | 12330 |
| 2004-05 | 6805 | 3061 | 2774 | 12640 |

**പട്ടിക 2**

**സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണം**

| വർഷം | ആകെ കുട്ടികൾ | പട്ടികജാതി | പട്ടികവർഗം |
|---|---|---|---|
| 1956-57 | 2709271 | 185585 | 10837 |
| 1960-61 | 3270301 | 264896 | 11446 |
| 1970-71 | 4799532 | 430198 | 25326 |
| 1980-81 | 5602953 | 628776 | 39275 |
| 1990-91 | 6901101 | 663418 | 65917 |
| 2000-01 | 5219052 | 549060 | 58066 |
| 2004-05 | 4894005 | 524342 | 60339 |

**പട്ടിക 3**

**വിവിധ വർഷങ്ങളിലെ കുട്ടികളുടെ എണ്ണം**

| വർഷം | ഗവൺമെന്റ് | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|
| 1965-66 | 1749191 | 2398700 | 19945 | 4167836 |
| 1970-71 | 1948648 | 2826225 | 24649 | 4799522 |
| 1980-81 | 2203426 | 3339098 | 60429 | 5602953 |
| 1990-91 | 2296572 | 3456814 | 147715 | 5901101 |
| 2000-01 | 1842062 | 3119463 | 257527 | 5219052 |
| 2004-05 | 1565859 | 2960230 | 319842 | 4845931 |



തവുമായ വിദ്യാഭ്യാസം 14 വർഷം കൊണ്ട് ലഭ്യമാക്കുന്ന ഒരു സാമൂഹ്യ കേന്ദ്രമായിട്ടാവണം സ്കൂളിനെ കാണേണ്ടത്. അതായത് 4 വയസ്സ് പൂർത്തിയാകുമ്പോൾ രണ്ട് വർഷത്തെ പ്രീപ്രൈമറി പഠനം തൊട്ട് ആരംഭിച്ച് പന്ത്രണ്ടാം ക്ളാസുവരെയുള്ള പഠനം പൂർത്തിയാകുമ്പോൾ അവൾക്ക് 18 വയസ്സുതികയും, പ്രായപൂർത്തി വോട്ടവകാശത്തിന് അർഹതയുണ്ടായിരിക്കും. ഓരോ സ്കൂളിന്റെയും പ്രദേശത്തെ മുഴുവൻ കുട്ടികളും അതത് സ്കൂളിൽ പഠിക്കുന്നുണ്ടാവണം. 12 വർഷത്തെ സ്കൂൾ വിദ്യാഭ്യാസം ( 1 മുതൽ 12 ക്ളാസ്സ് വരെ) പൂർത്തിയാക്കുമ്പോഴേക്കും അവൾക്ക് സ്വന്തം കഴിവുകളിൽ ഏററവും മികവുള്ളതേതെന്നു സ്വയം കണ്ടെത്താനും അതിനെ പോഷിപ്പിക്കാനും പഠനത്തിനു ശേഷം തുടർന്നു പഠിക്കുന്നില്ലെങ്കിൽപോലും ജീവിക്കാനാവശ്യമായ തൊഴിലുകളിൽ ഏർപ്പെടാൻ സാധിക്കുകയും വേണം. ഈയൊരു സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വിദ്യാഭ്യാസത്തിന്റെ പരിമിതികളും പ്രശ്നങ്ങളും പഠനവിധേയമാക്കേണ്ടതുണ്ട്.

കേരളത്തിലെ വിദ്യാലയങ്ങൾ ക്രമേണ അയൽപ്പക്ക സ്കൂളുകൾ അല്ലാതായിക്കൊണ്ടിരിക്കുകയാണ്. വിദൂരപ്രദേശങ്ങളിൽ നിന്ന് കുട്ടികളെ ‘ഇറക്കുമതി’ ചെയ്ത് കുട്ടികളെ കണ്ടെത്തുകയാണിന്ന്. അയൽപ്പക്ക സ്കൂൾ സങ്കല്പത്തിൽ സ്കൂളിന് ചുററും താമസിക്കുന്നവരുടെ മാത്രം കുട്ടികൾ എത്തുന്നതിനാൽ ഓരോ കുട്ടിയെയും മനസ്സിലാക്കാൻ - അവളുടെ ഗൃഹാന്തരീക്ഷം, സാമ്പത്തിക പ്രശ്നങ്ങൾ, സാംസ്കാരികമായ വ്യത്യസ്തതകൾ എന്നിവ - അധ്യാപികയ്ക്കു സാധിക്കുമായിരുന്നു. അത് കുട്ടികളുടെ പഠനത്തെ സഹായിക്കുകയും ചെയ്യും. എവിടെ നിന്നോ വരുന്ന കുട്ടിയുടെ വിദ്യാഭ്യാസത്തിൽ സമൂഹപങ്കാളിത്തം അർത്ഥപൂർണമായി ഉറപ്പാക്കാൻ അതുകൊണ്ടു തന്നെ സാധ്യമാവുന്നില്ല.

സ്കൂളിലെ ഭൗതിക സൗകര്യങ്ങൾ - കെട്ടിടം, ഇരിപ്പിടം, ലാബ്, ലൈബ്രറി സൗകര്യം, കളിസ്ഥലം എന്നിവ- പുതിയ പാഠ്യപദ്ധതിയുടെ സാഹചര്യത്തിൽ വിലയിരുത്തി ഒരു പുനർ വിശകലനത്തിന് വിധേയമാക്കേണ്ടതുണ്ട്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ കേരളത്തിലെ സ്കൂളുകൾക്കുണ്ട്. പക്ഷേ നിലവിലുള്ള ക്ളാസുകൾ വേണ്ടത്ര വെളിച്ചവും കാററും കിട്ടുന്നതാണോ? അവ പൊടിയില്ലാത്ത വൃത്തിയുള്ള ക്ളാസുകളാക്കി മാററുന്നതിലുള്ള തടസ്സമെന്താണ്? ക്ളാസിലെ ഇന്നത്തെ ഇരിപ്പിടങ്ങൾ അവിടെ നടക്കേണ്ട ഗ്രൂപ്പുപ്രവർത്തനങ്ങളുടെയും മററും നടത്തിപ്പിന് പറ്റിയതാണോ? ഇവയെല്ലാം ശാസ്ത്രീയ പരിശോധനയ്ക്കു വിധേയമാക്കി ആവശ്യമായ മാറ്റങ്ങൾ വരുത്തണം.

നമ്മുടെ ക്ളാസുകളുടെ വലിപ്പം (കുട്ടികളുടെ എണ്ണം) നിലവിലുള്ള പുതിയ പഠന ബോധനരീതിക്ക് അനുഗുണമല്ല. പ്രാഥമിക ക്ളാസുകളിൽ (1 മുതൽ 4 വരെ) 20 കുട്ടികളേ പാടുള്ളൂവെന്ന് നിഷ്കർഷിക്കേണ്ടതുണ്ട്. യു. പി. ക്ളാസുകളിൽ 25 കുട്ടികളാകാം. 8, 9, 10, 11, 12 ക്ളാസുകളിൽ 30 കുട്ടികളിൽ കൂടുതലാവുന്നത് വ്യക്തിപരമായ ശ്രദ്ധ കൊടുക്കുന്നതിനെയും അവരുടെ നിരന്തര മൂല്യനിർണയത്തിന്റെ ഗുണതയെയും ബാധിക്കുമെന്ന് കേരളത്തിലെ തന്നെ അനുഭവങ്ങൾ തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്.

ക്ളാസുമുറിയുടെ വലിപ്പം പോലെ തന്നെ പ്രധാനമാണ് സ്കൂളിന്റെ വലിപ്പവും. 2000 ഉം 3000 ഉം കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ പൊതുപ്രവണതയല്ലെങ്കിലും ധാരാളം ഉണ്ടെന്നത് വാസ്തവമാണ്. അത്തരം സ്ഥലങ്ങളിൽ സ്ഥാപനം ഫലപ്രദമായി നടത്തികൊണ്ടുപോകുന്നതിന് ഒട്ടേറെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്.

കേരളത്തിൽ ഈയടുത്ത കാലത്തായി അൺ എയ്ഡഡ് സ്കൂളുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു തന്നെ ഈ മേഖലയിലുള്ള കുട്ടികളുടെ എണ്ണം ക്രമേണ വർദ്ധിക്കുകയും (പട്ടിക - 3) പൊതുമേഖലയിലെ കുട്ടികളുടെ എണ്ണം കുറയുകയും ചെയ്യുന്നുണ്ട്. പക്ഷേ 2004-05 ലെ കണക്കുകൾ പ്രകാരം 6.6% കുട്ടികൾ മാത്രമേ ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്നുള്ളു. ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഈ ശതമാനം വർധിച്ചിട്ടുണ്ടെങ്കിലും 90%ത്തിലേറെ കുട്ടികളും ഇപ്പോഴും പൊതുമേഖലയിലാണ് പഠിക്കുന്നത്. അതിനാൽ അവയുടെ ഗുണനിലവാര വർധനവിനായുള്ള പരിപാടികൾക്കു മുൻഗണന കൊടുത്തേ തീരൂ. തിരഞ്ഞെടുത്ത 104 സ്കൂളുകളിൽ കേരള സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രത്യേക പരിപാടി ഈ ദിശയിലേക്കുള്ള വ്യത്യസ്തമായ ചുവട് വയ്പാണ്. ഇതുതന്നെയാണ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെയും സ്ഥിതി. 2000-01 ലെ കണക്കുകൾ പ്രകാരം ആകെ കുട്ടികളിൽ 6.8% മാത്രമേ ഇംഗ്ലീഷ് മീഡിയം കുട്ടികൾ ഉള്ളൂ. പക്ഷേ ഈയടുത്ത കാലത്ത് ഇംഗ്ലീഷ് മീഡിയം സ്ഥാപനങ്ങളോടുള്ള മലയാളിയുടെ അശാസ്ത്രീയവും അന്ധവുമായ താത്പര്യം നിമിത്തം സാധാരണ സ്കൂളുകളിൽ സമാന്തര ഇംഗ്ലീഷ് മീഡിയം ക്ളാസുകൾ വർധിച്ചു വരുന്നുണ്ട്. മലയാളം മാധ്യമത്തിന്റെ ആകർഷണീയത വർദ്ധിപ്പിച്ചും, ഇംഗ്ലീഷ് ഭാഷാബോധനം മെച്ചപ്പെടുത്തിയും മാതൃഭാഷാ മാധ്യമത്തിൽ പഠിക്കുന്നത് കുട്ടിയുടെ അവകാശമാണെന്നു തിരിച്ചറിഞ്ഞും മാത്രമേ ഈ പ്രവണത തളർത്താനാവൂ.

അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസ മാനേജ്മെന്റിൽ ഗ്രാമ-ജില്ലാ പഞ്ചായത്തുകൾക്ക് ചില അധികാരങ്ങൾ കിട്ടിയിട്ടുണ്ട്. പക്ഷേ ഇപ്പോഴും പല പ്രധാന അധികാരങ്ങളും വിദ്യാഭ്യാസ വകുപ്പിൽ മാത്രം നിക്ഷിപ്തമാണ്. മാത്രമല്ല, കിട്ടിയ ചില അധികാരങ്ങൾ നടപ്പാക്കാൻ സ്ഥാപനപരമായതോ ഉദ്യോഗസ്ഥരുടെ പുനർവിന്യാസം വഴിയുള്ളതോ ആയ യാതൊരു പിൻബലവും വേണ്ടത്രയില്ല. ഉദാഹരണമായി 12-ാം ക്ളാസുവരെയുള്ള വിദ്യാഭ്യാസ ഗുണമേന്മാ വർദ്ധനവിനുള്ള ചുമതല ജില്ലാ പഞ്ചായത്തുകൾക്കാണ്. പക്ഷേ ഡയററുകൾ, സി. ടി. ഇ. പോലുള്ള സ്ഥാപനങ്ങൾ എന്നിവയുടെ നിയന്ത്രണം അവയ്ക്കു വിട്ടു കിട്ടിയിട്ടില്ല.

കേരളത്തിലെ പൊതുവിദ്യാഭ്യാസം ഇനിയും ഒട്ടേറെ മേഖലകളിൽ ഗുണമേന്മയുടെ പുതിയ ചക്രവാളങ്ങൾ കീഴടക്കേണ്ടതുണ്ട്. അതിനായുള്ള പരീക്ഷണങ്ങളും പ്രവർത്തനങ്ങളും പ്രയോഗിച്ചു മാത്രമേ നമുക്ക് ഇനിയും മുന്നോട്ടു പോകാനാവൂ.

# പൊതുവിദ്യാഭ്യാസം അരനൂറ്റാണ്ട് പിന്നിടുമ്പോൾ

നമ്മുടെ വിപുലമായ പൊതുവിദ്യാഭ്യാസമേഖല ഗുണമേന്മയുടെ പുതിയ ചക്രവാളങ്ങൾ കീഴടക്കേണ്ടതുണ്ട്.



അമ്പത് വർഷമെന്നത് ഒരു സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടുകൾ രൂപപ്പെടുത്താനും മുന്നോട്ടുള്ള ദിശയുടെ പൊതു അതിർ വരമ്പുകൾ കോറിയിടാനും മതിയായ സമയമാണ്. കേരളമെന്ന ഭാഷാ സംസ്ഥാനം അത് ഈ കാലഘട്ടത്തിനുള്ളിൽ വിദ്യാഭ്യാസ രംഗത്ത് രൂപപ്പെടുത്തിയോ എന്ന് വിമർശനാത്മകമായി വിലയിരുത്തേണ്ട സമയമാണിത്.

മുമ്പത്തെ കൊച്ചി സംസ്ഥാനത്തിൽ ഗവൺമെന്റ് ആധുനിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കാൻ തുടങ്ങിയത് 1818 ലായിരുന്നു. അന്നത്തെ രാജവിളംബര പ്രകാരം 33 ഭാഷാസ്കൂളുകൾ അവിടെ നിലവിൽ വരികയുണ്ടായി. മലബാർ പ്രദേശത്ത് 1834 ലെ ലോക്കൽ ബോർഡ് ആക്ട് ഒട്ടേറെ സ്കൂളുകൾ ആരംഭിക്കുന്നതിന് സഹായകമായി. മുൻ തിരുവിതാംകൂർ സംസ്ഥാനത്തിലാകട്ടെ റീജന്റ് റാണിയുടെ 1817 ലെ വിളംബരവും തുടർന്ന് ഗ്രാന്റ് ഇൻ എയ്ഡ് സമ്പ്രദായത്തിന്റെ ആരംഭവും സഹായിച്ചു.

ഇവയെല്ലാം രാജാക്കന്മാരുടെ വെറും ഉദാരമനസ്കതയായി മാത്രം ലളിതവത്കരിച്ചു കാണുന്നത് ശരിയല്ല. ഒട്ടേറെ സാമൂഹ്യപരിഷ്കർത്താക്കളുടെ സമ്മർദവും സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളും ഗവൺമെന്റിനെ ഇത്തരത്തിലൊരു തീരുമാനത്തിലെത്തിക്കാൻ നിർബന്ധിച്ചിട്ടുണ്ടെന്ന് ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

1961-ലെ സെൻസസ് പ്രകാരം കേരളത്തിലെ സാക്ഷരതാ നിരക്ക് 55.08% ആയിരുന്നു. 2001 ലെ സെൻസസ് പ്രകാരം ഇത് 90.92% ആയി ഉയർന്നിരിക്കുന്നു. ഇന്ന് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ സാക്ഷരതാ നിരക്ക് ഏററവും കൂടുതൽ നമ്മുടെ സംസ്ഥാനത്താണ്. ആരോഗ്യമുൾപ്പെടെ ജീവിത ഗുണനിലവാരത്തിന്റെ പല സൂചികകളിലും നാം വികസിത രാജ്യങ്ങളോടൊപ്പമാണ്. ഇത്തരമൊരു സാഹചര്യമൊരുക്കുന്നതിൽ കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗം അനല്പമായ പങ്ക് വഹിച്ചിട്ടുണ്ട്.

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണപരത പൊതുവെ വിലയിരുത്തുന്നത് സ്കൂൾ ലഭ്യത, സ്കൂൾ പ്രവേശനം, കുട്ടികളുടെ കൊഴിഞ്ഞു പോക്കില്ലായ്മ, അത് പ്രവർത്തിക്കുന്ന പ്രദേശത്തെ മുഴുവൻ കുട്ടികളുടെയും സ്കൂൾ സാന്നിദ്ധ്യം, കുട്ടികളുടെ പഠന നേട്ടത്തിന്റെ ഗുണനിലവാരം എന്നിവ പരിശോധിച്ചാണ്.

പട്ടിക 1 പ്രകാരം കേരളത്തിലെ സ്കൂളുകളുടെ എണ്ണത്തിൽ നിരന്തരമായ വർധന ഉണ്ടാകുന്നുണ്ട് എന്നു കാണാം. മാത്രവുമല്ല 1984-85 ൽ പന്തീരായിരത്തിലെത്തിയ സ്കൂളുകളുടെ എണ്ണം 2002-03 ൽ മിക്കവാറും മാററമില്ലാതെ നിൽക്കുകയാണ്. കേരളത്തിൽ നടന്നുപോകാവുന്ന ദൂരത്തിലോ പൊതു ഗതാഗതസംവിധാനത്തിന്റെ സഹായത്തോടെ പത്തു- പതിനഞ്ച് മിനിറ്റുകൊണ്ട് എത്താവുന്ന ദൂരത്തിലോ ആണ് മിക്കവാറും എല്ലാ സ്കൂളുകളും. ഒരു ലക്ഷം ജനസംഖ്യയ്ക്ക് 21.86 എൽ.പി. സ്കൂളും, 9.62 യു.പി. സ്കൂളും, 8.35 ഹൈസ്കൂളും കേരളത്തിൽ ഇന്നു ലഭ്യമാണ്.

സ്കൂൾ പ്രായത്തിലെ മിക്കവാറും മുഴുവൻ കുട്ടികളും സ്കൂളിൽ എത്തുന്നുണ്ട്. കേരളത്തിലെ ജനസംഖ്യയുടെ ആറിലൊന്നും സ്കൂളിലാണ്. സ്കൂളുകളിലെ തൃപ്തികരമായ ഭൗതിക സാഹചര്യങ്ങളും വിദ്യാഭ്യാസം നേടിയ രക്ഷിതാക്കളുടെ താത്പര്യവും സ്കൂൾ പ്രദേശത്തിലുള്ള എല്ലാവരെയും ക്ളാസ്സുകളിൽ എത്തിക്കുന്നു. സ്കൂളിലെത്തുന്ന കുട്ടികളുടെ എണ്ണം 2004-05ൽ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 45.21 ലക്ഷവും അൺ എയ്ഡഡ് മേഖലയിൽ ഏകദേശം 3.2 ലക്ഷവും കേന്ദ്രീയ നവോദയാ വിദ്യാലയങ്ങൾ, സി.ബി.എസ്.ഇ. സ്കൂളുകൾ എന്നിവയിൽ ഏകദേശം 2.5 ലക്ഷവും അൺ എയ്ഡഡ് അൺറെക്കഗ്നൈസ്ഡ് മേഖലയിൽ ഉണ്ടെന്നു കരുതാവുന്ന ഏകദേശം 2.2 ലക്ഷവും പരിഗണിച്ചാൽ കേരളത്തിലെ സ്കൂളുകളിൽ 53.11 ലക്ഷം കുട്ടികൾ പഠിക്കുന്നുണ്ട് എന്നു കാണാം. ഈ എണ്ണവും പട്ടികജാതി വിഭാഗത്തിന്റെ എണ്ണവും കുറേ വർഷങ്ങളായി കാര്യമായി മാറുന്നില്ലെന്നത്. മിക്കവാറും എല്ലാവരും സ്കൂളിലെത്തി എന്നതിന്റെ തെളിവായി കണക്കാക്കാവുന്നതാണ്. ഇതേ പട്ടിക പ്രകാരം പട്ടിക വർഗത്തിലെ മുഴുവൻ കുട്ടികളും ഇപ്പോഴും സ്കൂളിൽ എത്തുന്നില്ലെന്നതും വ്യക്തമാണ്.

സ്കൂളിലെത്തുന്ന കുട്ടികളുടെ നിലനിൽപ് (retention) എത്രത്തോളമാണ്? ഒരു നിശ്ചിത ശതമാനം കുട്ടികളെ ഓരോ ക്ളാസിൽ നിന്നും പാസ്സാക്കണമെന്ന സർക്കാർ നിർദേശം നിലനിൽക്കുന്നുവെങ്കിലും, മിക്കവാറും കുട്ടികളും (70%) പത്താം ക്ളാസ്സ് വരെ കൊഴിഞ്ഞുപോകാതെ നിലനിൽക്കുന്നുണ്ട്. ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതു വളരെ മികച്ചതാണ്. കൊഴിഞ്ഞു പോക്ക് കുറയ്ക്കാൻ നമ്മുടെ സ്കൂളിലെ അധ്യാപകരിലെ സ്ത്രീ സാന്നിധ്യവും ഉച്ചഭക്ഷണ പരിപാടിയും വളരെയേറെ സഹായിക്കുന്നുണ്ട്. കേരളത്തിലെ സ്കൂളുകളിൽ ആകെയുള്ള 1.74 ലക്ഷം (2003-04) അധ്യാപകരിൽ 69% വും സ്ത്രീകളാണ്. ഉച്ചഭക്ഷണമാവട്ടെ ലക്ഷ്യമിടുന്ന കുട്ടികളിലെ ഭൂരിഭാഗത്തിനും കിട്ടുന്നുമുണ്ട്.

കുട്ടികളുടെ കൊഴിഞ്ഞു പോക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണെങ്കിലും ഇവിടെയും പട്ടിക വർഗക്കാരിലെ കൊഴിഞ്ഞുപോക്ക് മററു വിഭാഗങ്ങളിലേതിനെക്കാൾ വളരെക്കൂടുതലാണെന്നത് ഉത്കണ്ഠാജനകമാണ്. ഇതെന്തുകൊണ്ടാണെന്ന അന്വേഷണവും പരിഹാര പരിപാടികളും അനിവാര്യമാണ്.

സ്കൂൾ പ്രവർത്തിക്കുന്ന പ്രദേശത്തെ കുട്ടികൾ മുഴുവൻ അവിടെ എത്തുന്നുണ്ടോ എന്നത് നിലവിലുള്ള പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മയുടെ സൂചകമായി കരുതാവുന്നതാണ്. ഇക്കാര്യത്തിൽ വിദ്യാഭ്യാസവകുപ്പിൽ യാതൊരു കണക്കുകളും ലഭ്യമല്ല. പൊതുവെ ഗ്രാമപ്രദേശങ്ങളിൽ അവിടത്തെ മുഴുവൻ കുട്ടികളും എത്തുന്നുണ്ട് എന്നു പറയാം. പട്ടണപ്രദേശങ്ങളിലാകട്ടെ നല്ല സ്കൂളിനെത്തേടിയോ അൺ എയ്ഡഡ് സ്കൂളിലേക്കോ കുട്ടികൾ പോകുന്നുണ്ട്. ഇത്തരം സ്കൂളുകളിൽ പൊതുവെ അധ്യാപക രക്ഷാകർതൃസമിതികളുടെ ഇടപെടൽ, സ്കൂൾ പ്രവർത്തനങ്ങളിലെ പങ്കാളിത്തം എന്നിവ പലപ്പോഴും വേണ്ടത്ര നിലവാരത്തിലുള്ളതല്ല. സ്കൂളുകളിലെ കുട്ടികളുടെ എണ്ണം അധ്യാപകരുടെ ജോലി സുരക്ഷിതത്വത്തെ ബാധിച്ചു തുടങ്ങിയതിനാൽ, പലേടത്തും സ്കൂൾ ബസ്സുകൾ വാങ്ങിയത് മേൽപ്പറഞ്ഞ പ്രശ്നം കൂടുതൽ രൂക്ഷതരമാക്കാൻ സഹായിക്കുന്നുണ്ട്. അയൽപക്ക സ്കൂൾ സമ്പ്രദായത്തെ തളർത്തുന്നതിന് സ്കൂൾ ബസ് സമ്പ്രദായം ഇടയാക്കുന്നു. കൂടാതെ സ്കൂൾ കുട്ടികൾക്ക് അനുവദിച്ചിരിക്കുന്ന യാത്രാ ഇളവുകൾ ഉപയോഗിച്ച് മുപ്പതും നാല്പതും കിലോമീററർ അകലെയുള്ള നല്ല സ്കൂളിലോ അൺ എയ്ഡഡ് സ്കൂളിലോ പോകുന്നത് പ്രോത്സാഹിപ്പിക്കാമോ എന്നത് സജീവമായി ചർച്ച ചെയ്യേണ്ടതുണ്ട്. അയൽപക്ക സ്കൂളിനെ തളർത്തുന്നതോടൊപ്പം യാത്രാ ക്ളേശങ്ങൾ വർധിപ്പിക്കാനും ഈ നടപടികൾ ഇടയാക്കുന്നുണ്ട്.



കേരളത്തിലെ സ്കൂളുകളുടെ അക്കാദമിക് ഗുണനിലവാരം തൃപ്തികരമല്ല. പല പഠനങ്ങളും വിവിധ വിഷയങ്ങളിലെ കുട്ടികളുടെ ശേഷീ നിലവാരം മോശമാണെന്നാണ് തെളിയിക്കുന്നത്. പുതിയ പാഠ്യപദ്ധതി കേരളത്തിൽ നടപ്പാക്കിയത് ഈയൊരു കാര്യം കൂടി പരിഗണിച്ചായിരുന്നു. പക്ഷേ അതിന്റെ നടപ്പാക്കലിൽ നിരന്തരമായി ശ്രദ്ധ ആവശ്യമുള്ളതും അതുകൊണ്ടുതന്നെ തുടർച്ചയായ തിരുത്തലുകളും മാററങ്ങളും പഠനങ്ങളുടെ അടിസ്ഥാനത്തിൽ ചെയ്യേണ്ടിയുമിരുന്നിടത്ത്, വളരെ യാന്ത്രികമായ നടപ്പാക്കൽ രീതിയാണ് കഴിഞ്ഞ കുറച്ച് വർഷങ്ങളിൽ സ്വീകരിച്ചത്. അധ്യാപക പരിശീലനത്തിന്റെ ഗുണനിലവാരം തൃപ്തികരമല്ല. അധ്യാപകർക്കു കിട്ടുന്ന തൽസ്ഥല സഹായം (On site support) ഒട്ടും പ്രൊഫഷണലല്ല. പുതിയ പാഠ്യപദ്ധതിയുടെ ഉള്ളടക്കത്തിന്റെ ആത്മാവായ ക്ളാസ് മുറിയുടെ ജനാധിപത്യവത്കരണത്തിനനുസൃതമായി വിദ്യാഭ്യാസ മാനേജ്മെന്റ് സമ്പ്രദായത്തിന്റെ ജനാധിപത്യവത്കരണം നടന്നിട്ടില്ല. പരീക്ഷകളുടെ പ്രാധാന്യവും അതിന്റെ ഉത്കണ്ഠയും കുറയ്ക്കുന്ന രീതിയിൽ അതിനെ വേണ്ടത്ര മാറ്റാനായിട്ടില്ല. സർവോപരി ദേശീയ വിദ്യാഭ്യാസ ചട്ടക്കൂട് (2005) നിഷ്കർഷിക്കുന്ന രീതിയിൽ കുട്ടികളുടെ പഠനഭാരം ശാസ്ത്രീയമായി ക്രമീകരിക്കാനോ വിമർശനാത്മകബോധന ശാസ്ത്രം ( Critical Pedagogy) ക്ളാസ് മുറിയിൽ എത്തിക്കാനോ സാധിച്ചിട്ടില്ല.

സ്കൂൾ ലഭ്യത, സ്കൂൾ പ്രവേശനം, കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കൽ എന്നീ കാര്യങ്ങളിൽ തൃപ്തികരമായ നേട്ടം കൈവരിച്ച സംസ്ഥാനം എന്ന നിലയിൽ കേരള സമൂഹം ഗുണനിലവാരത്തിലെ ചില രണ്ടാംതലമുറ പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാരശ്രമങ്ങൾ നടത്തുകയും ചെയ്യേണ്ടതുണ്ട്.

നമ്മുടെ സ്കൂൾ എന്താവണം എന്ന ആഗ്രഹത്തിൽ നിന്നു മാത്രമെ ഇവ എങ്ങനെ മാറണം എന്നു പറയാനാവൂ. കേരളത്തിലെ മുഴുവൻ കുട്ടികൾക്കും -2 മുതൽ +2 വരെ സൗജന്യവും സാർവത്രികവും നിർബന്ധി

**പട്ടിക 1**

**വിവിധ വർഷങ്ങളിൽ സ്കൂളുകളുടെ എണ്ണത്തിലെ വളർച്ച**

| വർഷം | എൽ.പി | യു.പി | ഹൈസ്കൂൾ | ആകെ |
|---|---|---|---|---|
| 1956-57 | 6699 | 1589 | 762 | 9050 |
| 1960-61 | 6706 | 1932 | 895 | 9533 |
| 1970-71 | 6886 | 2544 | 1384 | 10814 |
| 1980-81 | 6861 | 2753 | 1976 | 11590 |
| 1990-91 | 6767 | 2915 | 2452 | 12134 |
| 2000-01 | 6758 | 2957 | 2615 | 12330 |
| 2004-05 | 6805 | 3061 | 2774 | 12640 |

**പട്ടിക 2**

**സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണം**

| വർഷം | ആകെ കുട്ടികൾ | പട്ടികജാതി | പട്ടികവർഗം |
|---|---|---|---|
| 1956-57 | 2709271 | 185585 | 10837 |
| 1960-61 | 3270301 | 264896 | 11446 |
| 1970-71 | 4799532 | 430198 | 25326 |
| 1980-81 | 5602953 | 628776 | 39275 |
| 1990-91 | 6901101 | 663418 | 65917 |
| 2000-01 | 5219052 | 549060 | 58066 |
| 2004-05 | 4894005 | 524342 | 60339 |

**പട്ടിക 3**

**വിവിധ വർഷങ്ങളിലെ കുട്ടികളുടെ എണ്ണം**

| വർഷം | ഗവൺമെന്റ് | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|
| 1965-66 | 1749191 | 2398700 | 19945 | 4167836 |
| 1970-71 | 1948648 | 2826225 | 24649 | 4799522 |
| 1980-81 | 2203426 | 3339098 | 60429 | 5602953 |
| 1990-91 | 2296572 | 3456814 | 147715 | 5901101 |
| 2000-01 | 1842062 | 3119463 | 257527 | 5219052 |
| 2004-05 | 1565859 | 2960230 | 319842 | 4845931 |



തവുമായ വിദ്യാഭ്യാസം 14 വർഷം കൊണ്ട് ലഭ്യമാക്കുന്ന ഒരു സാമൂഹ്യ കേന്ദ്രമായിട്ടാവണം സ്കൂളിനെ കാണേണ്ടത്. അതായത് 4 വയസ്സ് പൂർത്തിയാകുമ്പോൾ രണ്ട് വർഷത്തെ പ്രീപ്രൈമറി പഠനം തൊട്ട് ആരംഭിച്ച് പന്ത്രണ്ടാം ക്ളാസുവരെയുള്ള പഠനം പൂർത്തിയാകുമ്പോൾ അവൾക്ക് 18 വയസ്സുതികയും, പ്രായപൂർത്തി വോട്ടവകാശത്തിന് അർഹതയുണ്ടായിരിക്കും. ഓരോ സ്കൂളിന്റെയും പ്രദേശത്തെ മുഴുവൻ കുട്ടികളും അതത് സ്കൂളിൽ പഠിക്കുന്നുണ്ടാവണം. 12 വർഷത്തെ സ്കൂൾ വിദ്യാഭ്യാസം ( 1 മുതൽ 12 ക്ളാസ്സ് വരെ) പൂർത്തിയാക്കുമ്പോഴേക്കും അവൾക്ക് സ്വന്തം കഴിവുകളിൽ ഏററവും മികവുള്ളതേതെന്നു സ്വയം കണ്ടെത്താനും അതിനെ പോഷിപ്പിക്കാനും പഠനത്തിനു ശേഷം തുടർന്നു പഠിക്കുന്നില്ലെങ്കിൽപോലും ജീവിക്കാനാവശ്യമായ തൊഴിലുകളിൽ ഏർപ്പെടാൻ സാധിക്കുകയും വേണം. ഈയൊരു സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വിദ്യാഭ്യാസത്തിന്റെ പരിമിതികളും പ്രശ്നങ്ങളും പഠനവിധേയമാക്കേണ്ടതുണ്ട്.

കേരളത്തിലെ വിദ്യാലയങ്ങൾ ക്രമേണ അയൽപ്പക്ക സ്കൂളുകൾ അല്ലാതായിക്കൊണ്ടിരിക്കുകയാണ്. വിദൂരപ്രദേശങ്ങളിൽ നിന്ന് കുട്ടികളെ ‘ഇറക്കുമതി’ ചെയ്ത് കുട്ടികളെ കണ്ടെത്തുകയാണിന്ന്. അയൽപ്പക്ക സ്കൂൾ സങ്കല്പത്തിൽ സ്കൂളിന് ചുററും താമസിക്കുന്നവരുടെ മാത്രം കുട്ടികൾ എത്തുന്നതിനാൽ ഓരോ കുട്ടിയെയും മനസ്സിലാക്കാൻ - അവളുടെ ഗൃഹാന്തരീക്ഷം, സാമ്പത്തിക പ്രശ്നങ്ങൾ, സാംസ്കാരികമായ വ്യത്യസ്തതകൾ എന്നിവ - അധ്യാപികയ്ക്കു സാധിക്കുമായിരുന്നു. അത് കുട്ടികളുടെ പഠനത്തെ സഹായിക്കുകയും ചെയ്യും. എവിടെ നിന്നോ വരുന്ന കുട്ടിയുടെ വിദ്യാഭ്യാസത്തിൽ സമൂഹപങ്കാളിത്തം അർത്ഥപൂർണമായി ഉറപ്പാക്കാൻ അതുകൊണ്ടു തന്നെ സാധ്യമാവുന്നില്ല.

സ്കൂളിലെ ഭൗതിക സൗകര്യങ്ങൾ - കെട്ടിടം, ഇരിപ്പിടം, ലാബ്, ലൈബ്രറി സൗകര്യം, കളിസ്ഥലം എന്നിവ- പുതിയ പാഠ്യപദ്ധതിയുടെ സാഹചര്യത്തിൽ വിലയിരുത്തി ഒരു പുനർ വിശകലനത്തിന് വിധേയമാക്കേണ്ടതുണ്ട്. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ കേരളത്തിലെ സ്കൂളുകൾക്കുണ്ട്. പക്ഷേ നിലവിലുള്ള ക്ളാസുകൾ വേണ്ടത്ര വെളിച്ചവും കാററും കിട്ടുന്നതാണോ? അവ പൊടിയില്ലാത്ത വൃത്തിയുള്ള ക്ളാസുകളാക്കി മാററുന്നതിലുള്ള തടസ്സമെന്താണ്? ക്ളാസിലെ ഇന്നത്തെ ഇരിപ്പിടങ്ങൾ അവിടെ നടക്കേണ്ട ഗ്രൂപ്പുപ്രവർത്തനങ്ങളുടെയും മററും നടത്തിപ്പിന് പററിയതാണോ? ഇവയെല്ലാം ശാസ്ത്രീയ പരിശോധനയ്ക്കു വിധേയമാക്കി ആവശ്യമായ മാററങ്ങൾ വരുത്തണം.

നമ്മുടെ ക്ളാസുകളുടെ വലിപ്പം (കുട്ടികളുടെ എണ്ണം) നിലവിലുള്ള പുതിയ പഠന ബോധനരീതിക്ക് അനുഗുണമല്ല. പ്രാഥമിക ക്ളാസുകളിൽ (1 മുതൽ 4 വരെ) 20 കുട്ടികളേ പാടുള്ളൂവെന്ന് നിഷ്കർഷിക്കേണ്ടതുണ്ട്. യു. പി. ക്ളാസുകളിൽ 25 കുട്ടികളാകാം. 8, 9, 10, 11, 12 ക്ളാസുകളിൽ 30 കുട്ടികളിൽ കൂടുതലാവുന്നത് വ്യക്തിപരമായ ശ്രദ്ധ കൊടുക്കുന്നതിനെയും അവരുടെ നിരന്തര മൂല്യനിർണയത്തിന്റെ ഗുണതയെയും ബാധിക്കുമെന്ന് കേരളത്തിലെ തന്നെ അനുഭവങ്ങൾ തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്.

ക്ളാസുമുറിയുടെ വലിപ്പം പോലെ തന്നെ പ്രധാനമാണ് സ്കൂളിന്റെ വലിപ്പവും. 2000 ഉം 3000 ഉം കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ പൊതുപ്രവണതയല്ലെങ്കിലും ധാരാളം ഉണ്ടെന്നത് വാസ്തവമാണ്. അത്തരം സ്ഥലങ്ങളിൽ സ്ഥാപനം ഫലപ്രദമായി നടത്തികൊണ്ടുപോകുന്നതിന് ഒട്ടേറെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്.

കേരളത്തിൽ ഈയടുത്ത കാലത്തായി അൺ എയ്ഡഡ് സ്കൂളുകൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടു തന്നെ ഈ മേഖലയിലുള്ള കുട്ടികളുടെ എണ്ണം ക്രമേണ വർദ്ധിക്കുകയും (പട്ടിക - 3) പൊതുമേഖലയിലെ കുട്ടികളുടെ എണ്ണം കുറയുകയും ചെയ്യുന്നുണ്ട്. പക്ഷേ 2004-05 ലെ കണക്കുകൾ പ്രകാരം 6.6% കുട്ടികൾ മാത്രമേ ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്നുള്ളു. ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഈ ശതമാനം വർധിച്ചിട്ടുണ്ടെങ്കിലും 90%ത്തിലേറെ കുട്ടികളും ഇപ്പോഴും പൊതുമേഖലയിലാണ് പഠിക്കുന്നത്. അതിനാൽ അവയുടെ ഗുണനിലവാര വർധനവിനായുള്ള പരിപാടികൾക്കു മുൻഗണന കൊടുത്തേ തീരൂ. തിരഞ്ഞെടുത്ത 104 സ്കൂളുകളിൽ കേരള സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രത്യേക പരിപാടി ഈ ദിശയിലേക്കുള്ള വ്യത്യസ്തമായ ചുവട് വയ്പാണ്. ഇതുതന്നെയാണ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെയും സ്ഥിതി. 2000-01 ലെ കണക്കുകൾ പ്രകാരം ആകെ കുട്ടികളിൽ 6.8% മാത്രമേ ഇംഗ്ലീഷ് മീഡിയം കുട്ടികൾ ഉള്ളൂ. പക്ഷേ ഈയടുത്ത കാലത്ത് ഇംഗ്ലീഷ് മീഡിയം സ്ഥാപനങ്ങളോടുള്ള മലയാളിയുടെ അശാസ്ത്രീയവും അന്ധവുമായ താത്പര്യം നിമിത്തം സാധാരണ സ്കൂളുകളിൽ സമാന്തര ഇംഗ്ലീഷ് മീഡിയം ക്ളാസുകൾ വർധിച്ചു വരുന്നുണ്ട്. മലയാളം മാധ്യമത്തിന്റെ ആകർഷണീയത വർദ്ധിപ്പിച്ചും, ഇംഗ്ലീഷ് ഭാഷാബോധനം മെച്ചപ്പെടുത്തിയും മാതൃഭാഷാ മാധ്യമത്തിൽ പഠിക്കുന്നത് കുട്ടിയുടെ അവകാശമാണെന്നു തിരിച്ചറിഞ്ഞും മാത്രമേ ഈ പ്രവണത തളർത്താനാവൂ.

അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസ മാനേജ്മെന്റിൽ ഗ്രാമ-ജില്ലാ പഞ്ചായത്തുകൾക്ക് ചില അധികാരങ്ങൾ കിട്ടിയിട്ടുണ്ട്. പക്ഷേ ഇപ്പോഴും പല പ്രധാന അധികാരങ്ങളും വിദ്യാഭ്യാസ വകുപ്പിൽ മാത്രം നിക്ഷിപ്തമാണ്. മാത്രമല്ല, കിട്ടിയ ചില അധികാരങ്ങൾ നടപ്പാക്കാൻ സ്ഥാപനപരമായതോ ഉദ്യോഗസ്ഥരുടെ പുനർവിന്യാസം വഴിയുള്ളതോ ആയ യാതൊരു പിൻബലവും വേണ്ടത്രയില്ല. ഉദാഹരണമായി 12-ാം ക്ളാസുവരെയുള്ള വിദ്യാഭ്യാസ ഗുണമേന്മാ വർദ്ധനവിനുള്ള ചുമതല ജില്ലാ പഞ്ചായത്തുകൾക്കാണ്. പക്ഷേ ഡയററുകൾ, സി. ടി. ഇ. പോലുള്ള സ്ഥാപനങ്ങൾ എന്നിവയുടെ നിയന്ത്രണം അവയ്ക്കു വിട്ടു കിട്ടിയിട്ടില്ല.

കേരളത്തിലെ പൊതുവിദ്യാഭ്യാസം ഇനിയും ഒട്ടേറെ മേഖലകളിൽ ഗുണമേന്മയുടെ പുതിയ ചക്രവാളങ്ങൾ കീഴടക്കേണ്ടതുണ്ട്. അതിനായുള്ള പരീക്ഷണങ്ങളും പ്രവർത്തനങ്ങളും പ്രയോഗിച്ചു മാത്രമേ നമുക്ക് ഇനിയും മുന്നോട്ടു പോകാനാവൂ.

ആർ.വി.ജി. മേനോൻ

# കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം

**ഉന്നത വിദ്യാഭ്യാസം സമൂഹത്തിന്റെ ഭാവിയിൽ നടത്തുന്ന സാമൂഹികനിക്ഷേപം ആവണമെങ്കിൽ, അത് കുപ്പയിൽ കിടക്കുന്ന രത്നങ്ങളെക്കുടി ഉൾക്കൊള്ളുന്നതാവണം.**

കണക്കുകളുടെ അടിസ്ഥാനത്തിൽ* കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം വളർച്ചയുടെ പാതയിലാണ്. 2005 ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 2.76 ലക്ഷം കുട്ടികൾ പാസ്സായപ്പോൾ 3.23 ലക്ഷം സീറ്റുകൾ ഹയർ സെക്കണ്ടറിയിലും 0.26 ലക്ഷം സീറ്റുകൾ വൊക്കേഷണൽ ഹയർ സെക്കണ്ടറയിലും തയ്യാറായിരുന്നു. ഇതിനു പുറമെയാണ് പോളിടെക്നിക്കുകളിലെ 9660 സീറ്റുകൾ. 1,98,979 വിദ്യാർത്ഥികൾ 2005-ൽ പ്ലസ്ടു പരീക്ഷ പാസ്സായി. ഏകദേശം 15% കുട്ടികൾ സി.ബി.എസ്.ഇ സിലബസ് അനുസരിച്ച് പഠിക്കുന്നുണ്ടെന്നാണ് ശാസ്ത്രസാഹിത്യപരിഷത്ത് നടത്തിയ കേരളപഠനം കാണിക്കുന്നത്. അവരെയും കൂടെ കൂട്ടിയാൽ 2.3 ലക്ഷം കുട്ടികളാണ് സർവകലാശാലാ വിദ്യാഭ്യാസത്തിലേക്ക് കടക്കുന്നത്. ഇവർക്കായി ഒരുക്കിയിരിക്കുന്നതോ? ഏഴു സർവകലാശാലകളിലെ 356 അഫിലിയേറ്റഡ് കോളേജുകളിലായി ബി.എ.യ്ക്ക് 25231 സീറ്റുകളും ബി.എസ്.സിയ്ക്ക് 23,630 സീറ്റുകളും ബി.കോമിന് 8599 സീറ്റുകളും. കൂടാതെ 84 എഞ്ചിനീയറിങ് കോളേജുകളിലായി 23196 സീറ്റുകളും. ആയുർവേദവും ഹോമിയോപ്പതിയും ഉൾപ്പെടെ 40 മെഡിക്കൽ കോളേജുകളിലായി 2870 സീറ്റുകൾ. 45 നഴ്സിംഗ് കോളേജുകളിൽ 2280 സീറ്റ്; 20 ഫാർമസി കോളേജുകളിൽ 1120 സീറ്റ്. മൊത്തം ഡിഗ്രി തലത്തിൽ 86,926 സീറ്റ്. പന്ത്രണ്ട് കൊല്ലം മുമ്പ് ഒന്നാം ക്ലാസ്സിൽ ചേർന്ന ഏകദേശം ആറ് ലക്ഷം കുട്ടികളിൽ 15 ശതമാനത്തോളം പേർക്ക് സർവകലാശാലാതലത്തിലേക്ക് പ്രവേശനം കിട്ടുന്നു എന്നർത്ഥം. ഇത് അഖിലേന്ത്യാ നിലവാരത്തെക്കാൾ ഉയർന്നതാണ്.

സർവകലാശാലകളുടെയും കോളേജുകളുടെയും വിദ്യാർത്ഥികളുടെയും എണ്ണത്തിൽ കഴിഞ്ഞ 50 വർഷങ്ങളിലുണ്ടായ വളർച്ച തീർച്ചയായും ഗണനീയമാണ്. പക്ഷേ ഗുണമേന്മയുടെ കാര്യമോ?

ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ എങ്ങനെയാണളക്കുക? അഖിലേന്ത്യാ മത്സരപ്പരീക്ഷകളിൽ നമ്മുടെ ബിരുദധാരികൾ എങ്ങനെ വിജയിക്കുന്നു എന്നത് തീർച്ചയായും ഒരു സൂചകമാണ്. IAS, IPS മുതലായ പരീക്ഷകൾ മാത്രമല്ല, GATE, CSIR/UGC, NET തുടങ്ങിയ പരീക്ഷകളും ഇതിനായി കണക്കിലെടുക്കാം.

NAAC, AICTE എന്നീ ദേശീയ ഏജൻസികൾക്കു പുറമെ പല സ്വതന്ത്ര ഏജൻസികളും എഞ്ചിനീയറിങ്, മാനേജ്മെന്റ്, മെഡിക്കൽ, ലോ തുടങ്ങിയ പ്രൊഫഷണൽ കോളേജുകളെ അഖിലേന്ത്യാ തലത്തിൽ റാങ്ക് ചെയ്യാറുണ്ട്. ഏറ്റവും മികച്ച പത്തു സ്ഥാപനങ്ങൾ, നൂറു സ്ഥാപനങ്ങൾ എന്നിങ്ങനെ ലിസ്റ്റുകളും വരാറുണ്ട്. അവരുപയോഗിക്കുന്ന രീതിശാസ്ത്രത്തെക്കുറിച്ചും അവരിൽ ചിലരുടെ നിഷ്പക്ഷതയെക്കുറിച്ചും സംശയങ്ങളുണ്ടാവാമെങ്കിലും ഇതും ഒരു സൂചകമായെടുക്കാവുന്നതാണ്.

അക്കാദമിക സ്ഥാപനങ്ങളുടെ ഗുണമേന്മയുടെ ഒരു പ്രധാന ഘടകം അവിടത്തെ ഫാക്കൽട്ടിയാണ്. ഗവേഷണ നേട്ടങ്ങൾ, പ്രസിദ്ധീകരണങ്ങൾ, പ്രൊഫഷണൽ അംഗീകാരം മുതലായവയുടെ അടിസ്ഥാനത്തിൽ അഖിലേന്ത്യാതലത്തിൽ ശാസ്ത്രജ്ഞർക്കും ഗവേഷകർക്കും പല പുരസ്കാരങ്ങളും ബഹുമതികളും നൽകാറുണ്ട്. നമ്മുടെ അധ്യാപകരെയും ഗവേഷകരെയും വിലയിരുത്തുന്നതിന് ഇതും ഒരു ഘടകമായിട്ടെടുക്കുന്നതിൽ തെറ്റില്ല.

ഇവയിലേതു മാനദണ്ഡമെടുത്താലും കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തിന് ഏറെയൊന്നും അഭിമാനിക്കാൻ വക കാണുന്നില്ല എന്നതാണ് ദുഃഖകരമായ സത്യം.

## സാമൂഹിക പ്രസക്തി

ഉന്നത വിദ്യാഭ്യാസത്തെ വിലയിരു



ത്താൻ ഇതിനെക്കാളൊക്കെ പ്രസക്തമായ മറ്റൊരു മാനദണ്ഡമുണ്ട്: ഉന്നതവിദ്യാഭ്യാസം കൊണ്ട് ഒരു സമൂഹത്തിനുണ്ടാകേണ്ട നേട്ടങ്ങൾ ഏതളവിൽ ലഭ്യമായിട്ടുണ്ട്, എന്ന പരിശോധനയാണത്.

എന്താണ് ഉന്നത വിദ്യാഭ്യാസത്തിൽ നിന്ന് സമൂഹം പ്രതീക്ഷിക്കുന്നത്, അല്ലെങ്കിൽ പ്രതീക്ഷിക്കേണ്ടത്? നിലവിലുള്ള അറിവിന്റെ വിമർശനപരമായ ഉൾക്കൊള്ളലും പ്രയോഗവും പുതിയ അറിവിന്റെ നിർമിതിയുമാണല്ലോ അവിടെ നടക്കേണ്ടത്. അതിലൂടെ ഉന്നതമായ അറിവും വൈദഗ്ദ്ധ്യവും ആവശ്യമായ വിവിധ മേഖലയിൽ പണിയെടുക്കേണ്ടവരെ ഒരുക്കിയെടുക്കുക എന്നതാണ് സർവകലാശാലാ വിദ്യാഭ്യാസം ചെയ്യേണ്ട ഒരു പ്രധാന കർമം. നാളത്തെ അദ്ധ്യാപകരും ശാസ്ത്രജ്ഞരും പണ്ഡിതരും അവരിൽ നിന്നാണുണ്ടാകേണ്ടത്. അതുപോലെ തന്നെ വികസ്വരമായ സമൂഹം നേരിടുന്ന വെല്ലുവിളികളെയും പ്രതിസന്ധികളെയും മറികടക്കുന്നതിനുള്ള അറിവും ദിശാബോധവും ഉപദേശങ്ങളും നൽകേണ്ടതും അഭ്യസ്തവിദ്യരാണ്. നാളത്തെ സമൂഹം എന്തായിരിക്കണമെന്ന ദർശനവും അതിനെ രൂപപ്പെടുത്തിയെടുക്കാനുള്ള നയങ്ങളും നടപടികളും ഉരുത്തിരിയേണ്ടതും ആഴത്തിലുള്ള പഠനത്തിലൂടെയും വിചിന്തനത്തിലൂടെയും ചർച്ചകളിലൂടെയുമാണ്. ചുരുക്കത്തിൽ സമൂഹത്തിന്റെ വികസനത്തിലും ഭാവിയിലുമുള്ള നിക്ഷേപമാണ് ഉന്നത വിദ്യാഭ്യാസം. അതിലുള്ള മുതൽമുടക്കിന് അർഹിക്കുന്ന പ്രതിഫലം കിട്ടുന്നുണ്ടോ എന്ന കണക്കെടുപ്പ് നാം നടത്താറുണ്ടോ?

കേരളം നേരിടുന്ന സങ്കീർണവും സവിശേഷവുമായ വികസന പ്രശ്നങ്ങളെ പരിഹരിക്കുന്നതിനുള്ള മാർഗദർശനത്തിനായി നാം ഉന്നതവിദ്യാഭ്യാസത്തെ ഉറ്റുനോക്കിയിട്ടുണ്ടോ. രൂക്ഷമായ തൊഴിലില്ലായ്മ, അധ്വാന വൈമുഖ്യം, സർക്കാരിന്റെ ധനപ്രതിസന്ധി, ഉത്പാദനരംഗങ്ങളിലെ മുരടിപ്പ്, സ്ത്രീകൾക്കെതിരെ വർധിച്ചു വരുന്ന അക്രമങ്ങൾ, മാഫിയാവത്കരണം, കൂടിയ ആത്മഹത്യാനിരക്ക്, വീണ്ടുവിചാരമില്ലാത്ത പ്രകൃതി നശീകരണം, അമിതമായ അലങ്കാരഭ്രമം, മടങ്ങിവരുന്ന ജാതി-മത-വിഭാഗീയ ചിന്തകൾ.... എന്നിങ്ങനെ നാം നേരിടുന്ന വിവിധ പ്രശ്നങ്ങളെ മറികടക്കാനുള്ള ഉൾക്കാഴ്ചയ്ക്കും ദീർഘവീക്ഷണത്തിനും നാം എങ്ങോട്ടാണ് തിരിയേണ്ടത്? അത് ആഴത്തിലുള്ള പഠിപ്പിലൂടെയാണുണ്ടാകേണ്ടതെന്നു പോലും നാം തിരിച്ചറിയുന്നില്ല. അതുകൊണ്ട് സാമൂഹിക പ്രതിബദ്ധതയുള്ള രാഷ്ട്രീയക്കാരും സാംസ്കാരിക നായകരും എല്ലാത്തിനോടും പ്രതികരിക്കാൻ നിർബന്ധിതരാകുന്നു. എത്ര മാത്രം കഴിവുള്ളവരാണെങ്കിലും അവർ ജെനറലിസ്റ്റുകളാണ്. സവിശേഷ വിജ്ഞാനത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കാതെ പോകുന്നു. അതുകൊണ്ടുതന്നെ ഉന്നത വിദ്യാഭ്യാസത്തിന്റെ സാമൂഹിക കണക്കെടുപ്പ് (Social auditing) നടക്കുന്നില്ല.

അതിനു പകരം അത് കുറെ ഭാഗ്യാന്വേഷികൾക്ക് ഉയർന്ന ഉദ്യോഗങ്ങൾ കിട്ടാനുതകുന്ന ഡിഗ്രികൾ നൽകുന്ന ഒരു സംവിധാനമായി ചുരുങ്ങിയിരിക്കുന്നു. ഈ സൗകര്യം മുതലെടുത്ത് ഉന്നത വിദ്യാഭ്യാസ പ്രവർത്തകരും താന്താങ്ങളുടെ അക്കാദമിക അറകളിലേക്ക് ഒതുങ്ങുന്നു. അക്കാദമിക സ്വാതന്ത്ര്യം എന്നത് കണക്കെടുപ്പുകളിൽ നിന്നും ഉത്തരവാദിത്തങ്ങളിൽ നിന്നും ഒഴിഞ്ഞു മാറാനുള്ള അവകാശമായി വ്യാഖ്യാനിക്കപ്പെടുന്നു. രാഷ്ട്രീയ നേതൃത്വമാകട്ടെ, സർവകലാശാലാ തസ്തികകളെ തങ്ങൾക്ക് വേണ്ടപ്പെട്ടവരെ കുടിയിരുത്താനായിട്ടുള്ള അലങ്കാരവേദികളായിക്കണ്ട് തൃപ്തിയടയുന്നു.

## വിദ്യാഭ്യാസവും സാമൂഹികനീതിയും

ഇതൊക്കെയാണെങ്കിലും നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗം സാമാന്യം തൃപ്തികരമായി ചെയ്യുന്ന ഒരു കാര്യമുണ്ട്. ഭരണം, നിയമം, ആരോഗ്യസേവനം, അധ്യാപനം, കൃഷിയുൾപ്പെടെയുള്ള സാങ്കേതിക മേഖലകൾ തുടങ്ങിയ വൈദഗ്ദ്ധ്യമാവശ്യമുള്ള വിവിധ തുറകളിലേക്കുള്ള ആൾസേനയെ തയ്യാറാക്കി നൽകാൻ അതിന് കഴിഞ്ഞിട്ടുണ്ട്. അവരുടെ സേവനത്തിന്റെ ഗുണമേന്മയോ അവരുടെ സാമൂഹിക പ്രതിബദ്ധതയോ നാടിനുചേർന്ന രൂപങ്ങൾ വിക

**പട്ടിക - 2**

**18-25 പ്രായമുള്ള യുവാക്കൾ എന്തു ചെയ്യുന്നു?**

| വിഭാഗം | ഉപരി പഠനം (%) | തൊഴിലെടുക്കുന്നവർ (%) | തൊഴിൽ രഹിതർ(%) |
|---|---|---|---|
| 1. പരമദരിദ്രർ | 13.7 | 31.9 | 54.3 |
| 2. ദരിദ്രർ | 16.1 | 35.0 | 48.9 |
| 3. താഴ്ന്ന ഇടത്തരക്കാർ | 30.9 | 31.1 | 37.9 |
| 4. ഉയർന്ന ഇടത്തരക്കാർ | 54.2 | 31.0 | 14.8 |

സ്രോതസ്- പരിഷത്ത് കേരള പഠനം



**പട്ടിക - 1**

**ഉന്നതവിദ്യാഭ്യാസം നേടിയവർ, വിവിധ സാമ്പത്തിക വിഭാഗങ്ങളിൽ (%)**

| സാമ്പത്തിക വിഭാഗം | സാങ്കേതിക ഡിപ്ലോമ | കോളേജ് | പ്രൊഫഷണൽ | മൊത്തം ഉന്നത വിദ്യാഭ്യാസം |
|---|---|---|---|---|
| 1. പരമദരിദ്രർ | 0.7 | 2.6 | 0.2 | 3.5 |
| 2. ദരിദ്രർ | 1.8 | 5.1 | 0.1 | 7.0 |
| 3. താഴ്ന്ന ഇടത്തരക്കാർ | 4.8 | 14.8 | 1.4 | 21.1 |
| 4. ഉയർന്ന ഇടത്തരക്കാരും സമ്പന്നരും | 9.7 | 40.5 | 8.4 | 58.6 |

സ്രോതസ്- പരിഷത്ത് കേരള പഠനം

സിപ്പിച്ചെടുക്കുന്നതിലെ അലംഭാവമോ ഒക്കെ വിമർശന വിധേയമായേക്കാമെങ്കിലും ആൾശേഷി വികസനം ഒരു വലിയ കാര്യം തന്നെയാണ്. അതിലൂടെ മറ്റൊരു നേട്ടവും ഉണ്ടായിട്ടുണ്ട്. സമൂഹത്തിന്റെ താഴെത്തട്ടുകളിലുണ്ടായിരുന്ന പലർക്കും ഉന്നതവിദ്യാഭ്യാസത്തിലൂടെ ഉയർന്ന പടവുകളിലേക്ക് കയറാനും കഴിഞ്ഞിട്ടുണ്ട്. മുൻ സൂചിപ്പിച്ച കേരള പഠനത്തിൽ കണ്ടെത്തിയത് സമൂഹത്തിലെ മേൽഗതിയ്ക്കുള്ള മുഖ്യമായ ചാലകശക്തി വിദ്യാഭ്യാസമാണ് എന്നത്രെ. (പട്ടിക -1 കാണുക).

ഉന്നതവിദ്യാഭ്യാസം നേടാൻ അവസരം കിട്ടിയവർക്കാണ് സാമ്പത്തികമായ ഉയർച്ച പ്രാപിക്കാൻ സാധ്യത ഏറെയുള്ളത് എന്ന് ഇത് കാണിക്കുന്നു. മത-ജാതി ഘടകങ്ങളും ഉന്നതവിദ്യാഭ്യാസ ലബ്ധിയെ സ്വാധീനിക്കുന്നു എന്നതും ഈ പഠനത്തിലെ സവിശേഷമായൊരു കണ്ടെത്തലാണ്.

മുന്നാക്ക ഹിന്ദു വിഭാഗങ്ങളും ക്രിസ്ത്യാനികളുമാണ് ഉപരിപഠനാവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നത്. മുസ്ലിങ്ങൾ ഇക്കാര്യത്തിൽ ആനുപാതികമായി നോക്കിയാൽ പട്ടികജാതി/വർഗ വിഭാഗങ്ങളെക്കാൾ പിന്നിലാണ്!



**പാവപ്പെട്ടവർ അവരുടെ മേൽഗതിക്കുള്ള വഴിയായി ഉന്നതവിദ്യാഭ്യാസത്തെ കാണുന്ന കീഴ്‌വഴക്കത്തിനാണ് അടുത്ത കാലത്തായി ശക്തി പ്രാപിച്ച സ്വാശ്രയ സമ്പ്രദായം ഭീഷണി ഉയർത്തിയിരിക്കുന്നത്. കേരളത്തിലിപ്പോഴുള്ള 84 എഞ്ചിനീയറിങ് കോളേജുകളിൽ 72ഉം 40 മെഡിക്കൽ കോളേജുകളിൽ 27ഉം 65 പാരാ മെഡിക്കൽ കോളേജുകളിൽ (നഴ്സിങ്, ഫാർമസി) 60ഉം സ്വാശ്രയമേഖലയിലാണ്.**

പാവപ്പെട്ടവർ അവരുടെ മേൽഗതിക്കുള്ള വഴിയായി ഉന്നതവിദ്യാഭ്യാസത്തെ കാണുന്ന കീഴ്‌വഴക്കത്തിനാണ് അടുത്ത കാലത്തായി ശക്തി പ്രാപിച്ച സ്വാശ്രയ സമ്പ്രദായം ഭീഷണി ഉയർത്തിയിരിക്കുന്നത്. കുട്ടികളിൽ നിന്ന് പിരിച്ചെടുക്കുന്ന പണം കൊണ്ട് വിദ്യാലയം നടത്തുക എന്നതാണല്ലോ സ്വാശ്രയവിദ്യാഭ്യാസത്തിന്റെ രീതി. സ്വാഭാവികമായും സാമ്പത്തികശേഷി കുറഞ്ഞവരെ ഇത് ഉന്നത വിദ്യാഭ്യാസത്തിൽ നിന്ന് അകറ്റുന്നു. കേരളത്തിലിപ്പോഴുള്ള 84 എഞ്ചിനീയറിങ് കോളേജുകളിൽ 72ഉം 40 മെഡിക്കൽ കോളേജുകളിൽ 27ഉം 65 പാരാ മെഡിക്കൽ കോളേജുകളിൽ (നഴ്സിങ്, ഫാർമസി) 60ഉം സ്വാശ്രയമേഖലയിലാണ്. ഇതിനു പുറമെ, കമ്പോള ഡിമാന്റുണ്ടെന്ന് കരുതപ്പെടുന്ന പുതിയ മേഖലകളിൽ തുടങ്ങിയിട്ടുള്ള മിക്ക ആർട്സ്&സയൻസ് കോഴ്സുകളും സ്വാശ്രയകോളേജുകളിലാണ്. സർക്കാർ-എയ്ഡഡ് കോളേജുകളിലും സ്വാശ്രയ കോഴ്സുകൾ നടത്തുന്നു. ചുരുക്കത്തിൽ ജോലി കിട്ടാൻ സഹായിക്കുന്ന ഉപരിപഠനമൊക്കെ കാശുള്ളവർക്കായി സംവരണം ചെയ്യപ്പെടുന്നു. ഉന്നതവിദ്യാഭ്യാസം ദരിദ്രർക്ക് ബാലികേറാമലയാകുന്നു. (പട്ടിക-2 കാണുക)

ഉന്നതവിദ്യാഭ്യാസത്തിലൂടെ ദരിദ്രകുടുംബങ്ങളിലെ യുവാക്കൾ രക്ഷപ്പെടണമെങ്കിൽ അതിന് കുറുക്കുവഴികളൊന്നുമില്ല. കുറെ സീറ്റു കൂട്ടിയതുകൊണ്ടോ, അവർക്കായി കുറെ സീറ്റു സംവരണം ചെയ്തതുകൊണ്ടോ ഫീസിളവോ സ്കോളർഷിപ്പോ നൽകിയതുകൊണ്ടോ തീരുന്നതല്ല ഈ പ്രശ്നം. ഉദാഹരണമായി എഞ്ചിനീയറിങ് കോളേജുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതോടെ ആയിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. എസ്.സി./എസ്.ടി കുട്ടികളുടെ ഫീസ് സർക്കാർ കൊടുക്കും എന്ന് വന്നതോടെ അവരെ തേടിപ്പിടിച്ച് പ്രവേശനം നൽകുകയാണ് സ്വാശ്രയ മാനേജ്മെന്റുകൾ. ഫലത്തിൽ ഇത് അവർക്കുള്ള സർക്കാർ സബ്സിഡി ആയിത്തീരുകയാണ്. എന്നാൽ ഇത് കൊണ്ട് എസ്.സി./എസ്.ടി. വിഭാഗങ്ങൾ യഥാർത്ഥത്തിൽ രക്ഷപ്പെടുന്നുണ്ടോ എന്നത് പഠിക്കേണ്ടിയിരിക്കുന്നു.

പല സ്വാശ്രയ കോളേജുകളിലും പഠിപ്പിക്കാൻ യോഗ്യതയുള്ള അധ്യാപകരില്ല. പരിചയസമ്പന്നരും കുറവ്. പ്രവേശന യോഗ്യതയിൽ വെള്ളം ചേർത്തതോടെ വിദ്യാർത്ഥികളുടെ നിലവാരവും താണു. പ്രവേശനപ്പരീക്ഷയിൽ കണക്കിന് പൂജ്യം കിട്ടിയവർക്കും ഇപ്പോൾ എഞ്ചിനീയറിങ് കോളേജിലെത്താം. പ്ലസ് ടുവിന് കുറഞ്ഞത് 50% മാർക്ക് വേണമെന്ന നിബന്ധനയും എടുത്തു കളഞ്ഞു. ഫലമോ? പല കോളേജുകളിലും ഇരുപതു ശതമാനത്തിൽ താഴെയാണ് പാസ്സ്. ശരാശരി വിജയശതമാനം തന്നെ നാല്പതിനോടടുത്താണ്. ഈ തോൽക്കുന്നവർക്കൊക്കെ എന്തു സംഭവിക്കുന്നു? കഷ്ടിച്ചു ജയിക്കുന്നവർക്കോ? കാമ്പസ് റിക്രൂട്ട്മെന്റും ആകർഷക ഐ.ടി. ജോലികളും ചില പ്രെസ്റ്റീജിയസ് സ്ഥാപനങ്ങളിൽ നിന്നോ ഉന്നത നിലയിലോ പാസ്സാകുന്നവർക്ക് മാത്രമാണ് കിട്ടുന്നത്. ബഹുഭൂരിപക്ഷം വരുന്ന മറ്റുള്ളവരുടെ ജീവിതം വഴിമുട്ടുകയാണ്. സ്വാശ്രയമാനേജ്മെന്റുകൾക്ക് സീറ്റ് നിറച്ച് കോളേജ് ലാഭകരമാക്കാൻ വേണ്ടി അവർ ബലി കൊടുക്കപ്പെടുന്നു.

ഗുണപാഠം ഇതാണ്: എങ്ങനെയെങ്കിലും ഒരു പ്രൊഫഷണൽ കോളേജിൽ കയറിപ്പറ്റിയാൽ രക്ഷപ്പെട്ടു എന്നു കരുതുന്നത് മൗഢ്യമാണ്. ആ കോഴ്സ് ഉൾക്കൊള്ളാനും നല്ല നിലയിൽ പാസ്സാകാനും ഉള്ള ശേഷി ആർജിച്ചവർക്ക് മാത്രമെ അതിലൂടെ രക്ഷ നേടാനാവൂ. അതിനാണെങ്കിൽ സ്കൂൾ തലത്തിൽ തന്നെ ഉറച്ച അടിത്തറ ഉണ്ടാക്കിയിരിക്കണം. കതിരിന്മേൽ വളം വയ്ക്കുന്നത് ഇവിടെയും ഫലശൂന്യമാണ്.

ഉന്നതവിദ്യാഭ്യാസത്തിനുള്ള ധൈഷണികശേഷിയും പ്രതിബദ്ധതയും ഉള്ള കുട്ടികളെ സ്കൂൾ തലത്തിൽ തന്നെ കണ്ടെത്തി അവർക്കായി സവിശേഷ സഹായ പദ്ധതികൾ നടപ്പാക്കിയാൽ മാത്രമേ ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളെ രക്ഷിച്ചെടുക്കാനാവൂ; അതിലൂടെ മാത്രമെ ഉന്നത വിദ്യാഭ്യാസത്തെ സാമൂഹികനീതിയുടെ ഉപകരണമാക്കാനും കഴിയൂ.

ഇതിനുവേണ്ടിയുള്ള ഇടപെടൽ ഗുണമേന്മയുടെ നിഷേധമായി കാണുന്നതിൽ അർത്ഥമില്ല. തേച്ചുമിനുക്കിയാൽ തിളങ്ങുന്ന എത്രയോ രത്നങ്ങൾ കുപ്പയിൽ കിടക്കുമ്പോൾ, അവയെ അവഗണിച്ചുകൊണ്ടു നടത്തുന്ന തെരഞ്ഞെടുപ്പ് എങ്ങനെ ഗുണമേന്മ ഉറപ്പുവരുത്തും? ഉന്നത വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിനു കിട്ടേണ്ട സേവനങ്ങൾ കിട്ടണമെങ്കിൽ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിൽ നിന്നും അർഹതയുള്ളവരെ തെരഞ്ഞുപിടിച്ച് അവർക്ക് നൽകാൻ കഴിയുന്ന ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകി, അവരെ ഉത്പാദന-സേവനരംഗങ്ങളിൽ എത്തിച്ചേ മതിയാവൂ. എങ്കിൽ മാത്രമെ ഉന്നത വിദ്യാഭ്യാസം സമൂഹത്തിന്റെ ഭാവിയിൽ നടത്തുന്ന സാമൂഹ്യനിക്ഷേപമാവൂ.

എ. സുഹൃത്കുമാർ



കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ വിവിധ രംഗങ്ങളിൽ കേരളം ശ്രദ്ധേയമായ മികവ് കാട്ടിയിട്ടുണ്ട്. അത്തരം സാമൂഹിക ഈടുവയ്പുകളാണ് പല പ്രതിലോമ ഘടകങ്ങളെയും അതിജീവിച്ച് ഈ നാടിനെയും സമൂഹത്തെയും മുന്നോട്ട് നയിച്ചത്. അതിൽ സുപ്രധാനമായൊരു ഘടകമാണ് ഇവിടെയുണ്ടായ നിയമ നിർമിതികൾ.

# നാടിനെ മുന്നോട്ടു നയിച്ച നിയമ നിർമിതികൾ

മലയാളികളുടെ മാതൃഭൂമി കേരളം നിലവിൽ വന്ന് അരനൂറ്റാണ്ട്. ഇക്കാലയളവിനിടയിൽ വിവിധ രംഗങ്ങളിൽ കേരളം ശ്രദ്ധേയമായ മികവ് കാട്ടിയിട്ടുണ്ട്. അത്തരം സാമൂഹിക ഈടുവയ്പുകളാണ് പല പ്രതിലോമ ഘടകങ്ങളെയും അതിജീവിച്ച് ഈ നാടിനെയും സമൂഹത്തെയും മുന്നോട്ട് നയിച്ചത്. അതിൽ സുപ്രധാനമായൊരു ഘടകമാണ് ഇവിടെയുണ്ടായ നിയമ നിർമിതികൾ. രാജ്യത്തിന് തന്നെ അനുകരണീയമായ ഒട്ടേറെ നയങ്ങളുടെയും തീരുമാനങ്ങളുടെയും നടത്തിപ്പിന് ഈ നിയമങ്ങൾ ഉപാധിയായി ത്തീർന്നു. ഏറെ വിവാദങ്ങൾ, നീതിന്യായ വ്യവഹാരങ്ങൾ, ഭരണമാറ്റങ്ങൾ, സാമൂഹ്യ പ്രതിരോധങ്ങൾ, പ്രക്ഷോഭങ്ങൾ, സമഗ്രമായ സാംസ്കാരിക വ്യതിയാനം, മനുഷ്യ മനോഭാവത്തിലും സമീപനത്തിലും സൃഷ്ടിപരമായ മാറ്റം എന്നിങ്ങനെ ഒട്ടേറെ ചലനാത്മകമായ ചരിത്രഘട്ടങ്ങളിലൂടെയാണ് അവയിൽ പല നിയമങ്ങളും സാധൂകരിക്കപ്പെട്ടതും പ്രായോഗികമാക്കപ്പെട്ടതും.

നിയമം ആധുനിക നിയമശാസ്ത്ര സങ്കല്പനവും നിർവചനവും അനുസരിച്ച് സാമൂഹ്യമാറ്റത്തിന്റെ സൃഷ്ടിയും സാമൂഹ്യ മാറ്റത്തിന്റെ ഉപാധിയുമായി ഒരേസമയം വർത്തിക്കുന്ന അമൂർത്തമായ ഘടകമാണ്. വ്യക്തിഗതവും ആത്മനിഷ്ഠവുമായ മൂല്യങ്ങൾ മുതൽ ധാർമികവും മൗലികവും ഭൗതികവും സാമൂഹികവുമായ ഘടകങ്ങൾ വരെ വ്യാപരിക്കുന്നതാണ് നിയമത്തിന്റെ നിർവഹണം. ഇപ്രകാരം സാമൂഹിക പുനർനിർമിതിക്കുള്ള ഉപകരണമായ നിയമത്തെ ഉപയോഗിക്കുവാൻ ഉന്നതമൂല്യബോധമുള്ള സമൂഹത്തിന് മാത്രമേ കഴിയൂ. നിയമതത്ത്വങ്ങൾ സ്വാംശീകരിക്കാനും നിലവിലുള്ള സമൂഹത്തെ ഗുണപരമായി മാറ്റിത്തീർക്കാനും പ്രസ്തുത തത്ത്വങ്ങളെ ഉപയോഗപ്പെടുത്തണം. അതേസമയം സമൂഹമാറ്റത്തെ ഉൾക്കൊള്ളാനും തദനുസരണം പരിണമിക്കാനും നൂതന തത്ത്വങ്ങൾക്ക് രൂപം നൽകാനും അവ പ്രാവർത്തികമാക്കാനും നിയമശാസ്ത്രത്തിനും കഴിയണം. നീതി നിർവഹിക്കപ്പെടുക മാത്രമല്ല പൂർണ അർത്ഥത്തിലും ക്രമത്തിലും നിശ്ചിതസമയത്തും നീതി നിർവഹിക്കപ്പെട്ടു എന്നും ആയതിൽ വിവേചനമോ വിദ്വേഷമോ പ്രതിഫലിക്കപ്പെടുന്നില്ല എന്നും ഉപേക്ഷയോ കാലതാമസമോ സംഭവിക്കുന്നില്ല എന്നും ബോധ്യപ്പെടുത്തുക എന്നത് നിയമ നീതി നിർവഹണത്തിന്റെ മുന്നുപാധിയാണ്. ഈ വിധത്തിൽ കേരളീയ സമൂഹത്തെ മുന്നോട്ടു നയിച്ച ഏതാനും നിയമങ്ങൾ പരിചയപ്പെടുത്തുക മാത്രമാണിവിടെ ഉദ്ദേശിക്കുന്നത്.

> ഫെഡറൽ ഘടനയ്ക്കും ഭരണഘടനയ്ക്കും വിധേയമായി ഒട്ടേറെ ദേശീയ നിയമങ്ങളും അവയ്ക്ക് അനുപൂരകമായ ചട്ടങ്ങളും ഉത്തരവുകളും സർക്കുലറുകളും കേരളത്തിലും പ്രാബല്യത്തിൽ വന്നിട്ടുണ്ട്. തീർച്ചയായും അവ നമ്മുടെ സാമൂഹിക ജീവിതത്തെ ഗണ്യമായി സ്വാധീനിച്ചിട്ടുമുണ്ട്.

ഫെഡറൽ ഘടനയ്ക്കും ഭരണഘടനയ്ക്കും വിധേയമായി ഒട്ടേറെ ദേശീയ നിയമങ്ങളും അവയ്ക്ക് അനുപൂരകമായ ചട്ടങ്ങളും ഉത്തരവുകളും സർക്കുലറുകളും കേരളത്തിലും പ്രാബല്യത്തിൽ വന്നിട്ടുണ്ട്. തീർച്ചയായും അവ നമ്മുടെ സാമൂഹിക ജീവിതത്തെ ഗണ്യമായി സ്വാധീനിച്ചിട്ടുമുണ്ട്. ഇവിടെയുണ്ടായ വിവിധ നിയമങ്ങളുടെ രൂപീകരണത്തിനും നിർവഹണത്തിനും അവ കാരണമായിട്ടുമുണ്ട്. എന്നാൽ കേരളത്തിൽ തദ്ദേശീയ സമൂഹത്തിന്റെ മേൽക്കൈയോടെ, രൂപപ്പെട്ടതും നടപ്പാക്കപ്പെട്ടതും അതിലൂടെ കേരളം തന്നെ സ്വയം മാറ്റിത്തീർക്കപ്പെട്ടതുമായ ഏതാനും നിയമങ്ങളാണ് ഇവിടത്തെ പ്രതിപാദ്യം. വിസ്താരഭയത്താൽ കേവല സൂചനകളിൽ ഒതുക്കിക്കൊണ്ട് വിശദമായ പരാമർശം ഒഴിവാക്കുകയാണ്. വിഷയാനുബ

കർഷകത്തൊഴിലാളികളുടെ തൊഴിലവസരം, തൊഴിലവകാശങ്ങൾ, സേവന-വേതന വ്യവസ്ഥകൾ, മിനിമം കൂലി, തൊഴിൽ സമയം തുടങ്ങിയവയെ വ്യവസ്ഥാപിതവും നിയന്ത്രണവിധേയവുമാക്കാനും അടിമത്താവസ്ഥ അവസാനിപ്പിക്കാനും കൂലിസ്ഥിരതയും തൊഴിലുറപ്പും മാന്യമായ തൊഴിലുടമ-തൊഴിലാളി ബന്ധവും നടപ്പാക്കാൻ ഉതകി, 1974-ലെ കർഷകത്തൊഴിലാളി നിയമം.



ന്ധിയാകയാൽ കാലഗണനാ മുറപ്രകാരമല്ല ഇവ ചേർക്കപ്പെടുന്നതെന്നു കൂടി ഓർമപ്പെടുത്തട്ടെ.

## കേരള കാർഷികബന്ധ നിയമം-1960

സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ മുഖ്യമുദ്രാവാക്യമായിരുന്നു കൃഷിഭൂമി കൃഷിക്കാരന് എന്നത്. കേരളമാകട്ടെ അന്നും ഇന്നും കൃഷിപ്രധാനമായ സമൂഹമായിരിക്കുകയും കർഷകരും കർഷകത്തൊഴിലാളികളും അടങ്ങുന്ന സമൂഹം സംസ്ഥാന സമ്പദ്ഘടനയിലെ മുഖ്യ പങ്കാളികളായിരിക്കുകയും ചെയ്യുമ്പോൾ കാർഷികബന്ധനിയമത്തിന് പ്രസക്തി ഏറെയാണ്. സമഗ്രവും സമ്പൂർണവുമായ ഒരു നിയമ നിർമിതി ആയിരുന്നു 1959-ൽ നിർദേശിക്കപ്പെട്ടത്. ഉത്പാദന ഉപാധിയായ ഭൂമിയിന്മേലും ഉത്പന്നത്തിന് മേലും ഉത്പാദന പ്രക്രിയയ്ക്ക് മേലും ഉത്പാദന ബന്ധങ്ങൾക്ക് മേലും ഗണ്യമായ വിധം അദ്ധ്വാന വർഗ അവകാശവും ഉടമസ്ഥതയും ഉറപ്പാക്കാൻ തക്ക വിധം നിർവചനങ്ങളും നടപടികളും ആ നിയമത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. ഭൂവുടമാ ബന്ധങ്ങൾ പരിഷ്കരിക്കപ്പെടുന്നതിനുതകുന്ന, അതിനിടയിൽ സംഭവിക്കാവുന്ന നിയമ-നീതി തർക്കങ്ങൾ ജനകീയമായി തീർപ്പാക്കാൻ കഴിയുന്ന സംവിധാനങ്ങളായി ലാന്റ് ബോർഡുകൾ, ലാന്റ് ട്രിബ്യൂണലുകൾ എന്നിവയും വിഭാവനം ചെയ്യപ്പെട്ടു. എന്നാൽ 'കമ്മ്യൂണിസ്റ്റ് ദുർഭൂത'ത്തിനെതിരെ മത-സാമുദായിക-രാഷ്ട്രീയ അച്ചുതണ്ട് കക്ഷികൾ നടത്തിയ വിമോചന സമരത്തിന്റെ ചളിക്കുണ്ടിലേക്ക് അതിവേഗം, ബോധപൂർവം, ആ നിയമവും അതിന്റെ നടത്തിപ്പും ചവിട്ടിത്താഴ്ത്തപ്പെട്ടു.

## കേരള ഭൂപരിഷ്കരണ നിയമം-1964

കാർഷിക ബന്ധ നിയമത്തിന്റെ ചുടുചാരത്തിൽ നിന്നും ഉയിർ കൊണ്ട മറ്റൊരു സുപ്രധാന നിയമമാണ് കേരള ഭൂപരിഷ്കരണ നിയമം. സ്വത്ത് അവകാശത്തെ വ്യക്തിഗത മൗലികാവകാശമായി പരിഗണിച്ച് വ്യവസ്ഥാപനം ചെയ്യണോ കേവല ഭരണഘടനാവകാശ പരിരക്ഷ മതിയാകുമോ എന്ന നീതിന്യായ സംവാദത്തിലേക്ക് നയിക്കപ്പെട്ട നിയമമാണിത്. 1964-2000 കാലയളവിൽ ആവർത്തിച്ച് ഭേദഗതി ചെയ്യപ്പെട്ടതും ഇപ്പോഴും ഭേദഗതി നിർദേശം നിയമസഭയ്ക്ക് മുമ്പിൽ വയ്ക്കപ്പെട്ടിട്ടുള്ളതുമായ നിയമമാണ് ഭൂപരിഷ്കരണ നിയമം. കൈവശ ഭൂമിയ്ക്കു മേൽ അവകാശം ഉറപ്പിക്കാനും ഭൂവുടമയ്ക്ക് സ്വത്തിന്റെ അവകാശം പുനസ്ഥാപിക്കാനും ഒരേ സമയം അവസരമൊരുക്കുന്ന വിധത്തിൽ രൂപകല്പന ചെയ്യപ്പെട്ടതാണ് ഈ നിയമത്തിന്റെ സവിശേഷത. എന്നാൽ കാർഷിക ബന്ധനിയമത്തിൽ നിന്ന് വ്യത്യസ്തമായി തോട്ടം മേഖല, നഗരഭൂമി, കാർഷികേതരഭൂമി, സ്വകാര്യ വനഭൂമി, മത-ധർമ സ്ഥാപനങ്ങളുടെ വകയായ ഭൂമി, സർക്കാർ ഉടമയിലുള്ള ഭൂമി എന്നിവയെല്ലാം ഭൂപരിഷ്കരണ വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കപ്പെട്ടതോടെ കരുത്ത് കുറഞ്ഞതായി ഇപ്പോഴും ആ നിയമം അവശേഷിക്കുന്നു. ഭൂവുടമസ്ഥത അറയിലുറങ്ങിയവരിൽ നിന്നും വരമ്പത്ത് നിന്നവരിലേക്ക് കൈമാറിയെന്ന് കരുതാം. യഥാർത്ഥ കൃഷിക്കാരനും കൃഷിത്തൊഴിലാളിയും വിസ്മൃതരാക്കപ്പെട്ടപ്പോൾ കാർഷികോത്പാദനവും കൃഷിഭൂമിയുടെ വിസ്തൃതിയും കുറഞ്ഞതിന്റെ കണക്കുതേടി അലയേണ്ടതില്ലെന്ന് കൂടി ഈ നിയമം നമ്മെ ഓർമ്മപ്പെടുത്തുന്നു.

## കേരള ഭൂവിനിയോഗ ചട്ടം - 1967

ഇന്നും പൂർണമായി പ്രയോഗിക്കപ്പെടാത്തതും ഒട്ടേറെ പ്രയോഗ സാധ്യതയുള്ളതും ഇപ്പോഴത്തെ പരിസ്ഥിതി ശോഷണ സാഹചര്യത്തിൽ നിർണായകമായി കരുതാവുന്നതുമാണ് ഈ ചട്ടങ്ങൾ. പരിമിതവിഭവമായ ഭൂമി ഒരു സാമൂഹ്യവിഭവമായി നിലനിർത്താനും പരിപാലിക്കപ്പെടാനും വിനിയോഗിക്കപ്പെടാനും ഉതകുന്ന മുന്നുപാധിയാണ് ഈ ചട്ടം നിർദേശിക്കുന്നത്. കൃഷിഭൂമി, കൃഷിയോഗ്യഭൂമി എന്നിവ കാർഷികേതര ആവശ്യത്തിനായി ഉപയോഗിക്കുകയോ മാറ്റിത്തീർക്കുകയോ ചെയ്യുന്നതിന് മേൽ ഉദ്യോഗസ്ഥ സംവിധാനത്തിലൂടെ നിയന്ത്രണം ഏർപ്പെടുത്തുകയാണിവിടെ. എന്നാൽ വാസ്തവത്തിൽ ഏറ്റവുമധികം ദുരുപയോഗപ്പെടുത്തുന്ന, ലംഘിക്കപ്പെടുന്ന നിയമമായും ഇത് മാറിയിരിക്കുന്നു. അടിയന്തരശ്രദ്ധയും ജനകീയ ഇടപെടലും ആവശ്യപ്പെടുന്ന മേഖലയായിരിക്കുന്നു ഈ നിയമം. ഇ.എം.എസ്. അഭിപ്രായപ്പെട്ടതുപോലെ ഓരോ പ്രദേശത്തെയും പ്രകൃതി വിഭവങ്ങളുടെ ഉടമസ്ഥതയും നിയന്ത്രണവും ഉപഭോഗാവകാശവും അതത് സമൂഹത്തിന് ഭരമേല്പിക്കപ്പെടും വിധം പരിഷ്കരിക്കപ്പെടുമ്പോഴാണ് ഈ ചട്ടങ്ങൾ ഫലപ്രദമാകുക.

## കർഷകത്തൊഴിലാളി നിയമം-1974

പ്രാഥമിക ഉത്പാദനരംഗത്തെ ഏറ്റവും ഗൗരവപൂർണമായ നിയമനിർമിതിയാണ് കർഷകത്തൊഴിലാളി നിയമം. മുഖ്യസാമ്പത്തികമേഖലയും ആപേക്ഷിക-കേവല ദാരിദ്ര്യത്തിന്റെ ഇരകളുമായി മാറിയിരിക്കുന്ന കർഷകത്തൊഴിലാളികളുടെ തൊഴിലവസരം, തൊഴിലവകാശങ്ങൾ, സേവന-വേതന വ്യവസ്ഥകൾ, മിനിമം കൂലി, തൊഴിൽ സമയം തുടങ്ങിയവ വ്യവസ്ഥാപിതമാക്കാനും നിയന്ത്രണവിധേയമാക്കാനും അതിലൂടെ അവരുടെ അടിമതുല്യമായ അവസ്ഥയ്ക്ക് അറുതിവരുത്താനുമായിരുന്നു ഈ നിയമത്തിന്റെ ലക്ഷ്യം. ഇതര ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂലി സ്ഥിരതയും തൊഴിലുറപ്പും മാന്യമായ തൊഴിലാളി-തൊഴിലുടമാ

ബന്ധവും കേരളത്തിൽ ഇതുവഴി നടപ്പാക്കപ്പെട്ടു. നിയമനിർവഹണം ഉറപ്പാക്കാൻ അധികാരസ്ഥരെ നിയോഗിക്കുകയും ട്രിബ്യൂണലുകളെ ചുമതലപ്പെടുത്തുകയും ചെയ്യുന്നത് ഉൾപ്പെടെയുള്ള വ്യവസ്ഥകൾ നടപ്പാക്കപ്പെട്ടു. എന്നാൽ 'കൂലിക്കൂടുതൽ' എന്ന മുറവിളി ഉയർത്തി കൃഷി തന്നെ ഉപേക്ഷിക്കാനും കൃഷിഭൂമി മറ്റാവശ്യക്കാർക്ക് കൈയൊഴിക്കാനും തക്ക കുറുക്കുവഴിയായിട്ടാണ് പിൽക്കാലത്ത് പലരും ഈ നിയമത്തെ ഉപയോഗപ്പെടുത്തിയത്. ഈ നിയമത്തിന്റെ തുടർച്ചയായി വേണം 1999-ലെ കർഷകത്തൊഴിലാളി ക്ഷേമനിധി പദ്ധതി ഉൾപ്പെടെയുള്ളവ നാം കാണേണ്ടത്.

## കേരള വിദ്യാഭ്യാസ നിയമം -1958

ഓർമയുടെ ചിറകിൽ അരനൂറ്റാണ്ട് പുറകോട്ട് പോകുക. കേരളത്തിലെ വിദ്യാഭ്യാസവ്യവസ്ഥയെ സാമൂഹികനീതിയുടെ അടിസ്ഥാനത്തിൽ സമൂലമായി പരിഷ്കരിച്ച കേരള വിദ്യാഭ്യാസ നിയമം പാസാക്കപ്പെട്ടതിനെത്തുടർന്ന് ആദ്യ ഇ.എം.എസ്. മന്ത്രിസഭയ്ക്ക് എതിരെ അരങ്ങേറിയ വിമോചനസമരം. അതിന് പ്രേരകമായെങ്കിലും കേരളത്തിലെ പൊതു വിദ്യാഭ്യാസ രംഗത്ത് പൊതു-സാമൂഹിക നിയന്ത്രണം ഉറപ്പാക്കുകയും സ്വകാര്യമുതലാളിമാരുടെയും സാമുദായിക മാനേജ്മെന്റുകളുടെയും പിടിയിൽനിന്ന് പൊതുവിദ്യാഭ്യാസത്തെ മോചിപ്പിക്കുകയും ചെയ്ത അപൂർവത്തിൽ അപൂർവം എന്ന് വിശേഷിപ്പിക്കാവുന്ന ഒന്നാണ് 1958-ലെ കേരള വിദ്യാഭ്യാസ നിയമം. സാർവത്രികവും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം, അദ്ധ്യാപകനിയമനം, സേവന-വേതന വ്യവസ്ഥകൾ, ഉത്തരവാദിത്ത നിർവഹണം തുടങ്ങിയവയിൽ സാമൂഹ്യ നിയന്ത്രണം, എന്നിവ മുന്നോട്ടുവച്ചിട്ടുള്ള ഈ നിയമത്തിന് 1981-ൽ ഗൗരവതരമായ ഭേദഗതികൾ ഉൾച്ചേർക്കപ്പെട്ടതായിക്കാണാം.

കേരളത്തിലെ പൊതു വിദ്യാഭ്യാസ രംഗത്ത് സാമൂഹിക നിയന്ത്രണം ഉറപ്പാക്കുകയും സ്വകാര്യ മുതലാളിമാരുടെയും സാമുദായിക മാനേജ്മെന്റുകളുടെയും പിടിയിൽനിന്ന് പൊതുവിദ്യാഭ്യാസത്തെ മോചിപ്പിക്കുകയും ചെയ്ത അപൂർവത്തിൽ അപൂർവം എന്ന് വിശേഷിപ്പിക്കാവുന്ന ഒന്നാണ് 1958-ലെ കേരള വിദ്യാഭ്യാസ നിയമം.



## കേരള പ്രൊഫഷണൽ കോളേജ് വിദ്യാഭ്യാസ നിയമം- 2006

ഒരു ദശകമായി കേരളത്തിൽ സവിശേഷ ചർച്ചാവിഷയമാണ് ഉന്നത-പ്രൊഫഷണൽ വിദ്യാലയ നടത്തിപ്പിലെ സ്വകാര്യ-സ്വാശ്രയ സ്ഥാപനങ്ങളുടെ സ്ഥാനവും അവയുടെ പ്രവർത്തനങ്ങൾക്ക് മേലുള്ള പൊതു നിയന്ത്രണവും എന്നത്. 2001-2005 കാലമാകട്ടെ കേരളത്തെ കലാപകലുഷിതവും വിദ്യാഭ്യാസമേഖലയെ രക്തരൂക്ഷിതവുമാക്കുക മാത്രമല്ല, നീതിന്യായ സ്ഥാപനങ്ങളുടെ മേൽ സാമൂഹിക വിമർശനത്തിനും പ്രതിഷേധത്തിനും ഇടയാക്കിയ പ്രശ്നമായിരുന്നു സ്വാശ്രയ പ്രൊഫഷണൽ വിദ്യാലയ നടത്തിപ്പും വിദ്യാഭ്യാസവും. പല ഘട്ടങ്ങളിൽ നിയമനിർമാണത്തിലൂടെ പൊതുനിയന്ത്രണ ഉപാധികൾ നിർദേശിക്കപ്പെട്ടിട്ടും, 1992ന് ശേഷം 2000വരെയും ഹൈക്കോടതി-സുപ്രീംകോടതി വിധിപ്രസ്താവങ്ങളുടെ സാങ്കേതിക പിൻബലത്തോടെ, അവയെല്ലാം മറി കടന്ന് നിലനില്ക്കുന്ന ഒന്നായി മാറി സ്വാശ്രയമാനേജ്മെന്റുകളുടെ സ്വേഛാപരമായ പ്രവർത്തനം. കേരളത്തിലെ മാറിയ രാഷ്ട്രീയ-സാമൂഹിക പശ്ചാത്തലത്തിൽ ചുരുങ്ങിയ കാലത്തിനുള്ളിൽ ഏറെ ഗൗരവത്തോടെയും തികഞ്ഞ നിർവഹണക്ഷമതയോടെയും നിർദേശിക്കപ്പെട്ട ഒന്നായി 2006ലെ പ്രൊഫഷണൽ കോളേജ് വിദ്യാഭ്യാസ നിയമം പരിഗണിക്കപ്പെടും. തലവരിപ്പണം നിരോധിക്കുക, വിദ്യാർത്ഥി പ്രവേശനവും ഫീസ് നിർണയവും ചൂഷണ രഹിതമാക്കുക, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ ഗുണമേന്മയും മികവും സാമൂഹിക നീതിയും ഔന്നത്യവും നിലനിർത്തുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിലേക്ക് ക്രിയാത്മക നിർദേശങ്ങൾ നടപ്പാക്കുമ്പോഴും കോടതി നടപടികളിൽ നിന്നും മുറിച്ചു കടക്കാൻ ഈ നിയമത്തിനുമായിട്ടില്ല.

## കുട്ടികളുടെ നിയമം - 1972

ഉപേക്ഷിക്കപ്പെട്ടവർ, അശരണരായവർ, തെരുവ്കുട്ടികൾ, ആക്രമണങ്ങൾക്കും പീഡനങ്ങൾക്കും ഇരയായവർ, വെല്ലുവിളി നേരിടുന്നവർ, നിയമത്തോട് പൊരുത്തപ്പെടാത്തവർ എന്നിങ്ങനെ പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളുടെ പരിരക്ഷ, പരിപാലനം, നിലനില്പ്, പുനരധിവാസം, ക്ഷേമസുരക്ഷ, പരിശീലനം, വിദ്യാഭ്യാസം എന്നീ ലക്ഷ്യങ്ങൾ സാധിതമാക്കുന്നതിനായി നിർദേശിക്കപ്പെട്ടതാണ് 1972ലെ കുട്ടികളുടെ നിയമം. കുട്ടികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളുടെ സത്വര അന്വേഷണവും വിചാരണയും ഉറപ്പാക്കാൻ പ്രത്യേക സംവിധാനങ്ങൾ, കുട്ടികൾക്കായി നിരീക്ഷണാലയങ്ങൾ, പരിരക്ഷാഭവനങ്ങൾ, പരിഹാര പാഠശാലകൾ എന്നിവ സ്ഥാപിക്കുന്നത് ഉൾപ്പെടെ സാമൂഹ്യ ഉത്തരവാദിത്തം പ്രഖ്യാപിക്കുന്നതാണ് പ്രസ്തുത നിയമം. 1989-ലെ കുട്ടികളുടെ അവകാശ പ്രഖ്യാപനത്തിന് ഒരു വ്യാഴവട്ടക്കാലത്തിനും മുമ്പാണ് കേരളത്തിൽ ഇത്തരമൊരു നിയമം നിലവിൽ വന്നത് എന്നത് നമ്മുടെ പ്രബുദ്ധതയുടെ തെളിവ്. എന്നാൽ ഈ ലക്ഷ്യം പ്രാവർത്തികമാക്കേണ്ട സ്ഥാപനങ്ങളിൽ, ചുമതലപ്പെട്ടവർ പോലും കുട്ടികൾക്കെതിരായ കടന്നാക്രമണങ്ങളും ദുഷ്ചെയ്തികളും തുടരുന്നു എന്നും പീഡനവിധേയരായ കുട്ടികൾ ഈ സ്ഥാപനങ്ങൾ വിട്ട് പലായനം ചെയ്യുന്നു എന്നും വെളിപ്പെടുന്നത് ആധുനിക സമൂഹത്തിന് അനുഗുണമായിരിക്കില്ല.

## കുടുംബകോടതി നിയമം - 1984

ഇന്ത്യൻ പാർലമെന്റ് 2005 ആഗസ്റ്റിൽ പാസാക്കിയ ഗാർഹികാതിക്രമങ്ങൾ തടയുന്നതിനുള്ള നിയമം (പ്രൊട്ടക്ഷൻ ഓഫ് വിമൻ ഫ്രം ഡൊമസ്റ്റിക് വയലൻസ് ആക്ട്-2005) ഒക്ടോബർ മുതൽ പ്രാബല്യത്തിലായി. സ്ത്രീകൾക്കെതിരായുള്ള കുറ്റകൃത്യങ്ങളിൽ ഗണ്യമായവ സ്വന്തം കുടുംബത്തിൽ നിന്നും ബന്ധുക്കളിൽ നിന്നും തന്നെയാകുമ്പോൾ അവയുടെ ഇരകളാകുന്നവരെ പിന്തുണയ്ക്കാനുള്ള സാമൂഹിക ഇച്ഛയിൽ നിന്ന് പിറവിയെടുത്തതാണ് കുടുംബകോടതി നിയമം. ചെലവു കുറഞ്ഞ, സത്വര നടപടിക്രമത്തിൽ, സങ്കീർണതകൾ ഒഴിവാക്കി, അനുനയമാർഗങ്ങൾ ഉൾപ്പെടെ ഉപയോഗിച്ച് കുടുംബ തർക്കങ്ങൾ തീർപ്പാക്കാൻ ജില്ലാ ജഡ്ജി പദവി



> സുസ്ഥിര വികസനം എന്ന കാഴ്ച്ചപ്പാട് ശരാശരി മലയാളി മനസ്സിൽ ഇടം തേടിയത് ‘സൈലന്റ്‌വാലി സംരക്ഷിതമേഖലാ പാരിസ്ഥിതിക സന്തുലിതാവസ്ഥാ പരിപാലന നിയമം’ വഴിയ്ക്കാണ്. ഇതിനൊപ്പം ഗൗരവമുള്ളതാണ് 1961-ലെ കേരള വന നിയമവും 1981-ലെ കേരള വന സംരക്ഷണച്ചട്ടങ്ങളും. ജലം-വായു-പരിസ്ഥിതി സംരക്ഷണത്തിനുള്ള കേന്ദ്ര നിയമച്ചട്ടങ്ങൾ ഇക്കാലയളവിൽ കേരളത്തിലും നടപ്പാക്കപ്പെട്ടു.

യിലുള്ള കോടതികളെ നിയോഗിക്കുന്നതാണ് ഈ നിയമം. ഇതിന്റെ സ്വാഭാവിക തുടച്ചയായി വേണം 1995 കേരള വനിതാ കമ്മീഷൻ രൂപീകരണചട്ടവും നടപടികളും കാണേണ്ടത്. സ്ത്രീകളുടെ അന്തസ്സും പദവിയും പരിരക്ഷിക്കാനും ഉയർത്താനും അവർക്കെതിരായ കന്നാക്രമണങ്ങൾ ചെറുക്കാനും, കുറ്റക്കാർക്കെതിരെ കർശന നടപടി ഉറപ്പാക്കാനും ഉദ്ദേശിച്ച് രൂപം കൊണ്ട വനിതാ കമ്മീഷൻ എത്രകണ്ട് ഫലപ്രദമാകുന്നു എന്ന വിശകലനവും നിയമപരിഷ്കരണവും ഇന്ന് അനിവാര്യമാണ്.

## പരിസ്ഥിതി – വന നിയമങ്ങൾ

കേരളത്തിലെ പരിസ്ഥിതി സംരക്ഷണ പോരാട്ടങ്ങൾക്ക് പുതിയ ദിശാഗതി നിർണയിച്ച ഒന്നായിരുന്നു നിശബ്ദ താഴ്വര സംബന്ധിച്ച് നടന്ന ‘സൈലന്റ്‌വാലി സംരക്ഷിതമേഖലാ പാരിസ്ഥിതിക സന്തുലിതാവസ്ഥാ പരിപാലന നിയമം’(1979). സുസ്ഥിര വികസനം എന്ന കാഴ്ച്ചപ്പാട് ശരാശരി മലയാളി മനസ്സിൽ ഇടം തേടിയത് അതുവഴിയ്ക്കാണ്. ഇതിനൊപ്പം ഗൗരവമുള്ളതാണ് 1961-ലെ കേരള വന നിയമവും 1981-ലെ കേരള വന സംരക്ഷണച്ചട്ടങ്ങളും. എന്നാൽ കേരളത്തിലെ വനം-വന്യജീവി സുരക്ഷയ്ക്ക് കടുത്ത വെല്ലുവിളി ഉയർത്തും വിധം 1971-ലെ സ്വകാര്യ നിക്ഷിപ്ത വനഭൂമി നിയമം ഇന്നും നിലനില്ക്കുകയും പ്രയോഗിക്കപ്പെടുകയും ചെയ്യുന്നു. ജലം-വായു-പരിസ്ഥിതി സംരക്ഷണത്തിനുള്ള കേന്ദ്ര നിയമച്ചട്ടങ്ങൾ ഇക്കാലയളവിൽ കേരളത്തിലും നടപ്പാക്കപ്പെട്ടു.

## തൊഴിൽ സംരക്ഷണനിയമങ്ങൾ

ഉയർന്ന തൊഴിൽ പരിരക്ഷയും തൊഴിലവകാശങ്ങളും നിലനില്ക്കുന്ന സംസ്ഥാനമാണ് കേരളമെന്നത് 1957ലെ കേരള ഖാദി-ഗ്രാമവ്യവസായ ബോർഡ് നിയമം, 1989-ലെ തൊഴിലാളിക്ഷേമഫണ്ട് നിയമം, 1970-90 കാലയളവിൽ രൂപം കൊണ്ട കയർ, കശുവണ്ടി, കൈത്തറി, നാളീകേര മേഖലകളിലെ തൊഴിലാളി ക്ഷേമനിധികൾ, ചുമട്ട് തൊഴിലാളി, കരകൗശലജോലിക്കാർ, മദ്യ-ചെത്ത് തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ എന്ന് തുടങ്ങി ഒട്ടേറെ തൊഴിൽ-ആനുകൂല്യ പരിരക്ഷാനിയമവ്യവസ്ഥകൾ എന്നിവ സൂചിപ്പിക്കുന്നു. എന്നാൽ 2002-ൽ നടപ്പാക്കപ്പെട്ട കയറ്റിറക്ക് നിയന്ത്രണ-നിയമവിരുദ്ധ പ്രവൃത്തി നിരോധന നിയമം തൊഴിൽ തർക്കങ്ങളിൽ പൊലീസ് ഇടപെടുന്നതിനും തൊഴിൽ വിഷയങ്ങൾ കുറ്റകൃത്യങ്ങളായി പരിണമിക്കുന്നതിനും ഇട നല്കുന്നതിലേക്കെത്തിച്ചു.

## അഴിമതി നിരോധന നിയമങ്ങൾ

രാഷ്ട്രീയ ഭരണകർത്താക്കൾ, ഉദ്യോഗസ്ഥർ, പൊതു സേവകർ, ജീവനക്കാർ എന്നിങ്ങനെ രാഷ്ട്രകൃത്യനിർവഹണത്തിലും ഭരണ നടത്തിപ്പിലും ഏർപ്പെടുന്നവരുടെ അഴിമതി ഏറെ ചർച്ച ചെയ്യപ്പെടുന്ന ഘട്ടമാണിപ്പോൾ. പൊതു താത്പര്യം മുൻനിർത്തി ഇത്തരം കൃത്യങ്ങൾക്ക് തടയിടേണ്ടത് അനിവാര്യമാണ്. അതിനുള്ള മുഖ്യ ഉപാധിയാണ് 1987-ൽ രൂപം കൊണ്ടതും 1992-ൽ സമഗ്രമായി ഭേദഗതി ചെയ്യപ്പെട്ടതുമായ പൊതുപ്രവർത്തക അഴിമതി അന്വേഷണ-വിചാരണ നിയമം.

ഇതിന്റെ തുടർച്ചയായി ഭരണനിർവഹണ നിരീക്ഷണത്തിനായി സ്വതന്ത്രചുമതലയുള്ള അർദ്ധ നീതിന്യായ സ്ഥാപനം

> ഉയർന്ന തൊഴിൽ പരിരക്ഷയും തൊഴിലവകാശങ്ങളും നിലനില്ക്കുന്ന സംസ്ഥാനമാണ് കേരളമെന്ന് കേരള ഖാദി-ഗ്രാമവ്യവസായ ബോർഡ് നിയമം, തൊഴിലാളിക്ഷേമഫണ്ട് നിയമം, കയർ, കശുവണ്ടി, കൈത്തറി, നാളീകേര മേഖലകളിലെ തൊഴിലാളി ക്ഷേമനിധികൾ, ചുമട്ട് തൊഴിലാളി, കരകൗശലജോലിക്കാർ, മദ്യ-ചെത്ത് തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി വിവിധ തൊഴിൽ-ആനുകൂല്യ പരിരക്ഷാനിയമവ്യവസ്ഥകൾ സൂചിപ്പിക്കുന്നു.



രൂപീകരിച്ചുകൊണ്ട് 1999-ൽ കേരള ലോകായുക്ത നിയമവും തദ്ദേശഭരണ ഓംബുഡ്സ്മാൻ നിയമവും പ്രാബല്യത്തിൽ വന്നു. 2002-ൽ ഓംബുഡ്സ്മാൻ അംഗങ്ങളുടെ എണ്ണം ചുരുക്കിയതോടെ ഈ സംവിധാനം വേണ്ടത്ര പ്രവർത്തനക്ഷമമല്ലാതായി. ലോകായുക്തയാകട്ടെ ഉപദേശാധികാരം മാത്രമുള്ള നിരീക്ഷണസ്ഥാപനമായി ഇപ്പോഴും തുടരുന്നു. ഇവയ്ക്കെല്ലാം ഉയരെ ഹൈക്കോടതി/സുപ്രീംകോടതി അധികാരങ്ങൾ മാറ്റമില്ലാതെ പിന്തുടരുക മൂലം സംഭവിക്കുന്ന പരിമിതികളും ഭരണക്രമത്തെ ബാധിക്കുന്നു. വേണ്ടത്ര തിരുത്തൽ ശക്തികളില്ലാത്ത ഒന്നായി നമ്മുടെ പ്രാതിനിധ്യ ഭരണകൂടങ്ങൾ തുടരുകയാണിന്നും. ഇതിന്റെ മറ്റൊരുമുഖമാണ് 1994-ൽ നിർദേശിക്കപ്പെട്ട ലോക്കൽഫണ്ട് ഓഡിറ്റ് നിയമവും നടത്തിപ്പും.

## പട്ടികവർഗ ഭൂസംരക്ഷണ നിയമം-1975

അവഗണനയുടെ കയങ്ങളിൽത്തന്നെയാണ് ദളിതരെന്ന് വിളിക്കപ്പെടുന്ന നമ്മുടെ പട്ടികവർഗ ജനത ഇന്നും. തല ചായ്ക്കാനൊരു തുണ്ട് ഭൂമിയ്ക്കായുള്ള പ്രക്ഷോഭത്തിൽ വെടി കൊണ്ടുവീണ ജോഗി കാലത്തിനുണ്ടായ കൈത്തെറ്റിന്റെ പ്രതീകം മാത്രമല്ല, വസ്തുതയുടെ തുറന്നുവച്ച ചിത്രം കൂടിയാണ്. ഈ പശ്ചാത്തലത്തിൽ വേണം പട്ടികവർഗ ഭൂപരിരക്ഷ-അന്യകൈമാറ്റ നിയന്ത്രണ-പുനർസ്ഥാപന നിയമം (1975) വിലയിരുത്തപ്പെടേണ്ടത്. കബളിപ്പിച്ചും ഭയപ്പെടുത്തിയും കൈവശപ്പെടുത്തിയവ ഉൾപ്പെടെ ആദിവാസികൾക്കവകാശപ്പെട്ട ഭൂമി തിരികെ കിട്ടുന്നത് ഉറപ്പാക്കാനുദ്ദേശിച്ചിട്ടുണ്ടാക്കിയ ആ നിയമം നടപ്പാക്കാൻ ഇന്നും കഴിഞ്ഞിട്ടില്ല. 1994-ലെ ഹൈക്കോടതി വിധിയെ തുടർന്ന് പ്രായോഗിക ഭേദഗതികളോടെ 1999-ൽ പരിഷ്കരിച്ച നിയമം നിർമിക്കപ്പെട്ടെങ്കിലും ഇപ്പോഴും ലക്ഷ്യം കൈവരിക്കാനായിട്ടില്ല.

## നദീതട സംരക്ഷണ നിയമം - 2001

സമീപകാലത്ത് ഏറെ ചർച്ചാ വിധേയമായ നിയമമാണ് നദികൾക്കും നദീതടപ്രകൃതി വിഭവങ്ങൾക്കും, നിക്ഷിപ്ത ജലസ്രോതസ്സുകൾക്കും മേൽ സർക്കാർ നിയന്ത്രണവും ഉടമസ്ഥതയും നിർദേശിച്ചു കൊണ്ടുള്ള നിയമങ്ങൾ. ജലസമ്പത്തിന്റെ നിയന്ത്രണത്തിന് പുറമെ മണൽ ഖനനവും കയറ്റിറക്കും കരമണൽ ഉദ്ഖനനവും ഉൾപ്പെടെ നിയന്ത്രണ വിധേയമാക്കുന്നതായിരുന്നു പ്രസ്തുത നിയമം. എന്നാൽ കൃത്യവും ഫലപ്രദവുമായ നിർവഹണ സംവിധാനത്തിന്റെയും ബഹുജനപിന്തുണയുടെയും അഭാവത്തിൽ ഇപ്പോഴും ആ നിയമങ്ങൾ ക്രിയപരമായിട്ടില്ല.



> നദികൾക്കും നദീതടപ്രകൃതി വിഭവങ്ങൾക്കും നിക്ഷിപ്ത ജലസ്രോതസ്സുകൾക്കും മേൽ സർക്കാർ നിയന്ത്രണവും ഉടമസ്ഥതയും നിർദേശിച്ചുകൊണ്ടുള്ള നിയമങ്ങൾ സമീപകാലത്ത് ഏറെ ചർച്ചാ വിധേയമായി.

## കാർഷിക കടാശ്വാസ നിയമം- 2001

ആഗോളവത്കരണത്തിന്റെ നേരുപാധി എന്ന് കരുതപ്പെടാവുന്നതാണ് 2001-ലെ കാർഷിക കടാശ്വാസ നിയമം. വിലത്തകർച്ചയും വിപണി മാന്ദ്യവും ചെലവ് വർദ്ധനവും പ്രകൃതിദുരന്തക്കെടുതികളും താങ്ങാനാകാതെ കർഷകർ ജീവനൊടുക്കുന്നു. ആത്മഹത്യയും കുടുംബഹത്യയും തുടരുന്നു. അല്പമാത്രമായ താത്കാലികമായ ഒരു പ്രതിവിധിയെന്ന പോലെ നിർദേശിക്കപ്പെട്ട കടാശ്വാസപദ്ധതിയും സാങ്കേതികത്വങ്ങൾ മൂലം പ്രാവർത്തികമാകാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ടാകാം 2006-ൽ വീണ്ടും അർദ്ധ നീതിന്യായാധികാരത്തോടെയുള്ള കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരണ നിർദേശം ഉന്നയിക്കപ്പെട്ടിരിക്കുന്നത്.

## കേരള പഞ്ചായത്ത് രാജ് - നഗരഭരണ നിയമങ്ങൾ

സ്വാതന്ത്ര്യാനന്തര കാലത്ത് തന്നെ വികേന്ദ്രീകൃത ജനാധിപത്യ സംവിധാനത്തിന് പ്രാമുഖ്യം നല്കിപ്പോന്ന സമൂഹമാണ് കേരളത്തിന്റേത്. വില്ലേജ് പഞ്ചായത്തുകളും ഡിസ്ട്രിക്ട് ബോർഡും തുടർന്ന 1962-ൽ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി നിയമങ്ങളുടെ പ്രയോഗവും ഉണ്ടായി. 1989-ൽ ജില്ലാ കൗൺസിൽ നിയമം നിലവിൽ വന്നു. റവന്യൂ ജില്ലാ തല ഭരണകൂടം തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് 73, 74 ഭരണഘടനാ ഭേദഗതികളുടെ ചുവടുപിടിച്ച് 1994-ൽ കേരള പഞ്ചായത്ത് രാജ്-നഗരസഭാ നിയമങ്ങൾ നിലവിൽ വന്നു. എസ്.ബി. സെൻ കമ്മിറ്റി ശുപാർശയെ തുടർന്ന് 1994-ൽ പഞ്ചായത്ത്രാജ് നഗരസഭാനിയമങ്ങൾ സമഗ്രമായി പരിഷ്കരിക്കപ്പെട്ടു. പൊതുഭരണം, സ്റ്റാന്റിങ് കമ്മിറ്റികൾ, സ്റ്റിയറിങ് കമ്മിറ്റി, ഭരണ സുതാര്യത, അറിയാനുള്ള അവകാശം, പൗരാവകാശ രേഖ, സ്വത്ത് വിവര പ്രസിദ്ധീകരണം, ട്രിബ്യൂണൽ, ഓംബുഡ്സ്മാൻ എന്നിവയ്ക്കൊപ്പം ഗ്രാമസഭാ ശാക്തീകരണം ഉൾപ്പെടെ ഉൾച്ചേർക്കപ്പെട്ടു. തുടർന്ന് 2001-ൽ 34 നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള അധികാര വികേന്ദ്രീകരണ നിയമം കേരള നിയമസഭ അംഗീകരിച്ചു. ഇതര ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനാധിപത്യ-ജനപങ്കാളിത്ത-വികേന്ദ്രീകരണ പ്രക്രിയകൾ കേരളത്തിൽ പ്രബലമാണെങ്കിലും തദ്ദേശ ഭരണം വ്യവസ്ഥാപിതമാക്കാൻ ഇനിയും ഒട്ടേറെ നയ-നിയമ-നടപടികൾ അനിവാര്യമായി നടപ്പാക്കേണ്ടതുണ്ട്.

നിയമം സാമൂഹികമാറ്റത്തിന്റെ ഒരു ഉപാധിമാത്രമാണ്. അതിനൊപ്പം ഒട്ടേറെ മറ്റ് ഘടകങ്ങൾ പ്രാവർത്തികമാകണം. എങ്കിൽ മാത്രമെ അരനൂറ്റാണ്ടിന്റെ കിതപ്പാറ്റിക്കൊണ്ട് ഒരു നൂറ്റാണ്ടിന്റെ കുതിപ്പിലേക്ക് കേരളസമൂഹത്തെ നയിക്കാനാകൂ. അതിൽ സുപ്രധാന പങ്ക് നിയമനിർമിതികൾ തുടർന്നും വഹിക്കുമെന്ന് പ്രത്യാശിക്കാം.

ഈ രംഗത്തെ കേരളത്തിന്റെ വളർച്ച അനുപമമാണ്. തദ്ഫലമായി ഇന്ത്യയിലെ ഏറ്റവും കൂടുതൽ വിവര വിനിമയ-വാർത്താവിനിമയ ശൃംഖല സൃഷ്ടിക്കപ്പെട്ടിട്ടുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ഇന്ത്യയിൽ, ഗ്രാമങ്ങളിലെ ടെലിസാന്ദ്രതയിൽ ഇന്ന് കേരളമാണ് മുന്നിൽ. 1218 ടെലിഫോൺ എക്സ്ചേഞ്ചുകളും 34 ലക്ഷം ലാൻഡ് ഫോൺ കണക്ഷനുകളും 17.8 ലക്ഷം മൊബൈൽ കണക്ഷനുകളുമായി കേരള ബി.എസ്.എൻ.എൽ മഹാരാഷ്ട്രയെയും കടത്തിവെട്ടി ഒന്നാമതെത്തിയിരിക്കുന്നുവെന്ന് ബി.എസ്.എൻ.എൽ അധികൃതർ വ്യക്തമാക്കുന്നു. ബി.എസ്.എൻ.എല്ലിനെ കൂടാതെ റിലയൻസ്, ടാറ്റ എന്നിവയും കേരളത്തിൽ ബേസിക് ഫോൺ സർവീസ് നടത്തുന്നുണ്ട്. മൊബൈൽ രംഗത്ത് ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ഹച്ചിന് 5,10,504 ഉം ഐഡിയയ്ക്ക് 10,30,326 ഉം എയർടെല്ലിന് 8.5 ലക്ഷവും റിലയൻസിന് 11.5 ലക്ഷവും മൊബൈൽ കണക്ഷനുകളുണ്ട്.

കംപ്യൂട്ടർ സാന്ദ്രതയുടെ കാര്യത്തിലും കേരളം മുൻപന്തിയിലാണ്. പ്രതിശീർഷ കംപ്യൂട്ടർ ഉപയോഗത്തിന്റെ കാര്യത്തിൽ മുൻപന്തിയിലുള്ള സംസ്ഥാനം കേരളമാണ്. മാധ്യമങ്ങളുടെ വ്യാപനത്തിലും കേരളം മുന്നിൽത്തന്നെ. മലയാളിയുടെ വീടുകളിൽ ഏറ്റവും കൂടുതലുള്ള മാധ്യമ രൂപം റേഡിയോ ആണെന്ന് ഈയിടെ നടത്തിയ പഠനങ്ങൾ കാണിക്കുന്നു. വർത്തമാനപത്രങ്ങൾ വാങ്ങുന്നത് 48.2% കുടുംബങ്ങൾ. ഇതിനെക്കാൾ കൂടുതൽ പേർ ഇത് വായിക്കുന്നുണ്ട്. 29.4 ശതമാനം പേർ ആനുകാലികങ്ങൾ വായിക്കുമ്പോൾ 16% പേർ റേഡിയോ ശ്രോതാക്കളാണ്. 61% പേർ ടി.വി. പ്രേക്ഷകരും. അതിൽത്തന്നെ 32% പേർ കേബിൾ ടി.വി. പ്രേക്ഷകരുമാണ്. രജിസ്ട്രാർ ഓഫ് ന്യൂസ്പേപ്പർ ഇന്ത്യയുടെ കണക്ക് പ്രകാരം കേരളത്തിൽ ഇപ്പോൾ 69 ദിനപത്രങ്ങളുൾപ്പെടെ 173 ആനുകാലികങ്ങളുമുണ്ട്. ഇതിൽ 143 എണ്ണം മലയാളത്തിലാണ്. ഇവയ്ക്കെല്ലാം കൂടി 8974617 ലക്ഷം കോപ്പികൾ പ്രചാരമുണ്ട്.





**ഇന്ത്യയിൽ, ഗ്രാമങ്ങളിലെ ടെലിസാന്ദ്രതയിൽ ഇന്ന് കേരളമാണ് മുന്നിൽ.**

ജീവിതത്തിന്റെ വേഗം കൂടാനും ദൂരവും സമയവും ലാഭിക്കാനുമൊക്കെ പുതിയ സാങ്കേതിക വിദ്യകൾ കാരണമാകുന്നുണ്ട്. എന്നാൽ സാംസ്കാരികമായ നിരവധി മാനങ്ങൾ ഇവയ്ക്കുണ്ട്. ഭാഷയുടെ പ്രാദേശിക വൈവിധ്യം ചുരുങ്ങൽ, കമ്പോളത്തിന് മനസ്സുപാകമാകൽ തുടങ്ങി ജീവിതരീതി, മനോഭാവം എന്നിവയിൽ വരെ ഇത് സ്വാധീനമുറപ്പിച്ചു കഴിഞ്ഞു. ■

**പി.എസ്.ആർ**

# 56 പ്രതീക്ഷ

**സുരേന്ദ്രൻ ചുനക്കര**

അർബുദത്തെക്കുറിച്ചുള്ള അറിവുകൾ ജനങ്ങളിലെത്തിക്കുന്നതിനുവേണ്ടിയാണ് നവംബർ 7 ദേശീയ അർബുദബോധന ദിനമായി ആചരിക്കുന്നത്. അർബുദത്തെ തടയാനും പ്രാരംഭദശയിൽ കണ്ടുപിടിക്കാനും ഫലപ്രദമായി ചികിത്സിക്കാനും നവീന സങ്കേതങ്ങൾ ഉണ്ടെങ്കിലും അവയൊക്കെ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല എന്നതാണ് വസ്തുത. അതുപോലെ തന്നെ, കാൻസറിനെക്കുറിച്ചുള്ള അബദ്ധ ധാരണകളും അശാസ്ത്രീയ ചിന്തകളും ഉത്കണ്ഠയും ഭയവുമൊക്കെ ഇപ്പോഴും സമൂഹത്തിൽ രൂഢമൂലമാണ് താനും. അർബുദ വിജ്ഞാനീയം ജനങ്ങളിൽ എത്തിയെങ്കിൽ മാത്രമേ ഈ രോഗത്തെ നിയന്ത്രിക്കാൻ കഴിയൂ. അതുകൊണ്ടാണ് അർബുദത്തെ അറിയുക, പോരാടുക എന്ന മുദ്രാവാക്യവുമായി ഇത്തവണത്തെ ദേശീയ അർബുദ ദിനം ആചരിക്കുന്നത്.

എക്കാലവും മനുഷ്യനെ ഭയപ്പെടുത്തിയിരുന്ന ഈ രോഗത്തിന് ദുരൂഹതയുടെ പരിവേഷമുണ്ട്. മരണത്തിന്റെ കോഡുകളുമായി ജീൻമുദ്രകൾ കോശസഞ്ചയങ്ങളിൽ പതിയിരിക്കുമ്പോൾ, മനുഷ്യജീവിതം തന്നെ ഒരു ദുരന്തസ്മരണയാവുകയാണ്. ശരീരത്തെ മാത്രമല്ല, സമ്പത്തിനെയും മനുഷ്യ ബന്ധങ്ങളെയും ആക്രമിച്ച് സംതൃപ്തിയടയുന്ന ഈ അഗ്നികോശങ്ങളെക്കുറിച്ച് മനുഷ്യമനസ്സിൽ നിന്നും ഭീതി അകലാത്തതിൽ അത്ഭുതമില്ല. ബന്ധങ്ങൾ, പദവികൾ, ശരീരാഭിമാനം, പ്രിയങ്ങൾ ഇതെല്ലാം ഒരു നിമിഷം കൊണ്ട് മരണത്തിന്റെ 'മൗസ്ക്ലിക്കി'ലൂടെ മാഞ്ഞുപോവുകയാണ്. ജീവിത നിരർത്ഥകത ഇത്രയേറെ അനുഭവവേദ്യമാക്കുന്ന മറ്റൊരു രോഗമില്ല. പ്രജാപതിമാരും ഭിക്ഷാടകരും ഒരുപോലെ ഇതിന് വിധേയരാണ്. ജീവിതത്തിന്റെ നിസ്സാരതകളിലേക്ക് നോട്ടമയയ്ക്കാൻ, ദൈവത്തിന്റെ അദൃശ്യകരങ്ങൾ നമുക്ക് നൽകുന്ന ട്യൂമർ കണ്ണടകൾക്ക് ഒരു ദാർശനിക പരിവേഷമുണ്ട്. നീരും പഴുപ്പും വ്രണങ്ങളും മുഴകളുമായി ജീർണിച്ചു പോകേണ്ട ഏതാനും കിലോഗ്രാം മാംസം മാത്രമാണ് ഈ ശരീരം എന്ന തേജോമയമായ അറിവ് ഓരോ കാൻസർ രോഗിയെയും നന്മയുടെ പ്രതീകമാക്കി മാറ്റുന്നു.

എന്നാൽ ഇപ്പറഞ്ഞതൊക്കെ കാൻസറിനെക്കുറിച്ചുള്ള നെഗറ്റീവ് ചിന്തകൾ മാത്രമാണ്. ഒരു കാലത്ത് കാൻസർ മാറാവ്യാധിയായിരുന്നെങ്കിലും ഇന്ന് പകുതിയോളം കാൻസർ രോഗികളെ സമ്പൂർണജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ കഴിയും. ന്യൂക്ലിയർ മെഡിസിൻ, റേഡിയേഷൻ ഫിസിക്സ്, മോളിക്യുലാർ ബയോളജി, ഇമ്മ്യൂണോളജി, ബയോടെക്നോളജി തുടങ്ങിയ ശാസ്ത്ര സങ്കേതങ്ങളിൽ ഉണ്ടായ വിപ്ലവകരമായ മുന്നേറ്റം കാൻസർ നിർണയത്തിലും ചികിത്സയിലും ഏറെ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മോളിക്യുലാർ ഓങ്കോളജി, ജനിതക എഞ്ചിനീയറിംഗ് എന്നീ നവീന ശാസ്ത്രങ്ങൾ അർബുദത്തെ നൂതനമായ ഉൾക്കാഴ്ചയോടെ സമീപിക്കാൻ സഹായിക്കുന്നുണ്ട്.

കാൻസർ മാത്രമല്ല, കാൻസർ വിമുക്തമായ ജീവിതവും സമൂഹത്തിന്റെ മുന്നിൽ നിന്നും ഒളിച്ചുവയ്ക്കാൻ ശ്രമിക്കുന്നതിനാൽ അരുതാത്തതെന്തോ ആണ് അർബുദം എന്നൊരു വിശ്വാസം സമൂഹത്തിലുണ്ട്. കാൻസർ മാറാരോഗമല്ലെന്നും കൃത്യസമയത്ത് കൃത്യമായ ചികിത്സ ലഭിച്ചാൽ ഈ രോഗത്തെ അതിജീവിക്കാൻ കഴിയുമെന്നുമുള്ള ആത്മവിശ്വാസം പൊതുസമൂഹത്തിനുണ്ടാകണമെങ്കിൽ കാൻസർ വിമുക്തർ അക്കാര്യം ആഹ്ലാദത്തോടെ സമൂഹത്തിൽ പ്രചരിപ്പിക്കാൻ ശ്രമിക്കണം. പക്ഷേ, നിർഭാഗ്യവശാൽ അത്തരമൊരു കാഴ്ചപ്പാടുള്ള കാൻസർ വിമുക്തർ കുറവാണ്. അതുകൊണ്ടാണ് അർബുദം മൂലം മരണത്തിന്റെ കയത്തിലേക്ക് പോയവരെക്കുറിച്ചുള്ള കഥകൾ മാത്രം പശ്ചാത്തലത്തിൽ കേൾക്കുന്നത്. ഇപ്പോൾ ചികിത്സയിലിരിക്കുന്നവർക്ക് ചികിത്സയിലും ജീവിതത്തിലും വിശ്വാസം വരണമെങ്കിൽ അതിജീവനത്തിന്റെ അനുഭവസാക്ഷ്യങ്ങൾ അത്യാവശ്യമാണ്. കാൻസർ രോഗികളോട് സമൂഹത്തിനുള്ള സഹതാപപൂർണമായ അവഗണനയും പാർശ്വവത്കരണവും ഒഴിവാക്കാൻ അതുമാത്രമാണ് മാർഗം.

റീജണൽ കാൻസർ സെന്ററിലെ 'പ്രത്യാശ' എന്ന സംഘടന ഈ രംഗത്ത് ദിശാബോധത്തോടെ ചില കാൽവയ്പ്പുകൾ നടത്തിയിട്ടുണ്ട്. കാൻസർ വിമുക്തരായ കുട്ടികളും അവരുടെ രക്ഷിതാക്കളുമാണ് ഈ സന്നദ്ധസംഘടനയുടെ പ്രവർത്തകർ. ചികിത്സയിലിരിക്കുന്ന കുഞ്ഞുങ്ങളെ അവരുടെ ചികിത്സയിലും പുനരധിവാസത്തിലും സഹായിക്കു



# ബോധനവും അതിജീവനവും

**അർബുദത്തെ അറിയുക, പോരാടുക എന്ന സന്ദേശമാണ് ഈ വർഷത്തെ ദേശീയ അർബുദ ദിനം നൽകുന്നത്. ഇന്ന് അർബുദം മാറാരോഗമല്ലെന്ന വിശ്വാസം സമൂഹത്തിന് പകർന്നുനൽകാൻ രോഗവിമുക്തരെ രംഗത്തിറക്കുകയും ഇതിന്റെ ഉദ്ദേശ്യമാണ്.**

ന്നതോടൊപ്പം, കാൻസറിനെക്കുറിച്ചുള്ള സമൂഹത്തിന്റെ അത്യുത്കണ്ഠയും അമിതഭീതിയും അകറ്റാനും ഇവർ ശ്രമിക്കുന്നുണ്ട്.

കാൻസർ വിമുക്തരായ കുട്ടികളാണ് ഈ സംഘടനയുടെ ഊർജദാതാക്കൾ. 'പ്രത്യാശ'യുടെ പ്രസിഡന്റ് അഡ്വ. ജയകുമാറിന്റെ മകൻ സിബി ഒരിക്കൽ കാൻസർ രോഗിയായിരുന്നു. ഇന്ന് കാൻസർ വിമുക്തിയുടെ സ്വാസ്ഥ്യത്തിൽ പ്രത്യാശയുടെ സജീവ പ്രവർത്തകനായി അച്ഛനോടൊപ്പമുണ്ട്.

ഇരുണ്ട മരണഗഹ്വരത്തിൽ നിന്നും പ്രകാശമാനമായ ജീവിതത്തിലേക്ക് സഹജീവികളെ കൈപിടിച്ചു നടത്താൻ ശ്രമിക്കുന്ന സിബി ഇന്ന് ബികോം വിദ്യാർത്ഥിയാണ്. 8-ാം ക്ലാസ്സിൽ വച്ച് തന്റെ കണ്ണിൽ കയറിപ്പറ്റിയ റാബ്ഡോമയോസാർക്കോമ എന്ന അർബുദത്തെക്കുറിച്ച് പുഞ്ചിരിയോടെ സ്മരിക്കാൻ സിബിക്കിന്നു കഴിയുന്നുണ്ട്. ശുഭപര്യവസായിയായ ഒരു ചലച്ചിത്രം പോലെ എട്ടുവർഷത്തെ ജീവിതത്തിന്റെ ഷോട്ടുകൾ സിബിയുടെ ഉൾക്കണ്ണിൽ നമുക്ക് കാണാം. ആർ.സി.സിയിലെ 982312 എന്ന നമ്പർ സിബിയെ സംബന്ധിച്ചിടത്തോളം തന്റെ ശുഭജീവിതത്തിലേക്കുള്ള പാസ്പോർട്ട് നമ്പരാണ്.



വെറുമൊരു മൂന്നാം വർഷ ബിരുദക്കാരനല്ല ഇന്ന് സിബി. നല്ലൊരു ഗായകൻ, ക്രിക്കറ്റു കളിക്കാരൻ, ഷട്ടിൽ വിദഗ്ധൻ, പള്ളിയിലെ ഗായകസംഘത്തിന്റെ നായകൻ... ഇതിനൊക്കെ പുറമെ കംപ്യൂട്ടർ ഹാർഡ്‌വെയറിന്റെ ആശാനും. എല്ലാം കാൻസറിന് ശേഷം കടന്നുവന്ന നന്മകൾ. ഇനി എം.സി.എയ്ക്ക് പോകാൻ ഒരുങ്ങുകയാണ് സിബിജയൻ.

ചികിത്സയ്ക്കിടെ, കണ്ണിന്റെ കാഴ്ച പോയേക്കുമെന്ന് ഡോക്ടർ സൂചിപ്പിച്ചപ്പോൾ പേടിയുണ്ടായിരുന്നു. പക്ഷേ, ആർ.സി.സിയിലെ ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് അതീവകൃത്യതയോടെ റേഡിയേഷൻ നടത്തിയതിനാൽ കാഴ്ചയ്ക്ക് ഒരു കുഴപ്പവുമുണ്ടായില്ല. കീമോതെറാപ്പിയുടെ ചില അസ്വസ്ഥതകളും മുടികൊഴിച്ചിലും ഉണ്ടായതൊഴിച്ചാൽ കാര്യമായ പ്രശ്നങ്ങൾ ഒന്നുമില്ലായിരുന്നു.

"ഇപ്പോൾ എനിക്ക് മനുഷ്യരോട് പണ്ടത്തെക്കാൾ സ്നേഹം തോന്നുന്നു. ജീവിതത്തിന്റെ മൂല്യം എന്തെന്ന് കൂടുതൽ വ്യക്തം. രോഗം വരുന്നത് പാപമല്ല. അത് ആർക്കും എപ്പോൾ വേണമെങ്കിലും വരാം. പക്ഷേ അതിനെ മറികടക്കണമെങ്കിൽ ശരീരം കൊണ്ടും മനസ്സു കൊണ്ടും അതിന് തയ്യാറാവണം" സിബി പറഞ്ഞു.

ഒരു പക്ഷേ ഈ ആത്മവിശ്വാസവും പോസിറ്റീവ് മനോഭാവവുമായിരിക്കണം സിബിയെ ജീവിതശാദ്വലതയിലേക്ക് തിരികെ കൊണ്ടുവന്നത്. കാൻസറിന്റെ കടന്നൽക്കൂടുകൾ ഉടലിന് പുറത്ത് ജ്വാലയായിത്തീരുമ്പോൾ അത് നിസ്സംഗമായി നോക്കി നിൽക്കാൻ ഇന്ന് സിബിയെപ്പോലെ ആയിരങ്ങൾ കേരളത്തിലുണ്ട്. തങ്ങളുടെ സിരകളിലൂടെ ഒഴുകിപ്പോയ അഗ്നിദ്രാവകങ്ങളെക്കുറിച്ച്, വെന്തുപോയ കോശസമുച്ചയങ്ങളെക്കുറിച്ച് ഓർത്തുകൊണ്ട്.

കാൻസർ ബോധനദിനാചരണം സാർത്ഥകമാകണമെങ്കിൽ, കാൻസറിനെക്കുറിച്ച് പൊതുസമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങൾ അകറ്റേണ്ടതുണ്ട്. കാൻസർ വിമുക്തരെ ഇക്കാര്യത്തിൽ മുൻപന്തിയിൽ കൊണ്ടുവരാൻ ആരോഗ്യ പ്രവർത്തകർക്ക് കഴിയണം. അനുഭവങ്ങളുടെ ഊഷ്മളതയോടെ കാര്യങ്ങൾ വിശദമാക്കാൻ പുനർജന്മം കിട്ടിയ ഈ വിശ്ഷ്ട ജന്മങ്ങൾക്കേ കഴിയൂ. അതോടൊപ്പം, കാൻസർ പ്രതിരോധം, രോഗനിർണയം, ചികിത്സ, പുനരധിവാസം എന്നീ മേഖലകളിൽ നിർമിക്കപ്പെട്ട പുത്തൻ അറിവുകൾ പൊതുജനങ്ങളുമായി പങ്കുവയ്ക്കാനും നമുക്ക് സാധിക്കണം. അർബുദ ബോധനദിനാചരണം കൊണ്ട് ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുള്ള പ്രേരണയുണ്ടാകുമെന്നതിൽ സംശയമില്ല.

ഡോ. റ്റി.കെ.കുട്ടമണി
*ഡയറക്ടർ, ആരോഗ്യവകുപ്പ്*

# പകർച്ചവ്യാധികളെ കരുതിയിരിക്കുക

**നമ്മുടെ ഇടയിൽ കൂടുതലായി കണ്ടുവരുന്ന പനി ഒരു രോഗമല്ല, പല രോഗങ്ങളുടെയും ലക്ഷണമാണ്. വിവിധതരം രോഗാണുക്കൾ കൊണ്ട് പനി ഉണ്ടാകാമെങ്കിലും കൂടുതലും കണ്ടുവരുന്നത് ഇൻഫ്ളുവൻസ വൈറസുകൾ കൊണ്ടുണ്ടാകുന്ന പനിയാണ്. വൈറസ് ബാധയുണ്ടായാൽ ഒന്നു രണ്ടു ദിവസത്തിനകം രോഗലക്ഷണം പ്രകടമാകാം. ഒരാഴ്ചയ്ക്കകം മറ്റൊരാളിലേക്ക് ഇത് പകരാവുന്നതാണ്.**

ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക്, ജനന നിരക്ക്, ആയുർ ദൈർഘ്യം, ഉയർന്ന വിവാഹപ്രായം തുടങ്ങിയവയിലെല്ലാം കേരളം പുരോഗമനപരമായ നേട്ടങ്ങൾ കൈവരിച്ചു; എങ്കിലും രോഗാതുരതയിൽ നിന്നും നാം മുക്തരല്ല. ആരോഗ്യപരമായ ജീവിതരീതിയിലൂടെ തടയാൻ കഴിയുന്ന പരാദജന്യരോഗങ്ങളായ പകർച്ചവ്യാധികളും (ഡെങ്കിപ്പനി, ചിക്കുൺ ഗുനിയ, എലിപ്പനി, മലമ്പനി, വയറിളക്കരോഗങ്ങൾ, കോളറ, മഞ്ഞപ്പിത്തം) ജീവിത ശൈലീ രോഗങ്ങളും (പ്രമേഹം, ഉയർന്ന രക്തസമ്മർദം, ഹൃദ്രോഗങ്ങൾ, ദുർമേദസ്) നമുക്ക് ഭീഷണിയായി മാറിയിരിക്കുകയാണ്. ഈ രോഗങ്ങളെ ഇതര വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും കൂട്ടായ ശ്രമത്തിലൂടെ നിയന്ത്രിക്കാനും തടയാനും കഴിയും.



മാരകരോഗം വിതയ്ക്കുന്ന ഈഡിസ് ഈജിപ്തി

നമ്മുടെ ഇടയിൽ കൂടുതലായി കണ്ടുവരുന്ന പനി ഒരു രോഗമല്ല, പല രോഗങ്ങളുടെയും ലക്ഷണമാണ്. വിവിധതരം രോഗാണുക്കൾ കൊണ്ട് പനി ഉണ്ടാകാമെങ്കിലും കൂടുതലും കണ്ടുവരുന്നത് ഇൻഫ്ളുവൻസ വൈറസുകൾ കൊണ്ടുണ്ടാകുന്ന പനിയാണ്. വൈറസ് ബാധയുണ്ടായി ഒന്നുരണ്ടു ദിവസത്തിനകം രോഗലക്ഷണം പ്രകടമാകാം. ഒരാഴ്ചയ്ക്കകം ഇത് മറ്റൊരാളിലേക്ക് പകരാം. രോഗികൾ ധാരാളം വെള്ളം കുടിക്കുകയും വിശ്രമിക്കുകയും ലഘുഭക്ഷണം കഴിക്കുകയും വേണം. വൈറൽ പനി വായുവിലൂടെ പകരുന്ന രോഗമായതിനാൽ മറ്റുള്ളവർ രോഗിയുമായി അടുത്തിടപഴകുന്നത് ഒഴിവാക്കണം. പനി മറ്റുരോഗങ്ങളായ ഡെങ്കിപ്പനി. ചിക്കുൺഗുനിയ, എലിപ്പനി, മലമ്പനി, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം, ന്യുമോണിയ തുടങ്ങിയവയുടെയും ലക്ഷണമാകാം. പനിയോടൊപ്പം മഞ്ഞപ്പിത്തമോ, കണ്ണിൽ ചുവപ്പു നിറമോ കഠിനമായ ശരീരവേദനയോ കാൽവണ്ണയിൽ അസഹനീയമായ വേദനയോ ചുമയോ ശ്വാസംമുട്ടലോ ഉണ്ടെങ്കിൽ മുകളിൽ പറഞ്ഞ ഏതെങ്കിലും രോഗങ്ങളുടെ ലക്ഷണമാകാനുള്ള സാദ്ധ്യത കൂടുതലാണ്.

ഡെങ്കിപ്പനി, ചിക്കുൺഗുനിയ, എലിപ്പനി, മലമ്പനി, മന്ത്, ജപ്പാൻ ജ്വരം തുടങ്ങിയവയാണ് കേരളത്തിൽ കണ്ടുവരുന്ന കൊതുക് പരത്തുന്ന രോഗങ്ങൾ. ഡെങ്കിപ്പനി, എലിപ്പനി, മലമ്പനി, ജപ്പാൻജ്വരം എന്നീ രോഗങ്ങൾ മാരകമാണ്. ചിക്കുൺഗുനിയ, മന്ത് തുടങ്ങിയ രോഗങ്ങൾ മാരകമല്ലെങ്കിലും രോഗലക്ഷണങ്ങൾ അസഹനീയമാണ്.

## ഡെങ്കിപ്പനി

ഡെങ്കിപ്പനി മൂന്നുതരത്തിൽ കാണപ്പെടുന്നു. പനിയും ശരീരവേദനയുമായി പ്രത്യക്ഷപ്പെടുന്ന സാധാരണ ഡെങ്കിപ്പനി, രക്തസ്രാവത്തിൽ കലാശിക്കുന്ന മരണം വരെ സംഭവിക്കാവുന്ന ഡെങ്കി ഹെമറേജിക് പനി, രക്തസമ്മർദവും നാഡിമിടിപ്പും തകരാറിലാക്കുന്ന മാരകമായ ഡെങ്കി ഷോക്ക് സിൻഡ്രോം. ഡെങ്കിപ്പനി പരത്തുന്ന അതേ കൊതുകുകൾ തന്നെയാണ് ചിക്കുൺ ഗുനിയ പനിയും പരത്തുന്നത്.



വെള്ളം സൂക്ഷിക്കുന്ന പാത്രങ്ങൾ മൂടി വയ്ക്കുക

## ചിക്കുൺ ഗുനിയ പനി

പെട്ടെന്നുണ്ടാകുന്ന പനി, ത്വക്കിൽ ഉണ്ടാകുന്ന പാടുകൾ, സന്ധിവേദന പ്രത്യേകിച്ചും കൈകാലുകളിലെ ചെറിയ മുട്ടുകളുടെ വേദന, നടുവ് വേദന, പ്രകാ

ശത്തിലേയ്ക്ക് നോക്കുമ്പോൾ കണ്ണുവേദന തുടങ്ങിയവയാണ് ചിക്കുൺ ഗുനിയയുടെ ലക്ഷണങ്ങൾ. ഡെങ്കിപ്പനി, ചിക്കുൺഗുനിയ തുടങ്ങിയ രോഗങ്ങൾ പരത്തുന്നത് താത്കാലികമായി കെട്ടിനിൽക്കുന്ന ശുദ്ധജലത്തിൽ പെരുകുന്ന ഈഡിസ് കൊതുകുകളാണ്.

## എലിപ്പനി

രോഗാണുവാഹകരായ എലിയുടെ മൂത്രം മണ്ണ്, വെള്ളം തുടങ്ങിയവയെ മലിനമാക്കുകയും അതുവഴി ആരോഗ്യവാന്മാരുടെ ശരീരത്തിൽ എലിപ്പനിയുടെ രോഗാണു പ്രവേശിക്കുകയും ബാധ ഉണ്ടാവുകയും ചെയ്യുന്നു. ഊർജിതമായ എലി നശീകരണം, പരിസര ശുചിത്വം, ഭക്ഷണ ശുചിത്വം തുടങ്ങിയവ വഴി ഈ രോഗത്തെ പ്രതിരോധിക്കാൻ കഴിയും.

## മലമ്പനി

മലമ്പനി ബാധിച്ചവർക്ക് താഴെപ്പറയുന്ന രോഗലക്ഷണങ്ങൾ ആവർത്തിച്ചു പ്രകടമാകാം.

- പെട്ടെന്നുണ്ടാകുന്ന പനി, അതികഠിനമായ വിറയലും കുളിരും, അസഹ്യമായ ശരീരവേദനയും തലവേദനയും, തുടർന്ന് അതികഠിനമായ പനി, രോഗിക്ക് ചുട്ടുപൊള്ളുന്ന അവസ്ഥ എന്നിവ ഉണ്ടാകുന്നു.
- ക്രമേണ ശരീരം വിയർക്കുകയും പനി കുറയുകയും രോഗിക്ക് ആശ്വാസം തോന്നുകയും ചെയ്യുന്നു. മലമ്പനി പരത്തുന്നത് കെട്ടിക്കിടക്കുന്ന ശുദ്ധജലത്തിൽ, മുട്ടയിട്ട് പെരുകുന്ന അനോഫിലിസ് കൊതുകുകളാണ്.

## മന്ത്

കൈകാലുകളിൽ താത്കാലികമായി നീര് വന്ന് അത് സ്ഥിരമാകുക, വൃഷണങ്ങളിൽ വീക്കം, വേദനയോടു കൂടിയ കഴല വീക്കം, വിറയലോടുകൂടിയ പനി തുടങ്ങിയവയാണ് മന്തുരോഗത്തിന്റെ ലക്ഷണങ്ങൾ. ഒരിക്കൽ വന്നാൽ മന്തുരോഗം ചികിത്സിച്ചുമാറ്റാൻ പ്രയാസമാണ്. മന്തുരോഗം പരത്തുന്നത് ക്യൂലക്സ്, മാൻസോണിയ വിഭാഗങ്ങളിൽപ്പെട്ട കൊതുകുകളാണ്. ക്യൂലക്സ് കൊതുകുകൾ മലിനജലം കെട്ടിക്കിടക്കുന്ന ഓടകളിലും കുഴികളിലും ശരിയായി സൂക്ഷിക്കാത്ത സെപ്റ്റിക് ടാങ്കുകളിലുമാണ് പെരുകുന്നത്. മാൻസോണിയ കൊതുകുകൾ ജലസസ്യങ്ങളുടെ പ്രത്യേകിച്ചും കുളവാഴയുടെ വേരുകളിൽ പറ്റിച്ചേർന്നു വളരുന്നു.

## ജപ്പാൻ ജ്വരം

പനി, കഠിനമായ തലവേദന, ഛർദി, സന്നി, കഴുത്ത് കുനിക്കാൻ സാധിക്കാത്ത അവസ്ഥ, നിർജലീകരണം, തളർച്ച തുടങ്ങിയവയാണ് ജപ്പാൻ ജ്വരത്തിന്റെ ലക്ഷണങ്ങൾ. ക്യൂലക്സ് കൊതുകുകളാണ് ഈ രോഗം പരത്തുന്നത്.

മുൻപെന്നത്തെക്കാളും കൊതുകുകൾ വർദ്ധിക്കുന്നതാണ് കൊതുകുജന്യരോഗങ്ങൾ കൂടുന്നതിനു പ്രധാന കാരണം. മനുഷ്യന് ഭൂമിയിൽ ആരോഗ്യപരമായ ജീവിതം നയിക്കാൻ ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥ അത്യന്താപേക്ഷിതമാണ്. പ്രകൃതിസൗഹാർദജീവിതരീതിയിലൂടെ മാത്രമേ ആവാസവ്യവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്തി ആരോഗ്യപരമായ ജീവിതരീതി ഉറപ്പുവരുത്താൻ സാധിക്കൂ. നാം പ്രകൃതിസംരക്ഷണത്തിന് പ്രാധാന്യം നൽകാതെ, ജീവിതരീതിയിലുണ്ടാകുന്ന



## രോഗങ്ങൾ തടയാം, കൊതുകിനെ തടയാം

- വെള്ളം കെട്ടിനിൽക്കാൻ സാദ്ധ്യതയുള്ള പാത്രം, കുപ്പി, ചിരട്ട, പ്ലാസ്റ്റിക് കൂടുകൾ, മുട്ടത്തോടുകൾ, ആട്ടുകല്ല്, തൊണ്ട്, ടയറുകൾ, ഉപേക്ഷിക്കപ്പെട്ട കരിക്കിന്റെ അവശിഷ്ടങ്ങൾ, മരപ്പൊത്ത് തുടങ്ങിയവയിൽ വെള്ളം കെട്ടിനില്ക്കുന്നത് തടയുക.
- വെള്ളം കെട്ടിനിന്നു കൊതുക് പെരുകുന്നതിന് സാദ്ധ്യതയുള്ള സാഹചര്യങ്ങൾ കണ്ടുപിടിച്ച് ഒഴുക്കിക്കളഞ്ഞ്, ആഴ്ചയിലൊരിക്കൽ 'ഡ്രൈ ഡേ' (Dry Day) അഥവാ ഉണക്കുദിവസം ആചരിക്കുക.
- കൊതുക് വംശവർദ്ധനവ് നടത്താൻ സാദ്ധ്യതയുള്ള ജലാശയങ്ങളിലും വാട്ടർടാങ്കുകളിലും കൂത്താടി ഭോജികളായ ഗംബൂസിയ, ഗപ്പി തുടങ്ങിയ മത്സ്യങ്ങളെ വളർത്തുക.
- റബ്ബർ ടാപ്പിംഗ് പ്രദേശങ്ങളിൽ, ഉപയോഗിക്കാത്ത അവസരങ്ങളിൽ, ചിരട്ടകൾ കമഴ്ത്തി വയ്ക്കുക.
- കൊതുകുകടിയേൽക്കാതെ വ്യക്തിഗത സുരക്ഷ ഉറപ്പാക്കുക.
- തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക.
- മലിനജലത്തിൽ മുഖം കഴുകുകയോ കുളിക്കുകയോ കളിക്കുകയോ ചെയ്യരുത്.
- ചപ്പുചവറുകൾ ഓടയിൽ വലിച്ചെറിഞ്ഞ് മലിനജലം കെട്ടിനിൽക്കുന്ന സാഹചര്യമൊഴിവാക്കുക.
- കക്കൂസിന്റെ വെന്റ്പൈപ്പിൽ കൊതുക് കടക്കാത്ത മെറ്റൽവല ഉപയോഗിക്കുക.
- കൃഷിയിടങ്ങളിലും വെള്ളത്തിലും പണിയെടുക്കുന്നവർ മുറിവുണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുക.
- ആരോഗ്യപ്രവർത്തകരുടെ കൊതുകുനശീകരണ പ്രവർത്തനങ്ങളുമായി സഹകരിക്കുക.



മാറ്റങ്ങൾക്കനുസരിച്ച് കൂടുതൽ വനഭൂമി ആവാസയോഗ്യമാക്കിക്കൊണ്ടേയിരിക്കുന്നു. പ്രകൃതി സന്തുലിതാവസ്ഥയ്ക്ക് 33% വനം ആവശ്യമാണെന്നിരിക്കിലും ഇന്നു കേരളത്തിലെ വനഭൂമി ഇരുപത് ശതമാനത്തോളമാണ്. കൂടിവരുന്ന വന നശീകരണവും കീടനാശിനികളുടെ ഉപയോഗവും അഭൂതപൂർവമായ കുടിയേറ്റവും, കൊതുകുകളെയും മറ്റു പ്രാണികളെയും തിന്ന് നശിപ്പിക്കുന്ന തവളകളുടെയും തുമ്പികളുടെയും ഒക്കെ എണ്ണത്തിൽ കുറവു വരാൻ കാരണമായി. വയലുകൾ നികത്തുന്നതും തണ്ണീർത്തടങ്ങളുടെ ശോഷണവും ഇതിനു മറ്റൊരു കാരണമാണ്. കൊതുക് പെരുകാൻ തുടങ്ങിയതിന്റെ ശാസ്ത്രീയമായ വിശദീകരണം ഇതൊക്കെയാണ്. ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്തേണ്ടത് കൊതുക് പെരുകുന്നത് തടയാൻ അനിവാര്യമാണ്.

പരിസരശുചിത്വമില്ലായ്മയും മാലിന്യ

## ഡെങ്കിപ്പനി

***രോഗലക്ഷണങ്ങൾ***

പെട്ടെന്നുള്ള കഠിനമായ പനി, അസഹ്യമായ തലവേദന, നേത്രഗോളങ്ങളുടെ പിന്നിലെ വേദന, സന്ധികളിലും, മാംസപേശിയിലും വേദന, വിശപ്പില്ലായ്മയും രുചിയില്ലായ്മയും, ശരീരഭാഗങ്ങളിൽ പ്രത്യേകിച്ച് നെഞ്ചിലും കൈയിലും ചുവന്നു തടിക്കുക, മനംപുരട്ടലും ഛർദിയും.

**രോഗാണു:** ആർബോ വൈറസ്

**ചികിത്സ:** സംശയം തോന്നിയാൽ ഡോക്ടറെ കാണിക്കേണ്ടതാണ്. ലക്ഷണങ്ങൾക്കനുസരിച്ചുള്ള ചികിത്സ, വിശ്രമം, ധാരാളം വെള്ളം കുടിക്കുക. രോഗ നിർണയ പരിശോധന എല്ലാ ജില്ലാ ആശുപത്രികളിലും ലഭ്യമാണ്.

## ഡെങ്കിഹെമറാജിക് പനി

ഡെങ്കിപ്പനിയുടെ ലക്ഷണങ്ങളോടൊപ്പം കഠിനമായ തുടർച്ചയായ കടുത്ത വയറുവേദന, ചർമം വിളറിയതും ഈർപ്പമേറിയതുമാകൽ, മൂക്ക്, വായ്, മോണ മുതലായവയിൽ കൂടിയുള്ള രക്തസ്രാവം, രക്തം ഛർദിക്കുക, മലത്തോടൊപ്പം രക്തം പോവുക, ശരീരം കൂടുതലായി ചുവന്നു തടിക്കുക, അമിതമായ ദാഹം, അസ്വസ്ഥതയും ഉറക്കമില്ലായ്മയും.

ചികിത്സ: എത്രയും പെട്ടെന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുക. തീവ്രപരിചരണം നൽകുക, രോഗനിർണയ പരിശോധന ജില്ലാ ആശുപത്രികളിൽ ലഭ്യമാണ്.

## ഡെങ്കിഷോക്ക് സിൻഡ്രോം

***ലക്ഷണങ്ങൾ:*** രക്തസമ്മർദം, നാഡിമിടിപ്പ് കുറയുന്നു, ശരീരം തണുത്തു മരവിച്ച അവസ്ഥ, ശ്വാസോച്ഛ്വാസത്തിന് വൈഷമ്യം. അടിയന്തര ചികിത്സ ആവശ്യമാണ്.

## ചിക്കുൺ ഗുനിയ പനി

**രോഗാണു:** ആൽഫ വൈറസ്

രോഗലക്ഷണങ്ങൾക്ക് അനുസരിച്ചുള്ള ചികിത്സയാണ്. ആരോഗ്യവാൻമാരായവരിൽ കാര്യമായ പ്രശ്നങ്ങളുണ്ടാകില്ലെങ്കിലും പ്രായാധിക്യമുള്ളവരിലും മറ്റ് രോഗങ്ങളുള്ളവരിലും ചെറിയ കുട്ടികളിലും ഈ രോഗം കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കിയേക്കാം.

## എലിപ്പനി

***ലക്ഷണങ്ങൾ:*** കടുത്തപനി, തലവേദന. ശരീരവേദന, കണ്ണിൽ ചുവപ്പ്

**രോഗാണു:** സ്പൈറൊക്കെറ്റ് വിഭാഗത്തിൽപ്പെട്ട ലെപ്ടോസ്പൈറ

**ചികിത്സ:** ആന്റിബയോട്ടിക്സ് കഴിക്കുക, വിശ്രമിക്കുക, ധാരാളം വെള്ളം കുടിക്കുക, കാലേകൂട്ടിയുള്ള രോഗ നിർണയവും ചികിത്സയും വളരെ പ്രധാനമാണ്. മരണ നിരക്ക് കുറയ്ക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. രോഗനിർണയ പരിശോധന എല്ലാ ജില്ലാ ആശുപത്രികളിലും ലഭ്യമാണ്.

## മലമ്പനി

**രോഗാണു:** പ്ലാസ്മോഡിയം പരജീവി

**ചികിത്സ:** ചികിത്സ ലഭ്യമാണ്. രോഗനിർണയത്തിനുള്ള സൗകര്യം എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. മലമ്പനി ആണെന്ന് ഉറപ്പായാൽ ശരിയായ അളവിൽ മരുന്നുകഴിക്കുകയും രോഗം പൂർണമായി ഭേദമായി എന്ന് രക്തപരിശോധനയിലൂടെ ഉറപ്പുവരുത്തുകയും വേണം.

## മന്ത്

**രോഗാണു:** വൂച്ചറേരിയ ബാൻ ക്രാഫ്റ്റി ബ്രൂഗിയ മലായി എന്നീ വർഗത്തിൽപ്പെട്ട വിരകൾ.

**ചികിത്സ:** ഡി.ഇ.സി. ഗുളിക, ഡൈ ഇതൈൽ കാർബാമൈസിൻ സിട്രേറ്റ് (6mg/kg body weight)

**പ്രതിരോധമാർഗങ്ങൾ:** കൊതുകു നശീകരണം, സമൂഹ മന്ത് രോഗ ചികിത്സ (MDA)

## ജപ്പാൻ ജ്വരം

ഒരു വൈറസ് രോഗമാണ്. രോഗലക്ഷണങ്ങൾക്ക് അനുസരിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ച് തീവ്രപരിചരണം നൽകേണ്ടതാണ്. രോഗനിർണയത്തിനുള്ള സൗകര്യം എല്ലാ ജില്ലാ ആശുപത്രികളിലും ലഭ്യമാണ്.

സംസ്കരണത്തിലെ അപാകതയും പ്രശ്നങ്ങൾ രൂക്ഷമാക്കുന്നു. കൊതുക് പരത്തുന്ന എല്ലാ രോഗങ്ങളെയും പ്രതിരോധിക്കാം. കൊതുകിന്റെ ഉറവിടനശീകരണമാണ് പരമപ്രധാനം. നമ്മുടെ വീടിനുള്ളിലും പരിസരങ്ങളിലും കൊതുക് പെരുകാൻ സാദ്ധ്യതയുള്ള എല്ലാ സാഹചര്യങ്ങളും കണ്ടുപിടിച്ച് അവയെ നശിപ്പിക്കുകയാണ് ചെയ്യേണ്ടത്.

വയറിളക്കരോഗങ്ങൾ, മഞ്ഞപ്പിത്തം, ടൈഫോയ്ഡ് തുടങ്ങിയ മാരക രോഗങ്ങളെയും അല്പം ശ്രദ്ധിച്ചാൽ തടയാവുന്നതാണ്. വ്യക്തിശുചിത്വം, പരിസരശുചിത്വം, ഭക്ഷണശുചിത്വം തുടങ്ങിയവ കർശനമായി പാലിച്ചാൽ ഈ രോഗങ്ങളെ ഒഴിവാക്കാൻ കഴിയും. തുറസ്സായ സ്ഥലത്ത് മലവിസർജനം നടത്തുന്നത് ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നു. ശുദ്ധമായ കുടിവെള്ളം ഉപഭോക്താക്കളിൽ എത്തുന്നതിനുമുമ്പ്, പൈപ്പ് ലൈൻ പൊട്ടി മാലിന്യങ്ങളുമായി ചേരുന്നത് വെള്ളം മലിനപ്പെടാനുള്ള മറ്റൊരു കാരണമാണ്. മലിനമായ വെള്ളം കുടിക്കാനും പാചകം ചെയ്യാനുമുപയോഗിക്കുമ്പോൾ രോഗാണുബാധയുണ്ടാകുന്നു.

ഓരോ പ്രാവശ്യവും വയറിളകുമ്പോഴും ഛർദിക്കുമ്പോഴും രോഗിയുടെ ശരീരത്തിൽ നിന്നും ജലാംശം നഷ്ടപ്പെട്ട് നിർജലീകരണം സംഭവിക്കാം. രോഗലക്ഷണം കണ്ടുതുടങ്ങിയാലുടനെ നിർജലീകരണം തടയാനായി പാനീയ ചികിത്സ ആരംഭിക്കേണ്ടതാണ്. ഒ.ആർ.എസ്. ലായനി, കരിക്കിൻവെള്ളം, കഞ്ഞി വെള്ളം തുടങ്ങിയവ രോഗിക്ക് നൽകണം. പരിസര ശുചിത്വത്തിലൂടെ ഒഴിവാക്കാൻ പറ്റുന്ന മറ്റ് രോഗങ്ങളാണ് മഞ്ഞപ്പിത്തം എ, ഇ, ടൈഫോയ്ഡ് തുടങ്ങിയവ.

ആരോഗ്യപരമായ ജീവിതശൈലി സ്വായത്തമാക്കുക എന്നത് രോഗങ്ങളെ അകറ്റി നിർത്താൻ പരമപ്രധാനമാണ്. വീടും പരിസരവും വൃത്തിയായി സൂക്ഷിച്ച് കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നത് തടഞ്ഞ്, ആരോഗ്യപരമായ ജീവിതശൈലി സ്വീകരിച്ചാൽ മാത്രമേ നമുക്ക് ആരോഗ്യം കാത്തുസൂക്ഷിക്കാൻ കഴിയൂ.

വ്യക്തി-ഭക്ഷണ-പരിസര ശുചിത്വം ശീലമാക്കിയാലേ ആരോഗ്യപരമായ ജീവിതരീതി ഉറപ്പുവരുത്താനാകൂ. വ്യക്തിശുചിത്വത്തെപ്പോലെ പ്രധാനമാണ് സാമൂഹിക ശുചിത്വവും. ചുറ്റുപാടുമുള്ള മാലിന്യങ്ങൾ ഒഴിവാക്കി മാലിന്യമുക്തകേരളം സൃഷ്ടിക്കുന്നതിന് ഓരോ പൗരനും പങ്കുവഹിക്കേണ്ടതുണ്ട്.

# ആദരാഞ്ജലി

## മത്തായി ചാക്കോ



**തി**രുവമ്പാടി എം.എൽ.എയും സി.പി.ഐ.(എം) സംസ്ഥാനകമ്മിറ്റി അംഗവുമായിരുന്ന മത്തായി ചാക്കോ ഇക്കഴിഞ്ഞ ഒക്ടോബർ 13ന് അന്തരിച്ചു.

നിസ്വവർഗത്തിനുവേണ്ടിയുള്ള പോരാട്ടം ജീവിതമാക്കിയ മത്തായി ചാക്കോ സമർത്ഥനായ നിയമസഭാ സാമാജികനായിരുന്നു. നല്ല ജനപ്രതിനിധി, ഉത്തമനായ കമ്മ്യൂണിസ്റ്റ് എന്നീ നിലകളിൽ മാതൃകാപരമായ പ്രവർത്തനമാണ് അദ്ദേഹം നടത്തിയത്. തിരുവമ്പാടി നിയോജകമണ്ഡലത്തെയാണ് ഇദ്ദേഹം പ്രതിനിധീകരിച്ചത്.

1959-ൽ അരഞ്ഞാണിയിൽ മത്തായിയുടെയും ത്രേസ്യാമ്മയുടെയും മകനായി ജനിച്ച ചാക്കോ കുടിയേറ്റ മേഖലയിൽ സി.പി.എമ്മിന്റെ നേതൃനിരയിലേക്ക് ഉയർന്നുവന്ന നേതാക്കളിലൊരാളാണ്. കോഴിക്കോട് ദേവഗിരി കോളേജിൽ നിന്നാണ് സജീവ വിദ്യാർത്ഥി രാഷ്ട്രീയം ആരംഭിച്ചത്.

പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യത്തിനുള്ള സമരം, ജീരകപ്പാറ വനംകൊള്ളയ്ക്കെതിരായ സമരം എന്നിങ്ങനെ നീതിയ്ക്ക് വേണ്ടിയുള്ള പോരാട്ടത്തിൽ സജീവ സാന്നിധ്യമായിരുന്നു.

## ശ്രീവിദ്യ



**പ്ര**ശസ്ത മലയാള ചലച്ചിത്രനടി ശ്രീവിദ്യ ഒക്ടോബർ 19ന് അന്തരിച്ചു. തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ വച്ചായിരുന്നു അന്ത്യം. അർബുദരോഗബാധയെത്തുടർന്ന് ചികിത്സയിലായിരുന്നു.

തമിഴ് ഹാസ്യനടൻ കൃഷ്ണമൂർത്തിയുടെയും പ്രമുഖ സംഗീതജ്ഞ എം.എൽ. വസന്തകുമാരിയുടെയും മകളായി ജനിച്ച ശ്രീവിദ്യ 'തിരുവുൾ ചൊല്ലിയാർ' എന്ന തമിഴ് സിനിമയിലൂടെ 13-ാം വയസ്സിൽ അഭിനയത്തിന്റെ അരങ്ങേറ്റം കുറിച്ചു. 1969-ൽ ചട്ടമ്പിക്കവലയിലൂടെയാണ് സത്യന്റെ നായികയായി മലയാള സിനിമാരംഗത്തേക്ക് കടന്നുവന്നത്.

1979-ൽ 'ഇടവഴിയിലെ പൂച്ച മിണ്ടാപൂച്ച'യിലെയും 1983-ൽ 'രചന'യിലെയും 1992-ൽ 'ദൈവത്തിന്റെ വികൃതികളി'ലെയും അനുപമമായ നടന ചാതുരിയ്ക്ക് സംസ്ഥാന അവാർഡ് ലഭിക്കുകയുണ്ടായി. 2004-ൽ മികച്ച നടിക്കുള്ള സംസ്ഥാന ടെലിവിഷൻ അവാർഡും (അവിചാരിതം) അവരെ തേടി എത്തി.

അഭിനയത്തിൽ മാത്രമല്ല നൃത്തത്തിലും സംഗീതത്തിലും പ്രഗത്ഭയായിരുന്ന അവർ നൂറിൽപ്പരം കീർത്തനങ്ങളുടെ രചയിതാവുമാണ്.

എഴുമാവിൽ രവീന്ദ്രനാഥ്

# ചോലവനങ്ങളിലെ ശ്യാമവിസ്മയം

ഒരു ദൃശ്യ വിസ്മയത്തിനായി കണ്ണും കാതുമോർത്തിരുന്ന പ്രകൃതി സ്നേഹികൾക്കും സസ്യശാസ്ത്രജ്ഞർക്കും വിനോദ സഞ്ചാരികൾക്കുമെല്ലാം ഉൾക്കുളിർ പകർന്നുകൊണ്ട് "മൂന്നുമലൈഹളിൽ നീലമലർഹൾ" കൺതുറക്കുകയായി. ആനമലയും നീലമലയും (നീലഗിരി) ചേർന്നാലതു മൂന്നുമല. പശ്ചിമഘട്ടത്തിലെ ഈ അതികായൻമാരെ പന്ത്രണ്ടുവർഷത്തിലൊരിക്കൽ കുറിഞ്ഞിയുടെ നീലമലർഹൾ കൊണ്ട് പുടവയണിയിയ്ക്കുന്ന ശ്യാമമുഹൂർത്തം സമാഗതമായിരിയ്ക്കുന്നു.

2006 "നീലക്കുറിഞ്ഞികളുടെ" വർഷമാണ്. ചോലവനങ്ങളിലെ റാണിയെന്നു വിശേഷിപ്പിക്കപ്പെടുന്ന നീലക്കുറിഞ്ഞികൾ മലയാളനാടിനും തമിഴകത്തിനും മാത്രം സ്വന്തം. മൂന്നാർ മുതൽ കൊടൈക്കനാൽ വരെയുള്ള ഹരിത മേഖലകളിൽ ഒറ്റയ്ക്കും തെറ്റയ്ക്കും പൂത്തുതുടങ്ങിയ ഈ വിചിത്ര സസ്യങ്ങൾ ഒക്ടോബർ മാസത്തോടെ ഗിരിനിരകളിലെങ്ങും പൂപ്പട കൂട്ടിക്കഴിഞ്ഞു. 2007 മെയ്മാസത്തോടെ ഈ വസന്തോത്സവത്തിനു കൊടിയിറങ്ങും. വീണ്ടുമൊരു പന്ത്രണ്ടുവർഷം കൂടെ കാത്തിരിയ്ക്കുവാനുള്ള ആഹ്വാനത്തോടെ.

മുന്നൂറു സ്പീഷിസുകൾ ഉൾപ്പെടുന്ന ഒരു വലിയ കുടുംബമാണ് കുറിഞ്ഞിയുടേത്. ഇവയിൽ 46 എണ്ണം ഭാരതത്തിൽ കാണപ്പെടുന്നു. എന്നാൽ പേരും പെരുമയും 'സ്ട്രോബിലാന്തസ് കുന്തിയാനാ' എന്ന ശാസ്ത്രനാമമുള്ള നീലക്കുറിഞ്ഞിക്ക് തന്നെ. പന്ത്രണ്ടു വർഷത്തെ വ്രത വിശുദ്ധിയിലൂടെ ശ്യാമാഭമായ വസന്തം വിരിയിയ്ക്കുന്ന നീലക്കുറിഞ്ഞികളെക്കുറിച്ചുള്ള പരാമർശം പ്രാചീനകാലത്തു വിരചിതമായ സംഘം കൃതികളിൽ കാണാം. ദൈവിക പരിവേഷം കല്പിച്ചിട്ടുള്ള ഈ ചെടികളുമായി ബന്ധപ്പെട്ട് കൊടൈക്കനാലിന്റെ നെറുകയിൽ ഒരു ക്ഷേത്രമുണ്ട്. ഇതാണ് പ്രസിദ്ധമായ കുറിഞ്ഞി ആണ്ടവർ കോവിൽ.

വന നശീകരണവും അശാസ്ത്രീയമായ കൃഷിരീതികളും മൂലം നീലക്കുറിഞ്ഞികൾ ഇന്ന് വംശനാശത്തിന്റെ വക്കിലാണ്. ഇവയുടെ സംരക്ഷണത്തിനുള്ള പ്രാരംഭ നടപടിയായി കേന്ദ്രസർക്കാർ ഇരവികുളത്തോടൊപ്പം പാമ്പാടുംചോല, മന്നവൻചോല തുടങ്ങിയ പ്രദേശങ്ങൾ നാഷണൽ പാർക്കായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ചുവടുപിടിച്ചാവണം തമിഴ്നാട് സർക്കാരും നീലക്കുറിഞ്ഞികളുടെ സംരക്ഷണത്തിനായി പി.എച്ച്.സി.സി. (പളനി ഹിൽസ് കൺസർവേറ്റീവ് കൗൺസിൽ) രൂപീകരിച്ചത്. പ്രസിദ്ധമായ കോക്കേഴ്സ് വോക്കിന്റെ താഴ്വാരങ്ങളിലും പാമ്പാർതടങ്ങളിലും കുറിഞ്ഞികൾക്കായി വിരുന്നൊരുക്കി കാത്തിരിയ്ക്കുന്ന കൗൺസിലും മലയാളി സാന്നിദ്ധ്യം കൊണ്ടു ശ്രദ്ധേയമാണ്.

കുറിഞ്ഞിപ്പൂക്കളുടെ സംരക്ഷണത്തിനായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സ്വീകരിച്ച ത്വരിതഗതിയിലുള്ള നടപടികൾ ലോകമെമ്പാടുമുള്ള പ്രകൃതി സ്നേഹികളുടെ പ്രശംസ പിടിച്ചു പറ്റിക്കഴിഞ്ഞു. ഒക്ടോബർ 6-ാം തീയതി പുറത്തിറങ്ങിയ 36/2006 എഫ് & വൈ.എൽ.ഡി. ഉത്തരവ് പ്രകാരം മൂന്നാറിലെ വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകൾ 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം സാങ്ച്വറിയായി സർക്കാർ പ്രഖ്യാപിച്ചു. കൂടാതെ മൂന്നാർ താഴ്വരയിൽ നടത്തിയ നീലക്കുറിഞ്ഞി ഉത്സവം, സാംസ്കാരിക ഘോഷയാത്ര എന്നിവ വിദേശികൾക്കും നാട്ടുകാർക്കും ഒന്നുപോലെ പുതുമയുള്ള ഒരു അനുഭവമായി മാറി. കെ.ഡി.എച്ച്.പി. മൈതാനിയിൽ അരങ്ങേറിയ കുറിഞ്ഞി ഉത്സവം വനം മന്ത്രി ബിനോയ് വിശ്വത്തിന്റെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പ് മന്ത്രി കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.



## ബാലവേല ശിക്ഷാർഹം



പതിനാല് വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നവർക്കെതിരെ നിയമനടപടികൾ കൂടുതൽ കർശനമാക്കി. വീടുകളിലും ഹോട്ടലുകളിലുമുൾപ്പെടെ ബാലവേല സമ്പൂർണമായി നിരോധിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ വിജ്ഞാപനം 2006 ഒക്ടോബർ 10ന് നിലവിൽ വന്നതിനെത്തുടർന്നാണിത്. മാത്രവുമല്ല വീടുകളിലും ഹോട്ടലുകളിലും പണിയെടുക്കുന്ന കുട്ടികളെയും ബാലവേല നിരോധന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി.

കുട്ടികളെ പണിക്ക് നിയോഗിക്കുന്നവർക്ക് മൂന്നുമാസം മുതൽ ഒരു കൊല്ലം വരെ തടവും പതിനായിരം മുതൽ ഇരുപതിനായിരം രൂപ വരെ പിഴയും ശിക്ഷയായി ലഭിക്കാം. കുറ്റം ആവർത്തിച്ചാൽ ആറ് മാസം മുതൽ രണ്ട് കൊല്ലം വരെ തടവ് ശിക്ഷയ്ക്കും വ്യവസ്ഥയുണ്ട്. വീടുകൾ, വഴിയോര ഭക്ഷണശാലകൾ ഉൾപ്പെടെയുള്ള ഹോട്ടലുകൾ, റെയിൽവേയുമായി ബന്ധപ്പെട്ട വിവിധ ജോലികൾ, ഇറച്ചിക്കട, താത്കാലിക ലൈസൻസുള്ള പടക്കവില്പനശാല, വാഹന വർക്ക്ഷോപ്പ്, ലോഹ വാർപ്പ് ശാലകൾ, ഖനികൾ, പ്ലാസ്റ്റിക് നിർമാണ യൂണിറ്റുകൾ, ഫൈബർ ഗ്ലാസ് വർക്ഷോപ്പ്, തീ പിടിക്കാവുന്നതും വിഷാംശമുള്ളതും സ്ഫോടകശേഷിയുള്ളതുമായ സാധനങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥലം എന്നീ മേഖലകൾ ഇതിൽപ്പെടും. യൂണിസെഫിന്റെ കണക്കനുസരിച്ച് 246 മില്യൺ കുട്ടികൾ ഇപ്പോൾ തൊഴിൽ ചെയ്യുന്നുണ്ട്. ഇതിൽ 171 മില്യണും അപകടകരമായ മേഖലകളിൽ തൊഴിലെടുക്കുന്നവരാണത്രെ.

## ഹയനൈഡ്


കുണ്ടും കുഴിയും നിറഞ്ഞ വഴികളിലൂടെ ബൈക്കോടിക്കുക ദുഷ്കരമാണ്. എന്നാൽ മഞ്ഞുമൂടിയ വഴുക്കുന്ന മലമടക്കുകളിലൂടെയും കുന്നിൻചരിവുകളിലൂടെയും ഓടിക്കാൻ പറ്റിയ ഒരു ബൈക്ക് ഉണ്ടാക്കിയിരിക്കുന്നു ഒലിവർ കെല്ലറും ടാൽമാൻ ഷൂൾസും. ടാങ്കിന്റേത് പോലുള്ള വീലുകളാണ് ഏത് വഴിയിലൂടെയും സുഗമമായി സഞ്ചരിക്കാൻ ഇതിനെ സഹായിക്കുന്നത്. ഇതിന്റെ മുൻചക്രവും പിൻചക്രവും യഥേഷ്ടം തിരിക്കാൻ കഴിയുമെന്ന പ്രത്യേകതയുമുണ്ട്. കക്ഷിയുടെ പേരെന്തെന്നറിയണ്ടേ? ഹയനൈഡ്. ഒന്നു വാങ്ങാമെന്നാണെങ്കിൽ രക്ഷയില്ല. വിപുലമായ മാർക്കറ്റിങ് ആരംഭിച്ചിട്ടില്ല എന്നതു തന്നെ കാരണം.



## വേതനാന്തരം

ഭരണഘടനയിലെ ആർട്ടിക്കൾ 16(1) പ്രകാരം സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ തുല്യ ജോലിക്ക് തുല്യവേതനം എന്ന നിയമം നിലനിൽക്കെ പല തൊഴിൽമേഖലകളിലും വേതനത്തിന്റെ കാര്യത്തിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും വലിയ വ്യത്യാസം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഗ്രാമീണമേഖലയിൽ സ്ത്രീകൾക്ക് ലഭിക്കുന്ന വേതനനിരക്ക് പുരുഷന്മാരുടേതിൽ നിന്ന് മുപ്പതുശതമാനത്തോളം കുറവാണ്. കാർഷികമേഖലയിലും കാർഷികേതര മേഖലയിലും സ്ഥിതി ആശാവഹമല്ല. ദേശീയതലത്തിൽ ഈ വ്യത്യാസത്തിൽ നേരിയതോതിൽ കുറവ് വന്നപ്പോൾ കേരളത്തിലെ, പ്രത്യേകിച്ച് ഗ്രാമീണ കാർഷിക മേഖലയിൽ ഈ അന്തരം വർദ്ധിച്ചിരിക്കുന്നുവത്രെ.

## ആർക്കിയോപ്റ്ററിക്സ്



ദിനോസറിന്റെയും പക്ഷിയുടെയും സവിശേഷതകൾ കൂടിച്ചേർന്ന ഒരു ജീവി ഒന്നരക്കോടി വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്നതായി ശാസ്ത്രനിഗമനം. വാലും പല്ലും ഇഴജന്തുക്കളുടേതുപോലുള്ള എല്ലും പക്ഷിയുടേത് പോലുള്ള ചിറകുകളും തൂവലും ഇവയ്ക്കുണ്ടായിരുന്നു എന്ന് കരുതപ്പെടുന്നു. സാധാരണ ഇന്നു കാണുന്ന പക്ഷികളുടേതിൽ നിന്ന് വിഭിന്നമായി നാല് ചിറകുകൾ ഇവയ്ക്കുണ്ടായിരുന്നു എന്നാണ് അനുമാനം. 1861-ലാണ് ആദ്യമായി ആർക്കിയോപ്റ്ററിക്സ് എന്നറിയപ്പെടുന്ന ഈ ജീവിയുടെ ഫോസിൽ കണ്ടെത്തിയത്. തുടർന്ന് 1877-ൽ ജർമനിയിലും 2002-ൽ ചൈനയിലും ഇതിന്റെ ഫോസിലുകൾ കണ്ടെത്തി. ആകാശത്ത് പറക്കാനും തിരിയാനും ഒക്കെ പിൻചിറകുകൾ സഹായിച്ചിരുന്നുവത്രെ. കാനഡയിലെ കാൽഗരി സർവകലാശാല ഗവേഷക നിക് ലോങ് റിച്ചാണ് ഈ കണ്ടെത്തലിന് പിന്നിൽ.

# നൊബേൽ സമ്മാനം - 2006


മുഹമ്മദ് യൂനിസ്

### സമാധാനം

സമാധാനത്തിനുള്ള നൊബേൽ സമ്മാനം ബംഗ്ലാദേശ് ഗ്രാമീൺ ബാങ്കും ബാങ്കിന്റെ സ്ഥാപകൻ മുഹമ്മദ് യൂനിസും നേടി. ദരിദ്രജനവിഭാഗങ്ങളുടെ ലഘുസമ്പാദ്യത്തിലൂടെയും ലഘുവായ്പാ പദ്ധതികളിലൂടെയും ദാരിദ്ര്യനിർമാർജനത്തിനും സാമൂഹിക വികസനത്തിനും നൽകിയ സംഭാവന കണക്കിലെടുത്താണ് അവാർഡ്.


### സാഹിത്യം

സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം തുർക്കി സാഹിത്യകാരൻ ഒർഹാൻ പാമുക്ക് കരസ്ഥമാക്കി. ഇദ്ദേഹത്തിന്റെ ദ വൈറ്റ് കാസിൽ, സ്നോ, ദി ബ്ലാക്ക് ബുക്ക്, ദ ന്യൂ ലൈഫ് തുടങ്ങിയ നോവലുകൾ ലോകശ്രദ്ധ പിടിച്ചുപറ്റിയവയാണ്. താൻ ജനിച്ച നഗരത്തിന്റെ (ഇസ്തംബുൾ) വിഷാദാത്മകമായ ആത്മാവിനെ കണ്ടെത്താനുള്ള അന്വേഷണത്തിൽ സംഘർഷത്തിന്റെ പുതിയ പ്രതീക്ഷകളും സംസ്കാരത്തിന്റെ കെട്ടു പിണയലുകളും കണ്ടെത്തിയ എഴുത്തുകാരനെന്നാണ് നൊബേൽ ജൂറി പാമുക്കിനെക്കുറിച്ച് പരാമർശിക്കുന്നത്.


ഒർഹാൻ പാമുക്ക്

### ഊർജതന്ത്രം

ഊർജതന്ത്രത്തിനുള്ള നൊബേൽ സമ്മാനം അമേരിക്കക്കാരായ ജോൺ സി. മാതർ, ജോർജ് എഫ്. സ്മൂട്ട് എന്നിവർ കരസ്ഥമാക്കി. കോസ്മിക് മൈക്രോവേവ് ബാക്ക് ഗ്രൗണ്ട് റേഡിയേഷനെക്കുറിച്ച് ഇവർ നടത്തിയ കണ്ടെത്തലുകൾക്കാണ് പുരസ്കാരം. പ്രപഞ്ചത്തിന്റെ ശൈശവദിശയെയും നക്ഷത്രസമൂഹങ്ങളെയും നക്ഷത്രങ്ങളെയും കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ ഏറെ പ്രയോജനപ്പെടുന്ന കണ്ടെത്തലുകളാണ് ഇവ.


ജോർജ് എഫ്. സ്മൂട്ട് ജോൺ സി. മാതർ

1989-ൽ അമേരിക്ക വിക്ഷേപിച്ച കോബ് ഉപഗ്രഹത്തിന്റെ സഹായത്തോടെയാണ് ഇവർ പഠനം നടത്തിയത്.

61 കാരനായ സ്മൂട്ട് കാലിഫോർണിയയിലെ ലാറൻസ് ബെർക്ക്‌ലി നാഷണൽ ലബോറട്ടറിയിലും 60കാരനായ മാതർ ഗ്രീൻബെൽറ്റിലെ ഗോദ്ദാർദ് സ്പേസ് ഫ്ളൈറ്റ് സെന്ററിലുമാണ് ജോലി ചെയ്യുന്നത്.

### വൈദ്യശാസ്ത്രം

വൈദ്യശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം അമേരിക്കൻ പൗരൻമാരായ ആൻഡ്രൂ Z ഫയർ, ക്രെയ്ഗ് സി. മെല്ലോ എന്നിവർ പങ്കിട്ടു. R.N.A. ഇടപെടൽ എന്ന പ്രതിഭാസമാണ് ഇവർ കണ്ടെത്തിയത്. 47 കാരനായ ആൻഡ്രൂ സ്റ്റാൻഫോർഡ് സർവലാശാല ജനറ്റിസിസ്റ്റും 46 കാരനായ ക്രെയ്ഗ് ഹാർവാർഡ് സർവകലാശാലയിലെ ഗവേഷകനുമാണ്.


ആൻഡ്രൂ Z ഫയർ ക്രെയ്ഗ് സി. മെല്ലോ

### രസതന്ത്രം

റോജർ ഡി. കോൺബെർഗ് ആണ് രസതന്ത്രത്തിനുള്ള നൊബേൽ സമ്മാനം നേടിയത്. പ്രോട്ടീൻ നിർമിതിയ്ക്കാവശ്യമായ വിവരങ്ങൾ ജീനുകളിൽ നിന്ന് ശരീരകലകൾ സ്വീകരിക്കുന്നതെങ്ങനെ എന്ന പഠനമാണ് ഈ സമ്മാനത്തിന് റോജറെ അർഹനാക്കിയത്. കാലിഫോർണിയയിൽ സ്റ്റാൻഫോർഡ് സർവകലാശാലയിലെ മെഡിസിൻ വിഭാഗം പ്രൊഫസറാണ് 59 കാരനായ റോജർ.


റോജർ ഡി. കോൺബെർഗ്

### സാമ്പത്തികശാസ്ത്രം

സാമ്പത്തിക ശാസ്ത്രരംഗത്തെ നൊബേൽ സമ്മാനം അമേരിക്കൻ പൗരനായ എഡ്മണ്ട് എസ്. ഫെൽപ്സിന് ലഭിച്ചു. പണപ്പെരുപ്പത്തെയും തൊഴിലില്ലായ്മയെയും കുറിച്ചുള്ള പ്രതീക്ഷകളെ ആശ്രയിച്ചാണ് കൂലിയുടെയും വിലനിലവാരത്തിന്റെയും അവസ്ഥ എന്ന് തെളിയിക്കുന്ന പഠനമാണ് ഈ സമ്മാനം ഇദ്ദേഹത്തിന് നേടിക്കൊടുത്തത്. ന്യൂയോർക്കിലെ കൊളംബിയ സർവകലാശാലയിലെ പൊളിറ്റിക്കൽ എക്കണോമി പ്രൊഫസറാണ് 73 കാരനായ ഫെൽപ്സ്.


എഡ്മണ്ട് എസ്. ഫെൽപ്സിന്

## യു.എൻ. സെക്രട്ടറി ജനറൽ

ദക്ഷിണകൊറിയൻ വിദേശകാര്യമന്ത്രി ബാൻ. കി. മൂൺ ഐക്യരാഷ്ട്രസഭയുടെ പുതിയ സെക്രട്ടറി ജനറലായി നിയമിതനായി. യു.എൻ. രക്ഷാസമിതിയുടെ 2006 ഒക്ടോബർ 9ലെ 1715 (2006) നമ്പർ പ്രമേയത്തിലെ ശുപാർശ ഒക്ടോബർ 12ന് ചേർന്ന യു.എൻ. പൊതുസഭ അംഗീകരിച്ചതോടെയാണിത്.

ഇപ്പോഴത്തെ സെക്രട്ടറി ജനറൽ കോഫി അന്നന്റെ കാലാവധി ഡിസംബറിൽ അവസാനിക്കുന്നതോടെ ബാൻ കി. മൂൺ ചുമതലയേൽക്കും. 2007 ജനുവരി ഒന്ന് മുതൽ 2011 ഡിസംബർ 31 വരെയാണ് അദ്ദേഹത്തിന്റെ കാലാവധി.



ഏഷ്യയിൽ നിന്നുള്ള രണ്ടാമത്തെയും യു.എന്നിന്റെ എട്ടാമത്തെയും സെക്രട്ടറി ജനറലാണ് ബാൻ കി.മൂൺ. മുമ്പ് ബർമക്കാരനായ യൂ താണ്ട് 1961 മുതൽ 71 വരെ സെക്രട്ടറി ജനറലായിരുന്നിട്ടുണ്ട്. യു.എൻ. അണ്ടർ സെക്രട്ടറി ജനറലായ ഇന്ത്യയുടെ ശശി തരൂരും ഇക്കുറി രംഗത്തുണ്ടായിരുന്നുവെങ്കിലും അന്തിമഘട്ടത്തിൽ മത്സരരംഗത്ത് നിന്ന് പിന്മാറുകയാണുണ്ടായത്.

## ബുക്കർ പ്രൈസ്

2006-ലെ ബുക്കർ പ്രൈസ് ഇന്ത്യൻ എഴുത്തുകാരി കിരൺ ദേശായിക്ക് ലഭിച്ചു. ദി ഇൻഹെറിറ്റൻസ് ഓഫ് ലോസ് (The Inheritance of Loss) എന്ന നോവലിനാണ് സമ്മാനം. അരുന്ധതി റോയിയ്ക്ക് ശേഷം ഈ സമ്മാനം നേടുന്ന ഇന്ത്യാക്കാരിയാണിവർ.



## ഗാന്ധി സമാധാനസമ്മാനം



സഹനത്തിന്റെയും ചർച്ചകളുടെയും മാർഗങ്ങളിലൂടെ സാമൂഹികവും രാഷ്ട്രീയവുമായ പരിവർത്തനത്തിന് വഴിയൊരുക്കിയ ദക്ഷിണാഫ്രിക്കൻ ആർച്ച് ബിഷപ്പ് ഡെസ്മണ്ട് ടുട്ടുവിന് 2005-ലെ ഗാന്ധി സമാധാന സമ്മാനം ലഭിച്ചു. ദക്ഷിണാഫ്രിക്കയിലെ വർണവിവേചനത്തിനെതിരായ സമരങ്ങൾ അദ്ദേഹത്തെ 1984-ൽ നൊബേൽ സമ്മാന ജേതാവാക്കിയിട്ടുണ്ട്.

## ഇന്ത്യൻ ഹൈക്കമ്മീഷണർ



പാകിസ്ഥാനിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായി സത്യബ്രതപാൽ നിയമിതനായി. ശിവശങ്കരമേനോൻ വിദേശകാര്യ സെക്രട്ടറിയായി നിയമിതനായ സാഹചര്യത്തിലാണ് പുതിയ നിയമനം.